# ഫിദെൽ കാസ്ട്രോ



## ചരിത്രം എന്നെ കുററക്കാരനല്ലെന്ന് വിധിക്കും

A 343 K.H.
E. 37

ചരിത്രം എന്നെ
കുററക്കാരനല്ലെന്ന് വിധിക്കും

[Malayalam]
CHARITRAM ENNE KUTTAKKAARANALLENNU VIDHIKKUM
(History Will Absolve Me)
FIDEL CASTRO
First Published November 1976
CHINTHA PUBLISHERS, TRIVANDRUM
Distribution: DESHABHIMANI BOOK HOUSE, TRIVANDRUM
Printed by: CEEAREM PRINTERS
Price Rs. 4.00

*"Paper used for the Printing of this book has been made available by the Government of India at concessional rate."*

പ്രസാധനം: ചിന്ത പബ്ലിഷേഴ്സ്
വിതരണം : ദേശാഭിമാനി ബുക്ക് ഹൗസ്
അച്ചടി : സീയാറെം പ്രിന്റേഴ്സ്

CO—25—057 DL—18

Hamza K.

# ചരിത്രം എന്നെ കുററക്കാരനല്ലെന്നു വിധിക്കും

ഫിദെൽ കാസ്ട്രോ

തർജ്ജമ

പെൻദമോ

ചിന്ത പബ്ളിഷേഴ്സ്
തിരുവനന്തപുരം

# പശ്ചാത്തലം

പൊതുവെ വെസ്ററിൻറീസ് എന്നുവിളിക്കപ്പെടുന്ന *ആൻറില്ലിസ്* ദ്വീപു സമൂഹത്തിലെ ഏററവും വലിയ ദ്വീപാണ് ക്യൂബ. *ഇസ്ലദ്പിനോസും* 1600-ലധികം വരുന്ന ചെറു ദ്വീപുകളും ക്യൂബൻ രാഷ്ട്രത്തിലുൾപ്പെടുന്നു. 114,524 ചതുരശ്ര കിലോമീററർ വിസ്തീർണം വരുന്ന ക്യൂബയിൽ 8,750,000 (1972) ജനങ്ങൾ പാർക്കുന്നു. കിഴക്കു പടിഞ്ഞാറ് നീളം 1200 കിലോമീററും വീതി 35 കിലോമീറററിനും 200 കിലോമീറററിനും ഇടയിലുമാണ്. മെക്സിക്കോ ഉൾക്കടലിലേക്കുള്ള പടിവാതിൽക്കലാണ് ക്യൂബ. വടക്ക് 200 കി. മീ. അകലെയാണ് യു. എസ്.എ.യിലെ ഫ്ളോറിഡ; തെക്ക് 150 കി.മീ. അകലെ ജമയ്ക്കയും. മെക്സിക്കോ 220 കി.മീ. നാഴിക പടിഞ്ഞാറാണ്. ഈ ഇടുങ്ങിയതും നീളം കൂടിയതുമായ ദ്വീപിനെ സാധാരണ ഒരു മുതലയുടെ രൂപവുമായി താരതമ്യപ്പെടുത്താറുണ്ട്.

## ഭൂമിശാസ്ത്രം

ആകെ ഭൂമിയുടെ നാലിലൊന്ന് മലകളാണ്. അവ പ്രധാനമായും *ഓറിയന്തെ, ലാസ്‌വില്ലാസ്, പിനാർ ദെൽറിയോ* എന്നീ പ്രവിശ്യകളിലായി ചിതറിക്കിടക്കുന്നു. അവക്കിടക്ക് വിസ്തൃതമായ സമതലങ്ങളാണ്. ശരാശരി 100 മീറററാണ് സമുദ്ര നിരപ്പിൽ നിന്നു് ക്യൂബയുടെ ഉയരം. ക്യൂബൻ വിപ്ലവത്തിൻെറ കളിത്തൊട്ടിലായ *സീറാമയ്സ്ത്ര* ആണ് ഏററവും വലിയ പർവതം. അതിന് 240 കിലോമീററർ നീളവും 8 മുതൽ 30 കിലോ മീററർ വരെ വീതിയുമുണ്ട്. ഈ പർവതത്തിനു മുകളിലുള്ള *പിക്കൊതുർകപിനോ*

ആണ്ട് ഏററവും ഉയരം കൂടിയ സ്ഥലം—1973 മീററർ. തെക്കു കിഴക്കൻ ക്യൂബയിലെ മലമ്പ്രദേശത്തിന്റെ മിക്ക ഭാഗവും 600—700 മീററററിൽ കൂടുതൽ ഉയരത്തിലാണ്.

ഇരുന്നൂറിലധികം നദികളുണ്ട് ക്യൂബയിൽ. തെക്കോട്ടും വടക്കോട്ടുമാണവ ഒഴുകുന്നത്. മിക്കനദികളും വീതിയും ആഴവുമുള്ള അഴിമുഖങ്ങളിലേക്കൊഴുകുന്നതുമൂലം സമുദ്ര തീരത്തു നിന്നു കുറച്ചു ദൂരം അകലത്തേക്കു യാത്രചെയ്യാം. ഏററവും നീളംകൂടിയ *കൗതൊ* നദിക്ക് 250 കിലോ മീററർ നീളമേയുള്ളു. അതു് സീറാമെയ്സ്ത്രാ പർവതത്തിനു് സമാന്തരമായി ഓറിയന്തെ പ്രവിശ്യയിലൂടെ ഒഴുകുന്നു. 3500 കി.മീ. നീളം വരും ക്യൂബയുടെ കടൽത്തീരത്തിനു്. ഒട്ടനവധി നല്ല തുറമുഖങ്ങളുണ്ടു്. പലതും ചെറിയ ഉൾക്കടലുകളുടെ വക്കത്താണ്. *മതൻസാസും കേർദനാസു*മാണ് പ്രധാന ഉൾക്കടലുകൾ.

ചൂടു് കൊല്ലം മുഴുവൻ ഏറെക്കുറെ സ്ഥിരമാണ്. വാണിജ്യവാതങ്ങളുടെ പ്രവാഹവും സ്ഥലത്തിന്റെ ഉയരവും അനുസരിച്ചു് ചില വ്യത്യാസങ്ങൾ ഉണ്ടാകുന്നുണ്ടു്. മഴ ധാരാളമുണ്ടു്. ശരാശരി 1370 മി. മീററർ. മേയ് മുതൽ ഒക്ടോബർ വരെ മഴക്കാലവും ബാക്കി വേനൽക്കാലവുമാണ്. ഉഷ്ണമേഖലാ കൊടുങ്കാററുകളുള്ള മേഖലയിലാണ് ക്യൂബ. ഏററവുമധികം സെപ്തമ്പറിലും ഒക്ടോബറിലുമാണുണ്ടാവുക. വസ്തുവകകൾക്കും ജീവനും ചിലപ്പോൾ ഇതുകൊണ്ടു് നാശം പററാറുണ്ടു്. പടിഞ്ഞാറൻ ക്യൂബയിലാണ് കിഴക്കൻക്യൂബയേക്കാൾ ഇതിനുള്ള സാധ്യത കൂടുതൽ.

സമതുലിതമായ കാലാവസ്ഥയായതുകൊണ്ടും വേണ്ടത്ര മഴ ലഭിക്കുന്നതുകൊണ്ടും ഭൂമി ഫലഭൂയിഷ്ഠമാണ്. പലതരത്തിലുള്ള വിളവുകളും ഇവിടെ കൃഷിചെയ്യുന്നു. ക്യൂബ കരിമ്പിന്റെ നാടാണെന്നു് പ്രസിദ്ധമാണല്ലോ. പുകയില കൃഷിക്കും ക്യൂബ കേൾവികേട്ടതാണ്. കാപ്പിയാണ് മറെറാരു പ്രധാനപ്പെട്ട വിളവ്. അതിന്റെ 90 ശതമാനവും ഓറിയന്തെ പ്രവിശ്യയിലെ കുന്നിൻ പുറങ്ങളിലാണ് വിളയുന്നതു്.

ഇന്ത്യയിൽ നിന്നു് 16000 കി.മീ. അകലെ കിടക്കുന്ന ക്യൂബക്ക് പലതരത്തിലും നമ്മുടെ കേരളത്തിന്റെ പ്രകൃതിയുമായി അങ്ങേയററത്തെ സാദൃശ്യമുണ്ടു്. പച്ച വിരിച്ച നെൽപ്പാടങ്ങളും തെങ്ങിൻ തോപ്പുകളും കച്ചിവിതറിയ

നാടൻ വഴികളും പൊട്ടിച്ചിരിക്കുന്ന കാട്ടരുവികളും വാഴയും കൊള്ളിക്കിഴങ്ങും കശുവണ്ടിയും മാങ്ങയും—അതെ, കരീബിയൻ കടലിലെ മററൊരു കേരളം തന്നെ ക്യൂബ! ക്യൂബക്കാർ കേരളീയരെപ്പോലെ അരിയും മീനും മരച്ചീനിയും ഭക്ഷിക്കുന്നവരാണ്.

ക്യൂബ ഹൃദയഹാരിയായ ഒരു ദ്വീപാണ്. 'എൻെറ കണ്ണുകൾക്ക് കാണാൻ കഴിഞ്ഞതിൽ വെച്ചേററവും സുന്ദരമായ നാട്'' എന്നാണ് അതിനെ കൊളംബസ് വിശേഷിപ്പിച്ചത്.

## ജനങ്ങളും സംസ്കാരവും

കൊളംബസിനുമുമ്പുതന്നെ അവിടെ ഉണ്ടായിരുന്ന 'ഇന്ത്യ'ക്കാർ (ഇന്ത്യയിലേക്കുള്ള പുതുമാർഗം അന്വേഷിച്ചു പുറപ്പെട്ട കൊളംബസ് അവിടെ ആദ്യം കണ്ടവരെ 'ഇന്ത്യ'ക്കാർ എന്നുവിളിച്ചു.) യൂറോപ്പ്, ഏഷ്യ, ആഫ്രിക്ക എന്നിവിടങ്ങളിൽ നിന്ന് പിൽക്കാലത്ത് കുടിയേറിപ്പാർത്തവർ എന്നിവരടങ്ങുന്നതാണ് ക്യൂബയിലെ ജനങ്ങൾ. ഭാരതീയർ പറയത്തക്കതായി ഇല്ല; ഏഷ്യക്കാർ ഒരു ശതമാനത്തിൽ കുറവാണ്. അവരിൽ ചൈനക്കാരാണ് കൂടുതൽ. അടിമകളായി കൊണ്ടുവരപ്പെട്ട ആഫ്രിക്കക്കാരുടെ സന്തതിപരമ്പര കുറേയുണ്ട്. 13 ശതമാനത്തോളം വരും നീഗ്രോകൾ. മുലാറെറാകൾ 15 ശതമാനവും. ബാക്കിയുള്ളവർ വെള്ളക്കാരാണ്. സ്പെയിൻകാരാണ് അവരിലേററവും കൂടുതൽ. അവരുടെ ബലപ്രയോഗവും നിർബന്ധിത വേലയും മൂലം 'ഇന്ത്യ'ക്കാർ നാമാവശേഷമായി. ക്യൂബയിലെ നാട്ടിൻപുറത്ത് ഏററവും സാധാരണയായി കാണപ്പെടുന്ന ബോഹ്യൊ പുകയിലയും മരച്ചീനിയും ഉൾപ്പെടെയുള്ള നിരവധി സസ്യങ്ങൾ കൃഷിചെയ്യുന്ന രീതിയാണ് 'ഇന്ത്യ'ക്കാർ ആധുനിക ക്യൂബക്കാർക്ക് നൽകിയ പൈതൃകം. 18–19 നൂററാണ്ടുകളിലാണ് നീഗ്രോകൾ അടിമവേലക്കാരായി വൻ തോതിൽ ഇറക്കുമതി ചെയ്യപ്പെട്ടത്. ഹെയ്തി, ജമയ്ക്ക മുതലായ ദ്വീപുകളിൽനിന്ന് ഈ നൂററാണ്ടിൽ അവർ കൂട്ടമായി വന്നിട്ടുണ്ട്. 1845-ൽ നീഗ്രോകളെ കൊണ്ടു വരുന്നത് തടയപ്പെട്ടപ്പോൾ കൂലികളായി

കൊണ്ടുവരപ്പെട്ടവരാണ് ചൈനക്കാർ. പുരുഷന്മാരാണിങ്ങനെ വന്നത്. അവരും മററു വർഗങ്ങളും ചേർന്ന് സങ്കരവർഗങ്ങളുണ്ടായി.

സ്പാനിഷാണ് ക്യൂബയിലെ ഭാഷ. ഇംഗ്ലീഷ് ഫലത്തിൽ രണ്ടാം ഭാഷയായിട്ടുണ്ട്. വിപ്ലവത്തിനു മുമ്പ് റോമൻ കത്തോലിക്കരായിരുന്നു മിക്ക ക്യൂബക്കാരും. ഇന്നവിടെ മതത്തിന് മുമ്പുള്ള സ്ഥാനമില്ല.

## കോളനി വാഴ്ച്ചയുടെ തുടക്കം

1492-ൽ കൊളംബസ് ക്യൂബ 'കണ്ടെത്തി'യതോടെയാണ് കരീബിയൻ കടലിലെ ഈ 'വികൃതിച്ചെറുക്ക'ൻെറ ആധുനിക ചരിത്രമാരംഭിക്കുന്നത്. 15-ാം നൂററാണ്ടിൻെറ തുടക്കത്തിൽ ക്യാപ്ററൻ ദീഗോ വെലാക്യൂ ക്യൂബൻ തീരത്തിറങ്ങിയതോടെ സ്പെയിനിൻെറ കോളനി വാഴ്ചയും തുടങ്ങി. ക്യൂബൻ നിവാസികൾ അടിമകളാക്കപ്പെട്ടു. അതോടൊപ്പം തന്നെ സ്പെയിൻകാർക്കെതിരായ പോരാട്ടത്തിൻെറ ആരംഭവും കുറിക്കപ്പെട്ടു. സ്പാനിഷ് ക്രൂരതയ്ക്ക് വിധേയനായിത്തീർന്ന ഹതൈ സ്പെയിനിന്നെതിരായി ക്യൂബക്കാരെ സംഘടിപ്പിക്കുകയും ചെറുത്തു നില്പാരംഭിക്കുകയും ചെയ്തു. എന്നാൽ സ്പെയിൻകാരുടെ മുന്നേററത്തെ തടുത്തു നിർത്താൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. ഹതൈ പിടിക്കപ്പെടുകയും ചുട്ടുകരിക്കപ്പെടുകയും ചെയ്തു—സ്പാനിഷ് കൊളോണിയലിസത്തിനെതിരായ സമരത്തിലെ ഒന്നാമത്തെ രക്തസാക്ഷി !

പതിനാറാം നൂററാണ്ടിൻെറ ആരംഭത്തോടുകൂടി വൻനിലയിൽ അടിമകൾ ഈ ദ്വീപിൽ ഇറക്കുമതി ചെയ്യപ്പെട്ടു. അടിമകളെക്കൊണ്ട് തോട്ടങ്ങളിൽ ജോലി ചെയ്യിപ്പിച്ച് സമ്പത്ത് ചൂഷണം ചെയ്ത് അവ സ്പെയിനിലേക്ക് കയററി അയക്കാൻ തുടങ്ങി. സ്പാനിഷ്–ഫ്രഞ്ച് കുടിയേററക്കാരുടെ ഒരു പ്രവാഹംതന്നെയുണ്ടായി ഇക്കാലത്ത്. വളരെക്കാലങ്ങളോളം പിന്നീട് അടിമത്ത വ്യവസ്ഥ ക്യൂബയിൽ കൊടികുത്തി വാണു. ചെറിയ തോതിലുള്ള പരിവർത്തനങ്ങളും ക്യൂബയിൽ ദൃശ്യമായിത്തുടങ്ങി. അമേരിക്കയിലെ ഏററവും

തിരക്കപിടിച്ച തുറമുഖങ്ങളിലൊന്നായി ഹവാന വളർന്നു വന്നു. പഞ്ചസാര വ്യവസായവും പുകയില വ്യവസായവും വളർച്ചയുടെ പാതയിലൂടെ മുന്നേറി.

1762-ൽ ബ്രിട്ടീഷ് പട്ടാളം ക്യൂബയെ ആക്രമിക്കുകയും ഹവാന കൊള്ളയടിക്കുകയും ചെയ്തു. പിറേറക്കൊല്ലം ഫ്ളോറിഡക്കു പകരമായി ഹവാന സ്പെയിനിനു തന്നെ തിരിച്ചു നൽകപ്പെട്ടു. ഇക്കാലത്ത് കച്ചവടത്തിലും വ്യവസായത്തിലും കുറേക്കൂടി വളർച്ചയുണ്ടായി. നൂറോളം പഞ്ചസാര ഫാക്ടറികൾ ക്യൂബയിൽ പ്രവർത്തനമാരംഭിച്ചു. പുതിയ രണ്ടു വ്യവസായങ്ങളും—തേൻ, കാപ്പി—പ്രവർത്തനം തുടങ്ങി. ക്യൂബൻ ഉല്പന്നങ്ങൾ സ്വതന്ത്രമായി കയററി അയക്കാൻ വ്യവസ്ഥയുണ്ടാക്കപ്പെട്ടതോടെ സമ്പദ്‌വ്യവസ്ഥ കുറേക്കൂടി മെച്ചപ്പെട്ടു.

പതിനെട്ടാം നൂററാണ്ടിന്റെ ആരംഭത്തിലാണ് ക്യൂബയിൽ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള ഒന്നാമത്തെ സമരം പൊട്ടിപ്പുറപ്പെട്ടതു്. നെപ്പോളിയന്റെ യുദ്ധകാലത്ത് സ്പെയിനിലെ സൈന്യങ്ങൾ സ്വദേശം രക്ഷിക്കാൻ പോരാടി വന്ന സമയമായിരുന്നു അതു്. എങ്കിലും സ്പാനിഷ് കൊളോണിയലിസ്ററുകൾ തുടക്കം മുതൽ തന്നെ സ്വാതന്ത്ര്യസമരത്തെ അടിച്ചമർത്താനുള്ള ശ്രമങ്ങളുമാരംഭിച്ചു. അതിൽ അവർ വിജയം വരിച്ചെങ്കിലും കുറേക്കൂടി ശക്തവും ഊർജസ്വലവുമായൊരു ലഹളയ്ക്ക് അതു് വഴിവെച്ചു.

1823-ൽ സ്പാനിഷ് ഭരണാധികാരികൾ രാജ്യത്ത് വീണ്ടും മർദനം കെട്ടഴിച്ചുവിട്ടു. മർദകഭരണത്തിന്റെ സ്ററീംറോളറുകൾ രാജ്യത്താകമാനം ഉരുണ്ടു നീങ്ങാൻ തുടങ്ങി. നൂറുകണക്കിന് ദേശാഭിമാനികൾ കൊലചെയ്യപ്പെട്ടു. അനേകം ബുദ്ധിജീവികൾ വധിച്ചു തള്ളപ്പെട്ടു. ദേശീയവാദികളായ ബുദ്ധിജീവികളെ ഇരുത്തി ചിന്തിപ്പിച്ചതായിരുന്നു ഈ സംഭവങ്ങൾ. ക്യൂബയെ അമേരിക്കയുമായി ചേർക്കുകയാണ് ഏററവും നല്ല വഴിയെന്ന് ഒരു വിഭാഗം കർഷകമുതലാളിമാർ ചിന്തിച്ചു തുടങ്ങി. പക്ഷെ, ആ അഭിപ്രായത്തിന് ഭൂരിപക്ഷപിന്തുണ ലഭിച്ചില്ല.

## ആയുധമേന്തിയ റിപ്പബ്ളിക്ക്

1868 ഒക്ടോബർ 10 ക്യൂബൻ ചരിത്രത്തിലെ ഒരവിസ്മരണീയദിനമാണ്. ഓറിയന്തെ പ്രദേശത്തെ ഒരു അഭി

ഭാഷകനായ കാർലോസ് മാനുവൽഡെ സെസ്വെഡെയുടെ നേതൃത്വത്തിൽ അന്നാണ് ക്യൂബയിൽ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള അതിശക്തമായ സമരമാരംഭിച്ചത്. കൊടിയ മർദനത്തിനും ചൂഷണത്തിനുമിരയായിത്തീർന്ന ഒരു കൂട്ടം ദേശാഭിമാനികളെ സംഘടിപ്പിച്ചുകൊണ്ടാണ് സെസ്വെഡെ സ്വാതന്ത്ര്യ സമരത്തിന് തീകൊളുത്തിയത്. മണിക്കൂറുകൾക്കുള്ളിൽ സമരം ഗ്രാമങ്ങളിലും പട്ടണങ്ങളിലും കാട്ടുതീ പോലെ പടർന്നുപിടിച്ചു. ബയാമോ പട്ടണം കലാപകാരികളുടെ പിടിയിലമർന്നു. അതോടെ യുദ്ധം തുടർന്നു നടത്താനാവശ്യമായ ധാരാളം ആയുധങ്ങൾ അവർക്ക് സമ്പാദിക്കാൻ കഴിഞ്ഞു. ജനറൽ ഇഗ്നേഷിയോ അഗ്രമോന്തെ, ജനറൽ മേക്സിമോ ഗോമസ്, അന്തോണിയോ മേഷ്യോ തുടങ്ങിയ പേരുകേട്ട പോരാളികൾ ഈ യുദ്ധത്തിന്റെ മുന്നണിയിലുണ്ടായിരുന്നു. അവസാനം അവർ ക്യൂബയെ 'ആയുധമേന്തിയ ഒരു റിപ്പബ്ലിക്കാ'യി പ്രഖ്യാപിച്ചു. സെസ്വെഡെയെ പ്രസിഡൻറായും നിയമിച്ചു.

ആയുധമേന്തിയ ഈ റിപ്പബ്ളിക്കിന് ഒരു ഭരണഘടന എഴുതി ഉണ്ടാക്കപ്പെട്ടു. പ്രസ്തുത ഭരണഘടനയിൽ സോഷ്യലിസ്ററ് മാതൃകയിലുള്ള ഒരു ഭരണകൂടമാണ് തങ്ങളുടെ ലക്ഷ്യമെന്ന് പ്രഖ്യാപിച്ചിരുന്നു. അടിമത്തം അവസാനിച്ചതായി ഭരണഘടന പ്രഖ്യാപിച്ചു. അതിൽ പൊതുസ്വത്തും സ്വകാര്യസ്വത്തും തുല്യമായി വിതരണം ചെയ്യുന്നതിനെക്കുറിച്ചും നിർബന്ധിത വിദ്യാഭ്യാസത്തെക്കുറിച്ചും സൗജന്യ വൈദ്യസഹായത്തെക്കുറിച്ചും വിഭാവനം ചെയ്തിരുന്നു. 1886–ൽ അടിമത്തം പൂർണമായും അവസാനിപ്പിക്കപ്പെട്ടു.

രണ്ടാമത്തേതും ഏററവും നിർണായകവുമായ പോരാട്ടം നടന്നത് 1895-ലാണ്. പ്രസിദ്ധ ചിന്തകനും കവിയും വിപ്ലവകാരിയുമായ ജോസ് മാർടിയായിരുന്നു ഈ പോരാട്ടത്തിന്റെ നേതാവ്. ഈ പോരാട്ടം മൂന്നു വർഷം നീണ്ടുനിന്നു. ക്യൂബൻ ചരിത്രത്തിലെ ഏററവും രക്തപങ്കിലമായ വിപ്ലവങ്ങളിലൊന്നായിരുന്നു അത്. ക്യൂബൻ ജനത തങ്ങളുടെ രാഷ്ട്രപിതാവായി കരുതുന്ന ജോസ്മാർടി വിപ്ലവത്തിൽ ധീരമായി പൊരുതി രക്തസാക്ഷിയായി.

ഈ സമയത്തു് മറെറാരു പ്രധാന സംഭവം കൂടി നടന്നു.

1896 ഫെബ്രുവരി മാസത്തിൻെറ തുടക്കത്തിൽ അമേരിക്കയുടെ 'മെയിൻ' എന്ന യുദ്ധക്കപ്പൽ ഹവാനാ ഉൾക്കടലിലേക്ക് നീങ്ങി. ക്യൂബൻ താല്പര്യം സംരക്ഷിക്കുന്നതിൻെറ പേരുപറഞ്ഞാണ് അമേരിക്ക ഈ നടപടി കൈക്കൊണ്ടതു്. കപ്പൽ തകർക്കപ്പെട്ടു. ആരാണതു് തകർത്തതെന്ന കാര്യം ഇന്നും അജ്ഞാതമാണ്. ക്യൂബയിൽ നേരത്തേതന്നെ കടന്നു കയറിയിരുന്ന അമേരിക്കക്കാർക്ക് ക്യൂബയുടെ മേലുള്ള പിടി മുറുക്കാൻ ഒരവസരം കൂടി ലഭിച്ചു. അവർ സ്പെയിനിനോട് യുദ്ധം പ്രഖ്യാപിച്ചു. ക്യൂബയുടെ സ്വാതന്ത്ര്യം സംരക്ഷിക്കാനെന്നു പറഞ്ഞാണ് അമേരിക്ക യുദ്ധമാരംഭിച്ചതു്. എന്നാൽ ക്യൂബൻ വിമോചന സേനയേയും ആയുധമേന്തിയ ക്യൂബൻ ഗവൺമെൻറിനെയും അവർ വിസ്മരിച്ചുകളഞ്ഞു.

## പ്ലാററു് ഭേദഗതി

1898 ഒക്ടോബർ 24-ാംനു- ഇരുവിഭാഗക്കാരും ഒരു സന്ധിയിൽ ഒപ്പുവെക്കുകയും യുദ്ധത്തിന് വിരാമമിടുകയും ചെയ്തു. അതോടെ സ്പാനിഷ് കൊളോണിയലിസം ക്യൂബയിൽ അവസാനിക്കുകയും ക്യൂബൻ സമ്പത്തിൻെറ താക്കോൽ അമേരിക്കൻ പുത്തൻകൊളോണിയലിസ്റ്റുകളുടെ കയ്യിലേക്ക് കൈമാററം ചെയ്യപ്പെടുകയും ചെയ്തു. ക്യൂബൻ ജനങ്ങളെ സംബന്ധിച്ചിടത്തോളം യജമാനന്മാർ മാറുകമാത്രമാണ് ഇതുകൊണ്ടുണ്ടായതു്.

1899 ജനുവരി ഒന്നാം തീയതി മുഴുവൻ സ്പാനിഷ് പട്ടാളക്കാരും കപ്പൽ കയറുകയും അമേരിക്കൻ പട്ടാളക്കാർ ക്യൂബൻ മണ്ണിൽ വന്നിറങ്ങുകയും ചെയ്തു. തങ്ങളുടെ 'ജോലി' നിർവഹിച്ചു കഴിഞ്ഞാൽ ക്യൂബ വിടുന്നതാണെന്ന കപട വാഗ്ദാനം നൽകാൻ അമേരിക്കൻ സാമ്രാജ്യത്വം മറന്നില്ല. പക്ഷെ, അവരുടെ കാപട്യം മനസ്സിലാക്കാൻ കഴിഞ്ഞ ക്യൂബക്കാർക്ക് അപ്പോൾ അതു് നോക്കി നിൽക്കാനേ കഴിഞ്ഞുള്ളു.

1900-ൽ ക്യൂബ ഒരു ഭരണഘടനാ നിർമാണ സമിതിയെ തെരഞ്ഞെടുക്കുകയും 1901-ൽ റിപ്പബ്ളിക്കിനു വേണ്ടി അടിസ്ഥാന നിയമങ്ങൾ തയാറാക്കുകയും ചെയ്തു. സ്വന്തം ഗവൺ

മെൻറിൻെറ നിർദേശപ്രകാരം ക്യൂബയിലെ അമേരിക്കൻ ഗവർണറായ ജനറൽ വുഡ് ക്യൂബയുടെ ഭരണഘടനയ്ക്ക് ഒരനുബന്ധം എഴുതിച്ചേർക്കണമെന്ന് നിർബന്ധിച്ചു. 'പ്ലാററ് ഭേദഗതി' എന്ന പേരിലറിയപ്പെടുന്ന ഈ വ്യവസ്ഥ പ്രകാരം അമേരിക്കക്ക് എപ്പോഴും വേണമെങ്കിലും ക്യൂബയിലിടപെടാനുള്ള സ്വാതന്ത്ര്യം ലഭിച്ചു. ക്യൂബക്കാർക്ക് മനസ്സില്ലാമനസ്സോടെ ഇതംഗീകരിക്കേണ്ടിവന്നു.

1902–ൽ തോമസ് എസ്ട്രാ പൽമ 'ക്യൂബൻ റിപ്പബ്ളി'ക്കിൻെറ ഒന്നാമത്തെ പ്രസിഡൻറായി തെരഞ്ഞെടുക്കപ്പെട്ടു. തുടർന്നു് 1925 വരെ നിരവധി പ്രസിഡൻറുമാർ അവിടെ മാറി മാറി അധികാരത്തിൽ വന്നു-ചിലർ ബാലററു പെട്ടിയിലൂടെയാണെങ്കിൽ മററു ചിലർ ബുള്ളററുകളുടെ സഹായത്തോടെ. 1925–ൽ അധികാരത്തിൽ വന്ന ജനറൽ ജെറാർദോ മച്ചാദോ മൊറെയിൽസ് ഏററവും ക്രൂരനായ ഭരണാധികാരിയായിരുന്നു. മച്ചാദോവിനെതിരായ സമരത്തിൻെറ നേതൃത്വം പീപ്പിൾസ് സോഷ്യലിസ്ററ് പാർടി [ക്യൂബയിലെ കമ്യൂണിസ്ററ് പാർടിയുടെ പേർ അങ്ങനെയായിരുന്നു] ക്കായിരുന്നു. പാവപ്പെട്ട കൃഷിക്കാരെ തൊഴിലാളിവർഗവുമായി കൂട്ടിയിണക്കിക്കൊണ്ടു് പാർടി മച്ചാദോവിന്നെതിരായി സമരം നടത്തി. ലാസ്‌വില്ലാസ് പ്രവിശ്യയിലെ തൊഴിലാളികൾ 36 പഞ്ചസാരമില്ലുകൾ പിടിച്ചെടുക്കുകയും പ്രാദേശിക 'സോവിയററുകൾ' സ്ഥാപിക്കുകയും ചെയ്തു. മററു പ്രവിശ്യകളിലും ഇതുപോലുള്ള തൊഴിലാളി മുന്നേററങ്ങളുണ്ടായി. ഈ സമരത്തിൽ ക്യൂബയിലെ കമ്യൂണിസ്ററു പാർടിയുടെ സ്ഥാപകനേതാവായ ജൂലിയോ മെല്ലയും റൂബനും മററും രക്തസാക്ഷികളായി. ഹവാനാ യൂനിവേർസിററിയിലെ വിദ്യാർഥികളും ഈ സമരത്തിൽ പ്രധാന പങ്കു വഹിച്ചു.

1933 ആഗസ്ററിൽ മച്ചാദോ ക്യൂബയിൽ നിന്നു് പലായനം ചെയ്തു. പിന്നീടുണ്ടായ കലങ്ങിമറിഞ്ഞ രാഷ്ട്രീയ പരിത:സ്ഥിതിയിൽ ഗ്രൗ ക്യൂബയുടെ പ്രസിഡൻറായി. നാലു മാസക്കാലത്തോളമേ ഗ്രൗവിന്നു് പ്രസിഡൻറായിരിക്കാൻ കഴിഞ്ഞുള്ളു. എങ്കിലും അദ്ദേഹം ശ്രദ്ധേയമായ പല പരിഷ്ക്കാരങ്ങളും വരുത്തി. അവയിൽ പലതും സാമ്പത്തിക

കുഴപ്പത്തിന്റെ ഫലമായി കഷ്ടപ്പെട്ടുകൊണ്ടിരുന്ന സാധാരണക്കാർക്കു് ഗുണകരമായിരുന്നു. അതു് കണ്ടുകൊണ്ടിരിക്കാൻ സമൂഹത്തിന്റെ ഉന്നതതലങ്ങളിൽ സുഖഭോഗലഹരിയിൽ മുഴുകി മാദകജീവിതം നയിച്ചുവന്നവർക്കു് കഴിഞ്ഞില്ല. അമേരിക്കക്കും അതു് നോക്കിനിൽക്കുവാൻ കഴിഞ്ഞില്ല. അവർ ഗ്രൗ ഗവൺമെന്റിനുള്ള പിന്തുണ പിൻവലിച്ചു. തുടർന്നു് ഗ്രൗ നിഷ്കാസിതനായി. 1934-ൽ ഗ്രൗവിന്റെ സ്ഥാനം അമേരിക്ക ബാത്തിസ്തക്ക് ഏല്പിച്ചു കൊടുത്തു. ബാത്തിസ്താ ഭരണത്തിന്നെതിരായി പി. എസ്. പി. ജനങ്ങളെ അണിനിരത്തി. കൃഷിഭൂമി കൃഷിക്കാർക്കു് കൊടുക്കണമെന്നാവശ്യപ്പെട്ടു. വടക്കെ അമേരിക്കക്കാർ കയ്യടക്കിയ ഭൂമി കണ്ടുകെട്ടണമെന്ന മുദ്രാവാക്യമവരുയർത്തി. കൃഷിഭൂമിയിൽ ബലം പ്രയോഗിച്ചു കടക്കാൻ കൃഷിക്കാർ തയാറായി. പഞ്ചസാരമില്ലുകളിൽ ചിലതും തൊഴിലാളികൾ കയ്യടക്കി. ഇതേത്തുടർന്നു് പി. എസ്. പി. നിയമവിരുദ്ധമാക്കപ്പെട്ടു.

## സാമ്പത്തികസ്ഥിതി

ഈ സമയമായപ്പോഴേക്കും ക്യൂബൻ സമ്പദ് വ്യവസ്ഥയുടെ മേലുള്ള അമേരിക്കൻ പിടി മുറുകിക്കഴിഞ്ഞിരുന്നു. കൃഷിയോഗ്യമായ ഭൂമിയുടെ 40 ശതമാനവും, റെയിൽവെ, വിദ്യുച്ഛക്തി മുതലായ പൊതുജനോപയോഗ്യ വ്യവസായങ്ങളുടെ 80 ശതമാനവും ഖനികളുടെയും കന്നുകാലി മേച്ചിൽ സ്ഥലങ്ങളുടെയും 90 ശതമാനവും വടക്കേ അമേരിക്കൻ കമ്പനികളുടെ കൈകളിലായി. സാധാരണക്കാരുടെ നില വളരെയേറെ ശോചനീയമായി. തൊഴിലില്ലാതെ ആയിരങ്ങൾ അലഞ്ഞു തിരിഞ്ഞു. ഇങ്ങനെ സ്പാനിഷ് കൊളോണിയൽ നുകം വലിച്ചെറിഞ്ഞ ക്യൂബ അമേരിക്കയുടെ ഒരർധ കോളനിയായി. വിപ്ലവത്തിനുള്ള സമയവും ക്യൂബയിൽ പാകപ്പെട്ടു് വരികയായിരുന്നു.

1952 ജൂൺ ഒന്നാം തീയതി ക്യൂബയിൽ ഒരു തെരഞ്ഞെടുപ്പു് നടക്കേണ്ടിയിരുന്നു. ഒരു പൊതുജനാഭിപ്രായ പോൾ നടത്തിയപ്പോൾ മൂന്നു സ്ഥാനാർഥികളിൽ ഒരാളായ ഫുൾജൻ

സിയാ ബാത്തിസ്റ്റ മൂന്നാം സ്ഥാനത്തായിരുന്നു. തെരഞ്ഞെടുപ്പിൽ ജയിക്കുകയില്ലെന്നു കണ്ട ബാത്തിസ്റ്റ 10 ദിവസത്തിനു ശേഷം ഒരു ക്ലപ്പിലൂടെ രാജ്യത്തിന്റെ അധികാരം പിടിച്ചെടുത്തു. അങ്ങനെ 1934-ൽ ചെയ്തതുപോലെ പട്ടാളശക്തിയുടെ സഹായത്തോടെ ബാത്തിസ്റ്റ വീണ്ടും അധികാരത്തിൽ വന്നു.

കുറച്ചാഴ്ചകൾക്കു ശേഷം 25 വയസ്സ് പ്രായം തികഞ്ഞ തിരക്കുപിടിച്ച ഒരഭിഭാഷകൻ കോഡ് ഓഫ് സോഷ്യൽ ഡിഫൻസ് പ്രകാരം ബാത്തിസ്റ്റയെ 108 വർഷത്തെ തടവുശിക്ഷയ്ക്ക് വിധിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഒരു ഹർജി കോടതിയിൽ സമർപ്പിച്ചു. സ്വാഭാവികമായും കോടതി ആ ഹർജി തള്ളിക്കളഞ്ഞു. മർദകവീരനായ ബാത്തിസ്റ്റയെ അധികാരത്തിൽ നിന്നു ഗളഹസ്തം ചെയ്യാൻ വിപ്ലവമല്ലാതെ മററു പോംവഴിയില്ലെന്ന് ഹർജിക്കാരന് ബോധ്യം വന്നു. ഒരു വൻകിട ജന്മിയുടെ മകനായ ആ ഹരജിക്കാരനാണ് ഫിദൽ കാസ്ട്രോ. വിപ്ലവത്തെക്കുറിച്ചായി പിന്നീട്,കാസ്ട്രോവിന്റെ ചിന്ത.

## മൊൻകാദാ ആക്രമണം

ദേശാഭിമാനികളായ ചെറുപ്പക്കാരെ വിപ്ലവത്തിനു വേണ്ടി സംഘടിപ്പിക്കാനും പരിശീലിപ്പിക്കാനും തുടങ്ങി കാസ്ട്രോ. സ്വന്തം രാജ്യത്തെ ബാത്തിസ്റ്റയുടേയും പുത്തൻ കൊളോണിയലിസ്ററുകളുടെയും കരാളഹസ്തങ്ങളിൽ നിന്ന് മോചിപ്പിക്കുവാനുള്ള അഭിവാഞ്ഛ ചെറുപ്പക്കാരെ കർമരംഗത്തേക്കിറക്കി.

ഒരു വർഷം കഴിയുമ്പൊഴേക്കും ഫിദലും കൂട്ടുകാരും വിപ്ലവത്തിന് തയാറായിക്കഴിഞ്ഞിരുന്നു. *ബഹുജനങ്ങളെ സംഘടിപ്പിച്ച് വർഗ സമരങ്ങളിലൂടെ അതിന്റെ ഏററവും ഉയർന്ന ഘട്ടത്തിൽ സായുധ സമരം നടത്തുകയെന്ന ശാസ്ത്രീയ വിപ്ലവരീതിക്കുപകരം നാനൂറോളം വർഷക്കാലത്തെ സായുധ സമരത്തിന്റെ പാരമ്പര്യമുള്ള ബഹുജനങ്ങളെ വിപ്ലവനേതൃത്വത്തിന്റെ കർമ പദ്ധതിക്കു ചുററും അണിനിരത്തി വിപ്ലവം നടത്തുകയെന്ന ഒരു പുതിയ രീതിയാണവരാവിഷ്ക്കരി*

*ച്ചതു്. അതു് വിജയിപ്പിക്കാനും അവർക്ക് കഴിഞ്ഞു. അതു വഴി പുതിയൊരു വിപ്ലവരീതി ലോക വിപ്ലവ പ്രസ്ഥാനങ്ങൾക്ക് സമ്മാനിക്കുകയാണു് അവർ ചെയ്തതു്.*

ഇവിടെയാണു് നാം പി. എസ്. പി. യുടെ പരാജയം കണ്ടെത്തുന്നതു്. പഴയതുപോലെ ജീവിക്കാൻ തയാറാകാത്ത ജനത, പഴയതുപോലെ ഭരിക്കാൻ കഴിയാത്ത ഭരണാധികാരികൾക്കെതിരായി അനുകൂലമായ സാർവദേശിയ പശ്ചാത്തലത്തിൽ സായുധ സമരത്തിന്റെ പാതയിലേക്കു് ആഞ്ഞടുക്കുന്ന സന്ദർഭത്തിൽ ബഹുജന സമരങ്ങൾ ക്രമേണ സായുധസമരമായി രൂപാന്തരപ്പെടുമെന്ന സിദ്ധാന്തത്തെ മുറുകെപ്പിടിച്ചുകൊണ്ടുള്ള ഒരു നിലപാടാണു് പാർടി സ്വീകരിച്ചുകളഞ്ഞതു്! അതായതു് സന്ദർഭത്തിനൊത്തുയരാൻ പാർടിക്കു് കഴിഞ്ഞില്ലെന്നർഥം. ലോക കമ്യൂണിസ്റ്റു പ്രസ്ഥാനത്തിനകത്തു് പടർന്നുകയറിയ റിവിഷനിസ്റ്റ് ചിന്താഗതി ക്യൂബൻ പാർടിയെയും ബാധിക്കുകയുണ്ടായി എന്നല്ലേ ഇതു് തെളിയിക്കുന്നതു്? അതെന്തായാലും ജനകീയ വികാരത്തിനു് രൂപം കൊടുക്കാൻ കഴിഞ്ഞു എന്നുള്ളതാണു് കാസ്ട്രോവിന്റെ വിജയത്തിനു് പിന്നിലുള്ള രഹസ്യം. *എങ്കിലും വിപ്ലവത്തിനു് കളമൊരുക്കുന്നതിൽ പാർടി വഹിച്ച പങ്കിനെ ചുരുക്കിക്കാണുന്നതും ശരിയല്ല. പി. എസ്. പി. ഒരുക്കിയ കളത്തിലാണു് പിന്നീടു് കാസ്ട്രോ ഉഴവു് നടത്തിയതു് എന്നാണു് യാഥാർഥ്യം.*

ഓറിയന്തെ പ്രദേശത്തെ മൊൻകാദാ കോട്ട ആക്രമിക്കാൻ കാസ്ട്രോവും കൂട്ടുകാരും പ്ളാൻ ചെയ്തു. കോട്ടക്കകത്തെ മെഷീൻ ഗണ്ണുകളും ടാങ്കുകളും സായുധ കവചിത വാഹനങ്ങളും മററും പിടിച്ചെടുക്കുകയും റേഡിയോസ്റ്റേഷൻ കൈക്കലാക്കി സായുധ സമരത്തിനു് സന്നദ്ധരായിരിക്കാൻ ജനങ്ങളോടഭ്യർഥിച്ചുകൊണ്ടുള്ള പ്രക്ഷേപണം നടത്തുകയുമായിരുന്നു അവരുടെ പരിപാടി. 1953 ജൂലൈ 26-ാംനു- (ക്യൂബൻ വിപ്ളവത്തിന്റെ അപ്പോസ്തലനായ മാർടിയുടെ ജന്മദിനമാണു്, അവർ അതിനു് തെരഞ്ഞെടുത്തതു്.) മൊൻകാദാകോട്ടയുടെ നേരെ അവർ ആക്രമണമാരംഭിച്ചു. അവിചാരിതമായ ചില കാരണങ്ങളാൽ ആക്രമണം അടിച്ചമർത്തപ്പെട്ടു. 75 പേർ രക്തസാക്ഷികളായി. കാസ്ട്രോവും 18 കൂട്ടുകാരും

സീറാ മെയ്സ്ത്രാ പർവതത്തിലേക്ക് ഓടിപ്പോയി. മൊൻകാദാ ആക്രമണം പരാജയപ്പെട്ടുവെങ്കിലും ഒരു പുതിയ പ്രസ്ഥാനമുടലെടുത്തു-ജൂലൈ 26 പ്രസ്ഥാനം.

സീറാ മെയ്സ്ത്രാ പർവതത്തിലേക്ക് ഓടിപ്പോയ കാസ്ട്രോവിനേയും കൂട്ടുകാരേയും പിന്നീട് വേട്ടയാടിപ്പിടിക്കുകയും അവരെ കോടതിയിൽ ഹാജരാക്കുകയും ചെയ്തു. കോടതിയിൽ 4 മണിക്കൂർ നേരം കാസ്ട്രോ നടത്തിയ ഉജ്വലമായ പ്രസംഗമാണ് ഈ പുസ്തകത്തിൻെറ ഉള്ളടക്കം. ഹിററ്ലറുടെ ജർമനിയിലെ റീഷ്താഗ് തീവെപ്പ് കേസ്സിൽ തൻെറ ഭാഗം ന്യായീകരിച്ചുകൊണ്ടും ഹിററ്ലറുടെ കള്ളക്കളികൾ തുറന്നു കാട്ടിക്കൊണ്ടും ദിമിത്രോവ് നടത്തിയ വിഖ്യാതമായ പ്രസംഗംപോലെ ഈ പ്രസംഗവും പരിഗണിക്കപ്പെട്ടു വരുന്നു. ചരിത്രപ്രധാനമായ ഐ. എൻ. എ. കേസ്സിൽ ഭൂലാഭായി ദേശായിയുടെ വാദത്തിനു തുല്യമായിട്ടാണ് വി. ആർ. കൃഷ്ണയ്യർ അതിനെ കണക്കാക്കുന്നത്. അതെന്തായാലും ക്യൂബൻ വിപ്ലവത്തിൻെറ പരിപ്രേക്ഷ്യമെന്തെന്ന് ചൂണ്ടിക്കാണിച്ച ആ പ്രസംഗം സോഷ്യലിസ്ററ് ക്യൂബയുടെ ബൈബിളായിട്ടാണ് കണക്കാക്കുന്നത്. കോടതി കാസ്ട്രോവിനെ 15 വർഷത്തെ തടവിനു് വിധിച്ചു. മററുള്ളവർക്കും വിവിധ വർഷക്കാലത്തേക്ക് തടവു ശിക്ഷകിട്ടി. അവരെയെല്ലാം ഐൽ ഓഫ് പൈൻസിയെ തടവറകളിലേക്ക് തള്ളിവിട്ടു.

മൊൻകാദാ ആക്രമണത്തിനു ശേഷം രാജ്യത്തുടനീളം ക്രൂരമായ മർദനമാണ് നടന്നത്. 1959–ൽ ബാത്തിസ്ത ക്യൂബയിൽ നിന്നൊളിച്ചോടിപ്പോകുന്നതുവരെ 20000 പേരെ കശാപ്പുചെയ്തു വെന്നു് പറഞ്ഞാൽ മർദനത്തിൻെറ നിഷ്ഠൂരത ഊഹിക്കാമല്ലോ. രാജ്യത്തുടനീളം നടന്ന കൊടിയ മർദനങ്ങളുടെ ഹൃദയസ്പൃക്കായ ചിത്രം ഈ പുസ്തകത്തിൽ അവതരിപ്പിക്കപ്പെടുന്നുണ്ട്. ഈ മർദനങ്ങൾക്കെതിരായി ജനവികാരം തിളച്ചുപൊന്തി പട്ടിണിയിലും തൊഴിലില്ലായ്മയിലും കിടന്നു് നട്ടം തിരിയുന്ന ജനത മർദനം കൂടെയായപ്പോൾ സടകുടഞ്ഞെഴുനേററു മൊൻകാദാ ആക്രമണത്തെത്തുടർന്ന് നിയമ വിരുദ്ധമാക്കപ്പെട്ട പി. എസ്. പി. ഒളിവിലിരുന്നു കൊണ്ടു് ജനങ്ങളെ സംഘടിപ്പിച്ചു. മർദനമവസാനിപ്പിക്കാനും കാസ്ട്രോവിനേയും കൂട്ടുകാരേയും വിട്ടയക്കാനും അവരാവ

ശ്യപ്പെട്ടു. സ്വാതന്ത്ര്യത്തിനും നീതിക്കും വേണ്ടി ആയുധമെടുത്ത ജനതയെ അടിച്ചമർത്താൻ ഒരു ഭരണാധികാരിയുടെ തോക്കിനും സാധ്യമല്ലെന്ന് ചരിത്രം ഒരിക്കൽ കൂടി തെളിയിച്ചു. ബാത്തിസ്തക്ക് ജനങ്ങളുടെ മുമ്പിൽ മുട്ടുകുത്തേണ്ടിവന്നു; കാസ്ട്രോവിനെയും കൂട്ടുകാരെയും വിട്ടയക്കാൻ അയാൾ നിർബന്ധിതനായി. ജയിലിൽ നിന്ന് പുറത്തുവന്ന കാസ്ട്രോവിന് വീരോചിതമായ സ്വീകരണമാണ് ലഭിച്ചത്. അതോടെ യുദ്ധത്തിന്റെ ഒന്നാം ഘട്ടമവസാനിച്ചു.

## മെക്സിക്കോവിലേക്ക്:

ജയിൽ മോചിതനായ കാസ്ട്രോ 1955 ജൂലൈ മാസത്തിൽ രാജ്യാതിർത്തികൾ കടന്ന് മെക്സിക്കോവിൽ അഭയം പ്രാപിച്ചു. കാസ്ട്രോവിന്റെ സഹോദരനായ റൗൾ അദ്ദേഹത്തെയും പ്രതീക്ഷിച്ച് മെക്സിക്കോവിൽ കഴിയുകയായിരുന്നു. നിരവധി ക്യൂബക്കാർ—നാടു കടത്തപ്പെട്ടവരും അല്ലാത്തവരും—അവരോടൊപ്പം ചേർന്നു. സ്പെയിനിലെ ആഭ്യന്തരയുദ്ധത്തിൽ ഫ്രാങ്കോവിന്നെതിരായ സമരത്തിന്റെ പ്രധാനപ്പെട്ട നായകനെ—കേണൽ ആൽബർടോബയോ—അവിടെവെച്ച് കാസ്ട്രോ കണ്ടുമുട്ടി. അദ്ദേഹത്തിന്റെ കീഴിൽ വിപ്ലവകാരികൾ പരിശീലനമാരംഭിച്ചു. ഈ സമയത്താണ് ഫിദലിനും സഹപ്രവർത്തകർക്കും ധീരനും പ്രതിഭാശാലിയുമായ പുതിയൊരു സഖാവിനെ കിട്ടിയത്. ചിലിയിലും ഗോട്ടിമാലയിലും മററുമുള്ള വിപ്ലവങ്ങളിൽ പങ്കെടുത്ത അനുഭവവും വിപ്ളവ സിദ്ധാന്തത്തിലും പ്രയോഗത്തിലും അവഗാഹവും നേടിയ 'ചെ' അവരുടെ സംഘത്തിൽ ചേർന്നു.

അസ്വസ്ഥരായ വിപ്ളവകാരികൾ ക്യൂബയിൽ സായുധ സമരം തുടങ്ങാനുള്ള തയ്യാറെടുപ്പ് അതിവേഗം നടത്തി. 1956 നവംബർ 25-ാംനു ഒരു പഴയ ബ്രിട്ടീഷ് പത്തേമാരിയിൽ ആയുധങ്ങളുമായി 82 വിള്വകാരികൾ ക്യൂബയിലേക്കു നീങ്ങി. ആ പത്തേമാരിയുടെ പേർ 'ഗ്രാൻമ' എന്നായിരുന്നു. ക്യൂബൻ ചരിത്രത്തിൽ അനശ്വര പ്രതിഷ്ഠ നേടിയ ഈ പേരാണ് ക്യൂബൻ കമ്യൂണിസ്ററുപാർടിയുടെ പത്രത്തിന് നൽകിയിരിക്കുന്നതു്.

കാസ്ട്രോവും സംഘവും മെക്സിക്കോവിൽ നിന്നു് ക്യൂബയിലേക്ക് തിരിച്ചുവരുന്ന സമയമായപ്പോഴേക്കും വിപ്ളവത്തിന് തികച്ചും സന്നദ്ധമായിക്കഴിഞ്ഞിരുന്നു, ക്യൂബയിലെ ജനങ്ങൾ. ഉണങ്ങി പരന്നുകിടക്കുന്ന പുൽമേട്ടപോലെയായിരുന്നു അന്നു് ക്യൂബ. വിപ്ളവത്തിന്റെ ഒരു തീപ്പൊരി എറിയേണ്ട താമസമേ ഉണ്ടായിരുന്നുള്ളൂ, അതാളിപ്പടരാൻ.

മെക്സിക്കോവിൽ നിന്നു് പുറപ്പെട്ട വിപ്ളവസംഘം ക്യൂബയിൽ വന്നിറങ്ങിയതോടെ തീ ആളിപ്പടരാൻ തുടങ്ങി. പട്ടണങ്ങളിൽ പണിമുടക്കങ്ങൾ പൊട്ടിപ്പുറപ്പെട്ടു. കൃഷിക്കാരുടെ സായുധ സമരങ്ങൾ വളർന്നുവന്നു. വിദ്യാർഥികളും യുവാക്കളും ആവേശത്തോടെ രംഗത്തിറങ്ങി. മെക്സിക്കോവിൽ നിന്നു വന്നവർ ക്യൂബൻകരയിലിറങ്ങിയപ്പോൾ അപ്രതീക്ഷിതമായി ബാത്തിസ്തയുടെ പട്ടാളക്കാരുമായേററുമുട്ടേണ്ടി വന്നു. കനത്ത നാശനഷ്ടമാണവർക്കുണ്ടായതു്. അവർ സീറാമെയ്സ്ത്രാ പർവതത്തിന്റെ ഏററവും മുകളിലെത്തിയപ്പോഴേക്കും അവശേഷിച്ചതു് 12 പേരായിരുന്നു! അവരെതിരിടേണ്ടതോ? 30 000 വരുന്ന ബാത്തിസ്താ പട്ടാളക്കാരോടും!! എങ്കിലും ആ സഖാക്കളുടെ സാന്നിധ്യത്തിൽ ആത്മവിശ്വാസത്തോടെ കാസ്ട്രോ പ്രഖ്യാപിച്ചു: 'സ്വേഛാധിപതിയുടെ ദിനങ്ങൾ എണ്ണപ്പെട്ടിരിക്കുന്നു!'

കാസ്ട്രോവിന്റെ പ്രഖ്യാപനം ചരിത്രം ശരിവെച്ചു. ക്രമേണ വിപ്ലവകാരികളുടെ എണ്ണം കൂടിക്കൂടിവന്നു. മിക്കവാറും എല്ലാ വർഗങ്ങളിൽ പെട്ടവരും ബാത്തിസ്തയുടെ ഭരണത്തിനെതിരായി അണിനിരന്നു. കർഷകരായിരുന്നു കൂടുതലാവേശം കാണിച്ചതു്. ''ജനങ്ങൾക്കുവേണ്ടിയുള്ള ജൂലൈ 26 പ്രസ്ഥാനത്തിന്റെ മാനിഫെസ്റ്റൊ'' വിലെ കാർഷിക പരിഷ്ക്കരണത്തെക്കുറിച്ച ഭാഗം കർഷകരെ വമ്പിച്ച നിലയിലാണു് വിപ്ലവ പ്രസ്ഥാനത്തോടാകർഷിച്ചതു്. കർഷകരോടുള്ള ഗറില്ലകളുടെ പെരുമാററവും കൂടുതൽ കൂടുതൽ കൃഷിക്കാരെ വിപ്ലവത്തിന്റെ ഭാഗത്തേക്കു് വരുന്നതിന് സഹായിച്ചു. പർവതത്തിന്മേൽ എഴുത്തും വായനയും പഠിപ്പിക്കാൻ ഗ്വേര ഒരു സ്കൂൾ ആരംഭിച്ചു. ചെറുപ്പക്കാരും മുതിർന്നവരും ആയി ധാരാളംപേർ സ്കൂളിൽ ചേർന്നു് എഴുത്തും വായനയും പഠിച്ചു. 2 വർഷത്തിനുള്ളിൽ ഇത്തരം 30 സ്കൂളുകൾ വിപ്ലവകാരികൾ നടത്തു

കയുണ്ടായെന്ന പറഞ്ഞാൽ ജനങ്ങളിൽ അവർ എത്രമാത്രം സ്വാധീനം ചെലുത്താൻ തുടങ്ങി എന്ന് മനസ്സിലാക്കാൻ നമുക്ക് കഴിയുമല്ലോ.

ജൂലൈ 26 പ്രസ്ഥാനത്തിൻെറ മാനിഫെസ്റ്റോവിലെ പുതിയൊരു ലോകത്തെക്കുറിച്ച ചിത്രം തൊഴിലാളികളെയും വിപ്ളവത്തോടാഭിമുഖ്യമുള്ളവരാക്കി. തങ്ങളുടെ ജോലി നിർവഹിക്കുന്നതോടൊപ്പം തന്നെ അവർ സൈനിക പരിശീലനം നേടാനും തുടങ്ങി. ചെ ഗുവേര വിപ്ളവകാരികളുടെ ഒരു പത്രം തുടങ്ങുന്നതിനുള്ള സാധനങ്ങൾക്ക് ആഹ്വാനം നൽകിയപ്പോൾ ആവശ്യമായതെല്ലാം ജനങ്ങൾ എത്തിച്ചു കൊടുത്തു. അങ്ങനെ 'ക്യൂബ ലിബെർ' എന്ന പത്രം ഗുവേരയുടെ പത്രാധിപത്യത്തിൽ പുറത്തുവന്നു. വിപ്ളവകാരികളുടെ റേഡിയോവിലൂടെ കാസ്ട്രോ നടത്തിയ പ്രസംഗങ്ങൾ ജനങ്ങളെ ആവേശം കൊള്ളിച്ചു. ഈ കാരണങ്ങൾകൊണ്ടെല്ലാം കൂടുതൽ കൂടുതലാളുകൾ വിപ്ളവ പക്ഷത്തേക്കു നീങ്ങി. പല സ്ഥലത്തും വിപ്ളവകാരികൾ ബാത്തിസ്റ്റാ പട്ടാളക്കാരുമായേററു മുട്ടി. തൊഴിലാളികളുടെ വൻനിലയിലുള്ള പണിമുടക്കങ്ങൾ നടന്നു. ക്രമേണ ജനങ്ങളെ അടിച്ചമർത്തുന്ന ബാത്തിസ്റ്റാ സൈന്യത്തിനുള്ളിൽപോലും പിളർപ്പുണ്ടായി. ഒരു നാവിക കലാപം പൊട്ടിപ്പുറപ്പെട്ടു. അത് വിജയകരമായി പര്യവസാനിച്ചതോടെ സൈന്യത്തിനുള്ളിലെ പിളർപ്പിൻെറ ആഴം വ്യക്തമായി.

കാസ്ട്രോവിൻെറ നേതൃത്വത്തിലുള്ള ജൂലൈ 26 പ്രസ്ഥാനം, പി. എസ്. പി., റവല്യൂഷണറി ലീഡർഷിപ്പ് എന്നീ മൂന്ന് വിപ്ളവ പ്രസ്ഥാനങ്ങൾ ചേർന്ന് ഐക്യമുന്നണി രൂപം കൊണ്ടു. ഈ മൂന്ന് വിപ്ളവ ശക്തികൾ ചേർന്നുള്ള മഹാപ്രവാഹത്തിൽ ബാത്തിസ്തയുടെ സ്വേഛാധിപത്യ ഭരണം ഒഴുകിപ്പോയി. ബാത്തിസ്ത ക്യൂബയിൽ നിന്ന് പലായനം ചെയ്തു. 1959 ജനുവരി 1-ാംനു കലാപകാരികൾ ക്യൂബയിൽ തങ്ങളുടെ വിജയ പതാക ഉയർത്തി-ചുവപ്പും കറുപ്പും ചേർന്ന പതാക, അങ്ങനെ മൊൻകാദാ കോട്ടയുടെ നേരെയുള്ള ആക്രമണം കഴിഞ്ഞു് 5 വർഷവും 5 മാസവും 5 ദിവസവും പിന്നിട്ടപ്പോൾ ജൂലൈ 26-ൻെറ രക്തസാക്ഷിയായ അബേൽ സാന്തമറിയയുടെയും മററനേകം രക്തസാക്ഷികളുടെ

യും ആത്മബലി ഫലവത്തായി. അന്നു് ഹവാനയിൽ വിജയം വരിച്ച വിപ്ളവത്തിന്റെ അലകറം അത്ലാന്തിക്കിലെ അലമാലകളേക്കാറം ശക്തിയായി അമേരിക്കൻ വൻകരയിൽ ആഞ്ഞടിക്കുകയാണു്.

—സി. ഭാസ്കരൻ.

*ബഹുമാന്യരായ ന്യായാധിപന്മാരെ*

ഇതിനു് മുൻപൊരിക്കലും ഇതിലും കൂടുതൽ വിഷമകരമായ സാഹചര്യങ്ങളിൽ ഒരു വക്കീൽ പ്രവർത്തിക്കാൻ നിർബന്ധിതനായിട്ടില്ല. ഇതിനുമുൻപൊരിക്കലും ഇതിലും കൂടുതൽ നിറഞ്ഞ തെററുകൾ ഒരു പ്രതിക്കെതിരായി നടത്തപ്പെട്ടിട്ടില്ല. ഇവിടെ വക്കീലും പ്രതിയും ഒന്നുതന്നെയാണു്. പ്രതിഭാഗം വക്കീലെന്ന നിലയിൽ കുററപത്രം ഒന്നു കാണുവാനുള്ള അവസരംപോലും എനിക്കു് നിഷേധിക്കപ്പെട്ടിരിക്കയാണു്. പ്രതിയെന്ന നിലയിൽ, കഴിഞ്ഞ എഴുപത്തിയാറു് ദിവസങ്ങളായി നിയമപരവും മനുഷ്യത്വപരവുമായ എല്ലാ മര്യാദകളെയും കാററിൽ പറത്തിക്കൊണ്ടു്, ഒരൊററയാളിനെയും കാണാൻ അനുവദിക്കാതെ എന്നെ ഏകാന്തത്തടവിൽ തളച്ചിട്ടിരിക്കുകയാണു്.

ഈ സംസാരിക്കുന്ന ആൾ ഉള്ളിന്റെ ഉള്ളാലെ ബാലിശമായ അഹന്തയെ വെറുക്കുന്നു; സ്വഭാവംകൊണ്ടോ അല്ലെങ്കിൽ

ഇപ്പോഴത്തെ മാനസികാവസ്ഥകൊണ്ടോ ഒരു പ്രാസംഗികനായി ചമയുന്നതിനോ ഏതെങ്കിലും തരത്തിലുള്ള വൈകാരികമൂർച്ഛ സൃഷ്ടിക്കുന്നതിനോ അയാം ഒരുക്കവുമല്ല. ഈ കോടതി മുൻപാകെ എനിക്കുവേണ്ടി ഞാൻ തന്നെ വാദിക്കുവാൻ നിർബന്ധിതനായിരിക്കുന്നു. അതിനു രണ്ടു കാരണങ്ങളുണ്ട്. ഒന്ന്, നിയമോപദേശം തേടുവാനുള്ള അവസരം എനിക്കു ഏതാണ്ടു പൂർണമായി നിഷേധിച്ചതുകൊണ്ട്. രണ്ട്, തന്റെ നാട് അവഗണിതയാവുകയും അതിന്റെ നീതി അധിക്ഷേപിക്കപ്പെടുകയും ചെയ്യുന്നതു കണ്ടു കരം നിറയെ പ്രതിഷേധവുമായിനിൽക്കുന്ന എന്നെപ്പോലെയുള്ള ഒരാംക്ക് മാത്രമേ ഇത്തരമൊരവസരത്തിൽ, സ്വന്തം ഹൃദയത്തിന്റെ രക്തംകൊണ്ടും, സത്യത്തിന്റെ മജ്ജകൊണ്ടും സൃഷ്ടിച്ച വാക്കുകളിലൂടെ സംസാരിക്കാനാവൂ എന്നുള്ളതുകൊണ്ട്.

എനിക്കുവേണ്ടി വാദിക്കുവാൻ സന്മനസ്സുള്ള സുഹൃത്തുക്കാം കുറവായിരുന്നില്ല. ഹവാനയിലെ ബാർ അസോസ്സിയേഷൻ ധീരനും പ്രഗത്ഭനുമായ ഒരു നിയമപണ്ഡിതനെ, ഈ നഗരത്തിലെ ബാറിന്റെ അധ്യക്ഷനായ ഡോ: ജോർജ് പാഗ്ലിയറിനെ, എനിക്കുവേണ്ടി വാദിക്കുവാൻ നിയമിച്ചതുമാണ്. പക്ഷെ ആ കടമ നിർവഹിക്കുവാൻ അദ്ദേഹത്തെ അനുവദിച്ചില്ല. എന്നെ കാണുവാൻ ശ്രമിച്ചപ്പോഴെല്ലാം ജയിലിന്റെ കവാടങ്ങാം അദ്ദേഹത്തിന്നെതിരെ അടയ്ക്കപ്പെടുകയായിരുന്നു. കോടതി ഇടപെട്ടതുകൊണ്ടാണ് ഒന്നരമാസത്തിനുശേഷമെങ്കിലും ഒരു പത്തുമിനിട്ടുനേരം ഞാനുമായി കൂടിക്കാണുവാൻ അവസാനം അദ്ദേഹത്തെ അനുവദിച്ചത്; അതും സൈന്യത്തിലെ രഹസ്യ ഏജൻസിയിലെ ഒരു സർജന്റിന്റെ സാന്നിധ്യത്തിൽ.

വക്കീലിന്ന് തന്റെ കക്ഷിയുമായി സ്വകാര്യമായി സംസാരിക്കുവാനുള്ള അവകാശം അംഗീകരിക്കപ്പെട്ടിട്ടുള്ള ഒന്നാണ്. ഈ അവകാശം ഇവിടെയൊഴിച്ച്, ലോകം മുഴുവൻ അംഗീകരിച്ചിട്ടുള്ളതാണ്, ഇവിടെ, ഒരു ക്യൂബൻ യുദ്ധത്തടവുകാരൻ, നിയമപരമോ മനുഷ്യത്വപരമോ ആയ യാതൊരു തത്വദീക്ഷയുമില്ലാത്ത, നിഷ്ഠൂരമായ ഭീകര ഭരണത്തിന്റെ കൈകളിലകപ്പെട്ടു. വിചാരണവേളയിൽ ഞങ്ങാം ഉന്നയിച്ചേക്കാവുന്ന വാദങ്ങാം ചോർത്തിയെടുക്കുന്നതു സഹിക്കുവാൻ

ഡോ: പാഗ്ലിയറിയോ ഞാനോ തയ്യാറായിരുന്നില്ല.

മൊൻകാദയിലെ സംഭവങ്ങളെ ചുററിപ്പററി അവർ പണിതുയർത്തിയിരിക്കുന്ന നുണയുടെ നെടുംകോട്ടകൾ എങ്ങനെയായിരിക്കും ഞങ്ങൾ തട്ടി തകർക്കാൻ പോകുന്നതെന്നു്, മറച്ചുവെക്കാൻ അവർ അങ്ങേ അററം ശ്രമിക്കുന്ന ഭീകരമായ സത്യങ്ങൾ എങ്ങനെയായിരിക്കും ഞങ്ങൾ തുറന്നു കാട്ടാൻ പോകുന്നതെന്നു് അവർക്കു മുൻകൂട്ടി അറിയണമെന്നുണ്ടായിരുന്നോ? അപ്പോൾ എനിക്കു വേണ്ടി വക്കീലെന്ന നിലയിലുള്ള എൻെറ ഔദ്യോഗികാവകാശം ഉപയോഗിച്ചുകൊണ്ടു്, ഞാൻ തന്നെ വാദിക്കണമെന്നു തീരുമാനിച്ചു.

ഈ തീരുമാനം സർജൻറ് ഒളിഞ്ഞുനിന്നു കേട്ടു. മേലധികാരികളെ അറിയിച്ചു. അതു് അസാധാരണമായൊരു ഭീതി ഇളക്കിവിട്ടു. അവരുടെ പരിപാടികൾ വിഫലമാകുമെന്നു് വിഡ്ഢിവേഷം കെട്ടിയ ഏതോ ഒരു കൊച്ചു ചെകുത്താൻ സൂചിപ്പിക്കുന്നതുപോലെ തോന്നി. ക്യൂബയിലെ നീണ്ട പാരമ്പര്യം അംഗീകരിച്ചിട്ടുള്ള ഈ അവകാശം എനിക്കു നിഷേധിക്കുവാൻ വേണ്ടി എത്രമാത്രം സമ്മർദമാണു് എൻെറ മേൽ ചെലുത്തപ്പെട്ടതെന്നു, ബഹുമാന്യരായ ന്യായാധിപന്മാരേ, നിങ്ങൾക്കു നല്ലവണ്ണമറിയാം. ഗവണ്മെൻറിൻെറ ഉപജാപങ്ങൾക്കു് കൂട്ടു നിൽക്കുവാൻ കോടതി തയ്യാറായില്ല. അല്ലെങ്കിൽ പ്രതി പൂർണമായും നിസ്സഹായനാകുമായിരുന്നു. തനിക്കുവേണ്ടി തന്നത്താൻ വാദിക്കുവാനുള്ള അവകാശം വിനിയോഗിച്ചുകൊണ്ടു് ഇപ്പോൾ സംസാരിക്കുന്ന ഈ പ്രതി യാതൊരു സാഹചര്യത്തിലും പറയാനുള്ളതു പറയാതെ കഴിക്കുകയില്ല. നിഷ്ഠുരമായ ഏകാന്തത്തടവിനു എന്നെവിധേയനാക്കുവാനും എന്നെ സംസാരിക്കാൻ സമ്മതിക്കാതിരിക്കുന്നതിൻെറ പിന്നിലുള്ള ഉദ്ദേശമെന്തായിരുന്നുവെന്നും എന്നെ വധിക്കുവാൻ വേണ്ടി ഗൂഢാലോചന നടത്തുവാൻ പ്രേരിപ്പിച്ചതെന്തായിരുന്നുവെന്നും (ആ ഗൂഢാലോചനയെക്കുറിച്ചു കോടതിക്കറിവുള്ളതാണല്ലോ.) ഭീകരമായ എന്തെല്ലാം വസ്തുതകളാണു് ജനങ്ങളിൽ നിന്നു മറച്ചുവെച്ചിരിക്കുന്നതെന്നും ഈ വിചാരണയിൽ നടന്നിട്ടുള്ള അത്ഭുതകരമായ കാര്യങ്ങൾക്കെല്ലാം പിന്നിലൊളിഞ്ഞിരിക്കുന്ന രഹസ്യമെന്തെന്നുമുള്ളതിൻെറ കാരണം ആദ്യമായി വിശദീകരിക്കേണ്ടതു അതിപ്രധാനമായ

കാര്യമായി ഞാൻ കണക്കാക്കുന്നു. എല്ലാം അങ്ങേഅററത്തെ വ്യക്തതയോടുകൂടി പറയുവനാണു് ഞാനുദ്ദേശിക്കുന്നതു്.

## II

ഇതു് ഈ റിപ്പബ്ളിക്കിൻെറ ചരിത്രത്തിലെ ഏററവും പ്രധാനപ്പെട്ട കേസ്സാണെന്നു് നിങ്ങൾ പരസ്യമായി പറഞ്ഞിട്ടുണ്ടു്. അങ്ങനെ നിങ്ങൾ ആത്മാർത്ഥമായും വിശ്വസിച്ചിരുന്നെങ്കിൽ, നിങ്ങളുടെ അധികാരത്തെ ധിക്കരിച്ചുകൊണ്ടു്, ഈ വിചാരണയുടെ നിലവാരം വീണ്ടും വീണ്ടും താഴ്ത്തുവാൻ നിങ്ങൾ അനുവദിക്കരുതായിരുന്നു.

കോടതിയുടെ ഒന്നാമത്തെ സെഷൻ നടത്തുന്നതു് സെപ്തംബർ 21-ാം തീയതി ആയിരുന്നു. യന്ത്രത്തോക്കുകളും ബയനററുകളും ഗർഹണീയമാംവണ്ണം കോടതി മുറിയെ കീഴടക്കിക്കൊണ്ടു്, പ്രതിക്കൂട്ടിലുണ്ടായിരുന്ന നൂറിൽ പരം ആളുകളെ ചൂഴ്ന്നു നിന്നിരുന്നു. ഈ പ്രതികളിൽ ഭൂരിപക്ഷവും യാതൊരു തരത്തിലും ഞങ്ങളുടെ പ്രവർത്തനങ്ങളിൽ ഉൾപ്പെട്ടവരായിരുന്നില്ല. മർദക സംഘടനകളുടെ തടവറകളിൽ കിടന്നു് ഭീകരമായ എല്ലാവിധ മർദനങ്ങളും ഭർത്സനങ്ങളും സഹിച്ചുകൊണ്ടു് വളരെ നാളുകളായി അവർ കരുതൽ തടങ്കലിൽ കഴിയുകയായിരുന്നു. ധീരരും ദൃഢചിത്തരുമായ മററു പ്രതികൾ സ്വാതന്ത്ര്യസമരത്തിൽ തങ്ങൾക്കുള്ള പങ്കു് ഉറപ്പിച്ചു പ്രഖ്യാപിക്കുന്നതിലും അസാധാരണമായ ആത്മത്യാഗത്തിന്നു മാതൃക കാട്ടുന്നതിലും മന:പൂർവമായ ദുരുദ്ദേശത്തോടെ വിചാരണയിൽ ഉൾപ്പെടുത്തപ്പെട്ട മററുള്ളവരെ ജയിലറയുടെ കരാള ദംഷ്ട്രങ്ങളിൽ നിന്നു് വിമോചിപ്പിക്കുന്നതിലും അതീവോൽസുകരും അഭിമാനം കൊള്ളുന്നവരുമായിരുന്നു. നീതിയുടെ പക്ഷത്തു നിന്നുകൊണ്ടു്, ഒരിക്കൽ കൂടി നെറികേടിന്നെതിരായി സത്യത്തിൻെറ സമരം ഞങ്ങൾ നടത്തും. ഈ ഭരണം അതിനു വരാൻ പോകുന്ന ധാർമികമായ തകർച്ചയെ നേരിടാൻ ഒരു വിധത്തിലും ഒരുങ്ങിക്കഴിഞ്ഞിരുന്നില്ല.

ഭരണത്തിനു്, അതുന്നയിച്ച അടിസ്ഥാനരഹിതങ്ങളായ ആരോപണങ്ങളെല്ലാം ശരിയാണെന്നു് സമർത്ഥിക്കുവാൻ എങ്ങനെ കഴിയും? ധാരാളം ചെറുപ്പക്കാർ ജയിൽവാസവും പീഡനവും വേണ്ടിവന്നാൽ മരണത്തെപ്പോലും നേരിട്ടു

കൊണ്ടു് ഈ ഭരണത്തിന്റെ കൊള്ളരുതായ്മകഠം വിളിച്ചു പറയാൻ തയ്യാറുള്ളപ്പോഠം, അതിനെങ്ങനെ യഥാർത്ഥസംഭവങ്ങളെ മറച്ചു പിടിക്കാൻ കഴിയും ?

ഒന്നാമത്തെ സെഷനിൽ ഞാനൊരു സാക്ഷിയായിരുന്നു. രണ്ടു മണിക്കൂർ നേരത്തേക്കു കോടതി പ്രോസിക്യൂട്ടറും അതു പോലെ തന്നെ ഇരുപതു പ്രതിഭാഗം വക്കീൽമാരും എന്നെ ചോദ്യം ചെയ്യുകയുണ്ടായി. ശരിയായ വസ്തുതകളും കണക്കുകളും നിരത്തി വെച്ചു കൊണ്ടു് മുടക്കിയ പണമെത്രയെന്നും അതു ശേഖരിച്ചതെങ്ങനെയെന്നും ഞങ്ങഠം ആയുധം സംഘടിപ്പിച്ചതെങ്ങനെയെന്നും തെളിയിക്കുവാൻ എനിക്കു കഴിഞ്ഞു. എനിക്കു് ഒളിക്കുവാൻ ഒന്നുമുണ്ടായിരുന്നില്ല. കാരണം, ഇതെല്ലാം നേടിയതു് നമ്മുടെ റിപ്പബ്ളിക്കിന്റെ ചരിത്രത്തിൽ ഇന്നോളമുണ്ടായിട്ടില്ലാത്ത ആത്മത്യാഗത്തിലൂടെയായിരുന്നു. ഞങ്ങളെ ഈ സമരത്തിനു പ്രേരിപ്പിച്ച കാരണങ്ങളെക്കുറിച്ചും എല്ലായ്പ്പോഴും എതിരാളികളോടുള്ള മനുഷ്യത്വത്തോടുകൂടിയതും സൗമ്യമായതുമായ പെരുമാററത്തെക്കുറിച്ചും ഞാൻ പറഞ്ഞു കഴിഞ്ഞു. ഈ വിചാരണയിൽ തെററായി പ്രതികളായി ചേർക്കപ്പെട്ടിട്ടുള്ളവർക്കു്, സംഭവവുമായി പ്രത്യക്ഷമായോ പരോക്ഷമായോ യാതൊരു ബന്ധവുമില്ലെന്നു സമർത്ഥിക്കുവാൻ എനിക്കു കഴിഞ്ഞിട്ടുണ്ടെങ്കിൽ അതിനു ധീരമായ എന്റെ സഖാക്കളുടെ സഹകരണത്തോടും പിൻതുണയോടുമാണു് ഞാൻ കടപ്പെട്ടിരിക്കുന്നതു്. കാരണം ഞാൻ പറഞ്ഞതുപോലെ പ്രക്ഷോഭകാരികളും സ്വാതന്ത്ര്യേച്ഛുക്കളുമായിരിക്കുക എന്നതിന്റെ ഭവിഷ്യത്തിനെച്ചൊല്ലി അവർ വെറുതെ ദു:ഖിക്കുകയോ പശ്ചാത്തപിക്കുകയോ ചെയ്തില്ല. ജയിലിൽ വെച്ചു് അവരുമായി സംസാരിക്കുവാൻ ഒരിക്കലും എന്നെ അനുവദിച്ചിരുന്നില്ല. എന്നിട്ടും എങ്ങനെയാണു് പ്രവർത്തിക്കേണ്ടതു് എന്നതിനെക്കുറിച്ചു ഞങ്ങഠംക്കു പരിപൂർണ്ണ യോജിപ്പുണ്ടായിരുന്നു. ഹൃദയത്തിൽ ഒരേ ആദർശങ്ങഠം സൂക്ഷിക്കുന്ന മനുഷ്യരെ ജയിൽ ഭിത്തികഠംക്കോ, ശവക്കല്ലറകളുടെ മൂടികഠംക്കോ, യാതൊന്നിനും തന്നെ വേർതിരിച്ചു നിർത്തുവാൻ സാധ്യമല്ല. കാരണം ഒരേ ഒരോർമ്മയും ഒരേ ഒരാവേശവും ഒരേ ഒരാശയവും ഒരേ ഒരു ബോധവും ഒരേ ഒരു അന്തസ്സും അവരെ ഒന്നിച്ചു നിർത്തും.

ആ നിമിഷം മുതൽ മൊൻകാദ ബാരക്കുകളിൽ നടന്ന സംഭവങ്ങളെക്കുറിച്ച് ഭരണകർത്താക്കൾ മെനഞ്ഞെടുത്ത നുണകൾ ഒരു ചീട്ടു കൊട്ടാരം പോലെ തകർന്നു വീഴാൻ തുടങ്ങി. തൽഫലമായി ദുഷ്പ്രേരണക്കാർ എന്നു പറഞ്ഞുകൊണ്ട് തടവിലാക്കിയവരെ ജയിലിൽ തന്നെ വെച്ചുകൊണ്ടിരിക്കുന്നതു് എത്രമാത്രം വിഡ്ഢിത്തമാണെന്ന് പ്രോസിക്യൂട്ടർക്കു് ബോധ്യമായി. അവരെ താൽക്കാലികമായി മോചിപ്പിക്കണമെന്നു് അദ്ദേഹം ഉടനടി ആവശ്യപ്പെട്ടു.

ഒന്നാം സെഷനിലെ എൻെറ തെളിവെടുപ്പു വിചാരണയുടെ അവസാനത്തിൽ പ്രതിക്കൂടുവിട്ടു് പ്രതികളുടെ വക്കീൽമാരോടൊപ്പം ഇരിക്കുവാൻ കോടതി എന്നെ അനുവദിക്കണമെന്നു ഞാൻ ആവശ്യപ്പെട്ടു. ഇതിന് ഫലത്തിൽ എന്നെ അനുവദിക്കുകയും ചെയ്തു. ഇവിടം മുതലാണു്, ഭരണകർത്താക്കൾ ഞങ്ങളുടെ സമര സഖാക്കളുടെ മേൽ ആരോപിച്ച ഭീരുത്വപൂർണവും നികൃഷ്ടവും വഞ്ചനാപരവുമായ നുണകളെ അമ്പേ പൊളിച്ചുകാട്ടുകയും അവരുടെ കയ്യിലകപ്പെട്ട ഞങ്ങളുടെ സഖാക്കളുടെ മേൽ അവർ നടത്തിയ ഭീകരവും ജുഗുപ്സാവഹവുമായ ഹീനകൃത്യങ്ങളെക്കുറിച്ച് അനിഷേധ്യമായ തെളിവു് നൽകുകയും തങ്ങളുടെ ചരിത്രത്തിലെ ഏററവും ക്രൂരവും ഏററവും മനുഷ്യത്വഹീനവുമായ മർദനം സഹിച്ചുപോരുന്ന ക്യൂബൻ ജനതയുടെ അതിരററ ഹതവിധി ഈ രാജ്യത്തിൻെറയും ലോകത്തിൻെറയും ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്യുക എന്ന കർത്തവ്യം, ഈ വിചാരണയിലെ എററവും പ്രധാനപ്പെട്ടതെന്നു ഞാൻ കരുതുന്ന എൻെറ കർത്തവ്യം, ഞാൻ ചെയ്തു തുടങ്ങിയതു്.

രണ്ടാം സെഷൻ നടന്നതു് സെപ്ററംബർ 22-ാം തീയതി ചൊവ്വാഴ്ചയായിരുന്നു. പത്തു സാക്ഷികൾ മാത്രമേ അന്നു മൊഴി കൊടുത്തുള്ളു. മൻസാനില്ലോ പ്രദേശത്തു നടന്ന കൊലപാതകങ്ങളെ സംബന്ധിച്ചുള്ള സംശയങ്ങൾ അവർ ദൂരീകരിച്ചു കഴിഞ്ഞിരിക്കുന്നു. ആ പോസ്ററിൻെറ ചുമതല വഹിച്ചിരുന്ന ക്യാപ്ററനായിരുന്നു ആ കൊലപാതകങ്ങൾക്കു് പ്രത്യക്ഷമായും ഉത്തരവാദി എന്നു കൃത്യമായി തെളിയിക്കുകയും രേഖപ്പെടുത്തുകയും ചെയ്തു കഴിഞ്ഞിട്ടുണ്ടു്. മൊഴി കൊടുക്കുവാൻ മൂന്നൂറു സാക്ഷികൾ കൂടി ഉണ്ടായിരുന്നു. ആ പാതകങ്ങൾക്കു്

നേരിട്ടുത്തരവാദികളായ സൈനികോദ്യോഗസ്ഥന്മാരെ, കെട്ടുകണക്കായ വസ്തുതകളോടും തെളിവുകളോടുംകൂടി, ഞാൻ എതിർ വിസ്താരം ചെയ്യുകയാണെങ്കിൽ സംഭവിക്കുന്നതെന്തായിരിക്കും? ഇത്രയും വലിയൊരു സദസ്സിൻെറ മുമ്പിൽ, ദ്വീപിലെ എല്ലാ പ്രദേശങ്ങളിൽനിന്നും എത്തിയിട്ടുള്ള പത്രക്കാരുടെയും നിയമ പണ്ഡിതന്മാരുടെയും മുമ്പിൽ പ്രതികളുടെ സമീപത്തു തന്നെ സ്ഥാനം നൽകപ്പെട്ടിട്ടുള്ള പ്രതിപക്ഷ നേതാക്കളുടെ മുമ്പിൽ (അവർക്കു അതിനാൽ പറയുന്നതെല്ലാം വ്യക്തമായി കേൾക്കാമെന്ന മെച്ചം കൂടിയുണ്ട്) ഇങ്ങനെ തുടരുവാൻ ഈ ഭരണം എന്നെ അനുവദിക്കുമോ? അതിലും ഭേദം ഈ കോടതി കെട്ടിടം, ഇതിലെ എല്ലാ ന്യായാധിപന്മാരോടുംകൂടി ഡൈനമിററ് ചെയ്തു തകർക്കുന്നതായിരിക്കും എന്നു കണക്കാക്കുന്ന ഒന്നാണല്ലോ ഇവിടത്തെ ഭരണം!

എന്നെ വിചാരണയിൽ നിന്നൊഴിച്ചുനിർത്താൻ അവരൊരു പരിപാടി ആസൂത്രണം ചെയ്തു. വിചാരണയുടെ മൂന്നാം സെഷൻെറ തലേന്നാൾ സെപ്ററംബർ 25-ാം തീയതി വെള്ളിയാഴ്ച വൈകുന്നേരം രണ്ടു ജയിൽഡോക്ടർമാർ എന്നെ എൻെറ തടവറയിൽ വന്നുകണ്ടു. അവർ പ്രകടമായും അസ്വസ്ഥരായിരുന്നു. ''ഞങ്ങൾ വന്നതു് അങ്ങയെ പരിശോധിക്കാനാണ്,'' അവർ പറഞ്ഞു. അപ്പോൾ ഞാൻ ചോദിച്ചു: ''എൻെറ ആരോഗ്യത്തെക്കുറിച്ചു ആർക്കാണ് താല്പര്യം?'' വാസ്തവത്തിൽ അവരുടെ മനസ്സിലുള്ളതെന്തെന്ന് അവരെ കണ്ട നിമിഷം തന്നെ എനിക്കു മനസ്സിലായി. അതിലും കൂടുതൽ ധീരതയോടെ അവർക്കെന്നോട് പെരുമാറാനാവുമായിരുന്നില്ല. അവരുടെ ഗതികേട് അവർ എനിക്കു വിശദീകരിച്ചു തരികയും ചെയ്തു. അന്നുച്ചക്കു് കേണൽ ചാവിയാനോ ജയിലിൽ വന്നു ''ഞാൻ വിചാരണയിൽ ഗവണ്മെൻറിന് ഭയങ്കരമായ ദ്രോഹം ചെയ്യുന്നുണ്ടെ''ന്നു് അവരോട് പറഞ്ഞിരുന്നു. എനിക്കു് അസുഖമാണെന്നും അതുകൊണ്ട് കോടതിയിൽ ഹാജരാകുവാൻ കഴിയുകയില്ലെന്നുമുള്ള സർട്ടിഫിക്കററ് അവർ ഒപ്പിട്ടുകൊടുക്കണമെന്നു് അയാൾ അവരോട് ആവശ്യപ്പെടുകയും ചെയ്തിരുന്നു. ജോലി രാജിവെക്കുവാനും അതിൻെറ പേരിലുണ്ടാകാവുന്ന ശിക്ഷ നേരിടുവാനും തങ്ങൾ തയ്യാറാണെന്ന് അവർ എന്നോടു പറഞ്ഞു. അക്കാര്യം തീരുമാ

നിക്കുന്നതിനുള്ള ചുമതല അവർ എന്നെ ഏൽപിച്ചു. മടികൂടാതെ സ്വയം നശിപ്പിക്കണമെന്ന അവരോടു പറയുന്നതു കടുപ്പമാണെന്നെനിക്കു തോന്നി. പക്ഷേ, യാതൊരു പരിത:സ്ഥിതിയിലും കേണലിൻെറ ഉത്തരവ് നടപ്പിലാക്കുന്നതിനെ അനുകൂലിക്കുവാനും എനിക്കു സാധ്യമായിരുന്നില്ല. സ്വന്തം മന:സാക്ഷിക്കനുസരണമായി അവർ തന്നെ തീരുമാനിച്ചുകൊള്ളട്ടെ എന്ന കണക്കാക്കിക്കൊണ്ടു് ഞാൻ ഇത്രമാത്രം പറഞ്ഞു: ''നിങ്ങളുടെ കർത്തവ്യമെന്തെന്ന് നിങ്ങൾ അറിഞ്ഞിരിക്കണം; എനിക്ക് എൻേറതു് തീർച്ചയായും അറിയാം.''

ഡയ്യൻെറ തടവറയിൽ നിന്ന പോയതിന ശേഷം സർട്ടിഫിക്കററ് അവർ ഒപ്പിട്ടുകൊടുത്തു. അങ്ങേയററം അപകടത്തിലെന്ന അവർ കണക്കാക്കിയ എൻെറ ജീവൻ രക്ഷിച്ചെടുക്കുവാനുള്ള ഒരേ ഒരു മാർഗം ഇതാണെന്ന ഉത്തമവിശ്വാസത്തിലാണ് അവർ അങ്ങനെ ചെയ്തതു്. ഞങ്ങളുടെ സംഭാഷണം രഹസ്യമാക്കിവെക്കേണ്ട ബാധ്യത എനിക്കില്ല. കാരണം സത്യത്തോടു മാത്രമെ എനിക്കു ബാധ്യതയുള്ളൂ. ഈ സന്ദർഭത്തിൽ സത്യം പറയുന്നതു് ആ നല്ല ഡോക്ടർമാരുടെ ഭൗതിക താല്പര്യങ്ങൾക്കു ദോഷം ചെയ്തേക്കാം. പക്ഷെ അവരുടെ മാന്യതയെക്കുറിച്ചുള്ള സംശയമാണ് ഞാൻ ദൂരീകരിക്കുന്നതു്; അതു് എത്ര കൂടുതൽ വിലപ്പെട്ടതാണ്! ആ ഉപജാപത്തെ തുറന്നുകാട്ടിക്കൊണ്ടും എൻെറ അന്യൂനമായ ആരോഗ്യസ്ഥിതിയെക്കുറിച്ചു് സർട്ടിഫൈ ചെയ്യുവാൻ നിയമബോധമുള്ള രണ്ടു ഡോക്ടർമാരെ അയക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടും എൻെറ ജീവൻ രക്ഷപ്പെടുത്തുന്നതിന്ന ഇത്തരം ഒരു ചതിക്കു ഞാൻ കൂട്ടു നിൽക്കണമെന്നാണെങ്കിൽ അതിനേക്കാൾ ആയിരം മടങ്ങു ഭേദം അതു് നഷ്ടപ്പെടുന്നതാണെന്ന അറിയിച്ചുകൊണ്ടും അന്ന രാത്രി തന്നെ ഞാൻ കോടതിക്കെഴുതി. വിലകുറഞ്ഞ ഇത്തരം ഉപജാപങ്ങൾക്കെല്ലാമെതിരായി പൊരുതുവാനുള്ള എൻെറ ദൃഢനിശ്ചയം പ്രകടമാക്കുന്നതിനുവേണ്ടി എൻെറ വാക്കുകളുടെ കൂടെ എൽമെയിസ്ട്രോയുടെ (ജോസ് മാർട്ടി) ഒരു ചിന്താശകലം കൂടി ഞാൻ ചേർത്തു: ''ഗുഹാന്തർഭാഗത്തുനിന്ന് വരുന്ന ന്യായമായ ഒരാവശ്യത്തിന് ഒരു സൈന്യത്തേക്കാൾ ശക്തിയുണ്ടു്.''

സെപ്ററംബർ 26-ാം തീയതി നടന്ന വിചാരണയുടെ

മൂന്നാംസെഷനിൽ ഡോ: മെൽബാഹെർനാൻഡസ് ആ കത്തു് സമർപ്പിച്ച വിവരം കോടതിക്കറിവുള്ളതാണല്ലോ. എന്നെ കർക്കശമായ ബന്തവസ്സിലാണ സൂക്ഷിച്ചിരുന്നതെങ്കിലും ഞാൻ അതു് അവർക്കെത്തിച്ചുകൊടുത്തു. ആ കത്തു് ഉടനടി തന്നെ പ്രതികാരനടപടികൾക്കിടയാക്കി. ഹെർനാൻഡസ്സിനെ ഏകാന്ത തടവിലാക്കുകയും നേരത്തെതന്നെ ആരെയും കാണാൻ അനുവദിക്കപ്പെട്ടിട്ടില്ലാത്ത എന്നെ ആർക്കും ഒരു തരത്തിലും ബന്ധപ്പെടുവാൻ കഴിയാത്തവണ്ണം ജയിലിലെ ഏററവും ഒഴിഞ്ഞ ഭാഗത്തേക്കു മാററുകയും ചെയ്തു. അന്നുമുതൽ എല്ലാ പ്രതികളെയും കോടതിയിലേക്കു കൊണ്ടുവരുന്നതിനു മുൻപു് അടിമുതൽ മുടിവരെ ദേഹപരിശോധന നടത്തി പീഡിപ്പിക്കാനും തുടങ്ങി.

ഞാൻ യഥാർത്ഥത്തിൽ പരിപൂർണ്ണ ആരോഗ്യവാനാണെന്നു സെപ്ററംബർ 27-ാം തീയതി രണ്ടു കോടതി ഡോക്ടർമാർ സർട്ടിഫൈ ചെയ്തു. എന്നിട്ടും, കോടതിയുടെ ആവർത്തിച്ചുള്ള ഉത്തരവുണ്ടായിട്ടും, പിന്നീടൊരിക്കലും എന്നെ വിചാരണക്കു കൊണ്ടു വരികയുണ്ടായില്ല. കൂടാതെ എന്നെ ജയിലിൽ നിന്നു രക്ഷപ്പെടുത്തിക്കൊണ്ടുപോകണമെന്നു പ്രഖ്യാപിച്ചു കൊണ്ടുള്ള സംശയാസ്പദമായ നൂറുകണക്കിനു ലഘുലേഖകൾ പേരു വെക്കാതെ പ്രചരിപ്പിക്കാൻ തുടങ്ങി. എന്നെ തട്ടിക്കൊണ്ടു പോയിട്ടു് അതു രക്ഷപ്പെടലാണെന്നു വരുത്തിത്തീർക്കാൻ വേണ്ടി അവർ കണ്ടുപിടിച്ച ഒരു വിഡ്ഢിത്തമായിരുന്നു അതു്.

ജാഗരൂഗരായ എന്റെ സുഹൃത്തുക്കൾ തക്ക സമയത്തു തന്നെ ആ ഉപജാപം തുറന്നുകാട്ടിയതു കൊണ്ടു് അതു പരാജയപ്പെടുകയും ആദ്യത്തെ അഫിഡവിററ് കള്ളമാണെന്നു തെളിയിക്കുയും ചെയ്തപ്പോൾ പരസ്യമായും നാണമില്ലാതെയും കോടതിയെ അവഹേളിച്ചു കൊണ്ടു് മാത്രമേ ഭരണത്തിനു എന്നെ വിചാരണയിൽ നിന്നകററി നിർത്തുവാൻ കഴിഞ്ഞുള്ളു.

ബഹുമാന്യരായ ന്യായാധിപന്മാരേ, കേട്ടുകേൾവിപോലുമില്ലാത്ത ഒരു സ്ഥിതിയാണുണ്ടായിരിക്കുന്നതു്. കുററം ചുമത്തപ്പെട്ട ഒരു മനുഷ്യനെ കോടതി മുൻപാകെ ഹാജരാക്കുവാൻ ഭയപ്പെടുന്ന, നിരായുധനും അപവാദത്തിനും ഒററപ്പെടുത്തലിനും ഇരയായവനുമായ നിസ്സഹായനായ ഒരു മനുഷ്യ

ന്റെ ധാർമിക ദാർഢ്യത്തിനു മുൻപിൽ കുഞ്ഞിപ്പോകുന്ന, രക്ത ദാഹിയായ ഒരു ഭീകരഭരണമാണ് ഇവിടെയുള്ളത്. അങ്ങനെ എല്ലാം നിഷേധിച്ചതിനുശേഷം അവസാനം ഞാൻ ഒന്നാം പ്രതിയായിരിക്കുന്ന വിചാരണയിൽ പങ്കെടുക്കുവാനുള്ള അവകാശവും അവർ എനിക്കു നിഷേധിച്ചു. വ്യക്തി സ്വാതന്ത്ര്യങ്ങൾ മരവിപ്പിക്കുകയും പൊതു ക്രമസമാധാനനിയമവും റേഡിയോയുടെയും പത്രങ്ങളുടെയും മേൽ നിയന്ത്രണവും പൂർണമായി നടപ്പിലാക്കുകയും ചെയ്തിരുന്ന ഒരു കാലത്തായിരുന്നു അതെന്നു കൂടി ഓർമിക്കുക.' കുററം ചുമത്തപ്പെട്ട ഒരു മനുഷ്യൻെറ ശബ്ദത്തെ ഇത്രയേറെ ഭയപ്പെടണമെങ്കിൽ എന്തെന്തു പൈശാചിക കൃത്യങ്ങൾ ഈ ഭരണം ചെയ്തിട്ടുണ്ടാവണം !

സൈനികമേധാവികൾ എല്ലാക്കാലത്തും ഈ കോടതിയോട് കാട്ടിയിട്ടുള്ള അവഹേളനത്തെയും അനാദരവിനെയും കുറിച്ച് എനിക്കു പറയുവാനുണ്ട്. എന്നെ മനുഷ്യത്വരഹിതമായി ഏകാന്തത്തടവിൽ വെച്ചിരിക്കുന്നത് അവസാനിപ്പിക്കണമെന്നും എൻെറ ഏററവും പ്രാഥമികമായ അവകാശങ്ങളെ മാനിക്കണമെന്നും എന്നെ ഈ കോടതി മുൻപാകെ ഹാജരാക്കണമെന്നും എപ്പോഴെല്ലാം കോടതി ഉത്തരവിട്ടിട്ടുണ്ടോ അപ്പോഴെല്ലാം ആ ഉത്തരവുകളെ അവർ ലംഘിച്ചു. ഈ കോടതിയുടെ ഉത്തരവുകളെല്ലാം ഒന്നിനു പുറകെ ഒന്നായി ലംഘിക്കപ്പെട്ടു. ഈ കോടതിയുടെ സാന്നിധ്യത്തിൽ തന്നെ, വിചാരണയുടെ ഒന്നും രണ്ടും സെഷനുകളിൽ, ചുരുങ്ങിയ ഇടവേള സമയത്തു പോലും ഞാൻ മററാരുമായി സംസാരിക്കാതിരിക്കുവാൻ വേണ്ടി ഒരു സൈനിക ഗാർഡിനെ എൻെറ അടുത്തു നിർത്തിയിരുന്നു എന്നുള്ളതു അതിലും മോശമായ കാര്യമാണ്. മറെറാരു തരത്തിൽ പറഞ്ഞാൽ, ജയിലിൽ മാത്രമല്ല, കോടതി മുറിയിൽ നിങ്ങൾ ന്യായാധിപന്മാരുടെ സാന്നിധ്യത്തിൽ പോലു നിങ്ങളുടെ ആജ്ഞകൾ അവഗണിക്കപ്പെട്ടു. അതിനടുത്ത സെഷനിൽ തന്നെ, കോടതിയോടു കാട്ടേണ്ട പ്രാഥമിക മര്യാദയുടെ ഒരു പ്രശ്നമെന്ന നിലയിൽ ഇക്കാര്യം ഉന്നയിക്കണമെന്നു ഞാനുദ്ദേശിച്ചിരുന്നു. പക്ഷെ പിന്നീടൊരിക്കലും എന്നെ ഇങ്ങോട്ടു തിരിച്ചുകൊണ്ടുവന്നില്ല. ഇത്രയും അവഹേളനങ്ങളുടെ പ്രതി

ഫലമെന്ന നിലയിൽ മാർച്ച് 10-ാം തീയതി മുതൽ അവർ, അവർ മാത്രം, ലംഘിച്ചുകൊണ്ടിരിക്കുന്ന ഒരു നിയമത്തിൻെറ പേരിൽ ജയിലിലേക്കയക്കുവാൻ വേണ്ടി എന്നെ ഇവിടെ കൊണ്ടുവന്നിരിക്കുന്ന സ്ഥിതിയിൽ നിങ്ങളുടെ മേൽ അവർ അടിച്ചേല്പിക്കാൻ പോകുന്ന ജോലി ശോചനീയം തന്നെ! ഈ കേസ്സിൽ ഒരവസരത്തിൽ പോലും Cedant arma togae എന്ന ലാററിൻ സാർവലൗകിക തത്വം തീരെയും പാലിക്കപ്പെട്ടിട്ടില്ല. അക്കാര്യം നല്ലവണ്ണം ഓർമയിൽ വെയ്ക്കണമെന്നു ഞാൻ നിങ്ങളോടു അഭ്യർഥിക്കുകയാണ്.

എന്നാൽ, ഇതൊക്കെ കഴിഞ്ഞിട്ടും, അവരുടെ എന്തെല്ലാമായിട്ടും ഈ നടപടികളെല്ലാം തികച്ചും വിഫലമായിത്തീർന്നു. ധീരരായ എൻെറ സഖാക്കൾ, അനന്യ സാധാരണമായ ദേശസ്നേഹത്തോടുകൂടി, തങ്ങളുടെ കടമ അങ്ങേഅററം നിറവേററി. സാക്ഷിക്കൂട്ടിൽ നിന്നുകൊണ്ടു ഒന്നിനു പുറകേ ഒന്നായി അവർ പ്രഖ്യാപിച്ചു: "അതേ, ക്യൂബയുടെ സ്വാതന്ത്ര്യത്തിനു വേണ്ടി പോരാടുവാനാണു ഞങ്ങൾ പുറപ്പെട്ടിരിക്കുന്നതു്, അതിൽ ഞങ്ങൾക്കു പശ്ചാത്താപമില്ല.'' തുടർന്നു്, ഉജ്വലമായ ധീരതയോടെ കോടതിയെ അഭിസംബോധന ചെയ്തുകൊണ്ടു അവർ ഞങ്ങളുടെ സഹോദരന്മാരുടെ മേൽ നടത്തിയ പൈശാചികമായ ശാരീരിക പീഡനങ്ങളെ അപലപിച്ചു. കോടതിയിൽ ഇല്ലായിരുന്നെങ്കിലും ജയിലിൽ കിടന്നുകൊണ്ടു വിചാരണയുടെ എല്ലാ വിശദാംശങ്ങളും അപ്പപ്പോൾ അറിയാൻ എനിക്കു സാധിച്ചിരുന്നു. അതിനു ബൊനിയാത്തോ ജയിലിലെ തടവുപുള്ളികളോടു എനിക്കു് നന്ദിയുണ്ടു്. ഭീഷണികളെല്ലാമുണ്ടായിരുന്നിട്ടും പത്രശകലങ്ങളും മററെല്ലാതരത്തിലുള്ള വിവരങ്ങളും എൻെറ കൈയിലെത്തിച്ചു തരുന്നതിനുള്ള കൗശലകരമായ മാർഗം അവർ കണ്ടുപിടിച്ചിരുന്നു. സ്വകാര്യവീട്ടുകൾ പണിയുന്നതിനു് പകലന്തിയോളം തങ്ങളെ കൊണ്ടുനടക്കുകയും ആഹാരത്തിനനുവദിച്ചിട്ടുള്ള പണം ചോർത്തിയെടുക്കുകയും ചെയ്യുന്ന വാർഡർ തംബൊവാദയുടെയും അയാളുടെ മേലാളായ ലഫ്ററനൻറു് റൊസാബചിൻെറയും തെറികൾക്കും തെമ്മാടിത്തരങ്ങൾക്കും അവർ പകരം വീട്ടിയതു് ഇങ്ങനെയാണ്.

വിചാരണ പുരോഗമിച്ചതോടെ പങ്കുകൾ മാറിമറിഞ്ഞു :

കുററം ചുമത്തുവാൻ വന്നവർ കുററവാളികറം തങ്ങറം തന്നെയാണെന്നു് കണ്ടു, കുററം ചുമത്തപ്പെട്ടവർ കുററം ചുമത്തുന്നവരായി ! അവിടെ വിധിക്കപ്പെട്ടതു് വിപ്ലവകാരികളല്ല ബാത്തിസ്റ്റാ എന്ന പേരുള്ള ഒരു മനുഷ്യനായിരുന്നു ; ബാത്തിസ്റ്റാ എന്ന ഭീകരസത്വം ! ഈ സ്വേച്ഛാധിപതിയെയും അയാളുടെ കൈയാളുകളെയും നാളെ ജനങ്ങറം ശിക്ഷിക്കുമെങ്കിൽ, വിലപ്പെട്ടവരും ധീരരുമായ ആ ചെറുപ്പക്കാർ ശിക്ഷിക്കപ്പെട്ടതു് നിസ്സാര കാര്യമാണു്. ഞങ്ങളുടെ ആളുകളെ പൈൻസ് ദ്വീപിലെ ജയിലിലേക്കു കൂട്ടത്തോടെ കയററി അയച്ചു. അതിൻെറ വൃത്താകാരമായ ഇടനാഴികളിൽ കാസ്ററൽസിൻെറ പ്രേതം, ഇപ്പോഴും പതുങ്ങിനിൽക്കുന്നുണ്ടു്. ശിക്ഷയ്ക്കിരയാക്കപ്പെട്ട എണ്ണമററ ആളുകളുടെ രോദനം ഇന്നും അവിടെ മാറെറാലിക്കൊള്ളുന്നുണ്ടു്. സ്വാതന്ത്ര്യത്തെ സ്നേഹിച്ചു, ദേശത്തെ സ്നേഹിച്ചു എന്ന കുററത്തിനു് സമൂഹത്തിൽ നിന്നകററപ്പെട്ടു്, കുടുംബങ്ങളിൽ നിന്നു മുറിച്ചു മാററപ്പെട്ടു്, മാതൃഭൂമിയിൽ നിന്നു നാടുകടത്തപ്പെട്ടു്, ക്രൂരമായ ശിക്ഷയനുഭവിക്കാനായി ഞങ്ങളുടെ സഖാക്കളെ അയച്ചിരിക്കുന്നതു് അങ്ങോട്ടാണു്. ഇത്തരം സാഹചര്യങ്ങളിൽ, ഞാൻ നേരത്തെ പറഞ്ഞതുപോലെ, ഈ വക്കീലിനു് തൻെറ കടമ നിർവഹിക്കുവാൻ ബുദ്ധിമുട്ടും, നന്ദികേടു്കാട്ടുകയാണെന്ന തോന്നലും ഉണ്ടാവുമെന്നു നിങ്ങറം വിശ്വസിക്കുന്നില്ലേ ?

ദുരുഹവും നിയമവിരുദ്ധവുമായ നിരവധി ഉപജാപങ്ങളുടെ ഫലമായും ഭരിക്കുന്നവരുടെ അധികാര പ്രമത്തതകൊണ്ടും വിധിക്കുന്നവരുടെ ദൗർബല്യം കൊണ്ടും സിവിൽ ആശുപത്രിയിലെ ഈ ചെറിയ മുറിയിൽ ഞാനെത്തിയിരിക്കുകയാണു്. എൻെറ ശബ്ദം ബലഹീനമാകുകയും ഞാൻ പറയാൻ പോകുന്ന കാര്യങ്ങറം യാതൊരാളും അറിയാതിരിക്കുകയും ചെയ്യത്തക്കവണ്ണം രഹസ്യമായി വിചാരണ നടത്തുവാനാണു് എന്നെ ഇങ്ങോട്ടു കൊണ്ടുവന്നിരിക്കുന്നതു്. അപ്പോറം പിന്നെ, ബഹുമാന്യരായ ന്യായാധിപന്മാർക്കു നിസ്സംശയമായും കൂടുതൽ സുഖപ്രദമായി തോന്നാവുന്ന ആ 'നീതിയുടെ കൊട്ടാരം' നമുക്കെന്തിനാണു് ? ഞാൻ നിങ്ങറംക്കൊരു മുന്നറിയിപ്പു നൽകട്ടെ. നീട്ടിപ്പിടിച്ച ബയനററുകളുമായി ചുററും നിൽക്കുന്ന കാവൽഭടന്മാരുടെ നടുവിൽ ആസ്പത്രിമുറിയി

ലിരുന്നുകൊണ്ട് നീതി നടത്തുന്നതു വിഡ്ഢിത്തമാണ്. നമ്മുടെ 'നീതി'ക്ക് രോഗമുണ്ടെന്നും അത് തടവിലാണെന്നും ജനങ്ങൾ ധരിച്ചേക്കും!

ഈ കോടതിസെഷനിൽ പങ്കെടുക്കുന്നതിൽനിന്നു ജനങ്ങളെ പാടേ വിലക്കിയിരിക്കുകയാണ്; എന്നാൽ വിചാരണകൾ 'പൊതു വിചാരണ'കളായിരിക്കണമെന്ന് നിങ്ങളുടെ നിയമ നടപടികൾ അനുശാസിക്കുന്നുണ്ടെന്ന കാര്യം ഞാൻ നിങ്ങളെ അനുസ്മരിപ്പിക്കുന്നു. പൊതുജനങ്ങളുടെ കൂട്ടത്തിൽ നിന്നു ഇവിടെ പ്രവേശിപ്പിക്കപ്പെട്ടിട്ടുള്ളതു രണ്ടു അറേറാർണിമാരും ആറു് പത്രറിപ്പോർട്ടർമാരും മാത്രമാണ്. ഞാൻ പറയുന്ന ഒററ വാക്കുപോലും അച്ചടിക്കുവാൻ സെൻസർഷിപ്പ് നിയമം പത്രക്കാരെ അനുവദിക്കുകയില്ല. ഈ മുറിയിലും വരാന്തകളിലുമായി നൂറോളം പട്ടാളക്കാരെയും ഉദ്യോഗസ്ഥന്മാരെയുമാണ് ആകെക്കൂടിയുള്ള ശ്രോതാക്കളായി എനിക്കു കാണാൻ കഴിയുന്നതു്. ഞാൻ പറയുന്നതു ക്ഷമയോടും കാര്യമായും അവർ ശ്രദ്ധിച്ചു കേൾക്കുന്നതിനു അവരോടെനിക്ക് നന്ദിയുണ്ട്. ഇവിടത്തെ സൈന്യം മുഴുവനും എന്റെ മുൻപിലുണ്ടായിരുന്നെങ്കിൽ എന്ന് മാത്രമാണ് ഞാനാഗ്രഹിക്കുന്നതു്. എനിക്കറിയാം ഇന്ന് ഭരണത്തിലിരിക്കുന്ന നെറികെട്ട ഉപജാപസംഘം അധികാരക്കൊതിമൂത്ത് തങ്ങളുടെ സൈനികകുപ്പായങ്ങളിൽ തട്ടിത്തുപ്പിയ ബീഭത്സവും ലജ്ജാകരവുമായ രക്തക്കറകൾ കഴുകിക്കളയുവാനുള്ള രോഷം ഈ സൈന്യങ്ങളിൽ ഒരിക്കൽ തിളച്ചുപൊന്തും; അന്ന് മാന്യരായ സൈനികരുടെ ചുമലിൽ ധാർഷ്ട്യത്തോടെ കയറിയിരിക്കുന്നവർക്ക് നേരിടാൻ പോകുന്നതു് എന്തൊരു പതനമാണ്! അതിനും ഏറെ മുൻപു തന്നെ ജനങ്ങൾ അവരെ വലിച്ച് താഴെയിട്ടില്ലെങ്കിൽ!

അവസാനമായി പീനൽ നിയമത്തെ സംബന്ധിച്ചുള്ള യാതൊരു ഗ്രന്ഥവും എന്റെ ജയിലറയിലേക്കു കൊണ്ടുവരാൻ അനുവദിക്കപ്പെട്ടില്ല എന്ന കാര്യം കൂടി പറയുവാൻ ഞാനാഗ്രഹിക്കുന്നു. എന്റെ സഖാക്കൾക്കുവേണ്ടി ധീരമായി വാദം നടത്തുന്ന പണ്ഡിതനായ എന്റെ വക്കീൽ ഡോ: ബാദിലിയോ കംസ്സച്ചാനോസിന്റെ കയ്യിൽനിന്നു കടംവാങ്ങിയ ഈ ചെറിയ ലോകോഡുമാത്രമാണ് എന്റെ കൈവശമുള്ളതു്.

അതുപോലെ തന്നെ മാർക്സിയുടെ പുസ്തകങ്ങളും അവർ എനിക്ക് നിഷേധിച്ചു. അവ അത്യധികം അട്ടിമറി സ്വഭാവമുള്ളവയാണെന്നു സെൻസർഷിപ്പ് നടത്തുന്ന ജയിലുദ്യോഗസ്ഥന്മാർ കണക്കാക്കിയതായി തോന്നുന്നു. അതോ, മാർക്സിയെ ജൂലൈ ഇരുപത്തിയാറിന്റെ പ്രചോദകനെന്ന് ഞാൻ വിളിച്ചതുകൊണ്ടാണോ ?

ഈ വിചാരണയിൽ മറ്റെന്തെങ്കിലും വിഷയത്തിലുള്ള റഫറൻസ് പുസ്തകങ്ങൾ കൊണ്ടുവരുന്നതിൽ നിന്നു കൂടിയും എന്നെ തടഞ്ഞിരുന്നു. എന്നാൽ അതുകൊണ്ടൊന്നും ഒരു കാര്യവുമില്ല! ''ഗുരുനാഥൻ'' പഠിപ്പിച്ച കാര്യങ്ങൾ എന്റെ ഹൃദയത്തിലും ലോകജനതകളുടെ സ്വാതന്ത്ര്യ സംരക്ഷകരായിരുന്ന എല്ലാ മഹൽവ്യക്തികളുടെയും സമാദരണീയങ്ങളായ ആശയങ്ങൾ എന്റെ ബുദ്ധിയിൽ ഞാൻ സൂക്ഷിക്കുന്നുണ്ട് !

ഈ കോടതിയോട് ഒരേ ഒരു കാര്യം മാത്രം ഞാനഭ്യർത്ഥിക്കുകയാണ്: നിയമത്തിന്റെ പരിരക്ഷയില്ലാതെ ഈ പ്രതി സഹിക്കേണ്ടി വന്ന നിരവധി ഭർത്സനങ്ങൾക്കും ഭീകര മർദനങ്ങൾക്കുമുള്ള പ്രതിവിധി എന്ന നിലയിൽ ഇതെനിക്കനുവദിച്ചുതരുമെന്ന് ഞാൻ വിശ്വസിക്കുന്നു; എനിക്കു പറയുവാനുള്ളത് തടസ്സപ്പെടുത്തൽ കൂടാതെ പറയുവാനുള്ള സ്വാതന്ത്ര്യം എനിക്ക് തരണമെന്നാണ് ഞാനഭ്യർത്ഥിക്കുന്നത്. അല്ലെങ്കിൽ നീതിയെക്കുറിച്ചുള്ള ഏറ്റവും നേരിയ തോന്നൽ പോലും നിലനിർത്തുവാൻ സാധ്യമല്ല. ഈ വിചാരണയുടെ അവസാനം, മറ്റെന്തിനെക്കാളുമധികം, അപമാനത്തിന്റെയും ഭീരുത്വത്തിന്റെയും ഒരു കഥയായി മാറുകയും ചെയ്യും.

ഒട്ടുനിരാശനാണ് ഞാനെന്നു് തുറന്നു സമ്മതിക്കട്ടെ. ബഹുമാന്യനായ പ്രോസിക്യൂട്ടർ ഗൗരവതരമായ കുറ്റാരോപണങ്ങളുമായി മുന്നോട്ടു വരുമെന്നാണ് ഞാൻ പ്രതീക്ഷിച്ചിരുന്നത്. നിയമത്തിന്റെയും നീതിയുടെയും (എന്തുനിയമം ! എന്തു നീതി!) നാമധേയത്തിൽ എന്നെ എന്തുകൊണ്ടു ശിക്ഷിക്കണമെന്ന് ഇതിന്റെ കാരണങ്ങളും തന്റെ വാദങ്ങളും അങ്ങേയറ്റം വരെ ന്യായീകരിക്കുവാൻ അദ്ദേഹം തയ്യാറായിരിക്കുമെന്നാണ് ഞാൻ വിചാരിച്ചത്. പക്ഷേ അതുണ്ടായില്ല. ആകെ അദ്ദേഹം ചെയ്തത്, സാമൂഹ്യ പരിരക്ഷാ നിയമത്തിലെ 148-ാം വകുപ്പ് വായിക്കുകമാത്രമാണ്. അതിന്റെയും വഷ

ളായിക്കൊണ്ടുവരുന്ന പരിത:സ്ഥിതികളുടെയും അടിസ്ഥാനത്തിൽ എന്നെ ഇരുപത്തി ആറു വർഷത്തെ തടവിന് വിധിക്കണമെന്നാണ് അദ്ദേഹം ആവശ്യപ്പെടുന്നത്! കാൽനൂററാണ്ടിലധികം ഒരു മനുഷ്യനെ ജയിലഴികൾക്ക പിന്നിലടക്കണമെന്ന് ആവശ്യപ്പെടുന്നതിനും അതു് ന്യായീകരിക്കുന്നതിനും രണ്ടുമിനിട്ട് വളരെ കുറഞ്ഞ സമയമാണെന്നു തോന്നുന്നു. ഒരു പക്ഷെ, ബഹുമാന്യനായ പ്രോസിക്യൂട്ടർക്ക് കോടതിയോട് അലോസരം തോന്നിയിട്ടാവുമോ, ആവോ? കാരണം ഈ കേസ്സിൽ അദ്ദേഹം കൈക്കൊണ്ട ഹ്രസ്വപ്രസംഗമനോഭാവവും, ഇതൊരു വളരെ പ്രധാനപ്പെട്ട വിചാരണയാണെന്ന ഒട്ടൊരു അഭിമാനത്തോടുകൂടിത്തന്നെ ബഹുമാന്യരായ ന്യായാധിപർ നടത്തിയ പ്രഖ്യാപനത്തിൻെറ ഗാംഭീര്യവും തമ്മിൽ ഏററുമുട്ടുന്നതായിട്ടാണ് ഞാൻ കാണുന്നതു്. നിസ്സാരമായൊരു മദ്യപാനക്കേസ്സിൽ വെറും ആറുമാസത്തേക്ക് ശിക്ഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു് ഇതിനേക്കാൾ പത്തിരട്ടി ദീർഘമായി പ്രോസിക്യൂട്ടറന്മാർ വാദിക്കുന്നതു് ഞാൻ കേട്ടിട്ടുണ്ട്.

ബഹുമാന്യനായ പ്രോസിക്യൂട്ടർ തൻെറ ഹർജിക്കനുകൂലമായി ഒരു വാക്കെങ്കിലും പറയുകയുണ്ടായില്ല. എനിക്ക് നീതിബോധമുണ്ട് — റിപ്പബ്ലിക്കിൻെറ ഭരണഘടനയോട് വിശ്വാസം പുലർത്തുമെന്ന പ്രതിജ്ഞ എടുത്തിട്ടുള്ള ഒരു പ്രോസിക്യൂട്ടർക്ക്, നിയമപരമോ ധാർമികമോ ആയ യാതൊരടിസ്ഥാനവുമില്ലാത്ത ഭരണഘടനാ വിരുദ്ധമായ ഒരു ഗവണ്മെൻറിൻെറ പേരിൽ തന്നെപ്പോലെ തന്നെ ഒരു വക്കീലും ഒരു പക്ഷെ തന്നെപ്പോലെ തന്നെ മാന്യനുമായ ഒരു ക്യൂബൻ യുവാവിനെ ഇരുപത്തിയാറു വർഷത്തേക്ക് ജയിലിലേക്കയക്കണമെന്നു ഇവിടെ വന്നുനിന്നു കൊണ്ടു പറയുവാൻ വിഷമമാണെന്ന് ഞാൻ മനസ്സിലാക്കുന്നു. പക്ഷെ ബഹുമാന്യനായ പ്രോസിക്യൂട്ടർ കഴിവുകൊണ്ടനുഗ്രഹീതനാണ്. അദ്ദേഹത്തേക്കാൾ വളരെക്കുറച്ചു കഴിവുകൾ മാത്രമുള്ള ആളുകൾ ഈ ഭരണത്തെ രക്ഷിച്ചെടുക്കുന്നതിനുവേണ്ടി ഘോരഘോരം എഴുതിക്കൂട്ടുന്നതു് ഞാൻ കണ്ടിട്ടുണ്ട്. അന്തസ്സുള്ള ഏതൊരാൾക്കും എത്രകണ്ടു നിന്ദ്യമാണെന്നിരിക്കിലും, കുറഞ്ഞതു് ഒരു പതിനഞ്ചു മിനിട്ടുനേരത്തേക്കെങ്കിലും, ഈ ഭരണത്തെ പിന്താങ്ങി

സംസാരിക്കുവാൻ വേണ്ട ന്യായങ്ങൾ അദ്ദേഹത്തിന്റെ കൈവശമില്ലെന്നു് എങ്ങനെ എനിക്കു സങ്കല്പിക്കുവാൻ കഴിയും? അതിനാൽ ഇതിന്റെയെല്ലാം പിന്നിൽ ഇരുളടഞ്ഞ ഏതോ ഗൂഢാലോചന ഉണ്ടെന്ന കാര്യത്തിൽ സംശയമില്ല.

ബഹുമാന്യരായ ന്യായാധിപന്മാരെ, എന്നെ നിശ്ശബ്ദനാക്കാൻ ശ്രമിക്കുന്നതിന്റെ പിന്നിലുള്ള താല്പര്യമെന്താണു്? എന്റെ വാദത്തിനു ശർവ്യമാകുമായിരുന്ന ആ വാദങ്ങൾ എന്തുകൊണ്ടൊഴിവാക്കി? വിവാദപ്രശ്നത്തെക്കുറിച്ചു് കഴമ്പുള്ള ഒരു പ്രസ്താവന ചെയ്യുവാനുള്ള നിയമപരവും ധാർമികവും രാഷ്ട്രീയപരവുമായ യാതൊരടിസ്ഥാനവും അവർക്കില്ലെന്നുള്ളതാണോ? സത്യത്തെ അവർക്കത്രക്കു് ഭയമാണോ? ഞാനും രണ്ടു മിനിട്ടുനേരം മാത്രമേ സംസാരിക്കുകയുള്ളു എന്നാണോ അവർ വിശ്വസിക്കുന്നതു്? ജൂലൈ 26-നു ശേഷം ചില ആളുകൾക്കു് ഉറക്കമില്ലാത്ത രാത്രികൾ ഒരുക്കിക്കൊടുക്കുവാനിടയാക്കിയ കാര്യങ്ങളെക്കുറിച്ചു് ഞാനിവിടെ പരാമർശിക്കുകയില്ലെന്നാണോ അവർ വിശ്വസിക്കുന്നതു്? പ്രോസിക്യൂട്ടറുടെ ഹർജി സാമൂഹ്യ പരിരക്ഷാ നിയമത്തിലെ ഒരു വകുപ്പിന്റെ അഞ്ചുവരികളിൽ ഒതുക്കിനിർത്തിയതുകൊണ്ടു് ഞാനും ഇതേ വരികൾക്കു ചുററും ചക്കുകല്ലു് തിരിക്കുന്ന അടിമയെപ്പോലെ കറങ്ങിത്തിരിയുന്നതിലേക്കു് സ്വയം ഒതുങ്ങി നിൽക്കുമെന്നായിരിക്കും അവർ കരുതിയിരിക്കുന്നതു്. പക്ഷെ എന്റെ വായു് അടപ്പിച്ചു നിർത്തുവാനുള്ള ആ സൂത്രം യാതൊരു തരത്തിലും ഞാൻ സമ്മതിച്ചു തരാൻ പോകുന്നില്ല. കാരണം ഒരു വ്യക്തിയുടെ സ്വാതന്ത്ര്യത്തേക്കാൾ വളരെക്കൂടിയ കാര്യങ്ങൾ ഈ വിചാരണയിൽ അന്തർലീനമായിട്ടുണ്ടു്. മൗലിക തത്വങ്ങളെ സംബന്ധിക്കുന്ന അടിസ്ഥാനപരമായ കാര്യങ്ങൾ ഇവിടെ വാദപ്രതിവാദത്തിനു വിഷയീഭവിച്ചിരിക്കുകയാണു്, മനുഷ്യനു സ്വതന്ത്രനായി ജീവിക്കുവാനുള്ള അവകാശം പരീക്ഷിക്കപ്പെടുകയാണു്, പരിഷ്കൃതമായ ഒരു ജനാധിപത്യ രാഷ്ട്രമെന്ന നിലയിലുള്ള നമ്മുടെ നിലനില്പിന്റെ അസ്ഥിവാരങ്ങൾ തന്നെ തുലാസിൽ തൂങ്ങുകയാണു്. ഈ വിചാരണ കഴിയുമ്പോൾ, എന്റെ വാദത്തിന്റെ സംരക്ഷണം കിട്ടാതെപോയ യാതൊരു തത്വത്തിന്റെയും, പറയാതെപോയ യാതൊരു സത്യത്തിന്റെയും, അപലപിക്കാതെ

വിട്ട യാതൊരു കുററകൃത്യത്തിൻെറയും പേരിൽ സ്വയം പഴി ക്കുവാൻ ഞാനാഗ്രഹിക്കുന്നില്ല.

ബഹുമാന്യനായ പ്രോസിക്യൂട്ടറുടെ പ്രസിദ്ധമായ ചെറി യ വകുപ്പ് കഷ്ടിച്ച് എൻെറ ഒരു മിനിട്ട് സമയമാണർഹി ക്കുന്നത്. അതിനെതിരായി നിയമത്തിൻെറ പേരിൽ ലഘു വായൊരു ഏററുമുട്ടൽ മാത്രമേ ഞാനിപ്പോൾ നടത്തുന്നുള്ളു. കാരണം മാർച്ച് പത്തിനുശേഷം—അതിനു മുൻപു തന്നെയും— ക്യൂബയിലെ 'നീതിന്യായം' എന്നു വിളിക്കപ്പെടുന്ന വികൃത മായ ഹാസ്യനാടകത്തിന് രംഗമൊരുക്കിക്കൊടുത്ത അന്തമററ കള്ളങ്ങളുടെയും വഞ്ചനകളുടെയും കപടമാന്യതയുടെയും പി ത്തലാട്ടങ്ങളുടെയും നേർക്ക് ഒരാക്രമണം നടത്തുന്നതിനുള്ള കള മൊരുക്കുവാൻ ഞാനാഗ്രഹിക്കുന്നു.

ആരോപിക്കപ്പെട്ടിരിക്കുന്ന ഏതൊരു കുററം നിയമ ത്തിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ഒരു കുററമായി തികച്ചും സാധർമ്യമുള്ളതായിരിക്കണമെന്നുള്ളത് പീനൽ നിയമത്തി ലെ ഒരു മൗലിക തത്വമാണ്. വിവാദവിഷയമായ കാര്യ ത്തിൽ കൃത്യമായി നിയമം പ്രയോഗിക്കുവാനാവില്ലെങ്കിൽ പിന്നെ കുററവുമില്ല.

ഇവിടെ പ്രസക്തമായ ആ വകുപ്പ് പുസ്കത്തിൽ ഇപ്ര കാരമാണ്: *ഭരണകൂടത്തിൻെറ ഭരണഘടനാപരമായ അധി കാരങ്ങൾ*ക്കെതിരായി ഒരു സായുധകലാപമുണ്ടാക്കുക എന്ന ലക്ഷ്യത്തോടുകൂടി എന്തെങ്കിലും പ്രവർത്തനം നടത്തുന്ന ഏ തൊരാളിനും മൂന്നുമുതൽ പത്തുവരെ വർഷത്തെ തടവുശിക്ഷ നൽകാവുന്നതാണ്. കലാപം യഥാർത്ഥത്തിൽ നടത്തിയിട്ടു ണ്ടെങ്കിൽ ശിക്ഷ അഞ്ചുമുതൽ ഇരുപതുവരെ വർഷത്തെ തടവാ യിരിക്കുന്നതാണ്.

ബഹുമാന്യനായ പ്രോസിക്യൂട്ടർ ജീവിക്കുന്നത് ഏതു രാ ജ്യത്താണ്? *ഭരണകൂടത്തിൻെറ ഭരണഘടനാപരമായ അധി കാരങ്ങൾ*ക്കെതിരായി ഒരു സായുധ കലാപമുണ്ടാക്കുവാൻ ഞ ങ്ങൾ ശ്രമിച്ചു എന്ന് അദ്ദേഹത്തോടാരു പറഞ്ഞു? രണ്ടു കാര്യ ങ്ങൾ സ്വയം വ്യക്തമാണ്. ഒന്നാമതായി, രാഷ്ട്രത്തെ അടി ച്ചമർത്തുന്ന ഇവിടത്തെ സ്വേച്ഛാധിപത്യം *ഭരണഘടനാപര മായ അധികാര*മല്ല. അതു ഭരണഘടനാവിരുദ്ധമായ ഒന്നാ ണ്. റിപ്പബ്ളിക്കിൻെറ നിയമാനുസൃതമായ ഭരണഘടന

യെ ലംഘിച്ചുകൊണ്ടു് ഭരണഘടനയുടെ തലസ്ഥമീതേ കൂടി യാണു് അതു സ്ഥാപിക്കപ്പെട്ടതു്. പരമാധികാരികളായ ജന ങ്ങളിൽനിന്നു നേരെ രൂപമെടുക്കുന്നതാണു് നിയമാനസൃത ഭര ണഘടന. നീതീകരിക്കുവാനാകാത്തതിനെ നീതീകരിക്കു വാൻ വേണ്ടി ഭീരുക്കളും വഞ്ചകന്മാരും കാട്ടിക്കൂട്ടിയിട്ടുള്ള ചെ പ്പടിവിദ്യകരം ഇരിക്കത്തന്നെ ഇക്കാര്യം കൂടുതലായി ഞാൻ പിന്നീടു് വിശദീകരിക്കാം. അപ്പോരം ഈ വകുപ്പു് പരാമർശി ക്കുന്നതു് അധികാരങ്ങളെക്കുറിച്ചു ബഹുവചനത്തിലാണു്. പരസ്പരം സന്തുലിതത്വം നിലനിർത്തുന്ന നിയമനിർമാ ണാധികാരവും നിർവഹണാധികാരവും നീതിന്യായാധികാര വും ചേർന്നു ഭരിക്കുന്ന ഒരു റിപ്പബ്ളിക്കിൻെറ കാര്യത്തിൽ അങ്ങനെയായിരിക്കുമല്ലോ. രാഷ്ട്രത്തിൻെറ നിയമനിർമാ ണാധികാരവും നിർവഹണാധികാരവും കയ്യടക്കി രണ്ടും കൂടി ഒന്നാക്കി തീർക്കുകയും, അങ്ങനെ ഇപ്പോരം നമ്മുടെ അപഗ്രഥ നത്തിനു് വിധേയമായിരിക്കുന്ന കോഡു് പ്രത്യേകമായി പ രിരക്ഷ നൽകിയിട്ടുള്ള ഭരണ സമ്പ്രദായത്തെ പാടെ തകർക്കു കയും ചെയ്ത ഒരേ ഒരു ശക്തിക്കു്, നിയമവിരുദ്ധമായ ഒരു ശക്തിക്കു്, എതിരായിട്ടാണു് ഞങ്ങരം കലാപം ഇളക്കിവിട്ടി ട്ടുള്ളതു്. മാർച്ചു് 10-നു ശേഷം നീതിന്യായ സ്ഥാപനങ്ങളുടെ സ്വാതന്ത്ര്യത്തിൻെറ സ്ഥിതിയെ സംബന്ധിച്ചാണെങ്കിൽ, തമാശ പറയുവാനുള്ള മന:സ്ഥിതി ഇപ്പോരം എനിക്കില്ലാത്ത തുകൊണ്ടു്, ഞാനൊന്നും പറയുന്നില്ല. 148-ാം വകുപ്പു് എത്ര തന്നെ വലിച്ചുനീട്ടുകയോ, ചുരുക്കുകയോ, മാററിമറിക്കുക യോ ചെയ്താലും അതിലെ ഒരൊററ വിസർഗം പോലും ജൂലൈ 26-ലെ സംഭവത്തിനു് ബാധകമല്ല. ഈ നിയമത്തെ നമുക്കു് അതിൻെറ പാട്ടിനു വിടാം. ഭരണകൂടത്തിൻെറ ഭരണ ഘടനാപരമായ അധികാരത്തിനെതിരെ യഥാർഥത്തിൽ ക ലാപം ഇളക്കിവിട്ടവരുടെ നേർക്കു് ഇതു് പ്രയോഗിക്കുവാനു ള്ള അവസരത്തിനു വേണ്ടി നമുക്കു കാത്തിരിക്കാം. നിർഭാ ഗ്യവശാൽ ബഹുമാന്യനായപ്രോസിക്യൂട്ടർ വിട്ടുകളഞ്ഞ ചില സാഹചര്യങ്ങളെക്കുറിച്ചു് അദ്ദേഹത്തിൻെറ ഓർമ പുതു ക്കുന്നതിനുവേണ്ടി പിന്നീടു് ഞാനീ കോഡിനെക്കുറിച്ചു് പരാമർശിക്കാം.

ഞാൻ മുന്നറിയിപ്പു് തരികയാണു്: ഞാൻ തുടങ്ങിയതേ

യുള്ള ! നിങ്ങളുടെ നാടിനോടു്, മനുഷ്യ സമൂഹത്തിനോടു് നീതിയോടു്, അല്പമെങ്കിലും സ്നേഹം നിങ്ങളുടെ ഹൃദയങ്ങളിലുണ്ടെങ്കിൽ ഞാൻ പറയുന്നതു് ശ്രദ്ധിച്ചു കേൾക്കണം. വരുന്ന വളരെ വർഷങ്ങളിലേക്കു് എന്നെ നിശ്ശബ്ദനാക്കുമെന്നെനിക്കറിയാം; സത്യത്തെ മറച്ചുവെയ്ക്കുവാൻ സാധ്യമായ എല്ലാ മാർഗങ്ങളുപയോഗിച്ചു് ഈ ഭരണം ശ്രമിക്കുമെന്നെനിക്കറിയാം; എന്നെ ശൂന്യതയിലേയ്ക്കു് കെട്ടിത്താഴ്ത്തുവാനായി ഒരു ഗൂഢാലോചന നടക്കുമെന്നും എനിക്കറിയാം. പക്ഷെ എന്റെ ശബ്ദം ദുർബലമാവുകയില്ല. അങ്ങേ അററത്തെ ഏകാന്തത അനുഭവപ്പെടുമ്പോൾ പോലും എന്റെ നെഞ്ചിൽ ശക്തി ഊറിക്കൂടുകയാണു്; വികാരശൂന്യരായ ഭീരുക്കൾ എന്നെ എത്രകണ്ടു് ഒററപ്പെടുത്തിയാലും നിരുത്സാഹപ്പെടുത്താൻ ശ്രമിച്ചാലും എന്റെ ഹൃദയത്തിൽ പതഞ്ഞു പൊന്തുന്ന ആവേശം ഒന്നിനുമാത്രം എന്റെ ശബ്ദത്തെ നിലനിർത്തുവാൻ കഴിയും.

## III

സ്വേച്ഛാധിപതി ജൂലൈ 27-ാം തീയതി തിങ്കളാഴ്ച നടത്തിയ റേഡിയോ പ്രക്ഷേപണം മലകളിലെ ഒരു കുടിലിലിരുന്നുകൊണ്ടു ഞാൻ കേട്ടു. ഞങ്ങളുടെ പതിനെട്ടാളുകൾ അപ്പോളും ഗവണ്മെൻറിനെതിരായി സായുധ സമരം നടത്തുകയായിരുന്നു. ഇത്തരം നിമിഷങ്ങൾ ഒരിക്കലും അനുഭവിക്കേണ്ടി വന്നിട്ടില്ലാത്ത ആളുകൾക്കു് ജീവിതത്തിലൊരിക്കലും ഞങ്ങൾക്കു് തോന്നിയ പകയും ധാർമികരോഷവുമെന്തെന്നു് അറിയാനിടയാവില്ല. നമ്മുടെ ജനതയെ മോചിപ്പിക്കുക എന്ന ചിരകാല സ്വപ്നം ഞങ്ങൾക്കു ചുററും തകർന്നു കിടക്കുമ്പോൾ മുമ്പത്തെക്കാളധികം നീചനും ധിക്കാരിയുമായ ആ മർദക ഭരണാധികാരി തകർക്കപ്പെട്ട ആ സ്വപ്നത്തെ പുച്ഛത്തോടെ അപഹസിക്കുന്നതാണു് ഞങ്ങൾ കേട്ടതു്. നികൃഷ്ടവും നാറിയതും അറപ്പിയ്ക്കുന്നതുമായ ഭാഷയിൽ അയാൾ കോരിച്ചൊരിഞ്ഞ കള്ളങ്ങളുടെയും അപവാദങ്ങളുടെയും നിലയ്ക്കാത്ത ധാരയെ കഴിഞ്ഞ രാത്രിതൊട്ടു് ഒഴുകിക്കൊണ്ടിരിക്കുന്ന—അയാളുടെ അറിവോടും സമ്മതത്തോടും കൂട്ടോടും ആശീർവാദത്തോടും കൂടി, സങ്കല്പിക്കാവുന്നതിൽ വെച്ചു് ഏററവുമധി

കം മനുഷ്യത്വശൂന്യരായ ഒരു കൂട്ടം കൊലയാളികൾ ഒഴുക്കിക്കൊണ്ടിരിക്കുന്ന—പരിശുദ്ധമായ യുവ രക്തത്തിൻെറ നിലയ്ക്കാത്ത ധാരയോടു മാത്രമേ ഉപമിക്കാനാവുകയുള്ളു. അയാളെ ഒരൊററ മിനിട്ടുനേരത്തേക്കെങ്കിലും വിശ്വസിക്കുക എന്നതു് മന:സാക്ഷിയുള്ള ഏതൊരു മനുഷ്യനും തൻെറ ബാക്കി ജീവിതകാലമത്രയും പശ്ചാത്തപിക്കാനുള്ള വകയാവും. തൻെറ ബാക്കി ജീവിതകാലത്തേക്കും വരാനിരിക്കുന്ന എല്ലാ കാലങ്ങളിലേക്കും അയാളെ ശപിച്ചുതള്ളുന്ന സത്യത്തിൻെറ അടയാളമെങ്കിലും അയാളുടെ വൃത്തികെട്ട നെററിയിൽ സ്ഥാപിക്കാൻ പററുമെന്നു് ആഗ്രഹിക്കാൻ പോലും ആ സമയത്തു് എനിക്കു് കഴിഞ്ഞില്ല. അതിനകം തന്നെ, ഞങ്ങളുടെ ശവങ്ങളെങ്കിലും കൊണ്ടു ചെല്ലണമെന്ന ഉത്തരവോടുകൂടി ഞങ്ങളുടേതിനേക്കാൾ ശക്തിയുള്ള ആയുധങ്ങളണിഞ്ഞ ആയിരത്തിൽപ്പരം ആളുകളുടെ ഒരു വലയം ഞങ്ങളോടടുക്കുകയായിരുന്നു. ഇപ്പോൾ ജനങ്ങൾ സത്യം മനസ്സിലാക്കിത്തുടങ്ങിയിരിക്കുന്നതുകൊണ്ടും ഇപ്പോൾ നിങ്ങളുടെ മുൻപിൽ നിന്നുകൊണ്ടു് സംസാരിക്കുന്നതിലൂടെ ഞാൻ എന്നിൽ സ്വയമർപ്പിച്ച കടമ പൂർത്തീകരിക്കുകയാണെന്നുള്ളതുകൊണ്ടും സമാധാനത്തോടും സംതൃപ്തിയോടും കൂടി ഞാൻ മരിച്ചുകൊള്ളട്ടെ. അതുകൊണ്ടു് കാട്ടാളന്മാരായ ഈ കൊലപാതകികളെക്കുറിച്ചു് പറയുമ്പോൾ ഞാൻ വാക്കുകൾ കുറക്കുകയില്ല.

വസ്തുതകൾ സാവകാശമായി നമുക്കു് പരിഗണിക്കാം. ആക്രമണത്തിൻെറ സൂക്ഷ്മതയും അന്യൂനതയും കാരണം അതിൻെറ പദ്ധതി തയ്യാറാക്കിയതു് സൈനിക തന്ത്രജ്ഞന്മാരാണെന്നു് ഗവണ്മെൻറ് പറയുന്നു. ഇതിൽ ഒരു സത്യവുമില്ല. പദ്ധതി തയ്യാറാക്കിയതു് കുറെ ചെറുപ്പക്കാരായിരുന്നു. അവരിലാരും തന്നെ നേരത്തെ സൈനിക പരിശീലനം ലഭിച്ചവരായിരുന്നില്ല. അവരുടെ പേരുകൾ, ഇപ്പോഴും പിടികൊടുക്കാതെ ജീവിച്ചിരിക്കുന്ന രണ്ടു പേരുടേതൊഴിച്ചു്, ഞാൻ പറയാൻ പോവുകയാണു്:

ഏബൽ സാന്തമറിയ, ജോസി ലൂയിസ് താസൻദെ, റെനാത്തോ ഗിത്താർത് റോസൽ, പെത്രോ മിറത്, ജീസസ് മൊന്താനി, പിന്നെ ഞാനും. പകുതിപ്പേർ മരണമടഞ്ഞു. അവരുടെ സ്മരണകൾക്കു മുൻപിൽ ആദരാഞ്ജലികളർപ്പി

ച്ചുകൊണ്ടെനിക്കു പറയുവാൻ കഴിയും: അവർ സൈനിക വിദഗ്ധന്മാരായിരുന്നില്ലെങ്കിലും, ഇത്ര വലിയ അസൗകര്യങ്ങളില്ലായിരുന്നുവെങ്കിൽ, മാർച്ച് പത്തിന്റെ ജനറലുമാരുടെ, പടയാളികളോ സ്വദേശാഭിമാനികളോ അല്ലാത്ത ആ ജനറലുമാരുടെ കൂട്ടത്തിനപ്പാടെ നല്ല പ്രഹരമേല്പിക്കാൻ വേണ്ടത്ര സ്വദേശാഭിമാനം അവർക്കുണ്ടായിരുന്നു.

ചാരവൃത്തിക്കും കൈക്കൂലിക്കും വിവരങ്ങൾ ചോർത്തിയെടുക്കലിനുമായി ദശലക്ഷക്കണക്കിനു ഡോളർ ചെലവിടുന്ന ഈ മർദക ഭരണത്തിന്റെ കീഴിൽ സംഘടിക്കുകയും പരിശീലനം നടത്തുകയും ആളുകളെ അണിനിരത്തുകയും ആയുധമണിയിക്കുകയും ചെയ്യുക എന്നതായിരുന്നു ആക്രമണത്തിന്റെ പദ്ധതി തയ്യാറാക്കുന്നതിനേക്കാൾ വളരെക്കൂടുതലായി ഞങ്ങളെ ബുദ്ധിമുട്ടിച്ചതു്. എന്നിട്ടും, ഇപ്പറഞ്ഞ ചെറുപ്പക്കാരും അവരെപ്പോലെയുള്ള മററനവധി ആളുകളും അവിശ്വസനീയമായ ആത്മാർത്ഥതയോടും വിവേകത്തോടും സ്ഥൈര്യത്തോടും കൂടി, തങ്ങളേറെറടുത്ത കൃത്യം നിർവഹിച്ചു. അതിനെക്കാളധികം സ്തുത്യർഹമായതു്, ഒരാദർശത്തിനുവേണ്ടി തങ്ങളുടെ സർവസ്വവും അവസാനം തങ്ങളുടെ സ്വന്തം ജീവൻ പോലും അവർ സമർപ്പിച്ചു എന്നുള്ളതാണു്.

ദ്വീപിലങ്ങോളമിങ്ങോളമുള്ള ഏററവും അകലെ സ്ഥിതി ചെയ്യുന്ന പട്ടണങ്ങളിൽ നിന്നു ഈ പ്രവിശ്യയിലേക്കു വന്ന ആളുകളെ അവസാനമായി ഒന്നിച്ചണിനിരത്തിയതു് അഭിനന്ദനീയമായ സൂക്ഷ്മതയോടുകൂടിയും അങ്ങേയററം രഹസ്യമായിട്ടുമായിരുന്നു. വിസ്മയകരമായ യോജിപ്പോടുകൂടിയാണു് ആക്രമണം നടത്തിയതു് എന്നുള്ളതും അത്രയും തന്നെ സത്യമാണു്. വെളുപ്പിനു് 5-15നു് ബയാമോയിലും സാന്തിയാഗോഡ്ക്യൂബയിലും ഒരുപോലെ ഒരു സമയത്തു തന്നെ അതാരംഭിച്ചു. നേരത്തെ തയ്യാറാക്കിയിരുന്ന സമയത്തിന്റെ മിനിട്ടുകളും സെക്കൻറുകളും തെററാതെ, ബാരക്കുകൾക്കു ചുററുമുള്ള കെട്ടിടങ്ങൾ ഒന്നിനുപുറകെ ഒന്നായി ഞങ്ങളുടെ സേനകൾ കൈവശപ്പെടുത്തി. എന്നിരുന്നാലും, ഞങ്ങളുടെ പ്രശസ്തിക്കു് ഒട്ടു മങ്ങലുണ്ടാക്കുന്നതാണെങ്കിലും സത്യത്തോടുള്ള താൽപര്യം കൊണ്ടു്, വിധി നിർണായകമായിരുന്ന ഒരു വസ്തുത കൂടി ഞാൻ വെളിപ്പെടുത്തുവാൻ പോവുകയാണു്.

ഏററവും നിർഭാഗ്യകരമായ ഒരു തെററ് പിണഞ്ഞതുകൊണ്ട്, ഞങ്ങളുടെ സേനകളിലെ താരതമ്യേന കൂടുതൽ ആയുധസജ്ജീകരണമുണ്ടായിരുന്ന ഒരു പകുതിക്ക് നഗരത്തിന്റെ പ്രവേശന കവാടത്തിൽ വെച്ച് വഴിതെററുകയും നിർണായകമായ നിമിഷത്തിൽ ഞങ്ങളുടെ സഹായത്തിനെത്തുവാൻ കഴിയാതെ വരികയും ചെയ്തു.

ഏബൽ സാന്താമറിയയും മററിരുപതു പേരും ചേർന്ന് നഗരത്തിലെ ആശുപത്രി കൈവശപ്പെടുത്തിക്കഴിഞ്ഞിരുന്നു. മുറിവേററവരെ ശുശ്രൂഷിക്കാനായി ഒരു ഡോക്ടറും ഞങ്ങളുടെ രണ്ടു സ്ത്രീസഖാക്കളും അദ്ദേഹത്തോടൊപ്പം പോയി. റാവുൽ കാസ്ട്രോ പത്താളുകളുമായി 'നീതിയുടെ കൊട്ടാരം' കൈവശപ്പെടുത്തി. ശേഷിച്ച തൊണ്ണൂററിയഞ്ച് ആളുകളെയുംകൊണ്ട് ബാരക്കുകൾ ആക്രമിക്കുക എന്നതു് എന്റെ ചുമതല ആയിരുന്നു. മൂന്നാംഗേററ് അതിക്രമിച്ചുകടന്ന എട്ടുപേരുള്ള മുന്നണി വിഭാഗത്തിന്റെ പിന്നാലേ നാല്പത്തിയഞ്ചുപേരുള്ള ഒന്നാം ഗ്രൂപ്പായി ഞാനെത്തി. കൃത്യമായി പറഞ്ഞാൽ ഇവിടെവെച്ച് യന്ത്രത്തോക്കോടുകൂടിയ ഒരു പട്രോൾ സംഘത്തിന്റെ അതിർത്തിയിലേക്ക് ഒരു മോട്ടോർ വാഹനം ചെന്നുപെട്ടപ്പോഴാണ് യുദ്ധം ആരംഭിച്ചതു്.

റിസർവ്ഗ്രൂപ്പ്, നഗരം അവർക്കു് പരിചിതമല്ലാതിരുന്നതുകൊണ്ട്, വഴിതെററി മറെറാരു തെരുവിലൂടെ നീങ്ങി; വൻകിട ആയുധങ്ങൾ ഒട്ടുമുക്കാലും അവരുടെ പക്കലായിരുന്നു. (ചെറിയ ആയുധങ്ങൾ മുന്നണിസംഘത്തിന്റെ പക്കലും) അവരുടെ ധീരതയെ ഒരു നിമിഷത്തേക്കു പോലും ഞാൻ സംശയിക്കുന്നില്ല എന്നു വ്യക്തമാക്കിക്കൊള്ളട്ടെ. വഴി തെററി എന്ന് മനസ്സിലാക്കിയപ്പോൾ അവർക്കു വലിയ ഉൽക്കണ്ഠയും നിരാശയുമുണ്ടായി. ചെയ്യേണ്ടിയിരുന്ന പ്രവൃത്തിയുടെ പ്രത്യേകതകൊണ്ടും രണ്ടു പക്ഷത്തെയും സൈനികരുടെ കുപ്പായങ്ങളുടെ നിറം ഒന്നായിരുന്നതുകൊണ്ടും ഞങ്ങളുമായി ബന്ധം പുന:സ്ഥാപിക്കാൻ ഈ ആളുകൾക്കു എളുപ്പമായിരുന്നില്ല. പിന്നീട് പിടിക്കപ്പെട്ടപ്പോൾ അവരിൽ നിരവധിപേരും യഥാർത്ഥമായ ധീരതയോടെയായിരുന്നു മരണത്തെ നേരിട്ടതു്.

സമരത്തിൽ എല്ലാററിലുമുപരിയായി മനുഷ്യത്വമുണ്ടായി

രിക്കണമെന്ന് ഞങ്ങൾക്കെല്ലാം കർശനമായ നിർദേശമുണ്ടായിരുന്നു. എതിരാളികളോട് ഞങ്ങളെക്കാളധികം സൗമനസ്യത്തോടു കൂടി പെരുമാറിയ ഒരു സായുധസംഘം ഒരിക്കലുമുണ്ടായിട്ടില്ല. തുടക്കത്തിൽ തന്നെ ഇരുപതോളം പേരെ ഞങ്ങൾ തടവുകാരായി പിടിച്ചു. ഞങ്ങളുടെ മൂന്നാളുകൾ—നമീറൊ വാൾദിസും, ജോസി സുവാറസും, ജീസസ് മൊന്താനിയും—ഒരു ബാരക്കിൽ കടന്നുകൂടുകയും ഏതാണ്ടു അൻപതോളം പട്ടാളക്കാരെ കുറച്ചുനേരം തടവുകാരാക്കി വെക്കുകയും ചെയ്ത സന്ദർഭവുമുണ്ടായിരുന്നു. ആ പട്ടാളക്കാർ കോടതി മുൻപാകെ മൊഴി നൽകിയിട്ടുണ്ട്. ഞങ്ങൾ അങ്ങേഅററം മാന്യമായാണ് അവരോടു പെരുമാറിയതെന്നും അസുഖകരമായ ഒരു വാക്കുകൊണ്ടുപോലും അവരെ പീഡിപ്പിച്ചിട്ടില്ലെന്നും അവരെല്ലാം ഒരൊററയാളുപോലുമൊഴിയാതെ തുറന്നു സമ്മതിച്ചിട്ടുണ്ട്. അതോടൊപ്പം എൻെറ സഖാക്കളുടെ വിചാരണയിൽ നടന്ന ഒരു കാര്യവുമുണ്ട്. അതിൻെറ പേരിൽ പ്രോസിക്യൂട്ടർക്ക് ഹൃദയാംഗമമായ നന്ദി രേഖപ്പെടുത്തുവാൻ ഞാനാഗ്രഹിക്കുന്നു. സമരത്തിൽ ആദ്യവസാനം ഞങ്ങൾ സ്നേഹോജ്വലമായ ധീരോദാത്തതയുടെ ഉന്നതമാനദണ്ഡം പുലർത്തിയിരുന്നു എന്നുള്ളത് നിസ്തർക്കമായ ഒരു വസ്തുതയാണെന്നു തുറന്നു സമ്മതിക്കുവാൻ തക്കവണ്ണമുള്ള നീതിബോധം തൻെറ റിപ്പോർട്ടുകൾ തയ്യാറാക്കുമ്പോൾ അദ്ദേഹത്തിനുണ്ടായിരുന്നു.

പട്ടാളക്കാർക്കിടയിൽ അച്ചടക്കം തീരെ കുറവായിരുന്നു. അവർ ഞങ്ങളെക്കാൾ വളരെ കൂടുതലായി ഉണ്ടായിരുന്ന സംഖ്യാബലവും—ഞങ്ങൾ ഒരാൾക്ക് അവർക്കു പതിനഞ്ചുപേർ എന്ന കണക്കിനു—കോട്ടയുടെ പ്രതിരോധ സജ്ജീകരണങ്ങളിൽ നിന്നു കിട്ടിയ സംരക്ഷണവും കൊണ്ടാണ് അവർ ഞങ്ങളെ തോല്പിച്ചത്. ഞങ്ങളുടെ ആളുകൾക്ക് അവരെക്കാൾ നല്ല ഉന്നമുണ്ടായിരുന്നു. അതു ഞങ്ങളുടെ ശത്രുക്കൾ തന്നെ സമ്മതിച്ചിട്ടുണ്ടല്ലോ. ധൈര്യം രണ്ടു പക്ഷത്തും ഉയർന്ന തോതിലായിരുന്നു.

തന്ത്രപരമായ ഞങ്ങളുടെ പരാജയത്തിൻെറ കാരണങ്ങളെക്കുറിച്ച് പിന്തിരിഞ്ഞാലോചിക്കുമ്പോൾ, നേരത്തെ പറഞ്ഞ ഖേദകരമായ തെററു കൂടാതെ, വളരെ ശ്രദ്ധയോടെ

ഞങ്ങരം പരിശീലിപ്പിച്ചെടുത്ത വിപ്ലവ സൈന്യത്തെ വിഭജിച്ചതും ഒരു തെററായിപ്പോയി എന്ന് ഞാൻ വിശ്വസിക്കുകയാണ്.

ഞങ്ങളിൽ ഏററവും നല്ല പരിശീലനം നേടിയവരുടെയും ഏററവും ധീരന്മാരായ നായകന്മാരുടെയും കൂട്ടത്തിലെ ഇരുപത്തിയേഴുപേർ ബയാമോയിലും ഇരുപത്തിയൊന്നുപേർ നഗരാശുപത്രിയിലും പത്തുപേർ 'നീതിയുടെ കൊട്ടാര'ത്തിലുമായിരുന്നു ആളുകളുടെ എണ്ണവും സ്ഥലങ്ങളും മറെറാരു പാതത്തിലായിരുന്നെങ്കിൽ യുദ്ധത്തിൻെറ ഫലം വ്യത്യസ്തമായേക്കുമായിരുന്നു. പട്രോാം സംഘവുമായുള്ള ഏററുമുട്ടൽ (അതു തികച്ചും യാദൃച്ഛികമായിരുന്നു; കാരണം ഇരുപതു സെക്കൻഡ് കഴിഞ്ഞോ ഇരുപതു സെക്കൻഡിനു മുൻപോ ആയിരുന്നെങ്കിൽ അവർ അവിടെ ഉണ്ടാകുമായിരുന്നില്ല ) ക്യാമ്പിലുള്ളവരെ ജാഗരൂകരാക്കുകയും ഒരുക്കുട്ടുവാനുള്ള സമയം അവർക്കു നൽകുകയും ചെയ്തു ! അല്ലായിരുന്നെങ്കിൽ ഒരു വെടി പോലും പൊട്ടിക്കാതെ ക്യാമ്പു ഞങ്ങരംക്കു കീഴടങ്ങുമായിരുന്നു. കാരണം കാവൽ പോസ്ററ് അതിനുമുൻപു തന്നെ ഞങ്ങളുടെ നിയന്ത്രണത്തിലായിക്കഴിഞ്ഞിരുന്നു. അതുപോലെ തന്നെ, ധാരാളം തിരകളുണ്ടായിരുന്ന 22 കാലിബർ തോക്കുകളൊഴിച്ചാൽ ഞങ്ങളുടെ പക്ഷത്തു വെടിക്കോപ്പുകരം കുറവായിരുന്നു. ഞങ്ങളുടെ പക്കൽ കൈബോംബുകളുണ്ടായിരുന്നെങ്കിൽ, സൈന്യത്തിനു പതിനഞ്ചു മിനിട്ടുനേരത്തേക്കുപോലും ഞങ്ങളെ എതിർത്തു നിൽക്കുവാൻ കഴിയുമായിരുന്നില്ല.

ബാരക്കുകരം പിടിച്ചടക്കുവാനുള്ള ശ്രമം തികച്ചും വിഫലമായി എന്നു ബോദ്ധ്യമായിക്കഴിഞ്ഞപ്പോരം, ഞാൻ ഞങ്ങളുടെ ആളുകളെ എട്ടും പത്തുമായ ഗ്രൂപ്പുകളായി പിൻവലിക്കാൻ തുടങ്ങി. പെദ്രോമിറന്തിൻെറയും ഫിദെൽ ലാബ്രദോറിൻെറയും നേതൃത്വത്തിൽ വിദഗ്ധരായ ആറു തോക്കുകാരുടെ മറവിലാണ് ഞങ്ങരം പിൻമാറിയത്. സൈന്യത്തിൻെറ മുന്നേററത്തെ അവർ ധീരമായി തടഞ്ഞു നിർത്തി. യുദ്ധത്തിൽ ഞങ്ങളുടെ നഷ്ടം നിസ്സാരമായിരുന്നു. ഞങ്ങളുടെ കൂട്ടത്തിൽ മരണപ്പെട്ടവരിൽ തൊണ്ണൂററിയഞ്ചു ശതമാനവും സമരം കഴിഞ്ഞതിനു ശേഷം സൈന്യം കാട്ടിയ മനുഷ്യത്വ

മില്ലാത്ത കൊലയുടെ ഫലമാണ്. നഗരാശുപത്രിയിലെ ഗ്രൂപ്പിൽ ഒരാരം മാത്രമേ മരിച്ചുള്ളു, ബാക്കിയുള്ളവർ പുറത്തേക്കാകെക്കൂടിയുള്ള ഒരേ ഒരു വഴി സൈന്യം തടഞ്ഞപ്പോരം, കുടുക്കിലായി. പക്ഷെ അവസാനത്തെ തിര തീരുന്നതുവരെയും ഞങ്ങളുടെ കുട്ടികരം ആയുധം താഴെ വെച്ചില്ല. ഏബൽ സാന്താമറിയ അവരോടൊപ്പമായിരുന്നു. ഞങ്ങളുടെ ചെറുപ്പക്കാരിൽ ഏററവും ഉദാരനും സ്നേഹസമ്പന്നനും നിർഭയനുമായിരുന്ന അദ്ദേഹത്തിൻെറ മഹിതോജ്ജ്വലമായ ചെറുത്തുനില്പ് അദ്ദേഹത്തെ ക്യൂബയുടെ ചരിത്രത്തിൽ അനശ്വരനാക്കുന്നു. അവർക്കു നേരിട്ട ഹതവിധി എന്തായിരുന്നുവെന്നും ക്യൂബൻയുവാക്കളുടെ ധീരോദാത്തതയെ ശിക്ഷിക്കുവാൻ ബാത്തിസ്താ തുനിഞ്ഞതു് എങ്ങനെയായിരുന്നുവെന്നും പിന്നീട് പരിശോധിക്കാം.

സേനാവിഭാഗത്തിൻെറ മേലുള്ള ആക്രമണം പരാജയപ്പെടുകയാണെങ്കിൽ മലമ്പ്രദേശങ്ങളിൽ സമരം തുടരുക എന്നുള്ളതായിരുന്നു ഞങ്ങളുടെ പരിപാടി. ഞങ്ങളുടെ സൈനികരിൽ മൂന്നിലൊന്നു പേരെ സിബോണിയിൽ വിളിച്ചു കൂട്ടുവാൻ എനിക്കു കഴിഞ്ഞു. പക്ഷെ അപ്പോഴേക്കും അവരിൽ പലരുടെയും ഉത്സാഹം നശിച്ചുകഴിഞ്ഞിരുന്നു. ഇരുപതോളം പേർ കീഴടങ്ങുവാൻ തീരുമാനിച്ചു. അവർക്കു് എന്താണ് സംഭവിച്ചതെന്ന് പിന്നീടു് നമുക്കു് കാണാം. ബാക്കി പതിനെട്ടു പേർ, ശേഷിച്ച ആയുധങ്ങളും വെടിക്കോപ്പുകളുമായി എന്നോടൊപ്പം മലകളിലേക്കു വന്നു. അവിടത്തെ ഭൂപ്രകൃതി ഞങ്ങരംക്ക് തികച്ചും അപരിചിതമായിരുന്നു. ഒരാഴ്ചത്തേക്ക് ഗ്രാൻപിയദ്രിയുടെ ചെരിവുകരം ഞങ്ങളുടെ അധീനതയിലായിരുന്നു. താഴ്വാരത്തിൽ സൈന്യം നിലയുറപ്പിച്ചിരുന്നു. ഞങ്ങരംക്കു് താഴോട്ടു് വരാൻ കഴിയുമായിരുന്നില്ല. മുകളിലേക്കു് വരാൻ അവർ തീരുമാനിച്ചതുമില്ല. ആയുധശക്തിയല്ല, പ്രത്യുത വിശപ്പും ദാഹവുമാണു് അവസാനം ഞങ്ങളുടെ ചെറുത്തു നില്പിനെ കീഴടക്കിയതു്. ആളുകളെ ചെറിയ ഗ്രൂപ്പുകളായി എനിക്കു വിഭജിക്കേണ്ടി വന്നു. ചിലർ സൈന്യനിരകളിലൂടെ ചോർന്നു കടന്നു രക്ഷപ്പെട്ടു.

മററുള്ളവരെ കീഴടങ്ങുവാനായി മോൺസിഞ്ഞോർ പിറസ് സെറാന്തിസ് കൂട്ടിക്കൊണ്ടുപോയി. അവസാനം എൻെറ

ക്കൂടെ രണ്ടു കൂട്ടുകാർ മാത്രം ശേഷിച്ചു; ജോസിസുവാറയും ഒസ്കാർ അറക്കാദെയും. വെളുപ്പാൻ കാലത്തു് ഞങ്ങൾ മൂന്നുപേരും ആകെത്തളർന്നുകിടന്നുറങ്ങുമ്പോഴാണു് ലഫ്റ്റനന്റ് സറൈയ്യായുടെ നേതൃത്വത്തിൽ ഒരു സേനാവിഭാഗം ഓർക്കാപ്പുറത്തു് ഞങ്ങളുടെ മേൽ ചാടിവീണതു്. ഇതു് ആഗസ്റ്റ് 1-ാം തീയതി ശനിയാഴ്ചയായിരുന്നു. അപ്പോഴേക്കും, ജനങ്ങളുടെ വൻപിച്ച പ്രതിഷേധത്തിന്റെ ഫലമായി, തടവുകാരെ കൂട്ടക്കൊല ചെയ്യുന്ന ഏർപ്പാടു് നിർത്തിക്കഴിഞ്ഞിരുന്നു. മാന്യനായ ഈ ഓഫീസർ കൈകൾ പിന്നിൽ കെട്ടി നിർത്തി അവിടെ വെച്ചു തന്നെ വധിക്കുന്നതിൽ നിന്നും ഞങ്ങളെ രക്ഷപ്പെടുത്തി.

ഞങ്ങളുടെ ഭീരുത്വവും കഴിവുകേടും മൂടിവെക്കുവാനുള്ള ബദ്ധപ്പാടിൽ എന്റെ പേരു് കളങ്കപ്പെടുത്തുവാൻ ശ്രമിച്ച ഉഗാൾദെകറില്ലോയും കൂട്ടരും നടത്തിയ പ്രസ്താവനകളെ ഞാനിവിടെ നിഷേധിക്കേണ്ട ആവശ്യമില്ല. അത്രയ്ക്കു വ്യക്തമാണു് വസ്തുതകൾ.

പുരാണം പറഞ്ഞു കോടതിയെ ഇരുത്തിത്താമസിപ്പിക്കുക എന്നുള്ളതല്ല എന്റെ ഉദ്ദേശം. എന്റെ വാദത്തിന്റെ ബാക്കിഭാഗം കൂടുതൽ നന്നായി മനസ്സിലാക്കുന്നതിനു് അവശ്യം ആവശ്യമായ കാര്യങ്ങളാണു് ഞാൻ പറഞ്ഞതെല്ലാം.

ഞങ്ങളുടെ മനോഭാവത്തെക്കുറിച്ചു് വസ്തു നിഷ്ഠമായി വിധി കല്പിക്കുവാൻ സഹായകമായ രണ്ടു വസ്തുതകൾ ഞാൻ പറയട്ടെ. ഒന്നു്: സൈനിക വിഭാഗത്തെ പിടിച്ചടക്കുന്ന പരിപാടി സുഗമമാക്കുന്നതിനു വേണ്ടി ഉയർന്ന ഉദ്യോഗസ്ഥന്മാരെ നേരെ അവരുടെ വീട്ടിൽ ചെന്നു് ഞങ്ങൾക്കു് പിടികൂടാമായിരുന്നു. അവരുടെ കുടുംബങ്ങളുടെ സാന്നിദ്ധ്യത്തിൽ ദുഃഖത്തിന്റെയും സമരത്തിന്റെയും രംഗങ്ങൾ സൃഷ്ടിക്കുന്നതൊഴിവാക്കണമെന്ന മനുഷ്യത്വപരമായ ഞങ്ങളുടെ ആഗ്രഹം കൊണ്ടു് മാത്രമാണു് ഈ സാധ്യത ഞങ്ങൾ തള്ളിക്കളഞ്ഞതു്.

രണ്ടു്: സൈനിക ക്യാമ്പു് ഞങ്ങളുടെ അധീനതയിൽ വരുന്നതുവരെ റേഡിയോ സ്റ്റേഷനുകളൊന്നും കൈവശപ്പെടുത്തേണ്ടതില്ലെന്നു ഞങ്ങൾ തീരുമാനിച്ചു. അസാധാരണമാം വണ്ണം ധീരോജ്ജ്വലവും സൗമനസ്യപൂർവകവുമായ ഈ മനോ

ഭാവം കൂട്ടതൽ രക്തച്ചൊരിച്ചിലിൽ നിന്നു് ജനങ്ങളെ ഒഴിവാക്കാനായിരുന്നു. പ്രക്ഷോഭണത്തിനു ആഹ്വാനം നൽകാനായി ഒരു റേഡിയോ സ്റ്റേഷൻ വെറും പത്താളുകളെയും കൊണ്ടു് പിടിച്ചെടുക്കവാൻ എനിക്ക സാധിക്കുമായിരുന്നു. സമരം ചെയ്യുവാനുള്ള ജനങ്ങളുടെ ദൃഢനിശ്ചയം ചോദ്യം ചെയ്യപ്പെടാനാവില്ല.

സി. എം. ക്യൂ. റേഡിയോ ശൃംഖലയിലൂടെ എദ്വാർദോ ചിബാസ് നൽകിയ അവസാനത്തെ സന്ദേശവും ദേശാഭിമാന ഭരിതമായ കവിതകളും ഗാനങ്ങളും റെക്കാർഡു് ചെയ്തെടുത്തതു് എൻെറ പക്കലുണ്ടായിരുന്നു. തീരെ വികാരം കൊള്ളാത്തവരെപ്പോലും ചലിപ്പിക്കവാൻ, പ്രത്യേകിച്ചും യുദ്ധത്തിൻെറ ഭേരീരവം അവരുടെ കാതുകളിൽ മുഴങ്ങുമ്പോഠം, അവക്കു് കഴിയും. പക്ഷെ ഞങ്ങളുടെ സ്ഥിതി നിരാശാജനകമായിരുന്നെങ്കിലും അവ ഉപയോഗിക്കവാൻ ഞാനാഗ്രഹിച്ചില്ല.

ഞങ്ങളുടെ പ്രസ്ഥാനത്തിനു് ജനപിന്തുണയില്ലെന്നു് ഭരണം ആവർത്തിച്ചു പറഞ്ഞുകൊണ്ടിരുന്നു. ബാലിശവും ദുരുദ്ദേശപൂർണവുമായ അവകാശവാദം! ജനങ്ങഠം അടിമകളും ഭീരുക്കളുമാണെന്നു് സമർഥിക്കാനാണു് ഭരണം ശ്രമിക്കുന്നതു്. ജനങ്ങഠം സ്വേച്ഛാധിപത്യത്തെ പിൻതാങ്ങുന്നു എന്നുവരെ അവർ അവകാശപ്പെടുന്നു. ഇതെല്ലാം ധീരരായ 'ഒറിയൻറയി'ലുകളുടെ അഭിമാനത്തെ എങ്ങനെ മുറിപ്പെടുത്തുന്നെന്നു് അവർ അറിയുന്നില്ല. ഞങ്ങളുടെ ആക്രമണം പട്ടാളക്കാരിലെ രണ്ടു വിഭാഗങ്ങഠം തമ്മിലുള്ള പ്രാദേശികമായ ഒരു ഉരസൽ മാത്രമാണെന്നാണു് സാന്തിയാഗോ നിവാസികഠം ആദ്യം ധരിച്ചതു്. നിരവധി മണിക്കൂറുകഠംക്ക ശേഷമാണു് സംഭവിച്ചതെന്തെന്നു് അവർക്കു് ബോധ്യമായതു്. സാന്തിയാഗോദ്ക്യൂബയിലെ പ്രക്ഷോഭകാരികളും സ്വദേശാഭിമാനികളുമായ ജനങ്ങളുടെ സമര വീര്യത്തെയും, അഭിമാന ബോധത്തെയും അളവററ ധൈര്യത്തെയും സംശയിക്കവാൻ ആർക്ക കഴിയും? മൊൻകാദാ ഞങ്ങഠം കൈവശപ്പെടുത്തിയിരുന്നെങ്കിൽ, സാന്തിയാഗോദ് ക്യൂബയിലെ വനിതകഠം പോലും ആയുധമെടുക്കുമായിരുന്നു. നഗരാശുപത്രിയിലെ നഴ്സുമാർ ഞങ്ങളുടെ പോരാളികഠംക്കു് തിര നിറച്ചുകൊടുത്ത തോക്കുകഠം എത്രയായിരുന്നെന്നോ! ഞങ്ങളോടൊപ്പം നിന്നു് അവർ പൊരുതി.

അതു് ഞങ്ങളൊരിക്കലും വിസ്മരിക്കില്ല.

സൈനിക വിഭാഗത്തിലെ പട്ടാളക്കാരുമായി ഏററുമുട്ടണമെന്നു് ഞങ്ങൾ ഒരിക്കലും ഉദ്ദേശിച്ചിരുന്നില്ല. പ്രത്യുത, ഓർക്കാപ്പുറത്തു് നിയന്ത്രണവും ആയുധങ്ങളും പിടിച്ചെടുക്കുകയും, ജനങ്ങളെ ഉണർത്തുകയും, എന്നിട്ടു പട്ടാളക്കാരെ വിളിച്ചുകൂട്ടുകയും ചെയ്യണമെന്നതായിരുന്നു ഞങ്ങളുടെ ഉദ്ദേശം. കിരാത ഭരണത്തിൻെറ നാറിയ കൊടി ദൂരെയെറിഞ്ഞിട്ടു്, സ്വാതന്ത്ര്യത്തിൻെറ പതാകയെ ആശ്ലേഷിക്കുവാനും ഒരു കുരുട്ടു സംഘത്തിൻെറ അല്പ താല്പര്യങ്ങൾ വിട്ടിട്ടു രാഷ്ട്രത്തിൻെറ പരമമായ താല്പര്യങ്ങൾ സംരക്ഷിക്കുവാനും; തങ്ങളുടെ പിതാക്കന്മാരും പുത്രന്മാരും ഉൾപ്പെടുന്ന ജനങ്ങളിൽ നിന്നു് ജനശത്രുക്കളുടെ നേർക്കു തങ്ങളുടെ തോക്കുകൾ തിരിച്ചു് നിറയൊഴിക്കുവാനും; ജനങ്ങളെ ശത്രുക്കളെപ്പോലെ—അങ്ങനെ ആക്കുവാൻ ഗവണ്മെൻറു ശ്രമിച്ചെങ്കിലും — എതിർക്കുന്നതിനു പകരം, നമ്മുടെ സഹോദരന്മാരായ അവർ, ജനങ്ങളോടുകൂട്ടു ചേരുവാനും; സ്വന്തം ജീവൻ ബലികൊടുക്കാൻ തക്കവണ്ണം വിലപ്പെട്ട, സ്വന്തം രാജ്യത്തിൻെറ മഹത്വവും സുഖസംതൃപ്തിയുമെന്ന സുന്ദരമായ ഒരേ ഒരാദർശത്തിനു പിന്നിൽ മാർച്ചു ചെയ്യുവാനും ഞങ്ങൾ അവരെ ക്ഷണിക്കുമായിരുന്നു. ഞങ്ങളുടെ കൂടെ വരുവാൻ പട്ടാളക്കാരിൽ അധികം പേർ കാണുമായിരുന്നോ എന്നു സംശയിക്കുന്നവരോടു എനിക്കു ചോദിക്കുവാനുള്ളതിതാണു്: സൽക്കീർത്തി കൊതിക്കാത്ത ഏതു കൃഷിക്കാരനുണ്ടു്? സ്വാതന്ത്ര്യത്തിൻെറ പ്രഭാതത്തിൽ ജാജ്വല്യമാനമാകാത്ത ഏതു ഹൃദയമുണ്ടു്?

നാവികസേന ഞങ്ങൾക്കെതിരായി യുദ്ധം ചെയ്തില്ല. പിന്നീടു് അവർ ഞങ്ങളുടെ പക്ഷം ചേരുമായിരുന്നുവെന്നുള്ളതിനു സംശയമില്ല. സ്വേച്ഛാധിപത്യത്തിൻെറ മേധാവിത്വം ഏററവും കുറവുള്ള സൈനികശാഖ അതാണെന്നും അതിലെ അംഗങ്ങൾക്കു വളരെ തീവ്രമായ പൗരബോധമുണ്ടെന്നും അറിയാമല്ലോ. പക്ഷേ, മററുള്ള സൈനിക വിഭാഗങ്ങളെ സംബന്ധിച്ചോ? പ്രക്ഷോഭണം നടത്തുന്ന ഒരു ജനതക്കെതിരായി അവർ യുദ്ധം ചെയ്യുമായിരുന്നോ? ചെയ്യുമായിരുന്നില്ല എന്നു ഞാൻ പ്രഖ്യാപിക്കുകയാണു്! പട്ടാളക്കാരനും മാംസവും രക്തവും കൊണ്ടുണ്ടാക്കിയതാണു്. അയാളും ചിന്തിക്കു

കയും കാണുകയും വികാരം കൊള്ളുകയും ചെയ്യുന്നുണ്ട്. ജനങ്ങളുടെ അഭിപ്രായങ്ങളും വിശ്വാസങ്ങളും അനുഭാവങ്ങളും പ്രതിഭാവങ്ങളും അയാളിൽ സ്വാധീനം ചെലുത്തുന്നു. അയാളുടെ അഭിപ്രായമെന്തെന്നു ചോദിക്കുകയാണെങ്കിൽ അതു പ്രകടിപ്പിക്കുവാൻ നിവൃത്തിയില്ലെന്നായിരിയ്ക്കാം അയാളുടെ മറുപടി. അതുകൊണ്ട് അയാൾക്ക് അഭിപ്രായമില്ല എന്നർഥമാക്കേണ്ട. മററുള്ളവരെ ബാധിക്കുന്ന അതേ പ്രശ്നങ്ങൾ—നിത്യവൃത്തി, വാടക, കുട്ടികളുടെവിദ്യാഭ്യാസം, അവരുടെ ഭാവി തുടങ്ങിയവ—മററുള്ളവരെപ്പോലെത്തന്നെ അയാളെയും ബാധിക്കുന്നുണ്ട്. അയാളുടെ ബന്ധുക്കളോരോരുത്തരും, അയാളെ ജനങ്ങളുമായി അനിവാര്യമായും ബന്ധിപ്പിക്കുന്ന ഓരോ കണ്ണിയാണ്. അയാൾ ജീവിക്കുന്ന സമൂഹത്തിൻെറ ഇന്നത്തെയും ഭാവിയിലെയും സ്ഥിതിയുമായി അവർ അയാളെ ബന്ധിപ്പിക്കുന്നു. ശമ്പളമിനത്തിൽ കിട്ടുന്ന പരിമിതമായ തുകകൊണ്ട് ഒരു കുടുംബത്തിലെയും ഒരു സമൂഹത്തിലെയും അംഗമെന്ന നിലയിലുള്ള തൻെറ ആവശ്യങ്ങളും കടപ്പാടുകളും വികാരങ്ങളും തന്നിലടിച്ചേല്പിക്കുന്ന നീറുന്ന പ്രശ്നങ്ങൾ ഒരു പട്ടാളക്കാരനു പരിഹരിക്കാൻ കഴിയുമെന്നു കരുതുന്നതു് വിഡ്ഢിത്തമാണ്.

ജനഭൂരിപക്ഷത്തിൻെറ വികാരങ്ങളോട് പട്ടാളക്കാർക്ക് അഗാധമായ ബഹുമാനമുണ്ട്. ഇന്നോളം അധികംപേരും ശ്രദ്ധതിരിക്കാത്തതും എന്നാൽ മൗലികപ്രാധാന്യമുള്ളതും ആയ ഒരു സംഗതിയാണിതു് ! അതിനാലാണ് ഈ ലഘു വിശദീകരണം ആവശ്യമായി വന്നതു്. മച്ചാഡോയുടെ ഭരണകാലത്തു് അതിനോടുള്ള ജനവിരോധം വർധിച്ചു വന്ന അതേ തോതിൽ തന്നെ സൈന്യങ്ങൾക്ക് ഭരണത്തോടുള്ള കൂറു പ്രകടമായി കുറഞ്ഞു വന്നു. കൊളംബിയായിലെ പട്ടാള ക്യാമ്പ് അട്ടിമറിക്കുന്നതിൽ ഒരു സംഘം വനിതകൾ മിക്കവാറും വിജയിക്കുകതന്നെ ചെയ്തു എന്നുള്ളതു് ഈ സത്യമാണ് തെളിയിക്കുന്നതു്. അടുത്തകാലത്തെ ഒരു സംഭവവികാസം ഇതു് കുറെക്കൂടി വ്യക്തമായി തെളിയിക്കുന്നു. അങ്ങേയററം ബഹുജന പിൻതുണ നേടുവാൻ കഴിഞ്ഞ ഗ്രൗസാൻ മാർത്തിൻെറ ഭരണത്തിന് പരമാവധി ജനസമ്മതി നിലനിർത്താൻ കഴിഞ്ഞിരുന്ന കാലത്തു് തത്വദീക്ഷയില്ലാത്ത മുൻ പട്ടാള ഓഫീ

ർമാരും പട്ടാളക്കാരല്ലാത്ത അധികാരക്കൊതി മൂത്ത ചില രും ചേർന്ന് എണ്ണമററ ഗൂഢാലോചനകൾ നടത്തിയിട്ടും, അതിനൊന്നിനും പട്ടാള അണികളിൽ നിന്ന് പിൻതുണ കിട്ടിയില്ല.

സിവിൽ ഗവണ്മെൻറിൻെറ സ്വാധീനം ആകെ അററം ഇടിഞ്ഞുപോയ സമയത്താണ് മാർച്ച് പത്തിൻെറ പട്ടാള അട്ടിമറി നടന്നത്. ആ സാഹചര്യത്തെ ബാത്തിസ്ത്തായും സംഘവും മുതലെടുത്തു. എന്തുകൊണ്ട് അവർ ജൂൺ 1 വരെ കാത്തിരുന്നില്ല? തെരഞ്ഞെടുപ്പിൽ ജനങ്ങൾ തങ്ങളുടെ ഭൂരിപക്ഷാഭിപ്രായം പ്രകടിപ്പിച്ചു കഴിഞ്ഞാൽ അട്ടിമറിക്ക് പട്ടാളക്കാരെ കിട്ടില്ലെന്നുള്ളതുകൊണ്ടു മാത്രം!

അതുകൊണ്ടു മറെറാരു കാര്യം കൂടി ഊന്നിപ്പറയാവുന്നതാണ്; ജനഭൂരിപക്ഷത്തിൻെറ പിൻതുണയുള്ള ഒരു ഭരണത്തിനെതിരായി പട്ടാളം ഒരിക്കലും കലാപം നടത്തിയിട്ടില്ല. ഇവയെല്ലാം ചരിത്ര സത്യങ്ങളാണ്. എന്നിട്ടും ക്യൂബയിലെ ഭൂരിപക്ഷം ജനങ്ങളുടെ ഇഛയെ അവഗണിച്ചുകൊണ്ട് അധികാരത്തിൽ തുടരാമെന്നാണ് ബാത്തിസ്ത്താ നിർബന്ധം പിടിക്കുന്നതെങ്കിൽ അയാളുടെ അന്ത്യം ജെറാർദോ മച്ചാദോയുടെതിനെക്കാൾ കഷ്ടതരമായിരിക്കും.

പട്ടാളക്കാരെക്കുറിച്ച് അഭിപ്രായം പറയുവാനുള്ള അവകാശം എനിക്കുണ്ട്. കാരണം മററുള്ളവരെല്ലാം മിണ്ടാതിരുന്നപ്പോൾ അവർക്കു വേണ്ടി വാദിച്ചിട്ടുള്ളത് ഞാനാണ്. ഒരു ഗൂഢാലോചനക്കാരനായിട്ടോ അല്ലെങ്കിൽ എന്തെങ്കിലും വ്യക്തിപരമായ താല്പര്യം കൊണ്ടോ ഒന്നുമല്ല ഞാനങ്ങനെ ചെയ്തത്. കാരണം ഭരണഘടനാപരമായ പോംവഴികൾ തേടുവാനുള്ള പരിപൂർണ്ണമായ അവകാശം അന്ന് നമുക്കുണ്ടായിരുന്നല്ലൊ. മാനുഷിക വികാരങ്ങളും ഒരു പൗരൻെറ കർത്തവ്യബോധവുമാണ് എന്നെ അതിന് പ്രേരിപ്പിച്ചത്. ദേശീയ രാഷ്ട്രീയത്തിലെ സ്ഥാനം കൊണ്ട് അക്കാലത്ത്, ഏററവുമധികം പ്രചാരമുണ്ടായിരുന്ന പത്രങ്ങളിലൊന്നായിരുന്ന 'അലെർത്താ' പട്ടാളത്തിലും പുറത്തുമുള്ള ഉയർന്ന ഉദ്യോഗസ്ഥന്മാരുടെ സ്വകാര്യ ഭൂമികളിൽ പട്ടാളക്കാരെക്കൊണ്ടു നിർബന്ധിതമായി പണിയെടുപ്പിക്കുന്നതിനെതിരായി ആ പത്രത്തിൻെറ താളുകളിലൂടെ ഞാൻ പ്രചരണം നടത്തി. ഈ സ്ഥിതി

ഗതിയെ നിശിതമായി എതിർത്തുകൊണ്ടു 1952 മാർച്ച് 3—ാം തീയതി, ബന്ധപ്പെട്ട കണക്കുകളും ഫോട്ടോഗ്രാഫുകളും ഫിലിമുകളും മററു തെളിവുകളും ഞാൻ കോടതിക്കു നൽകി. സൈനികരുടെ വേതനം വർധിപ്പിക്കേണ്ടതു് പ്രാഥമിക മര്യാദയാണെന്നു് ഞാൻ ലേഖനങ്ങളിൽ ചൂണ്ടിക്കാട്ടുകയും ചെയ്തു. ആ സന്ദർഭത്തിൽ പട്ടാളക്കാരോടു കാട്ടുന്ന നീതികേടുകൾക്കെല്ലാമെതിരായി ശബ്ദമുയർത്തുവാൻ മററാരുണ്ടായിരുന്നു എന്നെനിക്കൊന്നറിഞ്ഞാൽ കൊള്ളാം. ബാത്തിസ്തയും കൂട്ടരും തീർച്ചയായുമില്ലായിരുന്നു. അംഗരക്ഷകരോ ആയുധങ്ങളോ ഇല്ലാതെ ആയിരമായിരം അപകടങ്ങളെ എനിക്കു തരണം ചെയ്യേണ്ടിവന്നപ്പോൾ, അവർ എല്ലാ വിധ സംരക്ഷണങ്ങളോടും കൂടി തങ്ങളുടെ മണിമന്ദിരങ്ങളിൽ സുഖസമൃദ്ധിയിൽ കഴിയുകയായിരുന്നു.

അന്നത്തെപ്പോലെ തന്നെ ഇന്നും മററുള്ളവർ നിശ്ശബ്ദരായിരിക്കുമ്പോൾ, അന്നു പട്ടാളക്കാർക്കുവേണ്ടി വാദിച്ചതുപോലെ തന്നെ ഇന്നു ഞാനവരോടു പറയുന്നതു് ഹീനമായ വഞ്ചനക്കിരയാകുവാൻ അവർ സ്വയം അനുവദിച്ചിരിക്കുന്നു എന്നാണു്. മാർച്ച് പത്തിലെ വഞ്ചനയുടെയും അപമാനത്തിൻെറയും കൂടെ, അതിൻെറ ആയിരം മടങ്ങായ അപമാനം കൂടി സാന്തിയാഗോ ദ് ക്യൂബയിലെ ഭീകരവും നീതീകരിക്കാനാവാത്തതുമായ ക്രൂരകൃത്യങ്ങളിലൂടെ, അവർ വരുത്തിത്തീർത്തിരിക്കുന്നു. ആ നിമിഷം മുതൽ പട്ടാളക്കുപ്പായത്തിൻെറ മാന്യത ഇടിഞ്ഞിരിക്കുന്നു. മേലുദ്യോഗസ്ഥന്മാരുടെ സ്വന്താവശ്യത്തിന്നായി പട്ടാളക്കാരെക്കൊണ്ടു് അടിമകളെപ്പോലെ പണിയെടുപ്പിക്കുകയാണെന്നു കഴിഞ്ഞ വർഷം ഞാൻ ജനങ്ങളോടു് പറയുകയും കോടതികളുടെ മുൻപാകെ ആക്ഷേപം ഉന്നയിക്കുകയും ചെയ്തതുപോലെ തന്നെ തങ്ങൾ ക്രൂരമായി മർദിക്കുകയും കൊലപ്പെടുത്തുകയും ചെയ്ത ക്യൂബൻയുവാക്കളുടെ രക്തത്തിൻെറ കറ പററി നിൽക്കുന്ന പട്ടാളക്കാരുണ്ടെന്നു് ഇന്നു് ഞാൻ പറയുകയാണു്. അതേ സമയം തന്നെ, സൈന്യം റിപ്പബ്ളിക്കിനെ സേവിക്കുകയും രാഷ്ട്രത്തെ പരിരക്ഷിക്കുകയും ജനങ്ങളെ ബഹുമാനിക്കുകയും ഒരോ പൗരനേയും സംരക്ഷിക്കുകയും ചെയ്യുന്ന കാലത്തോളം അവർക്കു് ഏററവും കുറഞ്ഞതു ഒരു നൂറു ഡോളറെങ്കിലും മാസശമ്പളം

കിട്ടേണ്ടതാണു് എന്നുകൂടി ഞാൻ പറയുകയാണു്. പക്ഷേ അവർ ജനങ്ങളെ അമർച്ചചെയ്യുകയും രാഷ്ട്രത്തെ ഒററിക്കൊടുക്കുകയും ഒരു കൊള്ള സംഘത്തിൻെറ താല്പര്യങ്ങൾ പരിരക്ഷിക്കുകയും ചെയ്യുമ്പോൾ, റിപ്പബ്ളിക്കിൻെറ ഖജനാവിൽ നിന്നു് ഒരു പൈസപോലും അവർ അർഹിക്കുന്നില്ല. കൊളമ്പിയയിലെ ക്യാമ്പു്, പട്ടാളക്കാർക്കു പകരം, പതിനായിരം അനാഥ കുട്ടികൾക്കു താമസിച്ചു പഠിക്കുവാനുള്ള ഒരു വിദ്യാലയമായി മാററുകയാണു് വേണ്ടതു്.

എല്ലാററിനുമുപരിയായി നീതിയെ ഞാൻ ഉയർത്തിപ്പിടിക്കുന്നതുകൊണ്ടു ദുഷ്ടബുദ്ധികളും നീചൻമാരുമായ ചുരുക്കം ചില പട്ടാളക്കാരുടെ ഹീനപ്രവർത്തനങ്ങൾക്കു് പട്ടാളത്തെ മൊത്തത്തിൽ കുററപ്പെടുത്താൻ ഞാനൊരുക്കമല്ല. എന്നിരുന്നാലും, തൻെറ തൊഴിലിനെയും കുപ്പായത്തെയും സ്നേഹിക്കുന്ന ഓരോ പട്ടാളക്കാരനും ഈ പാപത്തിൻെറ കറ കഴുകിക്കളയുന്നതിനും ഈ വഞ്ചനക്കു് പ്രതികാരം ചെയ്യുന്നതിനും കുററവാളികളെ ശിക്ഷിക്കുന്നതിനും വേണ്ടി വാദിക്കാനും സമരം ചെയ്യാനും കടപ്പെട്ടവനാണു്. അല്ലെങ്കിൽ പട്ടാളക്കാരൻെറ കുപ്പായം എന്നെന്നേക്കും അഭിമാനത്തിനു പകരം അപമാനത്തിൻെറ ചിഹ്നമായി മാറും.

സ്വാഭാവികമായും, മാർച്ചു് പത്തിനു അധികാരത്തിൽ വന്ന ഭരണത്തിനു് പട്ടാളക്കാരെക്കൊണ്ടു സ്വകാര്യവ്യക്തികൾക്കുവേണ്ടി പണി എടുപ്പിക്കുക എന്ന ഏർപ്പാടു അവസാനിപ്പിക്കുകയല്ലാതെ നിവൃത്തിയില്ലെന്നു വന്നു. പക്ഷെ ബാത്തിസ്റ്റാ അതു് ചെയ്തതു് സ്വേച്ഛാധിപത്യത്തിൻെറ പാർടിയിൽ തമ്പടിച്ചുകിടക്കുന്ന അല്പന്മാരായ രാഷ്ട്രീയക്കാരുടെ ചുമട്ടുകാരായും ഡ്രൈവർമാരായും വേലക്കാരായും അംഗരക്ഷകന്മാരായും പട്ടാളക്കാരെക്കൊണ്ടു് പണി ചെയ്യിക്കുവാനായിരുന്നു. നാലാമത്തെയോ അഞ്ചാമത്തെയോ റാങ്കു മാത്രമുള്ള ഉദ്യോഗസ്ഥന്മാർ പോലും പട്ടാളക്കാരെക്കൊണ്ടു തങ്ങൾക്കുവേണ്ടി പണിയെടുപ്പിക്കാൻ തങ്ങൾക്കവകാശമുണ്ടെന്നും കരുതുന്നു. തങ്ങളുടെ കാറോടിക്കുവാനും, ന്യായമായും കിട്ടാനർഹമായ തൊഴി കിട്ടുമെന്നു് എപ്പോഴും ഭയപ്പെട്ടിട്ടെന്നവണ്ണം തങ്ങളുടെ മുതുകു് രക്ഷിക്കുവാനും പട്ടാളക്കാരെ നിയോഗിക്കുവാനുള്ള അവകാശം തങ്ങൾക്കുണ്ടെന്നു അവർ കണക്കാക്കുന്നു.

പരിഷ്കാരങ്ങ്ഠം വരുത്തണമെന്ന ഉദ്ദേശം യഥാർഥത്തി ലുണ്ടായിരുന്നെങ്കിൽ, പട്ടാളക്കാരെ ചൂഷണം ചെയ്തും സാ യുധസേനകളുള്ള ഫണ്ട് ചോർത്തിയെടുത്തും സമ്പാദിച്ച ജ നൊവേവൊപിറസ്ദാമെറയെ പോലുള്ളവരുടെ വൻപിച്ച ഭൂസ്വത്തും ദശലക്ഷക്കണക്കായ പണവുമെല്ലാം ഭരണം എന്തു കൊണ്ടു പിടിച്ചെടുത്തില്ല ? അതുണ്ടായില്ല; ജനൊവേവൊ പിറസിൻെറയും മററുള്ളവരുടേയും സ്വത്തുക്കഠംക്ക് പട്ടാളക്കാർ ഇപ്പോഴും കാവൽ കിടക്കുകയാണെന്നു സംശയമില്ല. കാര ണം പിറസിനെപ്പോലുള്ളവരുടെ മാതൃക പിൻതുടരാമെന്നാ ണ് മാർച്ച് പത്തിൻെറ ആളുകളായ പട്ടാളമേധാവികളുടെ ഉള്ളിൻെറയുള്ളിലുള്ള പ്രതീക്ഷ. ഇത്തരം ആളുകളെ ശിക്ഷി ക്കുകയെന്നുള്ള ഒരു കീഴ്വഴക്കം സൃഷ്ടിക്കുവാൻ ഭരണം ധൈര്യപ്പെട്ടില്ല.

മാർച്ച് പത്ത് തീർച്ചയായും വൃത്തികെട്ട ഒരു വഞ്ചനയാ യിരുന്നു. ബാത്തിസ്തയും അയാളുടെ അഴിമതിക്കാരും കൊള്ളരുതാത്തവരുമായ രാഷ്ട്രീയക്കാരുടെ സംഘവും തങ്ങ ളുടെ തെരഞ്ഞെടുപ്പ് പരിപാടി പൊളിഞ്ഞു കണ്ടപ്പോഠം സൈന്യത്തിനിടയിലെ അസംതൃപ്തി മുതലെടുത്ത് അവരുടെ മുതുകിലൂടെ അധികാരത്തിൽ കയറിക്കൂടുകയാണ് ചെയ്തതു്. നിരാശപ്പെടേണ്ടി വന്നതുകൊണ്ടു് അസംതൃപ്തരായ സൈനി കർ നിരവധിയുണ്ടെന്നെനിക്കറിയാം. അവരുടെ ശമ്പളം ആദ്യം വർധിപ്പിച്ചു. പക്ഷെ പിന്നീട് തിരിച്ചു പിടിത്തവും വെട്ടിച്ചുരുക്കലുമെല്ലാമായി അതു് പണ്ടത്തെപ്പോലെ ആയി. പിരിഞ്ഞു പോയിരുന്ന പഴയ ആളുകളിൽ പലരും സൈന്യ ത്തിലേക്ക് തിരിച്ചു വരികയും കഴിവുള്ളവരും വിലപ്പെട്ടവരു മായ ചെറുപ്പക്കാരുടെ സ്ഥാനകയററത്തെ തടയുകയും ചെയ്തു. നല്ല പട്ടാളക്കാർ അവഗണിക്കപ്പെടുമ്പോഠം മറുവശത്തു് അപ കീർത്തികരമായ സ്വജനപക്ഷപാതം കൊടികുത്തി വാഴുക യാണ്. അധാർമ്മികരും കുപ്രസിദ്ധരും അഴിമതിക്കാരും ഇനിയൊരിക്കലും തിരുത്തുവാൻ വയ്യാത്തവണ്ണം രാഷ്ട്രീയ മായി അധഃപതിച്ചവരും ബയനററിൻെറ മുന—അതു് അവർ പിടിക്കുകപോലും ചെയ്തിട്ടില്ല—കൊണ്ടല്ലായിരുന്നുവെങ്കിൽ വീണ്ടും രാഷ്ട്രീയമായി ഔദ്യോഗികസ്ഥാനം നേടാൻ ഒരി ക്കലും കഴിയാത്തവരുമായ ഒരു ഗ്രൂപ്പിനെ അധികാരത്തിൽ

കയററുവാൻ വേണ്ടി മാത്രം നമ്മുടെ ഭരണഘടനയെ തകർക്കുക എന്ന ഭീമവും ചരിത്രപരവുമായ ഉത്തരവാദിത്വം തങ്ങൾ വഹിക്കേണ്ട ആവശ്യം എന്തായിരുന്നുവെന്ന് അന്തസ്സുള്ള നിരവധി സൈനികർ ഇപ്പോൾ സ്വയം ചോദിക്കുന്നുണ്ട് !

അതിഭീകരമായ ഒരു കിരാത ഭരണത്തെ പൊതുജനങ്ങളെക്കാളധികം ക്ഷമയോടെ സഹിക്കുന്നവരാണ് പട്ടാളക്കാർ. അവരുടെ നേരിയ ചലനങ്ങൾ പോലും എപ്പോഴും സസൂക്ഷ്മം വീക്ഷിക്കപ്പെടുന്നു. ജോലിയെ സംബന്ധിച്ചിടത്തോളം അല്പമാത്രമായ സംരക്ഷണം പോലും അവർക്കാർക്കുമില്ല. നീതീകരിക്കാനാവാത്ത ഒരു സംശയമോ, ഏഷണിയോ, എതിർപ്പ് പ്രകടിപ്പിക്കലോ മതി, അതു് ഒരാളിനെ സ്ഥലം മാററുവാനോ, അപമാനകരമായ രീതിയിൽ പിരിച്ചു വിടുവാനോ അല്ലെങ്കിൽ തടവിന് ശിക്ഷിക്കുവാനോ മതിയായ കാരണമാണ്. ഗവണ്മെൻറിനെ എതിർക്കുന്ന ആരുമായും, എന്നു പറഞ്ഞാൽ ജനങ്ങളിൽ തൊണ്ണൂററിഒൻപതു് ശതമാനവുമായി, അവർ സംസാരിക്കുന്നതു് വിലക്കിക്കൊണ്ടൊരു സർക്കുലർ താമ്പെർനില്ല പുറപ്പെടുവിച്ചല്ലോ; എന്തൊരവിശ്വാസം ! റോമിലെ ചാരിത്ര്യോപാസകരായ കന്യകമാർ പോലും ഇത്ര കടുത്ത നിയമം പാലിക്കേണ്ടിയിരുന്നില്ല! വലിയ പരസ്യം കൊടുത്തിട്ടുള്ള, പട്ടാളക്കാർക്ക് വീടുകൾ നൽകുന്ന, പരിപാടിയെക്കുറിച്ചു് പറയുകയാണെങ്കിൽ ദ്വീപിൽ ആകെക്കൂടിയെടുത്താൽ ഒരു മുന്നൂറിൽക്കൂടുതൽ ഉണ്ടാവില്ല. ടാങ്കുകൾക്കും തോക്കുകൾക്കും മററായുധങ്ങൾക്കും വേണ്ടി ചെലവാക്കിയ തുക പട്ടാളക്കാരനായി ചേർക്കപ്പെട്ടിട്ടുള്ള ഓരോ ആളിനും ഓരോ വീടുവീതം പണിയിച്ചുകൊടുക്കുവാൻ മതിയാകുമായിരുന്നു.

സൈന്യത്തിൻെറ സംരക്ഷണം താൻ ഏറെറടുക്കുക എന്നതല്ല, തൻെറ സംരക്ഷണം സൈന്യം ഏറെറടുക്കണം എന്നതാണ് ബാത്തിസ്തയുടെ താല്പര്യം ! മർദിച്ചൊതുക്കുവാനും കൊല്ലുവാനുമുള്ള സൈന്യത്തിൻെറ ശക്തി വർധിപ്പിക്കുന്നതു പട്ടാളക്കാരുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാൻ വേണ്ടിയല്ല. മൂന്നു നേരത്തേ കാവൽ ജോലി, ബാരക്കുകളിലെ സ്ഥിരമായ തടവ്, നിലയ്ക്കാത്ത ഉൽക്കണ്ഠ, ജനങ്ങളുടെ ശത്രുത, അനിശ്ചിതമായ ഭാവി, ഇതെല്ലാമാണ് പട്ടാള

ക്കാരനു കൊടുത്തിരിക്കുന്നതു്. മറെറാരുതരത്തിൽ പറഞ്ഞാൽ, പടയാളീ ഭരണത്തിനു വേണ്ടി നീ മരിക്കുക. നിൻെറ വിയർപ്പും രക്തവും അതിന്നു നൽകുക, നിൻെറ സ്മരണയ്ക്കായി ഞങ്ങൾ ഒരു പ്രസംഗം ചെയ്യാം, മരണാനന്തരം നിനക്കൊരു സ്ഥാനക്കയററം (പിന്നെ അതുകൊണ്ടു പ്രയോജനമില്ലല്ലൊ) തരികയും ചെയ്യാം. അതിനുശേഷം, ഞങ്ങൾ സ്വയം സമ്പന്നരായിട്ടു് സുഖസമൃദ്ധമായി ജീവിതം തുടരുകയും ചെയ്യാം. ജനങ്ങളെ കൊല്ലുകയും തെറിപറയുകയും മർദിച്ചൊതുക്കുകയും ചെയ്യുക, ജനങ്ങൾക്കു് സഹികെട്ടുകയും ഇതിനെല്ലാം അറുതി വരുകയും ചെയ്യുമ്പോൾ ഞങ്ങളുടെ ക്രൂരകൃത്യങ്ങൾക്കുള്ള ശിക്ഷ നിങ്ങൾ അനുഭവിച്ചുകൊള്ളണം. അപ്പോൾ ഞങ്ങൾ വിദേശങ്ങളിൽ രാജകുമാരന്മാരെപ്പോലെ ജീവിച്ചുകൊള്ളാം. എന്നിട്ടു് എന്നെങ്കിലും ഞങ്ങൾ തിരിച്ചുവരികയാണെങ്കിൽ അന്നു് നിങ്ങളോ, നിങ്ങളുടെ കുട്ടികളോ ഞങ്ങളുടെ മണിമാളികകളുടെ കവാടങ്ങളിൽ വന്നു് മുട്ടിവിളിക്കരുതു്. എന്തുകൊണ്ടെന്നാൽ അപ്പോഴേക്കും ഞങ്ങൾ ലക്ഷാധിപതികളായിക്കഴിഞ്ഞിരിക്കും. ലക്ഷാധിപതികൾക്കു് പാവങ്ങളെ പരിചയമില്ല—അതുകൊണ്ടു്, പടയാളീ, നീ ജനങ്ങളെ കൊല്ലുകയും മർദിച്ചൊതുക്കുകയും ചെയ്യുക, ഭരണത്തിനുവേണ്ടി മരിക്കുക. നിൻെറ വിയർപ്പും, രക്തവും നൽകുക...........

ദുഃഖകരമായ ഈ യാഥാർഥ്യം, മനസ്സിലാക്കാതെ, ഒരു ന്യൂനപക്ഷം പട്ടാളക്കാർ ജനങ്ങളോടു—കിരാത ഭരണത്തിൽ നിന്നു് അവരെ വിമോചിപ്പിക്കുവാൻ പോകുന്ന ജനങ്ങളോടു—പടവെട്ടുവാനാണു് തീരുമാനിച്ചിട്ടുള്ളതെങ്കിൽ, അപ്പോഴും വിജയം ജനങ്ങൾക്കു തന്നെയായിരിക്കും.

ബഹുമാന്യനായ പ്രോസിക്യൂട്ടർക്കു ഞങ്ങളുടെ വിജയ സാധ്യതയെക്കുറിച്ചറിയുവാൻ വലിയ താല്പര്യമായിരുന്നു. സാങ്കേതികവും സൈനികവും സാമൂഹ്യവുമായ സ്ഥിതിയുടെ പരിഗണന അടിസ്ഥാനപ്പെടുത്തിയുള്ളതായിരുന്നു ഈ സാധ്യത. ആധുനികായുധങ്ങൾ കിരാതഭരണാധികാരികളെ നിഷ്കാസനം ചെയ്യുന്നതിൽ ജനങ്ങളെ നിസ്സഹായരാക്കുന്നു എന്ന കടംകഥ സ്ഥാപിക്കുവാനാണു് അവർ ശ്രമിച്ചിട്ടുള്ളതു്. ഈ കടംകഥ ശാശ്വതീകരിക്കുന്നതിനും ജനങ്ങളിൽ പരിപൂർണമായ നിഷ്ക്രിയത്വത്തിൻെറ മനഃസ്ഥിതി സൃഷ്ടി

ക്കുന്നതിനും വേണ്ടിയാണു് സൈനിക പരേഡുകളും യുദ്ധസാമഗ്രികളുടെ കെങ്കേമൻ പ്രദർശനവും നടത്തുന്നതു്. പക്ഷെ, തങ്ങളുടെ അവകാശങ്ങൾ വീണ്ടെടുക്കണമെന്നു ജനങ്ങൾ ഒരിക്കൽ തീരുമാനിച്ചു കഴിഞ്ഞാൽ പിന്നെ, യാതൊരായുധത്തിനും യാതൊരു ഹിംസകൾ അവരെ തോൽപ്പിക്കുവാൻ സാധ്യമല്ല. ഇന്നലത്തെയും ഇന്നത്തെയും ഉദാഹരണങ്ങൾ നിറയെയുണ്ടു്. ഏററവും അടുത്ത കാലത്തു് ബൊളീവിയയിൽ നടന്ന പ്രക്ഷോഭത്തിൽ കൽക്കരി ഖനി ത്തൊഴിലാളികൾ ഡൈനാമൈററു തിരികൾ കൊണ്ടു സൈന്യങ്ങളെ നിലംപരിശാക്കി. പക്ഷെ, ഭാഗ്യത്തിനു്, ക്യൂബക്കാരായ നമുക്കു ഉദാഹരണങ്ങൾക്കായി വിദേശങ്ങളിൽ തിരയേണ്ടതില്ല. നമ്മുടെ സ്വന്തം മണ്ണിൻേറതുപോലെ പ്രചോദനദായകമായി മറെറാരുദാഹരണവുമില്ല. 1895—ലെ യുദ്ധകാലത്തു് ഏതാണ്ടു് 5 ലക്ഷം സ്പാനിഷ് പട്ടാളക്കാർ ക്യൂബയിലുണ്ടായിരുന്നു. അന്നത്തേക്കാൾ അഞ്ചിരട്ടി സംഖ്യാബലമുള്ള ജനതയെ പിന്തിരിപ്പിക്കുവാൻ ഉപയോഗിക്കാമെന്നു സ്വേഛാധിപതി ഇന്നു കരുതുന്ന പട്ടാളക്കാരുടെ സംഖ്യയേക്കാൾ വളരെ കൂടുതലായിരുന്നു അന്നത്തേതു്. സ്പെയിൻകാരുടെ ആയുധങ്ങൾ, താരതമ്യപ്പെടുത്താനാവാത്തവിധം, 'മംബീസുകളു'ടേതിനേക്കാൾ കൂടുതൽ ആധുനികവും കൂടുതൽ ശക്തിയുള്ളതുമായിരുന്നു. നിരവധി ഏററുമുട്ടലുകളിലും സ്പെയിൻകാർ വലിയ പീരങ്കികൾ ഉപയോഗിച്ചിരുന്നു. അതുപോലെ തന്നെ ഇന്നും ഇവിടത്തെ കാലാൾപ്പട ഉപയോഗിച്ചുപോരുന്ന ഇടത്തരം പീരങ്കികൾ അവരുടെ കാലാൾപ്പടയും ഉപയോഗിച്ചിരുന്നു. ക്യൂബക്കാർക്കു് കൊടുവാളുകൾ മാത്രമെ ആയുധമായുണ്ടായിരുന്നുള്ളു. കാരണം തിര സൂക്ഷിക്കുന്ന ബൽട്ടുകൾ മിക്കവാറും എല്ലായ്പോഴും ശൂന്യമായിരുന്നു. നമ്മുടെ സ്വാതന്ത്ര്യ യുദ്ധത്തിൻെറ ചരിത്രത്തിൽ, (ഉജ്ജ്വലമായ സൈനിക നീക്കങ്ങൾ നടത്തിയതു് അൻേറാണിയോ ആയിരുന്നു.) അന്തോണിയോ മാസിയോയുടെ സൈന്യാധിപനായിരുന്ന ജനറൽമിറോ അർജന്തറുടെ പുസ്തകത്തിൽ പറഞ്ഞിട്ടുള്ള, അവിസ്മരണീയമായ ഒരു ഭാഗമുണ്ടു്. ഓർമശക്തിയെ ആശ്രയിക്കാതിരിക്കുവാൻ വേണ്ടി, ഈ ചെറിയ കുറിപ്പിൽ ഞാനതു പകർത്തിക്കൊണ്ടുപോന്നിട്ടുണ്ടു്.

''പെദ്രോദെൽ ഗാദൊയുടെ കീഴിലുള്ള പരിശീലനം നേടാത്തവരും മിക്കവാറും കൊടുവാാം മാത്രം ആയുധമായുള്ളവരും, പാറപോലെ ഉറച്ച സ്പെയിൻകാരുടെ നിരയ്ക്കു നേരെ ചാടി വീണപ്പോാം, ശരിക്കും ഭസ്മമായിപ്പോയി. ഓരോ അൻപതുപേരിലും ഇരുപത്തഞ്ചുപേർ വീതം കൊല്ലപ്പെട്ടു എന്നു പറഞ്ഞാൽ തെല്ലു് അതിശയോക്തിയില്ല. തോക്കോ, കൊടുവാളോ, കത്തിപോലുമോ ഇല്ലാതെ വെറും കൈകാം ചുരുട്ടിക്കൊണ്ടുപോലും ചിലർ സ്പെയിൻകാരെ ആക്രമിച്ചു.

''ഹോണ്ടാ നദിയുടെ കരയിലെപുൽ കാടുകളിൽ തിരഞ്ഞപ്പോാം പതിനഞ്ചു ക്യൂബക്കാർ മരിച്ചു കിടക്കുന്നതു കണ്ടു. അവർ ഏതു ഗ്രൂപ്പിൽ പെട്ടവരാണെന്നു് പെട്ടെന്നു് വ്യക്തമായിരുന്നില്ല. അവർ ആയുധങ്ങാം ധരിച്ചിരുന്നതായി തോന്നുന്നില്ല. അവരുടെ വേഷങ്ങളെല്ലാം ഭദ്രമായിത്തന്നെ ഉണ്ടായിരുന്നു; അരപ്പട്ടകളിൽ വെള്ളം കുടിക്കുന്നതിനുള്ള തകരപ്പാത്രങ്ങാം മാത്രം തൂങ്ങിക്കിടന്നിരുന്നു. ഒന്നു രണ്ടു ചുവടു മുൻപിലായി സ്പെയിൻകാരുടെ ഒരു കുതിര ചത്തു കിടന്നിരുന്നു. അതിൻെറ ദേഹത്തെ ആയുധസജ്ജീകരണങ്ങാം ഭദ്രമായി അവശേഷിച്ചിരുന്നു. ആ ദുരന്തകഥയിലെ ഏററവും വികാരഭരിതമായ രംഗം ഞങ്ങാം മനസ്സുകൊണ്ടൊന്നു പുനഃസൃഷ്ടിച്ചു. അവർ തങ്ങളുടെ ക്ലൂസലില്ലാത്ത നായകനായ ലഫ്ററനൻറ് കേണൽ പെദ്രോദെൽഗാദൊയെ പിൻതുടർന്നുകൊണ്ടു് ധീരതയുടെ പൂച്ചെണ്ടുകളാണു നേടിയതു്. അവർ വെറും കൈകളുമായി ബയനററുകളുടെ നേർക്കു് സ്വയം എടുത്തെറിഞ്ഞു. അവരുടെ തകരപ്പാത്രങ്ങാം കുതിരയുടെ ജീനിയുമായി കൂട്ടിയുരസിയ ശബ്ദമായിരുന്നു ചുററും കേട്ടതു്.

''ഇതു മാസിയോയെ അഗാധമായി സ്പർശിച്ചു മരണത്തിൻെറ എല്ലാ രൂപങ്ങളും കണ്ടു പഴകിയിട്ടുള്ള ഈ മനുഷ്യൻ അവരെ പുകഴ്ത്തിക്കൊണ്ടു മന്ത്രിച്ചു: 'പരിശീലനമില്ലാത്തവരും നിരായുധരുമായ ഇവർ വെള്ളം കുടിക്കാനുള്ള തകരപ്പാത്രം മാത്രം ആയുധമാക്കിക്കൊണ്ടു് സ്പെയിൻകാരെ ആക്രമിക്കുക—ഇതു ഞാനിതിനു മുൻപൊരിക്കലും കണ്ടിട്ടില്ല. ഇതിനെ ഞാൻ അപ്രതിരോധ്യം എന്നു് തന്നെ വിശേഷിപ്പിക്കും.''

സ്വാതന്ത്ര്യം നേടുന്നതിനു വേണ്ടി ജനങ്ങാം പൊരുതുന്നതിങ്ങനെയാണു്: അവർ വിമാനങ്ങാംക്കു് കല്ലെറിയും, ടാങ്കുകളെ കീഴ്മേൽ മറിക്കും !

## IV

സാന്തിയാഗോദ്ക്യൂബ കൈവശപ്പെടുത്തിക്കഴിഞ്ഞാലുടൻ ഞങ്ങൾ ജനങ്ങളെ യുദ്ധത്തിനു തയ്യാറാക്കുമായിരുന്നു. ബയാമോ ആക്രമിച്ചതു കൗത്തോ നദിയുടെ തീരങ്ങളിലായി ഞങ്ങളുടെ മുന്നണിസേനയുടെ സ്ഥാനം ഉറപ്പിക്കുന്നതിനു വേണ്ടി മാത്രമായിരുന്നു. ഇപ്പോൾ പതിനഞ്ചു ലക്ഷം ആളുകളുള്ളതും നിസ്സംശയമായും ക്യൂബയിൽ വെച്ചേററവും കൂടുതൽ പ്രതിരോധവീര്യവും സ്വദേശാഭിമാനവുമുള്ളതുമായ പ്രവിശ്യയാണിതു് എന്ന കാര്യം വിസ്മരിക്കുവാൻ പാടില്ല.

സ്വാതന്ത്ര്യത്തിനുവേണ്ടി മുപ്പതു വർഷക്കാലം പോരാട്ടം നടത്തുകയും രക്തവും ത്യാഗവും ധീരതയും കൊണ്ടു് ഏററവും മഹനീയമായ അഞ്ജലി അർപ്പിക്കുകയും ചെയ്ത പ്രവിശ്യയാണിതു്. വർണ്ണോജ്ജ്വലമായ ആ ഇതിഹാസത്തിൻെറ ഗന്ധം ഇന്നും ഓറിയന്തിൽ നിങ്ങൾക്കു ശ്വസിക്കാം. പ്രഭാതത്തിൽ യുദ്ധത്തിനു, പട്ടാളക്കാരെ ആഹ്വാനം ചെയ്യുന്ന കാഹളങ്ങൾ പോലെ കോഴികൾ കൂവുകയും, പാറക്കെട്ടുകൾ നിറഞ്ഞ പർവതങ്ങൾക്കു മീതെ പ്രകാശം പരത്തിക്കൊണ്ടു സൂര്യൻ ഉദിച്ചുവരികയും ചെയ്യുമ്പോൾ, യാരയുടെയും, ബെയ്‌രയുടെയും കാലം വീണ്ടുമൊരിക്കൽക്കൂടി മടങ്ങിവരുമെന്നു് തോന്നുകയാണു്.

ജനങ്ങളുടെ പിന്തുണ കിട്ടുമെന്നു് ഞങ്ങൾക്കുറപ്പുണ്ടായിരുന്നതുകൊണ്ടു്, ഞങ്ങളുടെ വിജയ സാധ്യതക്കാസ്പദമായി ഞങ്ങൾ പരിഗണിച്ച രണ്ടാമത്തെ കാര്യം സാമൂഹ്യസ്ഥിതിയെ സംബന്ധിക്കുന്നതായിരുന്നു എന്നു ഞാൻ പറഞ്ഞല്ലോ. ജനങ്ങളെന്നു പറയുമ്പോൾ, ഏതു ഭീകര ഭരണത്തേയും, ഏതു കിരാതഭരണത്തെയും, ഏതു സ്വേഛാധിപത്യത്തെയും സ്വാഗതം ചെയ്യുകയും, അന്നത്തെ യജമാനന്മാരുടെ കാൽക്കൽ,തങ്ങളുടെ നെററി അവർ തറയിലിട്ടുരയ്ക്കുവോളം, സാഷ്ടാംഗം പ്രണമിക്കുകയും ചെയ്യുന്ന സുഖിയന്മാരും യാഥാസ്ഥിതികരുമായ ആളുകളെന്നല്ല ഞങ്ങൾ അർത്ഥമാക്കുന്നതു്. സമരത്തെക്കുറിച്ചു് ഞങ്ങൾ പറയുമ്പോൾ, ജനങ്ങളെന്നതു കൊണ്ടർത്ഥമാക്കുന്നതു് എല്ലാവരും വാഗ്ദാനം ചെയ്യുകയും എല്ലാവരും വഞ്ചിക്കുകയും ചെയ്യുന്ന മോചനം കിട്ടാത്ത ബഹുഭൂരിപക്ഷം പാവങ്ങളെന്നാണു്. കൂടുതൽ മെച്ചപ്പെട്ട, കൂടുതൽ അന്തസ്സും നീതിയും പുലർത്തുന്ന ഒരു രാജ്യത്തിനു വേണ്ടി കൊതിക്കുക

യും തലമുറ തലമുറയായി അനീതിയും പരിഹാസവും സഹിച്ചുപോരുന്നതുകൊണ്ട് പൂർവികമായ നീതിസങ്കല്പത്താൽ പ്രചോദിതരാവുകയും ജീവിതത്തിന്റെ എല്ലാ ഘടകങ്ങളിലും മഹത്തും ബുദ്ധിപൂർവവുമായ മാററം ഉണ്ടാവണമെന്നാഗ്രഹിക്കുകയും ചെയ്യുന്ന ജനങ്ങളെന്നാണ്; ആ മാററങ്ങൾക്കുവേണ്ടി എന്തിലെങ്കിലും അല്ലെങ്കിൽ ആരിലെങ്കിലും പ്രത്യേകിച്ചും തങ്ങളിൽ തന്നെയും വിശ്വസിക്കുമ്പോൾ, തങ്ങളുടെ ജീവന്റെ അവസാനത്തെ ശ്വാസംവരെയും നൽകുന്നതിനു തയ്യാറുള്ള ജനങ്ങളെന്നാണ്. ഒരു ലക്ഷ്യത്തെക്കുറിച്ചു പറയുമ്പോൾ, ആത്മാർഥതയുടെയും സദുദ്ദേശത്തിന്റെയും പ്രഥമോപാധി മററാരും ഒരിക്കലും ചെയ്യാത്ത കാര്യങ്ങൾ ശരിക്കും ചെയ്യുക, അതായതു് തികച്ചും വ്യക്തമായി പറഞ്ഞാൽ, നിർഭയമായി ചെയ്യുക എന്നുള്ളതാണ്. എല്ലാററിലും ശരിയായിരിക്കുകയും എല്ലാവരെയും സന്തോഷിപ്പിക്കുകയും ചെയ്യുക എന്ന ഇന്ദ്രജാലം കാട്ടിപ്പോരുന്ന വാചകമടിക്കാർക്കും ഉപജീവനരാഷ്ട്രീയക്കാർക്കും എല്ലാററിലും എല്ലാവരെയും വഞ്ചിക്കുക എന്നതൊരാവശ്യമാണ്. വിപ്ലവകാരികൾ അവരുടെ ആശയങ്ങൾ ധീരമായി പ്രഖ്യാപിക്കണം, മിത്രമോ ശത്രുവോ വഞ്ചിക്കപ്പെടാനിടയാകാത്തവണ്ണം അവർ തങ്ങളുടെ തത്വങ്ങൾ നിർവചിക്കുകയും ഉദ്ദേശങ്ങൾ പ്രകടമാക്കുകയും ചെയ്യണം.

ഞങ്ങളുടെ സമരത്തിനുവേണ്ടി ഞങ്ങൾ കണക്കിലെടുത്ത ആളുകൾ ഇവരായിരുന്നു:

ഉപജീവനം തേടി നാടുവിട്ടുപോകാതെ നിത്യവൃത്തിക്കുള്ള വക മാന്യമായി സമ്പാദിക്കണമെന്നാഗ്രഹിക്കുന്ന തൊഴിലില്ലാത്ത ഏഴുലക്ഷം ക്യൂബക്കാർ;

വർഷത്തിൽ നാലുമാസം മാത്രം പണിയെടുക്കുകയും ബാക്കി മാസങ്ങളിൽ പട്ടിണികിടക്കുകയും തങ്ങളുടെ കുട്ടികളുമൊത്തു ദുരിതങ്ങൾ പങ്കിട്ടെടുക്കുകയും ചെയ്യുന്നവരും; കൃഷിചെയ്യുവാൻ ഒരിഞ്ചു ഭൂമിപോലും ഇല്ലാത്തവരും, കല്ലല്ലാത്ത ഏതൊരു ഹൃദയത്തെയും അലിയിപ്പിക്കുന്ന തരത്തിലുള്ള ജീവിതം നയിക്കുന്നവരും പൊട്ടിപ്പൊളിഞ്ഞ കുടിലുകളിൽ കഴിയുന്നവരുമായ അഞ്ചുലക്ഷം കർഷകത്തൊഴിലാളികൾ;

തങ്ങളുടെ പെൻഷൻ ഫണ്ടുകൾ ചോർത്തിയെടുക്കപ്പെടുകയും ആനുകൂല്യങ്ങൾ പിൻവലിക്കപ്പെടുകയും ചെയ്യപ്പെട്ട

നാലുലക്ഷം വ്യവസായത്തൊഴിലാളികളും നാവികത്തൊഴിലാളികളും. വൃത്തികെട്ട ലായങ്ങളിൽ താമസിക്കുന്ന അവരുടെ ശമ്പളം മേലാളുടെ കൈകളിൽ നിന്നു പലിശക്കു പണം കടം കൊടുക്കുന്നവൻെറ കൈകളിലേക്കാണു പോകുന്നതു്. അവർക്കു ഭാവിയിൽ പ്രതീക്ഷിക്കാനുള്ളതു് ശമ്പളം വെട്ടിച്ചുരുക്കലും പിരിച്ചുവിടലുമാണു്. അവരുടെ ജീവിതം ഒടുങ്ങാത്ത അധ്വാനമാണു്. അവർക്കു വിശ്രമം ശവക്കല്ലറയിൽ മാത്രമാണു്;

ഒരു ലക്ഷം ചെറുകിട കൃഷിക്കാർ—അന്യൻെറ ഭൂമിയിൽ അധ്വാനിച്ചുകൊണ്ടവർ ജീവിക്കുകയും മരിക്കുകയും ചെയ്യുന്നു. ആ ഭൂമിയെ, വാഗ്ദത്തഭൂമിയെ, നോക്കി നിന്ന മോസസിനെപ്പോലെ വേദനയോടുകൂടി നോക്കിക്കൊണ്ടു്, ഒരിക്കലും സ്വന്തമാക്കാൻ കഴിയാതെ, അവർ മരിക്കുന്നു. അതിൽ കൃഷി ചെയ്യണമെങ്കിൽ, വിളവുകളുടെ ഒരു പങ്കു ജന്മിക്കു് കൊടുക്കണം. അവർക്കതിനെ സ്നേഹിക്കുവാനോ, നന്നാക്കുവാനോ, സുന്ദരമാക്കുവാനോ, ഒരു നാരകമോ ഓറഞ്ചുമരമോ അതിൽ വെച്ചുപിടിപ്പിക്കുവാനോ പാടില്ല കാരണം ഷെറീഫും ഗ്രാമത്തിലെ സൂക്ഷിപ്പുകാരനും കൂടി എപ്പോഴാണു് വന്നു് അവരെ അതിൽ നിന്നു കുടിയൊഴിപ്പിക്കുന്നതെന്നു് അവർക്കൊരിക്കലുമറിഞ്ഞുകൂടാ.

അധ്യാപനത്തിനു വേണ്ടി ജീവിതം ഉഴിഞ്ഞുവെച്ചവരും, സമർപ്പണ മനസ്കരും, ഭാവി തലമുറകളുടെ ഭാഗധേയം ശോഭനമാക്കുവാൻ അവശ്യം ആവശ്യമായവരും, മോശമായ പെരുമാററവും മോശമായ ശമ്പളം മാത്രം പ്രതിഫലം കിട്ടുന്നവരുമായ മുപ്പതിനായിരം അധ്യാപകരും പ്രൊഫസർമാരും;

കടഭാരം കൊണ്ടു പൊറുതിമുട്ടിയവരും ഇന്നത്തെ സാമ്പത്തിക പ്രതിസന്ധികൊണ്ടു തകർന്നവരും കൈക്കൂലിക്കാരും നെറികെട്ടവരുമായ ഉദ്യോഗസ്ഥന്മാരുടെ ഭർത്സനങ്ങൾ കൊണ്ടു് സഹികെട്ടവരുമായ ഇരുപതിനായിരം ചെറുകിട ബിസ്സിനസ്സുകാർ;

ഡോക്ടറന്മാർ, എഞ്ചിനീയർമാർ, വക്കീൽമാർ, ദന്തവൈദ്യന്മാർ, സ്കൂൾ അധ്യാപകർ, മൃഗഡോക്ടർമാർ, ഔഷധവിദഗ്ധർ, പത്രപ്രവർത്തകർ, ചിത്രമെഴുത്തുകാർ, കൊത്തുപണിക്കാർ തുടങ്ങി ചെറുപ്പക്കാരായ പതിനായിരം സാ

ങ്കേതിക വിദഗ്ധന്മാർ. വിദ്യാലയങ്ങളിൽ നിന്നു ബിരുദങ്ങളുംനേടി, ജോലി ചെയ്യുവാനുള്ള ആകാംക്ഷയോടും നിറഞ്ഞ പ്രതീക്ഷയോടും കൂടി പുറത്തക്കേ വരുന്ന ഇവർ അടഞ്ഞ വാതിലുകൾക്ക മുൻപിൽ, തങ്ങളുടെ മുറവിളികളും നിവേദനങ്ങളും ചെവിക്കൊള്ളുവാനാളില്ലാതെ, ഗതിമുട്ടി നിൽക്കുന്നു.

ഇവരാണ് ഞങ്ങളുടെ ജനങ്ങൾ. ഭാഗ്യദോഷമെന്തെന്നറിയാവുന്നതു കൊണ്ട് ഇവർ നിസ്സീമമായ ധീരതയോടെ സമരം ചെയ്യുവാൻ കഴിവുള്ളവരാണ് !

വഞ്ചനകളുടെയും കപടവാഗ്ദാനങ്ങളുടെയും ഇഷ്ടികകൾ പാകിയ നിരാശമായ ജീവിത വീഥിയിലൂടെ നീങ്ങുന്ന ഇവരോടു ഞങ്ങൾ പറയാൻ പോകുന്നതു്, 'നിങ്ങൾക്കാവശ്യമുള്ളതെല്ലാം അവസാനം ഞങ്ങൾ തരാം, എന്നല്ല ; നേരെ മറിച്ച്, നിങ്ങൾക്കാവശ്യമായതു്, ഇവിടെത്തന്നെയുണ്ട്, നിങ്ങളുടെ എല്ലാ ശക്തിയുമെടുത്തു് അതിനുവേണ്ടി പോരാടുക, അപ്പോൾ സ്വാതന്ത്ര്യവും സുഖസംതൃപ്തിയും നിങ്ങൾക്ക് സ്വന്തമാകും !' എന്നാണ്.

മൊൻകാദയിലെ ബാരക്കുകൾ പിടിച്ചാലുടൻ പ്രഖ്യാപിക്കുകയും റേഡിയോയിലൂടെ പ്രക്ഷേപിക്കുകയും ചെയ്യുമായിരുന്ന അഞ്ചു വിപ്ളവ നിയമങ്ങൾ ഈ കേസിൻെറ വിചാരണയിൽ റെക്കാർഡു ചെയ്യുന്നു. ഈ രേഖകൾ കേണൽ ചാവിയാനോ മന:പൂർവം നശിപ്പിച്ചുകളഞ്ഞിരിക്കാനിടയുണ്ട്. പക്ഷെ അയാൾ അങ്ങനെ ചെയ്തിട്ടുണ്ടെങ്കിൽ തന്നെയും അതെല്ലാം എൻെറ ഓർമയിലുണ്ട്.

ഒന്നാമത്തെ വിപ്ളവനിയമം അധികാരം ജനങ്ങൾക്ക് തിരിച്ചു നൽകുകയും, പരിഷ്കരിക്കുകയോ മാറ്റം വരുത്തുകയോ വേണമെന്നു് ജനങ്ങൾ തീരുമാനിക്കുന്ന കാലത്തോളം വരെ 1940-ലെ ഭരണഘടനയെ രാജ്യത്തെ പരമോന്നത നിയമമായി പ്രഖ്യാപിക്കുകയും ചെയ്യുക എന്നതായിരുന്നു. തെരഞ്ഞെടുപ്പ് നടത്തി ഇതു് സ്ഥാപിക്കുവാനുള്ള സംവിധാനം നിലവിലില്ലാത്തതുകൊണ്ട് ഇതു നടപ്പിലാക്കുന്നതിനും ഇതിനെ ലംഘിക്കുന്നവരെ ശിക്ഷിക്കുന്നതിനും വേണ്ടി, ഈ പരമാധി അധികാരത്തിൻെറ ഉജ്വലമൂർത്തീകരണവും നിയമാനുസൃതവുമായ അധികാരത്തിൻെറ ആസ്ഥാനവുമായ വിപ്ളവപ്രസ്ഥാനം ഭരണഘടനയിലെ എല്ലാ അധികാരങ്ങളും അതി

നെത്തന്നെ പരിഷ്കരിക്കുവാനല്ലാതൊഴിച്ച്, ഏറ്റെടുക്കുമായിരുന്നു. മറ്റൊരുതരത്തിൽ പറഞ്ഞാൽ, നിയമനിർമാണാധികാരവും നിർവഹണാധികാരവും നീതിന്യായാധികാരവും വിപ്ളവപ്രസ്ഥാനം ഏറ്റെടുക്കുമായിരുന്നു.

ഈ സമീപനം ഇതിൽ കൂടുതൽ സുവ്യക്തവും, ചാഞ്ചാട്ടത്തിൽ നിന്നും കപടനാട്യത്തിൽ നിന്നും വിമുക്തവുമായിരിക്കുവാനാവില്ല. പ്രക്ഷോഭകാരികളായ ജനലക്ഷങ്ങൾ ഉള്ളഴിഞ്ഞു സ്വാഗതം ചെയ്യുന്ന ഒരു ഗവർമെൻറിനു എല്ലാ അധികാരങ്ങളും ജനാഭിലാഷവും സത്യസന്ധമായ നീതിയും കാര്യക്ഷമമായി നടപ്പിലാക്കുന്നതിനാവശ്യമായ എല്ലാ അധികാരങ്ങളും ഉണ്ടായിരിക്കും. മാർച്ച് പത്തിനുശേഷം ഭരണഘടനയുടെ അധികാര പരിധിയിൽ നിന്നൊഴിവാക്കപ്പെട്ടതും ഭരണഘടനക്കെതിരായി വിനിയോഗിച്ചു കൊണ്ടിരിക്കുന്നതുമായ നീതി ന്യായാധികാരം അത്തരം ഒരു ഗവർമെൻറ് അധികാരത്തിൽ വന്നിരുന്നെങ്കിൽ ആ നിമിഷം മുതൽ നിലവിലില്ലാതാകുമായിരുന്നു.

റിപ്പബ്ളിക്കിലെ പരമോന്നത നിയമസംഹിതയായി അനുവദിച്ചിട്ടുള്ള അധികാരം വീണ്ടും എറ്റെടുക്കുന്നതിനു മുമ്പ് നീതിന്യായ സംവിധാനത്തെ അടിയന്തരമായും പൂർണമായും പരിഷ്കരിക്കുന്നതിനുള്ള നടപടികൾ ഞങ്ങൾ സ്വീകരിക്കുകയും ചെയ്യുമായിരുന്നു. മുൻകൂട്ടിയുള്ള ഈ നടപടികൾ കൂടാതെ, നീതിന്യായ വ്യവസ്ഥയെ അപമാനകരമാം വണ്ണം നശിപ്പിച്ചവരുടെ കൈകളിലേക്ക് കോടതികളെ വീണ്ടും ഏൽപിച്ചുകൊടുത്തുകൊണ്ട് നീതിന്യായ നടത്തിപ്പിലേക്ക് തിരിച്ചു പോകുന്നതു കാപട്യവും പുതിയൊരു വഞ്ചനയുമായിരിക്കും.

മുൻ ഉടമസ്ഥന്മാർക്ക് പത്തു വർഷത്തേക്ക് അവർക്ക് കിട്ടുമായിരുന്ന പാട്ടം പ്രതിഫലമായി ഗവണ്മെൻറു കൊടുത്തുകൊണ്ട് അഞ്ചോ അതിൽ കുറവോ ക്യാബല്ലേറിയ (167 ഏക്കർ) ഭൂമി കൈവശം വെച്ചിട്ടുള്ള കൃഷിക്കാർക്കും സ്ഥിരാവകാശികളല്ലാത്ത കൃഷിക്കാർക്കും, പാട്ടക്കാർക്കും പങ്കുകൃഷിക്കാർക്കു, കുടികിടപ്പുകാർക്കുമെല്ലാം കടപ്പെടുത്താനും കൈമാററം ചെയ്യുവാനും അവകാശമില്ലാത്ത തരത്തിൽ ഭൂമി കൊടുക്കുക എന്നതായിരുന്നു രണ്ടാമത്തെ വിപ്ളവ നിയമം.

മൂന്നാമത്തെ വിപ്ളവനിയമം പഞ്ചസാരമില്ലുകൾ ഉൾ

പ്പെടെയുള്ള എല്ലാ വ്യാവസായിക, വാണിജ്യ, ഖനന സ്ഥാപനങ്ങളിലെയും തൊഴിലാളികൾക്കും ജീവനക്കാർക്കും ലാഭത്തിൻെറ 30 ശതമാനം പങ്കിട്ടെടുക്കുവാനുള്ള അവകാശം അനുവദിക്കുക എന്നതായിരുന്നു. നടപ്പിലാക്കുമായിരുന്ന മററു കാർഷികനിയമങ്ങൾ പരിഗണിച്ചുകൊണ്ട് തികച്ചും കാർഷികമായ സ്ഥാപനങ്ങളെ ഇതിൽ നിന്നു് ഒഴിവാക്കുകയും ചെയ്യുമായിരുന്നു.

എല്ലാ കരിമ്പുകൃഷിക്കാർക്കും ഉൽപ്പാദിപ്പിക്കുന്ന പഞ്ചസാരയുടെ അൻപത്തിഅഞ്ചുശതമാനം പങ്കിനും, മൂന്നോ അതിലധികമോ വർഷമായി സ്ഥിരമായി കൃഷിയിലേർപ്പെട്ടിട്ടുള്ള ചെറുകിട കൃഷിക്കാർക്കു് ഏററവും കുറഞ്ഞ ക്വോട്ടയായി നാല്പ്പതിനായിരം അരോബ (25 റാത്തൽ) പഞ്ചസാരക്കുമുള്ള അവകാശം അനുവദിക്കുക എന്നതായിരുന്നു നാലാമത്തെ വിപ്ളവനിയമം.

മുൻഭരണകാലങ്ങളിൽ കൃത്രിമം കാട്ടിയവരുടെയും അതുപോലെ തന്നെ അവരുടെ പിൻമുറക്കാരുടെയും അവകാശികളുടെയും കൈവശമുള്ള ഭൂമിയും അവിഹിതമായി നേടിയ മുതലുകളും പിടിച്ചെടുക്കുവാൻ ഉത്തരവു പുറപ്പെടുവിക്കുന്നതിനുള്ളതായിരുന്നു അഞ്ചാമത്തെ വിപ്ളവ നിയമം. ഇതു് നടപ്പിലാക്കുവാൻവേണ്ടി പ്രത്യേക കോടതികൾ സ്ഥാപിക്കുമായിരുന്നു. ഈ രാജ്യത്തു് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളതോ പ്രവർത്തിക്കുന്നതോ ആയഎല്ലാ കോർപ്പറേഷനുകളുടെയും റിക്കാർഡുകൾ പരിശോധിച്ചു് നിയമവിരുദ്ധമായി സമ്പാദിച്ച കറുത്ത പണം കണ്ടുപിടിക്കുവാനും, വിദേശികളെ പുറത്താക്കുന്നതിനും ക്യൂബൻ ജനതയ്ക്കവകാശപ്പെട്ട ഭൂമി കണ്ടുകെട്ടുന്നതിനും വിദേശ ഗവൺമെൻറുകളോടഭ്യർത്ഥിക്കുവാനുള്ള പരിപൂർണമായ അധികാരങ്ങൾ ഈ കോടതിക്കു നൽകുമായിരുന്നു. പിടിച്ചെടുക്കുന്ന സ്വത്തുക്കളിൽ പകുതി തൊഴിലാളികളുടെ പെൻഷൻ ഫണ്ടിനു വേണ്ടിയും ബാക്കി പകുതി ആശുപത്രികൾക്കും, അനാഥാലയങ്ങൾക്കും ധർമസ്ഥാപനങ്ങൾക്കും വേണ്ടിയും വിനിയോഗിക്കുമായിരുന്നു.

കൂടാതെ, അമേരിക്കൻ രാജ്യങ്ങളെ സംബന്ധിച്ചു് പുതിയൊരു നയവും പ്രഖ്യാപിക്കുമായിരുന്നു. ഈ ഭൂഖണ്ഡത്തിലെ ജനാധിപത്യവാദികളായ ജനതകളോടു് അടുത്ത ഐക്യം

സ്ഥാപിക്കുകയും, നമ്മുടെ സഹോദരരാജ്യങ്ങളിൽ മർദകഭരണം നടത്തിക്കൊണ്ടിരിക്കുന്ന നെറികെട്ട കിരാത ഭരണാധികാരികളുടെ രാഷ്ട്രീയമായ മൃഗീയ പീഢനത്തിനിരയാകുന്നവർക്കു മാർത്തിയുടെ മണ്ണിൽ സൗമനസ്യ പൂർവകമായ അഭയവും സാഹോദര്യവും ഭക്ഷണവും വാഗ്ദാനം ചെയ്യുകയും ചെയ്യുക എന്നതായിരുന്നു ആ നയം. അല്ലാതെ ഇന്നവർക്കിവിടെ കിട്ടുന്ന പീഢനവും പട്ടിണിയും നീചമായ പെരുമാററവുമല്ല. ക്യൂബ സ്വാതന്ത്ര്യത്തിൻെറ കോട്ടമതിലായിരിക്കണം, അല്ലാതെ ഭീകരഭരണത്തിൻെറ ചങ്ങലയിലെ വൃത്തികെട്ട ഒരു കണ്ണിയായിരിക്കരുതു്.

വിശദവും ദൂരവ്യാപകവുമായ ഒരു പഠനത്തിനുമുൻപായിത്തന്നെ, പ്രക്ഷോഭങ്ങൾ അവസാനിച്ച ഉടൻ ഈ നിയമങ്ങൾ പ്രഖ്യാപിക്കുമായിരുന്നു. അവയ്ക്കു് പിന്നാലെ, കാർഷിക പരിഷ്കാരം, സമഗ്രമായ വിദ്യാഭ്യാസ പരിഷ്കാരം, വിദ്യുച്ഛക്തി-ടെലഫോൺ ട്രസ്റ്റുകളുടെ ദേശസാൽകരണം, ഈ കമ്പനി നിയമവിരുദ്ധമായി ഈടാക്കിയ അമിത തുകകൾ ജനങ്ങൾക്കു തിരിച്ചുകൊടുക്കൽ, മുൻകാലത്തു് നാണമില്ലാതെ വെട്ടിച്ച എല്ലാ നികുതികളും ട്രഷറികളിലടപ്പിക്കൽ തുടങ്ങിയ അടിസ്ഥാനപരമായ നടപടികളും മററു കുറെ നിയമങ്ങളും കൊണ്ടുവരുമായിരുന്നു.

നമ്മുടെ ഭരണഘടനയുടെ കാതലായ രണ്ടു വകുപ്പുകളുടെ ശരിയായ നിർവഹണത്തെ അടിസ്ഥാനമാക്കിക്കൊണ്ടുള്ളവയായിരുന്നു ഇവയും മററു നിയമങ്ങളും. ഈ വകുപ്പുകളിൽ ഒന്നു്, ഭൂമി കൃഷിക്കാർക്കു തിരിച്ചു കിട്ടുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുകൊണ്ടു് ഓരോ തരം കാർഷിക സ്ഥാപനത്തിൻെറയും പേരിൽ ഒരാൾക്കോ ഒരു കേന്ദ്രത്തിനോ സ്വന്തമായി വയ്ക്കാവുന്ന പരമാവധി ഭൂമിയുടെ പരിധി നിർണയിക്കുകയും വൻകിട തോട്ടങ്ങൾ നിയമവിരുദ്ധമാക്കുകയും ചെയ്യുന്നതാണു്. മറേറതു്, തൊഴിലില്ലാത്ത എല്ലാവർക്കും തൊഴിൽ നല്കുവാനും കായികമോ ബുദ്ധിപരമോ ആയി അധ്വാനിക്കുന്ന ഓരോ തൊഴിലാളിക്കും മാന്യമായ ഒരു ഉപജീവനം ഉറപ്പു നൽകുവാനും ഭരണകൂടം അതിന്നധീനമായ എല്ലാ മാർഗങ്ങളും ഉപയോഗിക്കണമെന്നു നിഷ്കൃഷ്ടമായി അനുശാസിക്കുന്നു.

ഈ വകുപ്പുകളൊന്നും തന്നെ ഭരണഘടനാ വിരുദ്ധമാണെന്നു പറയാൻ സാധ്യമല്ല. പൊതു തെരഞ്ഞെടുപ്പിലൂടെ അധികാരത്തിൽ വരുന്ന ഒന്നാമത്തെ ഗവണ്മെൻറിനു് ഈ നിയമങ്ങളെ മാനിക്കേണ്ടതുണ്ടു്. അതു് രാഷ്ട്രത്തോടുള്ള ധാർമികമായ കടപ്പാടുകൊണ്ടു മാത്രമല്ല; തലമുറ തലമുറയായി ജനങ്ങൾ കൊതിച്ചുകൊണ്ടിരിക്കുന്ന ഒരു കാര്യം അവർ നേടുമ്പോൾ, അതു് പിന്നെയും തട്ടിയെടുക്കുവാൻ ലോകത്തിലൊരു ശക്തിക്കും സാധ്യമല്ല എന്നുള്ളതുകൊണ്ടു കൂടിയാണു്.

പൗരസ്വാതന്ത്ര്യങ്ങളും രാഷ്ട്രീയ ജനാധിപത്യവും വീണ്ടെടുക്കുന്നതോടൊപ്പം തന്നെ, ഭൂമിയെ സംബന്ധിക്കുന്ന പ്രശ്നം, വ്യവസായവൽക്കരണത്തിൻെറ പ്രശ്നം, വിദ്യാഭ്യാസത്തിൻെറ പ്രശ്നം, പൊതുജനാരോഗ്യത്തിൻെറപ്രശ്നം, എന്നീ ആറു പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള അടിയന്തിര നടപടികളും ഞങ്ങൾ സ്വീകരിക്കുമായിരുന്നു.

ഏററവും അപമാനകരമായ രാഷ്ട്രീയമായ അടിച്ചമർത്തലിനോടൊപ്പം ഈ പ്രശ്നങ്ങളും നാട്ടിൽ വരുത്തിത്തീർക്കുന്ന ഞെട്ടിപ്പിക്കുന്ന ദുഃഖകരമായ പരിത:സ്ഥിതികളെക്കുറിച്ചു് അറിഞ്ഞുകൂടാത്ത ഒരാൾക്കു ഈ വിവരണം ഒരുപക്ഷെ പഴഞ്ചനും സൈദ്ധാന്തികവുമാണെന്നു് തോന്നാം.

ക്യൂബയിലെ ചെറുകിട കൃഷിക്കാരിൽ എൺപത്തഞ്ചു ശതമാനവും പാട്ടക്കാരാണു്; കൃഷിഭൂമിയിൽ നിന്നു് ഏതു നിമിഷവും കുടിയൊഴിപ്പിക്കപ്പെടുമെന്ന ഭീഷണി അവരുടെ തലക്കുമുകളിൽ തൂങ്ങി നിൽക്കുന്നു. ഏററവും ഫലഭൂയിഷ്ഠമായ ഭൂമിയിൽ പകുതിയിലധികവും വിദേശികളുടെ വകയാണു്. ഏററവും വലിയ പ്രവിശ്യയായ ഓറിയന്റെയിൽ യുനൈറൈറഡു് ഫ്രൂട്ടു് കമ്പനിയുടെയും വെസ്റ്റു് ഇന്ത്യൻ കമ്പനിയുടെയും തോട്ടങ്ങൾ വടക്കെ തീരം മുതൽ തെക്കെ തീരം വരെ പരന്നു കിടക്കുന്നു. കൃഷി ചെയ്തു്, പട്ടിണി കിടക്കുന്ന തങ്ങളുടെ കുഞ്ഞുങ്ങൾക്കു് ആഹാരത്തിനുള്ള വക ഉണ്ടാക്കിക്കൊടുക്കുവാൻ ഒരേക്കർ ഭൂമിപോലുമില്ലാത്ത, കർഷകകുടുംബങ്ങളുടെ സംഖ്യ രണ്ടു ലക്ഷമാണു്. അതേ സമയം വൻകിട ജന്മിമാരുടെ കൃഷിക്കുപയുക്തമായ നൂറു ലക്ഷത്തോളം ഏക്കർ ഭൂമി കൃഷിചെയ്യാതെ കിടക്കുകയാണു്.

ക്യൂബ, എല്ലാററിലുമുപരി, ഒരു കാർഷികരാജ്യമാണു്.

ഇവിടത്തെ ജനങ്ങളിൽ കൂടുതലും ഗ്രാമീണരാണ്. നഗരങ്ങൾ ഈ ഗ്രാമപ്രദേശങ്ങളെ ആശ്രയിച്ചാണ് കഴിയുന്നത്. സ്വാതന്ത്ര്യം നേടിയെടുത്തത് ഗ്രാമീണരാണ്. തങ്ങളെ പരിരക്ഷിക്കുകയും നയിക്കുകയും ചെയ്യുന്ന ഒരു ഭരണകൂടത്തിന്റെ ചട്ടക്കൂടിനകത്ത് നിന്നുകൊണ്ട്, മണ്ണിനെ സ്നേഹിക്കാനും കൃഷി ചെയ്യാനും അറിയുന്ന ആരോഗ്യവും ആവേശവുമുള്ള ഒരു ഗ്രാമീണജനതയെ ആശ്രയിച്ചാണ് നമ്മുടെ നാടിന്റെ മഹത്വവും പുരോഗതിയും നിലനിൽക്കുന്നത്. ഇതെല്ലാം പരിഗണിക്കുമ്പോൾ ഇന്നത്തെ സ്ഥിതി തുടരുവാൻ എങ്ങനെ കഴിയും ?

ചില ആഹാരപദാർത്ഥങ്ങളും തുണിത്തരങ്ങളുമൊഴിച്ചാൽ, കൂടുതൽ പ്രധാനമായും ഉൽപാദിപ്പിക്കുന്നത് അസംസ്കൃതസാധനങ്ങളാണ്. നമ്മൾ പഞ്ചസാര കയററി അയച്ചിട്ട് മിഠായി ഇറക്കുമതി ചെയ്യുന്നു; തുകൽ കയററുമതി ചെയ്തിട്ട് ചെരുപ്പുകൾ വിദേശങ്ങളിൽ നിന്ന് വാങ്ങുന്നു; ഇരുമ്പു കയററി അയക്കുകയും ഇരുമ്പുകപ്പലുകൾ ഇറക്കുമതി ചെയ്യുകയും ചെയ്യുന്നു. രാജ്യത്തെ അതിവേഗം വ്യവസായവൽക്കരിക്കുകയും ഉരുക്ക്, കടലാസ്, രാസവസ്തുക്കൾ എന്നീ വ്യവസായങ്ങൾ ആരംഭിക്കുകയും കന്നുകാലികളുടെയും ധാന്യങ്ങളുടെയും ഉൽപാദനവും ഭക്ഷ്യ വ്യവസായത്തിന്റെ ടെക്നിക്കുകളും രീതിയും മെച്ചപ്പെടുത്തുകയും ചെയ്യേണ്ടതാവശ്യമാണെന്നും, എങ്കിൽ മാത്രമെ ചീസ്, കട്ടിയാക്കിയ പാൽ, പാനീയങ്ങൾ, എണ്ണ എന്നീ ഉൽപന്നങ്ങളുടെ കാര്യത്തിൽ യൂറോപ്യൻമാരിൽ നിന്നും, തയ്യാർ ചെയ്ത് ടിന്നുകളിലാക്കിയ ഭക്ഷണസാധനങ്ങളുടെ കാര്യത്തിൽ അമേരിക്കയിൽ നിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്ന വിനാശകരമായ മത്സരത്തെ നേരിടാൻ നമുക്ക് കഴിയുകയുള്ളുവെന്നും എല്ലാവരും സമ്മതിക്കുന്നുണ്ട്. അതുപോലെ തന്നെ വാണിജ്യക്കപ്പലുകൾ ആവശ്യമാണെന്നും വൻപിച്ച വരുമാനം ലഭ്യമാക്കുന്ന തരത്തിൽ ടൂറിസം വികസിപ്പിക്കേണ്ടതുണ്ടെന്നുമുള്ള കാര്യങ്ങളിലും ആർക്കും അഭിപ്രായവ്യത്യാസമില്ല. പക്ഷെ, തൊഴിലാളികൾ അടിമത്ത നുകത്തിൻ കീഴിൽത്തന്നെ കിടന്നു കൊള്ളണമെന്ന് മുതലാളിമാർ ശഠിക്കുന്നു. ഭരണകൂടമാണെങ്കിൽ കയ്യും കെട്ടിയിരിക്കയാണ്. വ്യവസായവൽക്കരണത്തിനുവേണ്ടി കല്പാന്തകാലം

വരെ കാത്തിരിക്കേണ്ട സ്ഥിതിയാണ്.

ഇത്രയുമോ ഇതിലധികമോ ഗുരുതരമാണ് പാർപ്പിട പ്രശ്നം. രണ്ടു ലക്ഷം കുടിലുകളും ചാളകളും ക്യൂബയിലുണ്ട്. നാട്ടുമ്പുറങ്ങളിലും നഗരങ്ങളിലുമായി നാലു ലക്ഷം കുടുംബങ്ങൾ പ്രാഥമികമായ ആവശ്യങ്ങൾ നിറവേററുവാൻ പോലും സൗകര്യമില്ലാത്ത ബാരക്കുകളിലും നെടുംശാലകളിലും ഞെങ്ങിഞെരുങ്ങി കഴിഞ്ഞുകൂടുകയാണ്. നഗരങ്ങളിലെ ഇരുപത്തിരണ്ടു ലക്ഷം ജനങ്ങൾ അവരുടെ വരുമാനത്തിൻെറ അഞ്ചിലൊന്നു മുതൽ മൂന്നിലൊന്നു വരെ വാടകയായി കൊടുക്കുന്നു. നാട്ടുമ്പുറങ്ങളിലെയും നഗരപ്രാന്തങ്ങളിലെയും ഇരുപത്തെട്ടു ലക്ഷം ജനങ്ങൾക്ക് വിദ്യുച്ഛക്തി കിട്ടുന്നില്ല. വാടക കുറക്കുവാൻ ഗവണ്മെൻറ് തീരുമാനിച്ചാൽ ഭവനനിർമാണ പരിപാടികളെല്ലാം മരവിപ്പിക്കുമെന്നാണു ഭൂവുടമകൾ ഭീഷണിപ്പെടുത്തുന്നത്. ഗവണ്മെൻറ് ഇടപെടാതിരിക്കുകയും കൂടിയ വാടക കിട്ടുകയും ചെയ്താലെ അവർ നിർമാണ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോവുകയുള്ളു. നേരെമറിച്ചാണെങ്കിൽ ബാക്കി ജനങ്ങളെല്ലാം തലചാക്കുവാനൊരിടമില്ലാതെ വെയിലും മഴയും മഞ്ഞും സഹിക്കേണ്ടി വന്നാൽ പോലും ഒരൊററ ഇഷ്ടികപോലും ഭൂവുടമകൾ പാകുകയില്ല. വിദ്യുച്ഛക്തിവിതരണം നടത്തുന്ന കുത്തകക്കാരും ഒട്ടും മോശമല്ല. ലാഭകരമാണെങ്കിൽ മാത്രമേ അവർ ലൈൻ നീട്ടുകയുള്ളു. അല്ലെങ്കിൽ ജനങ്ങൾ തങ്ങളുടെ ജീവിതകാലമത്രയും ഇരുട്ടിൽ കഴിയേണ്ടി വന്നാലും അവർക്ക് പ്രശ്നമല്ല. ഭരണകൂടമാണെങ്കിൽ കൈയും കെട്ടി ഇരുപ്പാണ്. ജനങ്ങൾക്ക് വീടുമില്ല, വിദ്യുച്ഛക്തിയുമില്ല.

നമ്മുടെ ദേശീയ പരിത:സ്ഥിതിക്ക് ശരിക്കും കിട നിൽക്കുന്ന ഒന്നാണ് നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായം. കൃഷിക്കാർ കൃഷിഭൂമിയുടെ ഉടമകളല്ലാത്തിടത്ത് കാർഷിക സ്കൂളുകളുടെ ആവശ്യമെന്താണ്? വ്യവസായങ്ങളില്ലാത്തിടത്തു സാങ്കേതിക വ്യാവസായിക സ്കൂളുകളുടെ ആവശ്യമെന്താണ്? എല്ലാം ഇതുപോലെ കുത്തഴിഞ്ഞു കിടക്കുകയാണ്. ആവശ്യമായതു യാതൊന്നുമില്ല. യൂറോപ്പിലെ ഏതു ചെറിയ രാജ്യത്തും ഇരുന്നൂറിൽ കൂടുതൽ സാങ്കേതിക വ്യാവസായിക സ്കൂളുകളുണ്ട്. ക്യൂബയിലുള്ളതു് അത്തരം ആറു സ്കൂളുകളാണ്. അ

വിടെ നിന്നു ബിരുദം നേടി ഇറങ്ങുന്ന കുട്ടികൾക്കാകട്ടെ, അവരുടെ അറിവും കഴിവും വിനിയോഗിക്കുവാൻ അവസരമില്ല. നാട്ടുമ്പുറങ്ങളിൽ സ്കൂളിൽ പോകുന്ന പ്രായത്തിലുള്ള കുട്ടികളിൽ പകുതി മാത്രമാണ് സ്കൂളിൽ പോകുന്നതു്. പോകുന്നവർ തന്നെയും നഗ്നപാദരും അർധനഗ്നരും അർധപട്ടിണിക്കാരുമാണ്. സ്കൂളിലേക്കാവശ്യമായ സാധനങ്ങൾ മിക്കവാറും അധ്യാപകൻ തൻെറ തുഛ ശമ്പളത്തിൽ നിന്നു വാങ്ങണം. ഇങ്ങനെയാണോ ഒരു രാജ്യത്തെ മഹത്തരമാക്കുന്നതു്? ഇത്ര കടുത്ത ദുരിതത്തിൽ നിന്നു് മരണത്തിനു മാത്രമേ നമ്മെ മോചിപ്പിക്കാനാവൂ. ഭരണകൂടം എന്തായാലും ഈ അകാലമരണത്തിനു അങ്ങേയററം സഹായിക്കുന്നുണ്ടു്. ചെരുപ്പുപയോഗിക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ടു് മണ്ണിൽ നിന്നു സംക്രമിക്കുന്ന രോഗങ്ങൾ പിടിപെട്ടവരാണ് നാട്ടുമ്പുറങ്ങളിലെ കുട്ടികളിൽ തൊണ്ണൂറു ശതമാനവും. ഒരു കുട്ടിയെ തട്ടിക്കൊണ്ടു പോവുകയോ കൊലപ്പെടുത്തുകയോ ചെയ്തെന്നു കേട്ടാലുടനെ സമൂഹം വികാരപാരവശ്യം കൊള്ളും. പക്ഷെ ചികിത്സാ സൗകര്യമില്ലാത്തതുകൊണ്ടു്, കൊടുംവേദനയനുഭവിച്ചു് വർഷം തോറും മരിക്കുന്ന അനേകായിരം കുഞ്ഞുങ്ങളുടെ കൂട്ടക്കൊലയുടെ കാര്യത്തിൽ കുററകരമായ അനാസ്ഥയാണവർ പ്രകടിപ്പിക്കുന്നതു്. മരണത്തിൻെറ പടുതിരി കൊളുത്തിക്കഴിഞ്ഞ ആ പിഞ്ചോമനകളുടെ നിഷ്കളങ്കമായ കണ്ണുകൾ മനുഷ്യ സ്വാർഥതയ്ക്കു വേണ്ടി അപാരതകളിൽ മാപ്പു തേടുകയാണെന്നും ഈശ്വരകോപം ഇവർക്കുമേൽ വീഴ്ത്തരുതേ എന്നു് ഈശ്വരനോടു് യാചിക്കുകയാണെന്നും തോന്നും. ആണ്ടിൽ നാലുമാസം മാത്രം തൊഴിലുള്ള ഒരു കുടുംബനാഥൻ എന്തെടുത്തിട്ടാണു തൻെറ കുഞ്ഞുങ്ങൾക്കു് ഉടുപ്പും മരുന്നും വാങ്ങിക്കൊടുക്കുന്നതു്? പക്ഷവാതം പിടിച്ചു് അവർ വളരും. മുപ്പതു വയസ്സാവുമ്പോൾ നല്ല ഒരു പല്ലും അവരുടെ വായിൽ കാണുകയില്ല. കോടിക്കണക്കിന് പ്രസംഗങ്ങൾ കേട്ടു് അവസാനം വഞ്ചിതരായി, ദുരിതത്തിലാണ്ടു് അവർ മരിക്കും. എപ്പോഴും ആളുകൾ നിറഞ്ഞു കിടക്കുന്ന പബ്ളിക് ആശുപത്രികളിൽ രോഗികൾക്കു് പ്രവേശനം കിട്ടണമെങ്കിൽ ശക്തനായ ഏതെങ്കിലും രാഷ്ട്രീയ നേതാവിൻെറ ശുപാർശ വേണം. അതിനുപകരമായി നിർഭാഗ്യവാനായ ആ രോഗിയും അയാളുടെ

കുടുംബത്തിലുള്ളവരും തനിക്ക് വോട്ടു ചെയ്യണമെന്ന് നേതാവ് ആവശ്യപ്പെടുകയും ചെയ്യും. എന്തിനുവേണ്ടി? ക്യൂബ ഇന്നത്തെ പോലെ അല്ലെങ്കിൽ ഇനിയും മോശമായ സ്ഥിതിയിൽ എന്നെന്നും കഴിഞ്ഞുകൊള്ളട്ടെ എന്നു വിധിക്കുന്നതിന്ന്.

ഈ പശ്ചാത്തലത്തിൽ, പത്തുലക്ഷത്തിൽപരമാളുകൾക്ക് മേയ് മുതൽ ഡിസംബർ വരെയുള്ള മാസങ്ങളിൽ തൊഴിലില്ലാത്തതെന്തുകൊണ്ടാണെന്ന് വ്യക്തമാകുന്നില്ലേ? നാല് കോടി വീതം ജനസംഖ്യയുള്ള ഫ്രാൻസിലേതിനേക്കാളും ഇററലിയിലേതിനേക്കാളും കൂടുതൽ തൊഴിലില്ലാത്തവർ അമ്പത്തഞ്ചു ലക്ഷം മാത്രം ജനസംഖ്യയുള്ള ക്യൂബയിൽ ഉള്ളതെന്തുകൊണ്ടാണെന്നും വ്യക്തമല്ലേ?

ഒരു മോഷണക്കേസിലെ പ്രതിയെ വിചാരണ ചെയ്യുമ്പോൾ, ബഹുമാന്യരെ, അയാൾക്ക് തൊഴിലില്ലാതായിട്ട് എത്ര കാലമായി എന്നു നിങ്ങൾ ചോദിക്കാറുണ്ടോ? അയാൾക്ക് എത്ര കുട്ടികളുണ്ടെന്ന്, ആഴ്ചയിലേതെല്ലാം ദിവസങ്ങളിൽ അയാൾ ആഹാരം കഴിച്ചിട്ടുണ്ടെന്ന്, ഏതെല്ലാം ദിവസങ്ങളിൽ കഴിച്ചിട്ടില്ലെന്ന് നിങ്ങൾ ചോദിക്കാറുണ്ടോ? അയാളുടെ പരിത:സ്ഥിതികളെക്കുറിച്ച് അല്പമാത്രമായെങ്കിലും പരിഗണിക്കാറുണ്ടോ? കൂടുതലെന്തെങ്കിലും ചിന്തിക്കാതെ നിങ്ങൾ അയാളെ ജയിലിലേക്കയക്കുന്നു. പക്ഷേ, ഇൻഷൂറൻസ് പണം തട്ടിയെടുക്കുവാൻ വേണ്ടി പണ്ടകശാലകളും സ്റ്റോറുകളും കത്തിച്ചുകളയുന്ന ആളുകൾ, അക്കൂട്ടത്തിൽ ചില മനുഷ്യരെ കൂടി ദഹിപ്പിച്ചിട്ടുണ്ടെങ്കിൽ പോലും, ജയിലിലേക്കു പോകുന്നില്ല. വക്കീൽമാരെ വാടകക്കെടുക്കാനും ന്യായാധിപന്മാരെ വിലക്കു വാങ്ങാനും അവരുടെ കയ്യിൽ പണമുണ്ട്. വിശപ്പ് സഹിക്കവയ്യാത്തതുകൊണ്ട് കളവു നടത്തുന്ന തെരുവുതെണ്ടിയെ നിങ്ങൾ ജയിലിലടക്കുന്നു. പക്ഷെ, ഗവണ്മെൻറിൻെറ കോടിക്കണക്കിന് പണം കുത്തിവാരുന്ന നൂറുകണക്കിനാളുകളിലൊററയാളും ഒററ രാത്രിപോലും ജയിലിൽ കഴിയേണ്ടിവരുന്നില്ല വർഷാവസാനങ്ങളിൽ അവരുടെ കൂടെ നിങ്ങൾ ഉദ്യാന സൽക്കാരങ്ങളിൽ പങ്കെടുക്കുന്നു. അവർ നിങ്ങളുടെ ആദരവ് നേടുന്നു.

ക്യൂബയിൽ ഒററ രാത്രികൊണ്ടു ലക്ഷാധിപതിയായിത്തീരുന്ന ഉദ്യോഗസ്ഥ മേധാവി സമ്പന്നരുടെ സമൂഹത്തിലേ

ക്ക വരുമ്പോഴം, ബൽസാക്കിൻെറ കഥാപാത്രമായ തെയ്ലി ഫറുടെ വാക്കുകഠം കൊണ്ടു അയാളെ സ്വാഗതം ചെയ്യം. പെട്ടെന്നു് വൻപിച്ച സമ്പത്തിന്നവകാശിയായിത്തീർന്ന ചെറുപ്പക്കാരനെ അനുമോദിച്ചുകൊണ്ടു് തെയ്ലിഫർ പറയുന്നതിങ്ങനെയാണ്: 'മാന്യരേ, സ്വർണത്തിൻെറ ശക്തിക്കായി നമുക്കെല്ലാവർക്കും പാനോപചാരം നടത്താം ! ലക്ഷാധിപതികളിൽ ആറിരട്ടി ലക്ഷാധിപതിയായ മി: വലന്തീനിൻെറ സിംഹാസനാരോഹണം ഇപ്പോഠം നടന്നു കഴിഞ്ഞതേയുള്ളു. അദ്ദേഹം രാജാവാണു്. എല്ലാ പണക്കാരെയും പോലെതന്നെ അദ്ദേഹത്തിനു് എന്തും ചെയ്യാം. അദ്ദേഹം എല്ലാററിനും അതീതനുമാണു്. ഇനിയങ്ങോട്ടു അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം നിയമത്തിൻെറയും ഭരണഘടനയുടെയും മുൻപിൽ എല്ലാവരും തുല്യരാണു് എന്ന തത്വം ഒരു കടംകഥയാണു്. എന്തുകൊണ്ടെന്നാൽ അദ്ദേഹം നിയമങ്ങഠക്കു് വിധേയനല്ല, നിയമങ്ങഠം അദ്ദേഹത്തിനു വിധേയമായിരിക്കും. ലക്ഷാധിപതികഠംക്കു കോടതികളോ ശിക്ഷകളോ ഇല്ല !'

ഈ രാജ്യത്തിൻെറ ഭാവിയും അതിൻെറ പ്രശ്നങ്ങഠംക്കുള്ള പരിഹാരവും സ്വാർഥ തല്പരരായ ഒരു ഡസൻ പണച്ചാക്കുകളേയോ അല്ലെങ്കിൽ എയർകണ്ടീഷൻ ചെയ്ത ആഫീസുമുറികളിലിരുന്നു് ലാഭത്തിൻെറ കണക്കുമാത്രം കൂട്ടുന്ന പത്തോ പന്ത്രണ്ടോ വ്യവസായ പ്രമുഖന്മാരേയോ ആശ്രയിച്ചു് തുടരുവാൻ സാധ്യമല്ല. പ്രവാചകൻ തൻെറ കോപം കൊണ്ടു് ഒരു സ്വർണക്കന്നിനെ നശിപ്പിച്ചു കളഞ്ഞതായി ഒരു വേദപുസ്തകത്തിലുണ്ടല്ലോ. അതുപോലെയുള്ള ചില സ്വർണക്കന്നുകളുടെ മുൻപിൽ മുട്ടുകുത്തി അവയുടെ മാസ്മര ശക്തിക്കുവേണ്ടി യാചിക്കുവാൻ ഈ രാജ്യത്തിനു സാധ്യമല്ല. സ്വർണക്കന്നുകഠംക്കു് യാതൊരു തരത്തിലുള്ള മാസ്മര വിദ്യയും കാട്ടാനാവില്ല. നമ്മുടെ റിപ്പബ്ളിക്കിൻെറ പ്രശ്നങ്ങഠം പരിഹരിക്കുവാൻ, അതിനു് രൂപം നൽകിയപ്പോഠം നമ്മുടെ വിമോചകന്മാർക്കുണ്ടായിരുന്ന അതേ ഊർജസ്വലതയോടും സത്യസന്ധതയോടും സ്വദേശാഭിമാനത്തോടും കൂടി സമരം ചെയ്യുവാൻ നമ്മഠം സ്വയം സമർപ്പണം ചെയ്താൽ മാത്രമേ സാധ്യമാവൂ.

'വ്യവസായത്തിനുള്ള പരിപൂർണ സ്വാതന്ത്ര്യം', 'മുടക്കു

മുതലിനു ഉറപ്പു'', 'പ്രദാന-ചോദന നിയമം' തുടങ്ങിയ പദങ്ങൾ ഉരുവിടുകയും ഇന്നത്തെ സ്ഥിതി തുടർന്നു നില നിർത്തുന്നതിൽ തങ്ങളുടെ രാഷ്ട്രമീമാംസാ വിചക്ഷണത്വം കാണുകയും ചെയ്യുന്ന കാർലോസ് സലദ്രിഗാസിനെപ്പോലെയുള്ള രാഷ്ട്രീയക്കാർ ഈ പ്രശ്നങ്ങൾ പരിഹരിക്കുവാൻ പോകുന്നില്ല. അടിയന്തിരമായി പ്രശ്നങ്ങൾ പരിഹരിച്ചു കിട്ടേണ്ട ആളുകൾ മണ്ണടിഞ്ഞു് അവരുടെ അസ്ഥികളുടെ പൊടിപോലും അവശേഷിക്കാതാകുന്നതുവരെക്കും ആ മന്ത്രിമാർക്കു് ഫിഫ്ത്തു് അവന്യൂവിലെ മണിമന്ദിരങ്ങളിൽ ഉല്ലാസപൂർവം സൊള്ളിക്കൊണ്ടിരിക്കാം. ഇന്നത്തെ ലോകത്തു സ്വയം ഭൂകളായ ശക്തികളെക്കൊണ്ടു് സാമൂഹ്യ പ്രശ്നങ്ങൾ പരിഹരിക്കാനാകില്ല.

ഒരു വിപ്ലവഗവണ്മെൻറു് ജനങ്ങളുടെ പിൻബലത്തോടും രാജ്യത്തിൻെറ ആദരവോടും കൂടി കൈക്കൂലിക്കാരും അഴിമതിക്കാരുമായ ഉദ്യോഗസ്ഥപ്പരിഷകളെ വിവിധസ്ഥാപനങ്ങളിൽ നിന്നു അടിച്ചു പുറത്താക്കി അവയെ ശുദ്ധീകരിച്ച ശേഷം നാഷണൽ ബാങ്കും കാർഷിക-വ്യാവസായിക-വികസനബാങ്കും വഴിയായി 15 കോടി ഡോളറെന്നു ഈയിടെ കണക്കാക്കപ്പെട്ടിട്ടുള്ള ഉപയോഗപ്പെടാതെ കിടക്കുന്ന മൂലധനം സമാഹരിച്ചുകൊണ്ടു് രാജ്യത്തെ ഉടനടി വ്യവസായവൽക്കരിക്കുവാനുള്ള നടപടികൾ സ്വീകരിക്കും. പഠനത്തിനും മാർഗനിർദേശത്തിനും ആസൂത്രണം ചെയ്യുന്നതിനും പ്രാവർത്തികമാക്കുന്നതിനും വേണ്ടി രാഷ്ട്രീയ ഉപജാപങ്ങളിൽ നിന്നു് പൂർണമായും ഒഴിഞ്ഞു നിൽക്കുന്ന വിദഗ്ധന്മാരെയും തികഞ്ഞ കഴിവുള്ളവരെയും വമ്പിച്ച ഈ കടമ ഏല്പിച്ചു കൊടുക്കും.

ഒരു ലക്ഷം വരുന്ന ചെറുകിടക്കാരെ അവരുടെ പാട്ടഭൂമികളുടെ ഉടമകളാക്കി മാററിയ ശേഷം വിപ്ലവഗവണ്മെൻറു് ഉടനടി നീങ്ങുന്നതു ഭൂമിയുടെ പ്രശ്നം പരിഹരിക്കുന്നതിനായിരിക്കും. ഒന്നാമതായി, ഭരണഘടന അനുശാസിക്കുന്നതുപോലെ ഓരോതരം കാർഷികസ്ഥാപനത്തിനും കൈവശം വെയ്ക്കാവുന്ന ഭൂമിയുടെ പരിധി നിശ്ചയിക്കുകയും ബാക്കി പിടിച്ചെടുക്കുകയും ചെയ്യും. കൂടാതെ കൈയ്യേറപ്പെട്ടിട്ടുള്ള ഗവണ്മെൻറുഭൂമി വീണ്ടെടുക്കുകയും ചതുപ്പുനിലങ്ങൾ കൃഷിക്കു പയുക്തമാക്കി മാററുകയും വലിയ തൈത്തോട്ടങ്ങൾ ഉണ്ടാക്കുകയും വനങ്ങൾക്കു വേണ്ടി പ്രത്യേക മേഖലകൾ തിരിച്ചിടു

കയും ചെയ്യും. രണ്ടാമതായി മിച്ചം വരുന്ന ഭൂമി കർഷക കുടുംബങ്ങൾക്കു് വീതിച്ചുകൊടുക്കും. അംഗസംഖ്യ കൂടുതലുള്ള കുടുംബങ്ങൾക്കായിരിക്കും മുൻഗണന. അതുപോലെതന്നെ ചെലവു് കൂടിയ ഉപകരണങ്ങൾ പൊതുവായി ഉപയോഗിക്കുന്നതിനുള്ള സൗകര്യത്തിനായി കാർഷിക സഹകരണ സംഘവും ശീതീകരണ യന്ത്രങ്ങളും കൃഷിക്കും കന്നുകാലിവളർത്തലിനുമായി ഒരു സാങ്കേതിക—തൊഴിൽ നിർദേശ ബോർഡും ഞങ്ങൾ സ്ഥാപിക്കും. അവസാനമായി കൃഷിക്കാർക്കു മുടക്കുന്നതിനുള്ള മുതലും ഉപകരണങ്ങളും സംരക്ഷണവും പ്രയോജനകരമായ മാർഗനിർദേശങ്ങളും നൽകും.

വീട്ടുവാടക പകുതിയാക്കി വെട്ടിച്ചുരുക്കുക, ഉടമസ്ഥന്മാർ തന്നെ താമസിക്കുന്ന വീടുകളെ വീട്ടുകരത്തിൽ നിന്നൊഴിവാക്കുക, വാടക വീടുകളുടെ മേലുള്ള കരം മൂന്നിരട്ടിയാക്കി വർധിപ്പിക്കുക, കുടിലുകൾ പൊളിച്ചു മാററിയിട്ടു് അവയുടെ സ്ഥാനത്തു് പല കുടുംബങ്ങൾക്കു ചേർന്നു താമസിക്കാവുന്ന കെട്ടിടങ്ങൾ നിർമിക്കുക, ഇന്നോളം കേട്ടിട്ടില്ലാത്ത തോതിൽ ദ്വീപിലാകെയും ഭവന നിർമാണത്തിനു സാമ്പത്തിക സഹായം നൽകുക—ഇങ്ങനെയാണു് വിപ്ലവ ഗവണ്മെൻറു് പാർപ്പിട പ്രശ്നം പരിഹരിക്കുക. നാട്ടുമ്പുറത്തെ ഓരോ കുടുംബത്തിനും അവരുടേതായ ഭൂമി ഉണ്ടായിരിക്കണമെന്നതു പോലെ തന്നെ നഗരങ്ങളിലെ ഓരോ കുടുംബത്തിനും അവരുടേതായ വീടോ താമസസൗകര്യമോ ഉണ്ടായിരിക്കണം എന്നതാണു് മാനദണ്ഡം. ഓരോ ക്യൂബക്കാരനും അന്തസ്സായ ഓരോ വീടുണ്ടാക്കുവാൻ ആവശ്യമായതിലും കൂടുതൽ മനുഷ്യശക്തിയും വീടുപണിയുന്നതിനാവശ്യമായ വസ്തുക്കളും ഇവിടെയുണ്ടു്. പക്ഷെ സ്വർണക്കന്നിന്റെ മാസ്മരശക്തിയും പ്രതീക്ഷിച്ചു നമ്മൾ ഇരിക്കുകയാണെങ്കിൽ ആയിരം കൊല്ലം കഴിഞ്ഞാലും ഈ പ്രശ്നം ഇതുപോലെ തന്നെ അവശേഷിക്കും. ക്യൂബയിലെ ഏററവും ഒഴിഞ്ഞ കോണുകളിലേക്കു പോലും വിദ്യുച്ഛക്തി എത്തിക്കുവാനുള്ള സാധ്യത ഇന്നു്, മുമ്പെന്നത്തെക്കാളും കൂടുതലായുണ്ടു്. ഈ രംഗത്തു് അണു ശക്തിയുടെ ഉപയോഗം ഒരു യാഥാർഥ്യമായി കഴിഞ്ഞിട്ടുണ്ടു്. അതു് വിദ്യുച്ഛക്തി ഉൽപാദനത്തിന്റെ ചെലവു് ഗണ്യമായി കുറക്കുന്നതാണു്.

ഈ മൂന്നു പദ്ധതികളും പരിഷ്കാരങ്ങളും കൊണ്ടു തൊഴിലില്ലായ്മ താനേ അപ്രത്യക്ഷമാവും. പൊതുജനാരോഗ്യം മെച്ചപ്പെടുത്തുകയും രോഗങ്ങളെ നിർമാർജനം ചെയ്യുകയും ചെയ്യുക എന്ന ജോലി ലഘൂകരിക്കുകയും ചെയ്യും.

അവസാനമായി, സന്തുഷ്ടമായ ഒരു ഭൂമിയിൽ ജീവിക്കുവാനുള്ള ഭാഗ്യം ലഭിക്കുന്ന ആ തലമുറകളെ വിദ്യാഭ്യാസം ചെയ്യിക്കുക എന്ന ആശയം ഉൾക്കൊണ്ടു കൊണ്ടും മുകളിൽ പറഞ്ഞ പദ്ധതികൾക്കനുസൃതമായും വിദ്യാഭ്യാസ സമ്പ്രദായത്തെ വിപ്ലവ ഗവണ്മെൻറ് സമഗ്രമായി പരിഷ്കരിക്കും. മഹാനായ ഗുരുവിൻെറ വാക്കുകൾ മറക്കാതിരിക്കുക:

'ലാററിനമേരിക്കയിൽ ഗുരുതരമായ ഒരു തെററ് ചെയ്തു കൊണ്ടിരിക്കയാണ്. മിക്കവാറും കൃഷികൊണ്ടു മാത്രം ഉപജീവനം കഴിഞ്ഞു പോരുന്ന രാജ്യങ്ങളിൽ ആളുകളെ കർഷകജീവിതത്തിനു വേണ്ടി പരിശീലിപ്പിക്കുന്നതിനു പകരം നഗരജീവിതത്തിനുവേണ്ടി മാത്രമായി വിദ്യാഭ്യാസം ചെയ്യിച്ചു കൊണ്ടിരിക്കയാണ്. ചിന്തകൾക്കു തെളിച്ചവും വികാരങ്ങൾക്ക് മാർഗനിർദേശവും ഒരുപോലെ കിട്ടുന്ന തരത്തിൽ ഏററവും നന്നായി വിദ്യാഭ്യാസം ലഭിച്ച മക്കളുള്ള രാജ്യമാണ് ഏററവും സന്തുഷ്ടമായ രാജ്യം.

'......വിദ്യാസമ്പന്നമായ ഒരു രാജ്യം എന്നും ശക്തവും സ്വതന്ത്രവുമായിരിക്കും...'

വിദ്യാഭ്യാസത്തിൻെറ ആത്മാവ് അധ്യാപകൻ തന്നെയാണ്. അധ്യാപകവൃത്തിക്കു ലഭിക്കുന്ന വേതനം ക്യൂബയിൽ ശോചനീയമാം വണ്ണം താഴ്ന്നതാണ്. എന്നിട്ടുപോലും ക്യൂബയിലെ അധ്യാപകനോളം സമർപ്പണ മനോഭാവമുള്ളവർ മററാരുമില്ല. ചെറിയ എഴുത്തു പള്ളികളിലിരുന്ന അദ്ദേഹത്തിൽ നിന്നു് 'ഹരിശ്രീ' പഠിക്കാത്തവർ ആരുണ്ട്? കുട്ടികളെ വിദ്യ അഭ്യസിപ്പിക്കുക എന്ന പാവനമായ ചുമതല ഏല്പിച്ചിട്ടുള്ള ഈ യുവാക്കൾക്കും യുവതികൾക്കും 'നക്കാപ്പിച്ച' ശമ്പളം കൊടുക്കുന്ന ഏർപ്പാട് നിർത്തണം. ഒരൊററ സ്കൂൾ അധ്യാപകൻെറയും ശമ്പളം 200 ഡോളറിൽ കുറവാകരുത്; ഒരൊററ സെക്കൻഡറി പ്രൊഫസ്സറുടെയും ശമ്പളം 350 ഡോളറിൽ കുറവാകരുത്. എങ്കിലേ പ്രാരബ്ധങ്ങളൊഴിഞ്ഞ് തങ്ങളുടെ മഹത്തായ പ്രവൃത്തിയിൽ പൂർണമായും മുഴുകാൻ അവർക്കു പററൂ. കൂടാതെ ഗ്രാമപ്രദേശങ്ങളിലെ അധ്യാപകന്മാർക്ക് എല്ലാവാഹനങ്ങളിലും യാത്ര സൗജന്യമാക്കണം; അഞ്ചുകൊല്ലത്തിലൊരിക്കൽ വീതം എല്ലാ അധ്യാപകർക്കും 6 മാസമെങ്കിലും ഉപരിപഠനത്തിനോ പരിശീലനത്തിനോ ആയി ശമ്പളത്തോടുകൂടി ലീവ് നൽകണം. എങ്കിലേ തങ്ങൾ പഠിപ്പിക്കുന്ന വിഷയങ്ങളിലെ ആധുനികമായ വികാസങ്ങൾ

ഉരംക്കൊള്ളാൻ അവർക്കു് കഴിയൂ. ഇങ്ങനെ വിദ്യാഭ്യാസ സമ്പ്രദായവും പാഠ്യപദ്ധതിയും തുടർച്ചയായി മെച്ചപ്പെടുത്താം.

ഇതിനെല്ലാം എവിടെ നിന്നു് പണം കിട്ടുമെന്നോ? ഗവണ്മെൻറ് ഫണ്ടുകളുടെ ദുരുപയോഗം അവസാനിപ്പിച്ചാൽ, സർക്കാരിന്നു് നികുതി ഒടുക്കാനുള്ള കമ്പനികളിൽ നിന്നു് അധികാരികരം കോഴവാങ്ങുന്നതു് അവസാനിപ്പിച്ചാൽ രാജ്യത്തിലെ ബൃഹത്തായ വിഭവങ്ങളെ പൂർണമായി ഉപയോഗിച്ചാൽ, ടാങ്കുകളും ബോമ്പറുകളും തോക്കുകളും വാങ്ങുന്നതു് നിർത്തിയാൽ (ഈ രാജ്യത്തിന്നു് പ്രതിരോധിക്കപ്പെടേണ്ട അതിരുകളൊന്നുമില്ല. ഈ വാങ്ങിക്കുന്ന ആയുധങ്ങരം ജനങ്ങരംക്കെതിരായുള്ളതാണു്.) ജനങ്ങളെ കൊല്ലുന്നതിനേക്കാരം അധികം താല്പര്യം അവരെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിലായാൽ, അപ്പോരം ആവശ്യത്തിലധികം പണം ഉണ്ടായിരിക്കും.

ക്യൂബയിൽ ഇന്നുള്ളതിൻെറ മൂന്നു മടങ്ങു് ജനങ്ങരംക്കു് സസുഖം ജീവിക്കാൻ വേണ്ട വകയുണ്ടു്. അതിനാൽ ഇന്നത്തെ നിവാസികളിൽ ഒരാളെങ്കിലും പട്ടിണികിടക്കുന്നതു് ന്യായീകരിക്കാൻ ആകില്ല. മാർക്കററുകളിൽ ചരക്കുകരം നിറഞ്ഞു് കവിഞ്ഞൊഴുകണം; വീടുകളിലെ കലവറകരം നിറഞ്ഞിരിക്കണം, എല്ലാ കൈകളും അധ്വാനിക്കണം. അസംബന്ധമായ ഒരു ചിന്തയല്ല ഇതു്. ആരെങ്കിലും അത്താഴപട്ടിണി കിടക്കുന്നുണ്ടെങ്കിൽ അതാണു് അസംബന്ധമായതു്, വേണ്ട വൈദ്യ ശുശ്രൂഷ ലഭിക്കാതെ കുട്ടികരം മരിക്കുന്നതാണു് അസംബന്ധമായതു്, നമ്മുടെ കൃഷിക്കാരിൽ മുപ്പതു് ശതമാനത്തിന്നും തങ്ങളുടെ പേർക്കുടി എഴുതാൻ പററില്ലെന്നതും തൊണ്ണൂറു ശതമാനത്തിനും ക്യൂബയുടെ ചരിത്രം അറിഞ്ഞുകൂടെന്നതും ആണു് അസംബന്ധമായതു്. ലോകത്തു്വെച്ചു് ഏററവും സുന്ദരമായ ഈ ഭൂമിയിൽ കൊളംബസ് വന്നിറങ്ങിയപ്പോരം 'ഇന്ത്യാ'ക്കാർ എങ്ങനെ ജീവിച്ചിരുന്നുവോ അതിലും ദയനീയമായ സ്ഥിതിയിലാണു് ഇന്നു് ഗ്രാമീണരിൽ ഭൂരിഭാഗവും ജീവിക്കുന്നതു് എന്നതാണു് അസംബന്ധമായതു്.

നിങ്ങളിൽ ചിലർ എന്നെ ഒരു സ്വപ്ന ജീവി എന്നു വിളിച്ചേക്കാം. അവർക്കുവേണ്ടി മാർത്തിയുടെ വാക്കുകരം ഞാൻ ഉദ്ധരിക്കട്ടെ: 'ശരിയായ ഒരു മനുഷ്യൻ സൗകര്യത്തിൻെറ പാതയല്ല, മറിച്ചു് കടമയുടെ പാതയാണു് തിരഞ്ഞെടുക്കുന്നതു്. പ്രായോഗിക മനുഷ്യനും അവൻ മാത്രമാണു്. അവൻെറ ഇന്നത്തെ സ്വപ്നം നാളത്തെ നിയമമായിരിക്കും.

കാരണം ചരിത്രത്തിൻെറ ഏററിറക്കങ്ങളിലേക്ക് പിൻതിരിഞ്ഞു നോക്കുകയും രക്തരൂഷിതമായ സമരങ്ങൾക്കിടയിൽ നിലവിളിച്ചുകൊണ്ടു് സംസ്കാരങ്ങൾ ശതാബ്ദങ്ങളായി കത്തിയമർന്നതു് കാണുകയും ചെയ്യുന്ന ഒരാൾക്ക് കടമയുടെ പാതയിലാണ് അനിവാര്യമായും ഭാവി സ്ഥിതിചെയ്യുന്നതു് എന്നറിയാം.'

അത്തരം ഉന്നതമായൊരാദർശമാണ് സാന്തിയാഗോവിൽ ജീവൻ ബലി അർപ്പിച്ച യുവാക്കൾക്ക് പ്രചോദനം നൽകിയതെന്നു് മനസ്സിലാക്കുമ്പോൾ മാത്രമെ അവരുടെ ധീരതയെക്കുറിച്ചു് നമുക്ക് സങ്കല്പിക്കാൻ കഴിയൂ.

പരിമിതമായ സാമ്പത്തികസ്ഥിതി ഒന്നു മാത്രമാണ് ഞങ്ങളുടെ സുനിശ്ചിതമായ വിജയത്തിനു തടസ്സമായി തീർന്നതു്.

പ്രയോ ഞങ്ങൾക്ക് പത്തുലക്ഷം ഡോളർ തന്നിട്ടുണ്ടെന്നാണ് പട്ടാളക്കാരോടു പറഞ്ഞു പിടിപ്പിച്ചതു്. പഴയ രാഷ്ട്രീയക്കാരുമായി ഞങ്ങളുടെ പ്രസ്ഥാനത്തിനു യാതൊരു ബന്ധവുമില്ലെന്നും സ്വന്തമായ ആശയങ്ങൾ ഉയർത്തിപിടിച്ചു കൊണ്ടു് കിരാത ഭരണത്തിന്നെതിരായി ഉയർന്നുവരുന്ന ക്യൂബയിലെ ഒരു പുതിയ തലമുറയുടെ പ്രസ്ഥാനമാണിതെന്നും 1934-ൽ ബാത്തിസ്താ തൻെറ ആദ്യത്തെ പാതകങ്ങൾ നടത്തുന്ന കാലത്തു് കഷ്ടിച്ചു് ഏഴുവയസു മാത്രം പ്രായമുണ്ടായിരുന്ന ചെറുപ്പക്കാർ ചേർന്നുണ്ടാക്കിയ പ്രസ്ഥാനമാണിതെന്നുമുള്ള പരമ പ്രധാനമായ വസ്തുതയെ വളച്ചൊടിക്കുവാനുള്ള ശ്രമത്തിലാണ് ഭരണകർത്താക്കൾ ഇങ്ങനെ പറഞ്ഞതു്.

പത്തുലക്ഷം ഡോളറിനെക്കുറിച്ചു് പറഞ്ഞ കള്ളം പോലെ ഇതിൽപരമൊരു വിഡ്ഢിത്തം വേറെയില്ല. ഇരുപതിനായിരത്തിൽ കുറഞ്ഞ ഡോളർ കൊണ്ടു് നൂററിയറുപത്തിയഞ്ചു പേരെ ആയുധമണിയിക്കുവാനും ഒരു സൈനിക റെജിമെൻറിനെയും ഒരു സ്കാഡ്രനെയും ആക്രമിക്കുവാനും ഞങ്ങൾക്കു കഴിഞ്ഞെങ്കിൽ ഒരു ലക്ഷം ഡോളറുണ്ടായിരുന്നെങ്കിൽ എണ്ണായിരം പേരെ ആയുധമണിയിക്കുവാനും അൻപതു റെജിമെൻറുകളെയും സ്കാഡ്രനുകളെയും ആക്രമിക്കുവാനും ഞങ്ങൾക്കു കഴിയുമായിരുന്നു. ഉഗൾഡെകറില്ലോ ജൂലായ് 26-ാംനു-ഞായറാഴ്ച രാവിലെ 5–15 വരെയും അതു് കണ്ടുപിടിക്കുകയുമില്ലായിരുന്നു. യുദ്ധത്തിൽ പങ്കെടുത്ത ഓരോ ആളിനുമെതിരായി നന്നായി പരിശീലനം നേടിയ ഇരുപതു് സൈനി

കർഉണ്ടായിരുന്നെങ്കിലും, ഞങ്ങാം ആയുധങ്ങാം ഇല്ലാത്തതു കൊണ്ടു മാത്രമാണ് പരാജയപ്പെട്ടതു് എന്നു് ഞാൻ നിങ്ങാംക്കു ഉറപ്പു തരാം. മാർത്തിയുടെ ശതാബ്ദിയോടനുബന്ധിച്ചു് ഹവാനയിൽ വിദ്യാർഥി പ്രകടനത്തിൽ പങ്കെടുക്കുമ്പോാം ഇവർ ആറു തെരുവുകാം നിറച്ചുണ്ടായിരുന്നു. ഇരുനൂറു ആളുകാംക്കു കൂടിയെങ്കിലും യുദ്ധത്തിൽ പങ്കെടുക്കുവാൻ കഴിഞ്ഞിരുന്നുവെങ്കിൽ, അല്ലെങ്കിൽ ഇരുപതു കൈബോമ്പുകാം കൂടിയെങ്കിലും ഞങ്ങളുടെ കൈവശമുണ്ടായിരുന്നെങ്കിൽ ഒരു പക്ഷെ ബഹുമാനപ്പെട്ട കോടതിയെ ഈ ബുദ്ധിമുട്ടിൽ നിന്നു് ഒഴിവാക്കാമായിരുന്നു.

രാഷ്ട്രീയക്കാർ ദശലക്ഷക്കണക്കായ ഡോളർ ചെലവാക്കി ആളുകളുടെ മനഃസാക്ഷി വിലയ്ക്കു വാങ്ങുന്നു. അതേ സമയം തങ്ങളുടെ നാടിൻെറ മാനം കാക്കണമെന്നാഗ്രഹിച്ച ഒരു പിടി ക്യൂബക്കാർക്കു് പണമില്ലാത്തതുകൊണ്ടു്, വെറും കയ്യുമായി മരണത്തെ നേരിടേണ്ടി വന്നു. ഇന്നോളം ഈ നാടു ഭരിച്ചുപോന്നതു് ഉദാരമതികളോ സമർപ്പണമനസ്കരോ ആയ ആളുകളല്ല, നേരെമറിച്ചു്, രാഷ്ട്രീയ തട്ടിപ്പുകാരും പൊതുജീവിതത്തിലെ ചണ്ടികളുമാണെന്നാണു് ഇതു തെളിയിക്കുന്നതു്.

അതുകൊണ്ടു് അഭിമാനത്തോടുകൂടി ഞാൻ പറയട്ടെ: ഇന്നലത്തെയോ ഇന്നത്തെയോ ഒരൊററ രാഷ്ട്രീയക്കാരനോടും ഒരു പൈസപോലും ഞങ്ങാം ചോദിച്ചിട്ടില്ല, അതു് ഞങ്ങളുടെ തത്വങ്ങാംക്കു നിരക്കുന്നതുമല്ല. ഞങ്ങളുടെ ലക്ഷ്യം നേടുന്നതിനുവേണ്ടി ഞങ്ങാംക്കു് ധനസഹായം ചെയ്ത ആളുകാം അതുല്യമായ ത്യാഗമനോഭാവത്തോടുകൂടിയാണു് അതു ചെയ്തതു്. ഉദാഹരണത്തിനു്, എൽപിദിയോസോസ തൻെറ ജോലി നഷ്ടപ്പെടുത്തിയിട്ടു കിട്ടിയ മുന്നൂറു ഡോളറുമായിട്ടാണു് എൻെറ അടുത്തുവന്നതു്. ഫെർനാൻ ദോ ചെനാർദ് തൻെറ ഉപജീവനമാർഗമായ ഫോട്ടോഗ്രാഫിയുടെ ഉപകരണങ്ങാം വിററു. പെദ്രോമറീറോ നിരവധി മാസങ്ങളിലെ ശമ്പളം സംഭാവന ചെയ്തു. വീട്ടുപകരണങ്ങളെല്ലാം വിൽക്കുന്നതിൽ നിന്നു് അയാളെ യഥാർഥത്തിൽ തടയേണ്ടതായിട്ടും വന്നു. ഒസ്കാർ അൽകാറാദെ തൻെറ ഫാർമസി വിററു. ജീസസ് മൊന്താനെ തൻെറ അഞ്ചുവർഷത്തെ സമ്പാദ്യമാകെ തന്നു. ഇതുപോലെ മററനവധി ആളുകാം തങ്ങളുടെ അൽപമാത്രമായ സമ്പാദ്യങ്ങളെല്ലാം തന്നു.

ഇത്തരം ഒരു കാര്യം ചെയ്യുന്നതിനു് ഒരുവനു് തൻെറ നാടിനെക്കുറിച്ചു് വലിയ വിശ്വാസം വേണം. ആദർശധീരമായ ഈ പ്രവൃത്തികളെക്കുറിച്ചുള്ള ഓർമ ഈ വിചാരണയിലെ ഏററവും കയ്പേറിയ അധ്യായത്തിലേക്കു്—അടിച്ചമർത്തലിൽ നിന്നും അനീതിയിൽയിന്നും ക്യൂബയെ വിമോചിപ്പിക്കുവാൻ ആഗ്രഹിച്ച അവരെക്കൊണ്ടു് ഈ കിരാതഭരണം ഒടുക്കിച്ച പിഴ—എന്നെ നേരെ കൊണ്ടെത്തിക്കുന്നു.

ഈ ശവശരീരങ്ങൾ എനിക്കു് ഏററവും പ്രിയപ്പെട്ടതാണു്
ഒരിക്കൽ അവരെൻെറ മാതൃഭൂമിയുടെ ആശാദീപങ്ങളായിരുന്നു
നിങ്ങളുടെ ദ്രവിക്കുന്ന അസ്ഥിയുടെ ധൂളികൾ
എൻെറ നെററിത്തടത്തിൽ തിലകം ചാർത്തട്ടെ
നിങ്ങളുടെ തണുത്ത കൈകൾ
എൻെറ ഹൃദയത്തെ സ്പർശിക്കട്ടെ
എൻെറ കാതുകളിൽ വിതുമ്പുവിൻ!
എൻെറ തേങ്ങലുകൾ ഓരോന്നും
ഒരു സ്വേച്ഛാധിപതിയുടെ കണ്ണുനീർക്കണമായിത്തീരട്ടെ
സുഹൃത്തുക്കളെ, എൻെറ ചുററും വരിക
നിങ്ങളുടെ ആത്മാവ് എന്നിൽ ലയിക്കട്ടെ
നിങ്ങളുടെ ശവകുടീരങ്ങളുടെ ഭീകരത
എന്നിലേക്കു പകരട്ടെ
ജുഗുപ്സാവഹമായ അടിമത്തത്തിൽ ജീവിക്കുമ്പോൾ
കണ്ണുനീർ മാത്രം പോരാ.

1871 നവംബർ 27-ാം തീയതിയിലെ പാതകങ്ങളെ പത്തുകൊണ്ടു ഗുണിക്കുക. അപ്പോൾ ഓറിയന്തെ പ്രവിശ്യയിൽ 1953 ജൂലൈ 25, 28, 29 തീയതികളിൽ നടന്ന ഭീകരവും ജുഗുപ്സാവഹവുമായ പാതകങ്ങളുടെ സംഖ്യ കിട്ടും. ഇതെല്ലാം ഞങ്ങളുടെ ഓർമയിൽ ഇപ്പോഴും തെളിഞ്ഞു നിൽക്കുന്നുണ്ടു്. പക്ഷെ, കുറെ വർഷങ്ങൾ കഴിയുമ്പോൾ, രാജ്യത്തിൻെറ അന്തരീക്ഷം വീണ്ടും തെളിയുമ്പോൾ, വികാരക്ഷോഭങ്ങൾ അടങ്ങുകയും ഭീതി നമ്മെ വിട്ടുമാറുകയും ചെയ്യുമ്പോൾ, അന്നു്, ഈ കൂട്ടക്കൊലയുടെ ഭീകരത, അതിൻെറ ഞെട്ടിപ്പിക്കുന്ന എല്ലാ യാഥാർത്ഥ്യത്തോടുംകൂടി, നമ്മൾ മനസ്സിലാക്കുവാൻ തുടങ്ങും. നമ്മുടെ ചരിത്രത്തിൽ ഇന്നോളമുണ്ടായിട്ടില്ലാത്ത ഈ കാട്ടാളപ്രവൃത്തികളിലേക്കു് പിന്തിരിഞ്ഞു നോക്കു

മ്പോഴെല്ലാം ഭാവി തലമുറകൾ ഭയംകൊണ്ട് ഞെട്ടിവിറയ്ക്കും. പക്ഷെ ഞാൻ രോഷാകുലനാകുവാൻ ഉദ്ദേശിക്കുന്നില്ല. സംഭവങ്ങൾ ഒരു നാടകീയതയും കൂടാതെ, അവ നടന്ന അതേ രീതിയിൽ തന്നെ കഴിയുന്നത്ര ലളിതമായി പറയുന്നതിന് എന്റെ മനസ്സിനു തെളിച്ചവും കനം തൂങ്ങുന്ന എന്റെ ഹൃദയത്തിന് ശാന്തിയും ആവശ്യമാണ്. നമ്മുടെ നാടിനെ ലോകത്തിന്റെ മുൻപിൽ അവഹേളനാ പാത്രമാക്കിക്കൊണ്ട്, ചിന്തിക്കാൻ പോലും കഴിയാത്ത ഇത്തരം പാതകങ്ങൾ ഹൃദയശൂന്യരായ ആളുകൾ ചെയ്തു കൂട്ടിയതോർക്കുമ്പോൾ ഒരു ക്യൂബക്കാരനെന്ന നിലയിൽ ഞാൻ ലജ്ജിക്കുന്നു.

ഈ കിരാതസ്വേച്ഛാധിപതി ബാത്തിസ്താ ഒരിക്കലും തത്വദീക്ഷയുള്ള ഒരു മനുഷ്യനായിരുന്നില്ല. നട്ടാൽ കുരുക്കാത്ത നുണകൾ ജനങ്ങളോട് പറയുവാൻ ഇയാൾ ഒരിക്കലും മടിച്ചിട്ടില്ല. മാർച്ച് 10-ാംനു- ഇയാൾ നടത്തിയ അട്ടിമറിയെ സാധൂകരിക്കുവാൻ വേണ്ടി പട്ടാള കലാപത്തെക്കുറിച്ചുള്ള കെട്ടുകഥകൾ ഇയാൾ ചമച്ചെടുത്തു. 'അതു് ഏപ്രിലിൽ നടത്താനിരുന്നതാണെന്നും റിപ്പബ്ലിക്ക് രക്തത്തിൽ മുങ്ങിപ്പോകാതിരിക്കാൻ വേണ്ടി അതൊഴിവാക്കുവാൻ താനാഗ്രഹിച്ചു' വെന്നും ഇയാൾ പറഞ്ഞു പരത്തി. ആരും വിശ്വസിക്കാത്ത പരിഹാസ്യമായൊരു കഥ! എന്നിട്ട് ഇയാൾ തന്നെ റിപ്പബ്ലിക്കിനെ ചോരയിലാഴ്ത്തുവാൻ ഉറച്ചപ്പോൾ, ഇയാളുടെ അടിമകളാകുവാൻ തയ്യാറില്ലാത്ത ക്യൂബൻ യുവാക്കൾ നീതിക്കുവേണ്ടി നടത്തിയ പ്രക്ഷോഭണത്തെ ഭീകരപ്രവർത്തനവും പീഡനവും കൊണ്ട് ശ്വാസം മുട്ടിച്ചു കൊല്ലുവാൻ ഇയാൾ മുതിർന്നപ്പോൾ, വിഭ്രാന്തമായ കൂടുതൽ കള്ളങ്ങൾ മെനഞ്ഞെടുത്തു. ഇത്ര നികൃഷ്ടമായി ജനങ്ങളെ വഞ്ചിക്കുന്ന ഒരുവനു് അവരോട് എത്ര കണ്ടു ബഹുമാനം കാണും!

എന്നെ അറസ്റ്റ് ചെയ്ത ദിവസം തന്നെ ജൂലൈ 26-ലെ സായുധ പ്രസ്ഥാനത്തിന്റെ ഉത്തരവാദിത്വം ഞാൻ പരസ്യമായി ഏറ്റെടുത്തു. ജൂലൈ 27-ാം തീയതിയിലെ പ്രസംഗത്തിൽ സ്വേച്ഛാധിപതി ഞങ്ങളുടെ പോരാളികൾക്കെതിരായി നടത്തിയ നിരവധി പ്രസ്താവനകളിൽ ഒന്നിലെങ്കിലും സത്യത്തിന്റെ ഒരു കണികയെങ്കിലുമുണ്ടായിരുന്നെങ്കിൽ അതു് എന്റെ കേസിനെ ധാർമികമായി ദുർബലമാക്കുമായിരു

ന്നു. അപ്പോഠം പിന്നെ എന്നെ വിചാരണക്ക കൊണ്ടുവരാതിരുന്നതെന്തുകൊണ്ടായിരുന്നു ? കള്ള മെഡിക്കൽ സർട്ടിഫിക്കററ് ചമച്ചെടുത്തതെന്തിനായിരുന്നു ? വിചാരണയിൽ അവർ എല്ലാ നിയമങ്ങളും ലംഘിക്കുകയും കോടതിയുടെ ഉത്തരവുകളെ ഇത്ര ഹീനമായി പുഛിച്ചു തള്ളുകയും ചെയ്തതെന്തിനായിരുന്നു ? ഞാൻ കോടതിയിൽ ഹാജരാകുന്നതു് എന്തു വില കൊടുത്തും തടയുന്നതിനു വേണ്ടി, ഇതിനു മുൻപൊരിക്കലും ചെയ്തു കണ്ടിട്ടില്ലാത്ത ഇത്രയധികം കൊള്ളരുതായ്മകഠം ചെയ്തതെന്തിനായിരുന്നു ? നേരെമറിച്ച് എനിക്കാണെങ്കിൽ, ഇവിടെ ഹാജരാകുന്നതിനുവേണ്ടി എന്തെല്ലാം കാര്യങ്ങഠം ചെയ്യേണ്ടിവന്നു എന്നു് നിങ്ങളോടു പറയാൻ തന്നെ വിഷമം. വ്യവസ്ഥാപിത തത്വങ്ങഠംക്കനുസരണമായി എന്നെ വിചാരണക്ക കൊണ്ടുവരണമെന്നു ഞാൻ കോടതിയോടപേക്ഷിച്ചു. അതു തടയുന്നതിനു വേണ്ടി നടത്തിയ ഉപജാപങ്ങളെ ഞാൻ തുറന്നാക്ഷേപിക്കുകയും ചെയ്തു. മുഖത്തോടു മുഖം നോക്കി നിന്നുകൊണ്ടു് അവരോടു വാദിക്കണമെന്നു് എനിക്കുണ്ടായിരുന്നു.

പക്ഷെ എന്നെ അഭിമുഖീകരിക്കുവാൻ അവർക്കിഷ്ടമില്ലായിരുന്നു. ആരാണു സത്യം പറഞ്ഞതു്, ആരാണു പറയാതിരുന്നതു് ? കൊളംബിയായിൽ വെച്ച് സ്വേഛാധിപതി നടത്തിയ പ്രഖ്യാപനങ്ങഠം, അവ നിരവധി ജീവിതങ്ങളുമായി ബന്ധപ്പെട്ടതല്ലായിരുന്നെങ്കിൽ, രസിക്കാൻ വകയുള്ളവയായി കണക്കാക്കാമായിരുന്നു.

ഞങ്ങഠം ഒരു കൂലി സംഘമാണെന്നും ഞങ്ങളുടെ കൂട്ടത്തിൽ വിദേശീയർ ധാരാളമുണ്ടെന്നും അയാഠം അവകാശപ്പെട്ടു. അയാളെ—അയാളെ എപ്പോഴും അയാളെ—കൊല്ലുകയായിരുന്നു ഞങ്ങളുടെ മുഖ്യമായ ഉദ്ദേശം എന്നയാഠം പറയുന്നു. മൊൻകാദ ബാരക്കുകഠം ആക്രമിച്ചവർക്കു്, അവർ അത്തരം മാർഗങ്ങഠം അംഗീകരിച്ചിരുന്നെങ്കിൽ, അയാളെയെന്നല്ല അയാളെപ്പോലെ ഇരുപതെണ്ണത്തിനെ കൊല്ലുവാൻ വിഷമമുണ്ടായിരുന്നോ ?

മുൻ പ്രസിഡന്റു് പ്രൈ:യായാണു് ആക്രമണ പരിപാടി ആസൂത്രണം ചെയ്തതെന്നും അദ്ദേഹത്തിന്റെ പണമാണു് അതിനുവേണ്ടി ചെലവാക്കിയതെന്നും അയാഠം പ്രസ്താവി

ച്ചു. ഞങ്ങളുടെ പ്രസ്ഥാനവും പഴയ ഭരണവുമായി യാതൊരു ബന്ധവുമില്ലെന്ന കാര്യം നിഷേധിക്കാനാവാത്ത വിധം തെളിയിക്കപ്പെട്ടു കഴിഞ്ഞതാണു്.

ഞങ്ങൾക്കു യന്ത്രത്തോക്കുകളും കൈബോംബുകളുമുണ്ടായിരുന്നെന്നും അയാൾ അവകാശപ്പെട്ടു. പക്ഷെ സൈനിക— സാങ്കേതിക വിദഗ്ധന്മാർ ഇവിടെത്തന്നെ പറഞ്ഞതു് ഞങ്ങൾക്കു് ഒരു യന്ത്രത്തോക്കുമാത്രമേ ഉണ്ടായിരുന്നുള്ളുവെന്നും ഒരൊററ കൈബോംബും ഞങ്ങൾക്കില്ലായിരുന്നുവെന്നുമാണു്.

ഞങ്ങൾ കാവൽക്കാരെ ശിരഛേദം ചെയ്തു എന്ന യാൾ പറഞ്ഞു. പക്ഷെ മരണ സർടിഫിക്കററുകളും മെഡിക്കൽ റിപ്പോർട്ടുകളും കാണിക്കുന്നതു് വെട്ടുകൊണ്ടു് ഒരു പട്ടാളക്കാരനും മരണപ്പെട്ടിട്ടില്ലെന്നാണു്.

എന്നാൽ, ഇതിലെല്ലാമുപരിയായി ഏററവും പ്രധാനമായി അയാൾ പറഞ്ഞതു് ആശുപത്രിയിലെ രോഗികളെ ഞങ്ങൾ കുത്തിമുറിവേൽപിച്ചു എന്നാണു്. പക്ഷേ ആ ആശുപത്രിയിലെ ഡോക്ടർമാർ, അവർ സൈനിക ഡോക്ടർമാരാണെന്നു കൂടി ഓർക്കുക, മൊഴിനൽകിയതു് ഞങ്ങൾ ഒരു രോഗിയേയും പരുക്കേൽപിക്കുകയോ കൊല്ലുകയോ ചെയ്തില്ലെന്നും ബുദ്ധിമോശം കൊണ്ടു് ജനാലയിലൂടെ തല വെളിയിലേക്കു കാട്ടിയ ഒരു ശിപായിമാത്രമാണു് ആശുപത്രി ജീവനക്കാരുടെ കൂട്ടത്തിൽ മരണപ്പെട്ടതെന്നുമാണു്.

ഒരു രാഷ്ട്രത്തിൻെറ തലവൻ, അങ്ങനെ സ്വയം അഭിനയിക്കുന്ന ഒരാൾ, ജനങ്ങളോടു പ്രഖ്യാപനങ്ങൾ നടത്തുന്നതു് സ്വന്തം ശബ്ദത്തിൻെറ സ്വരമാധുരി സ്വയം ആസ്വദിക്കുവാൻ വേണ്ടിയല്ല. കൃത്യമായ ചില ഉദ്ദേശങ്ങൾ അയാൾക്കെല്ലായ്പോഴുമുണ്ടു്. കൃത്യമായ ചില പ്രതികരണങ്ങളും അയാൾ പ്രതീക്ഷിക്കുന്നുണ്ടു്. സൈനികമായി ഞങ്ങൾ പരാജയപ്പെട്ടല്ലോ. ആ സ്ഥിതിക്കു് ഇനി ഞങ്ങളിൽ നിന്നു് യാതൊരു അപകടവും സ്വേച്ഛാധിപത്യത്തിനു് ഉണ്ടാവുകയില്ലല്ലോ. പിന്നെ എന്തിനാണു ഞങ്ങളെക്കുറിച്ചു് അവർ ദുഷ്പ്രചരണം നടത്തിയതു്. അതിൻെറ തലേന്നു് രാത്രി മുതൽ അവർ നടത്തിയതും തുടർന്നു നടത്തിക്കൊണ്ടിരിക്കുന്നതുമായ പാതകങ്ങളെ സാധൂകരിക്കാൻ വേണ്ടിയുള്ളതായിരുന്നു അ

യാളുടെ പ്രസംഗമെന്നു് ഇനിയും വ്യക്തമായിട്ടില്ലെങ്കിൽ, എനിക്കുവേണ്ടി കണക്കുകൾ സംസാരിക്കട്ടെ.

ജൂലായ് 27-ാം തീയതി സൈനിക കേന്ദ്രത്തിൽ വെച്ച് ബാത്തിസ്ത നടത്തിയ പ്രസംഗത്തിൽ അക്രമികളുടെ കൂട്ടത്തിൽ മുപ്പത്തി രണ്ടു പേർ മരണപ്പെട്ടുവെന്നു പറഞ്ഞു. ആ ആഴ്ചയുടെ അവസാനമായപ്പോഴേക്കും മരണപ്പെട്ടവരുടെ സംഖ്യ എൺപതിൽ കൂടുതലായി. ഏതേതെല്ലാം യുദ്ധങ്ങളിലാണ്, ഏതേതെല്ലാം ഏററുമുട്ടലുകളിലാണ് ഈ ചെറുപ്പക്കാർ മരിച്ചതു്? ബാത്തിസ്തായുടെ പ്രസംഗത്തിന്നു മുൻപു്, തടവിലായിരുന്നവരിൽ ഇരുപത്തിയഞ്ചുപേരെ വധിച്ചു. അയാളുടെ പ്രസംഗത്തിനുശേഷം അൻപതുപേരെ കൂടി വധിച്ചു.

കോടതി മുൻപാകെ വസ്തുതകൾ വളച്ചൊടിക്കാതിരിക്കുകയും അങ്ങേയററം കൃത്യമായി സത്യത്തെ മുറുകെപ്പിടിച്ചുകൊണ്ടു് റിപ്പോർട്ടുകൾ സമർപ്പിക്കുകയും ചെയ്ത പട്ടാളക്കാരും ഓഫീസർമാരും എന്തൊരു ധാർമികബോധമാണ് പ്രകടിപ്പിച്ചതു്! ഈ പട്ടാളക്കാർ തീർച്ചയായും അവരുടെ പട്ടാളക്കുപ്പായത്തെ മാനിക്കുന്നവരാണ്. അവർ തീർച്ചയായും മനുഷ്യരാണ്! ഒരു യഥാർഥ പട്ടാളക്കാരനോ ഒരു യഥാർഥ മനുഷ്യനോ കള്ളങ്ങൾകൊണ്ടോ പാതകങ്ങൾ കൊണ്ടോ അവൻെറ ഉപജീവനമാർഗത്തെ അധ:പതിപ്പിക്കുവാൻ സാധ്യമല്ല.

പൈശാചികമായ ഈ കൊലപാതകങ്ങളിൽ അമർഷമുള്ള പട്ടാളക്കാർ ധാരാളമുണ്ടെന്നെനിക്കറിയാം. മൊൻകാദാ ബാരക്കുകളിലെ ഓരോ ഇഷ്ടകയിലും വാർന്നുവീണ മനുഷ്യരക്തത്തിൻെറ മണമേററ് അവർ അമർഷം കൊള്ളുകയും ലജ്ജിക്കുകയും ചെയ്യുന്നുണ്ടെന്നു എനിക്കറിയാം.

സ്വന്തം സൈന്യത്തിലെ അന്തസ്സുള്ള ആളുകൾ തന്നെ അയാൾ പറഞ്ഞ കാര്യങ്ങളെ ഇപ്പോൾ ഖണ്ഡിച്ചിരിക്കുന്ന സ്ഥിതിക്കു് ഞങ്ങൾക്കെതിരായ നെറികെട്ട ആരോപണങ്ങൾ ആവർത്തിക്കുവാൻ സ്വേഛാധിപതിയെ ഞാൻ വെല്ലുവിളിക്കുകയാണ്.

വായും പൂട്ടി ഇരിക്കാതെ അയാൾ സംസാരിക്കട്ടെ. കണ്ണിൽ ചോരയില്ലാത്ത, മനുഷ്യത്വമില്ലാത്ത, ആ കൊലപാത

കികരം ആരെല്ലാമാണെന്നയാരം പറയട്ടെ. ഈ കൂട്ടക്കൊല നടത്തിയ ധീരന്മാരുടെ മാറിലണിയിക്കപ്പെട്ട ബഹുമതി മുദ്ര കരം അവർ നടത്തിയ കൊടും പാതകത്തിന്ന നൽകിയ പ്രതി ഫലമല്ലേ എന്നയാരം പറയട്ടെ. ഈ നിമിഷം മുതൽ ചരിത്ര ത്തിൻെറ മുൻപിൽ തനിക്കുള്ള ഉത്തരവാദിത്വം അയാരം ഏറെറടുക്കട്ടെ. പട്ടാളക്കാർ തൻെറ ഉത്തരവു കൂടാതെയാണ്‌ പ്രവർത്തിച്ചതെന്ന്‌ പിന്നീട്‌ അയാരം ഭാവിക്കാതിരിക്കട്ടെ. ഈ എഴുപതു കൊലപാതകങ്ങരംക്കു ജനങ്ങളുടെ മുൻപിൽ അ യാരം സമാധാനം പറയട്ടെ. ഇവിടെ വലിയ രക്‌തച്ചൊരി ച്ചിലുണ്ടായി. അതിന്ന ജനങ്ങളോടു സമാധാനം പറയണം. ജനങ്ങരം അതാവശ്യപ്പെടുകയാണ്‌.

1933–ൽ ഹോട്ടൽ നാഷണലിൽ നടന്ന യുദ്‌ധത്തിൽ കീഴടങ്ങിയ ചില ഓഫീസർമാരെ വധിക്കുകയും അതിൽ ബൊഹീമിയാ മാഗസീൻ ആവേശപൂർവം പ്രതിഷേധിക്കുക യും ചെയ്‌ത കാര്യം എല്ലാവർക്കും അറിവുള്ളതാണ്‌. അ ത്താറെകോട്ട കീഴടങ്ങിയപ്പോരം ആക്രമണകാരികളുടെ മെ ഷീൻഗൺ ഒരു നിര പട്ടാളക്കാരെ വെടിവെച്ചു വീഴ്‌ത്തിയ കാര്യവും അറിവുള്ളതാണ്‌. അന്ന്‌ ബ്‌ളാസ്‌ ഹെർനാൻ ഡസ്‌ ആരാണെന്ന ചോദ്യത്തിന്‌ മറുപടി പറഞ്ഞ ആളിനെ നേരെ മുഖത്തു തന്നെ വെടിവെച്ചു കൊന്ന പട്ടാളക്കാരന്‌, ഭീരുത്വപരമായ ഈ പ്രവൃത്തിയുടെ പേരിൽ ഓഫീസറായി സ്ഥാനക്കയററം കൊടുക്കുകയാണ്‌ ചെയ്‌തതു്‌.

തടവുകാരെ കൊലചെയ്യുക എന്നതു്‌ ബാത്തിസ്‌തായുടെ പേരുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്ന എന്ന വസ്‌തു ത ക്യൂബൻ ചരിത്രത്തെ സംബന്ധിച്ചിടത്തോളം പ്രസിദ്ധമാ യ ഒരു കാര്യമായിരുന്നു. ഇതു മുൻകൂട്ടി കാണുവാൻ കഴിയാ ത്തത്ര ശുദ്ധഗതിക്കാരായല്ലോ നമ്മരം! 1933–ലെ കൊലപാ തകങ്ങരം ന്യായീകരിക്കാനാവില്ലെങ്കിലും യന്ത്രത്തോക്കുകരം കൊണ്ടു ഒരു ചുററു വെടിവെയ്‌ക്കുന്ന ചുരുങ്ങിയ സമയത്തിനു ള്ളിലായിരുന്നു അവ സംഭവിച്ചതു്‌. യുദ്‌ധത്തിൻെറ അട്ടഹാ സം ഞരമ്പുകളിൽ ത്രസിച്ചു നിന്നിരുന്ന ഒരു സമയത്തുമാണ്‌ ആ കൊലപാതകങ്ങരം നടന്നതു്‌. സാന്തിയാഗോദ്‌ ക്യൂബ യിൽ അങ്ങനെയായിരുന്നില്ല. ഇവിടെ എല്ലാവിധ കടും കയ്യുകളും മന:പൂർവമായും അമിതമായും നടത്തിയതാണ്‌.

ഞങ്ങളുടെ ആളുകളെ ഒരു മിനിററു കൊണ്ടോ ഒരു മണി ക്കൂറുകൊണ്ടോ ഒരു ദിവസം കൊണ്ടോ അല്ല കൊലപ്പെടുത്തി യതു്. പൈശാചികം കലയാക്കിയ ആളുകൾ ഭീകരമായ നേരംപോക്കിനുള്ള മാർഗമെന്ന നിലയിൽ, ഒരാഴ്ചക്കാലം മുഴുവനും, ഒരു നിമിഷം പോലും നിർത്താതെ, ഞങ്ങളുടെ ആളുകളെ തല്ലുകയും പീഡിപ്പിക്കുകയും വെടിവെച്ചു കൊല്ലു കയുമായിരുന്നു മൊൻകാദ ബാരക്കുകൾ പീഡനത്തിൻെറ യും മരണത്തിൻെറയും ഒരു പരിശീലനകേന്ദ്രമാക്കി മാററി. കിരാതരായ ചില ആളുകൾ തങ്ങളുടെ പട്ടാളക്കുപ്പായ ങ്ങൾ ഇറച്ചിവെട്ടുകാരുടെ മേലുടുപ്പുകളാക്കി മാററി. ഭിത്തികൾ നിറയെ രക്തമൊഴുകി. ഭിത്തികളിൽ തുളഞ്ഞു കയറിയ വെടിയുണ്ടകളിൽ തൊലിയുടെയും തലച്ചോറിൻെറ യും മുടിയുടെയും അംശങ്ങൾ പാറിപ്പിടിച്ചിരുന്നു. ആളുക ളുടെ മുഖത്തു തന്നെയാണു് വെടിവെച്ചതു എന്നതിൻെറ ഞെട്ടിപ്പിക്കുന്ന അനുസ്മരണങ്ങളാണവ. ബാരക്കുകളുടെ പുറമുള്ള പുൽത്തകിടികൾ ഉണങ്ങി കട്ടപിടിച്ച രക്തം കൊണ്ടു് കറുത്തിരുന്നു. മരണത്തിൻെറ ആ ഗുഹയുടെ കവാ ടത്തിൽ നരകത്തിൻെറ കവാടത്തിലെ വാക്കുകൾ തന്നെ യാണ് ക്യൂബയുടെ വിധിയെ നയിക്കുന്ന കൊലക്കയ്യുകൾ എഴുതിച്ചേർത്തതു്.

ഒളിവും മറവും വേണമെന്നു പോലും അവർക്കു തോന്നി യില്ല. ചെയ്യുന്ന കാര്യങ്ങൾ മറച്ചുവെക്കാൻ പോലും അവർ മിനക്കെട്ടില്ല. തങ്ങൾ പറഞ്ഞുപരത്തിയ നുണക്കഥകൾ കൊണ്ടു് ജനങ്ങളെ വഞ്ചിക്കാമെന്നാണവർ വിചാരിച്ചതു്. പക്ഷെ അവസാനം അവർ സ്വയം വഞ്ചിക്കപ്പെടുകയായി രുന്നു. ജീവിതത്തിൻെറയും മരണത്തിൻെറയും മേൽ അധി കാരമുള്ളവരും പ്രപഞ്ചത്തിൻെറ അധീനരുമാണു് തങ്ങ ളെന്നു് അവർ ധരിച്ചു. അതുകൊണ്ടു് രാവിലെ ഞങ്ങൾ നടത്തിയ ആക്രമണങ്ങളിൽ നിന്നുണ്ടായ ഭീതി രക്തം കുടിച്ചു മദിച്ചു് ശവങ്ങൾ കൂനകൂട്ടി രസിച്ചു മായ്ച്ചുകളയുകയാണ വർ ചെയ്തതു്.

കഴിഞ്ഞ നാലര നൂററാണ്ടുകാലത്തെ നമ്മുടെ ചരിത്ര ത്തിൽ ക്രൂരതയുടെ കഥകൾ നിരവധിയുണ്ടു്. സ്പാനിഷ്

കാർ നിരായുധരായ ഇന്ത്യക്കാരെ കൂട്ടക്കൊല ചെയ്തതു്; കടൽക്കൊള്ളക്കാർ തീരപ്രദേശങ്ങളിൽ നടത്തിയ തീവെട്ടിക്കൊള്ളകളും പൈശാചികത്വങ്ങളും, സ്വാതന്ത്ര്യസമരകാലത്തെ സ്പാനിഷ് പട്ടാളക്കാർ കാട്ടിക്കൂട്ടിയ കാട്ടാളത്തങ്ങൾ വെയ്‌ലറുടെ പട്ടാളക്കാർ ക്യൂബൻ സൈന്യത്തിലെ തടവുകാരെ വെടിവെച്ചുകൊന്നതു്; മച്ചാഡോ ഭരണത്തിന്റെ ഭീകരതകൾ തുടങ്ങി 1935-മാർച്ചിലെ കൊടുംപാതകങ്ങൾ വരെയുള്ള നിരവധി സംഭവങ്ങൾ നമ്മുടെ ചരിത്രത്തിലുണ്ടു്. പക്ഷെ പതിനൊന്നാഴ്ചയ്ക്കു മുൻപു് സാന്തിയാഗോ ദ് ക്യൂബയിൽ നടന്നതു പോലെ, കൊല്ലപ്പെട്ടവരുടെ എണ്ണംകൊണ്ടും കൊന്നവരുടെ പൈശാചികത്വം കൊണ്ടും ഇത്രയ്ക്കു ദുഃഖകരവും ക്രൂരവുമായ ഒരു നാളും നമ്മുടെ ചരിത്രത്തിൽ ഒരിക്കലും എഴുതപ്പെട്ടിട്ടില്ല.

കഴിഞ്ഞ നൂററാണ്ടുകൾ എല്ലാം കൂടി എടുത്തു നോക്കിയാൽ നമ്മുടെ ചരിത്രത്തിന്റെ രണ്ടു കാലഘട്ടങ്ങളെ ചോര പുരട്ടുകയും ക്യൂബൻ ജനതയുടെ രണ്ടു തലമുറകളുടെ മാംസം മാന്തിപ്പറിക്കുകയും ചെയ്ത ഒരൊററ ഒരുത്തനേയുള്ളു. നിരവധി ജീവിതങ്ങൾ ബലിയർപ്പിച്ചുകൊണ്ടു് സ്വാതന്ത്ര്യത്തിനും മനുഷ്യാവകാശങ്ങൾക്കും, സുഖസംതൃപ്തിക്കും വേണ്ടി പോരാടിയ ജനങ്ങളുടെ ഈ റിപ്പബ്ലിക്കു് അതിന്റെ വാർഷികം ആഘോഷിച്ചതിനുതൊട്ടു പിന്നാലെ, ജോസ്‌മാർത്തിയുടെ ജന്മശതാബ്ദിയാണു്, ഈ ചോരപ്പുഴ ഒഴുകുവാൻ വേണ്ടി അയാൾ കാത്തിരുന്നതു്. അയാൾ ചെയ്ത പാതകങ്ങൾ അതിലും കൂടുതലാണു്. അതുകൊണ്ടു് അതിലും കൂടുതലായി അവയെ അധിക്ഷേപിക്കുകയും വേണം. കാരണം അതെല്ലാം വരുത്തിക്കൂട്ടിയ മനുഷ്യൻ പതിനൊന്നു നീണ്ട കൊല്ലങ്ങളായി ഈ ജനതയുടെ അഗാധമായ വികാരവും പാരമ്പര്യവും കൊണ്ടു് സ്വാതന്ത്ര്യത്തെ സ്നേഹിക്കുകയും തിന്മയെ തള്ളിപ്പറയുകയും ചെയ്യുന്ന ജനതയുടെ മേൽ തന്റെ അധീശത്വം പുലർത്തി പോരുകയാണു്, പോരാത്തതിനു തന്റെ പൊതുജീവിതത്തിൽ ഒരു നിമിഷത്തേക്കെങ്കിലും, ഈ മനുഷ്യനു് ആത്മാർത്ഥതയോ കൂറോ ധീരതയോ ഉണ്ടായിരുന്നില്ല 1933-ലെ കൊടും

ചതികൊണ്ടോ 1935-ലെ പാതകങ്ങൾ കൊണ്ടോ നാലു കോടി ഡോളറിന്റെ സമ്പാദ്യം ആദ്യത്തെ ഭരണം കൊണ്ടു് ഉണ്ടാക്കിയതു കൊണ്ടോ ഈ മനുഷ്യൻ സംതൃപ്തനായില്ല. 1952-മാർച്ചിലെ വഞ്ചനയും 1953 ജൂലൈയിലെ പാതകങ്ങളും അയാൾ നടത്തുകയും കാലം കൊണ്ടുമാത്രം തെളിയിക്കാൻ കഴിയുന്നത്ര സമ്പാദ്യങ്ങൾ ഉണ്ടാക്കുകയും ചെയ്തു.

ദാന്തെ നരകത്തെ ഒൻപതായിട്ടാണു വിഭജിച്ചതു്. കുററവാളികളെ ഏഴാം ഭാഗത്തും കള്ളന്മാരെ എട്ടിലും രാജ്യദ്രോഹികളെ ഒൻപതിലുമാണദ്ദേഹം ഇട്ടതു്. ഈ മനുഷ്യന്റെ ആത്മാവിനെ, ഇയാൾക്കു ആത്മാവുണ്ടെങ്കിൽ, എവിടെ ഇടണമെന്ന കാര്യത്തിൽ പിശാചുക്കൾ വല്ലാതെ വിഷമിക്കും. സാന്തിയാഗോ ദ് ക്യൂബയിലെ കൊടും പാതകങ്ങൾക്കു പ്രേരണനൽകിയ മനുഷ്യനു് മാനുഷികവികാരങ്ങളേയില്ല. അവിടത്തെ നികൃഷ്ടമായ രംഗങ്ങൾ കാണാനിടയായ ചില പട്ടാളക്കാർ തികഞ്ഞ ലജ്ജയോടു കൂടി ആ കഥകൾ പറയുന്നതു ഞാൻ കേൾക്കുകയുണ്ടായി.

പോരാട്ടം കഴിഞ്ഞ ഉടനെ പട്ടാളക്കാർ കാട്ടുമൃഗങ്ങളെപ്പോലെ സാന്തിയാഗോയിലേക്കു ഇരച്ചുകയറി. അവരുടെ ആദ്യത്തെ പ്രതികാരം, നിരായുധരായ അവിടത്തെ ജനങ്ങളുടെ മേലാണു തീർത്തതു്. യുദ്ധം നടന്ന സ്ഥലത്തിനും വളരെ അകലെ തെരുവിൽ തന്റെ വീട്ടുവാതിലിൽ കളിച്ചുകൊണ്ടിരുന്ന ഒരു പിഞ്ചു പൈതലിന്റെ നെഞ്ചിലവർ നിറയൊഴിച്ചു. ആ കുഞ്ഞിന്റെ ജഡം എടുത്തുകൊണ്ടുപോകുവാൻ വന്ന പിതാവിന്റെ തലയ്ക്കു് അവർ രണ്ടാമത്തെ നിറയൊഴിച്ചു. ഒരു കഷണം റൊട്ടിയുമായി വീട്ടിലേക്കു പോവുകയായിരുന്ന നിനോകാലായെ, ഒരു വാക്കു പോലും പറയാതെ, അവർ വെടിവെച്ചു വീഴ്ത്തി. അവിടത്തെ ജനങ്ങളുടെ മേൽ നടത്തിയ ക്രൂരതകളും കടുംകൈകളും പറഞ്ഞാലും പറഞ്ഞാലും തീരില്ല.

യുദ്ധത്തിൽ യാതൊരു പങ്കുമില്ലാത്ത ജനങ്ങളോടു സൈനികർ പെരുമാറിയതിങ്ങനെ! അപ്പോൾ അതിൽ പങ്കെടുക്കുകയോ പങ്കെടുത്തവരെന്നു വിശ്വസിക്കുകയോ ചെയ്ത തടവുകാർക്കു നേരിടേണ്ടി വന്ന ഭീകരമായ ഗതി എന്തായി

രിക്കുമെന്നു നിങ്ങറംക്കൂഹിക്കാമല്ലോ. ഞങ്ങളുടെ ആക്രമണത്തിൽ ഭാഗഭാക്കുകളാകാത്ത നിരവധിയാളുകളെ ഈ വിചാരണയിൽ പ്രതികളാക്കിയിരിക്കുന്നതുപോലെ തന്നെ ആ ആക്രമണവുമായി യാതൊരു ബന്ധവുമില്ലാത്ത നിരവധി ആളുകളെ അവർ കൊല്ലുകയും ചെയ്തിട്ടുണ്ടു്. കൊലചെയ്യപ്പെട്ടവരുടെ കണക്കിൽ അവരെ ഉറംപ്പെടുത്തിയിട്ടില്ല. കൊലചെയ്യപ്പെട്ടവരുടെ മൊത്തം സംഖ്യ എന്നെങ്കിലുമൊരിക്കൽ അറിയാതിരിക്കില്ല.

ഒന്നാമതായി കൊല ചെയ്യപ്പെട്ട തടവുകാരൻ തങ്ങളുടെ ഡോക്ടറായ മാരിയാമുനോസ് ആയിരുന്നു. അദ്ദേഹം ധരിച്ചിരുന്നതു പട്ടാളക്കുപ്പായമല്ല, ഡോക്ടർമാരുടെ വെള്ളത്ത കോട്ടായിരുന്നു. സ്വന്തം ആളുകളോടു കാട്ടുന്ന അതേ ആത്മാർത്ഥതയോടു കൂടി തന്നെ മുറിവേററ എതിരാളിയെയും ശുശ്രൂഷിക്കത്തക്കവണ്ണം സന്മനസ്സും കഴിവുമുള്ള ആളായിരുന്നു അദ്ദേഹം. നഗരാശുപത്രിയിൽ നിന്നു ബാരക്കുകളിലേക്കുള്ള റോഡിൽ വെച്ചു് അവർ അദ്ദേഹത്തെ വെടിവെക്കുകയു, തളം കെട്ടിയ രക്തത്തിൽ മുഖം പൂഴ്ത്തി കിടന്ന അദ്ദേഹത്തെ അവിടെത്തന്നെ ഉപേക്ഷിച്ചിട്ടു പോവുകയും ചെയ്തു. എന്നാൽ തടവുകാരുടെ കൂട്ടക്കൊല ഉച്ച കഴിഞ്ഞു മൂന്നു മണി വരെയും തുടങ്ങിയില്ല. അതു വരെ അവർ ഉത്തരവുകറം കാത്തിരിക്കുകയായിരുന്നു.

അപ്പോറം ഹവാനയിൽ നിന്നു് ജനറൽ മാർത്തിൻ ദയാസ് തമായോ എത്തിച്ചേർന്നു. ബാത്തിസ്റ്റായും പട്ടാളമേധാവിയും സൈനികഇൻറലിജൻസിൻെറ തലവനും പങ്കെടുത്ത ഒരു യോഗത്തിൽ സംബന്ധിച്ചിട്ടു് കൃത്യമായ നിർദ്ദേശങ്ങളുമായിട്ടാണു് അയാറം എത്തിയതു്. അയാറം പറഞ്ഞു:

ആക്രമണം നടത്തിയവരുടെ കൂട്ടത്തിൽ മരിച്ചതിൻെറ മൂന്നിരട്ടി സൈനികർ ഏററുമുട്ടലിൽ മരിച്ച എന്നതു നാണക്കേടു, അപമാനവുമാണു്; മരിച്ച ഓരോ പട്ടാളക്കാരനും പത്തുപേരെന്ന കണക്കിനു തടവുകാരെ കൊല്ലണം. ഇതായിരുന്നു ഉത്തരവു്.

നീചമായ വാസനകളുള്ളവർ എല്ലാ സമൂഹത്തിലുമുണ്ടു്. മററുള്ളവരെ പീഡിപ്പിക്കുന്നതിൽ ആഹ്ളാദംകൊള്ളുന്നവരും

ക്രൂരന്മാരും പാരമ്പര്യംകൊണ്ട് പൈശാചികവൃത്തിനടത്തുന്ന വരുമെല്ലാം മനുഷ്യജീവികളുടെ കപടവേഷത്തിൽ കഴിയുന്നുണ്ട്. പക്ഷെ ഈ ഭീകരജീവികൾ അച്ചടക്കംകൊണ്ടും സമൂഹത്തിന്റെ സ്വഭാവം കൊണ്ടും മാത്രം ഒട്ടൊക്കെ ഒതുങ്ങി ക്കഴിയുന്നുവെന്നേയുള്ളു. ഒരു രക്തപ്പുഴ കടിക്കാൻ കിട്ടിയാൽ അതിലെ അവസാനത്തെ തുള്ളിവരെയും കടിച്ചു തീർത്തിട്ടേ അവർ തൃപ്തിപ്പെടുകയുള്ളു.

ഈ ആളുകൾക്കെല്ലാം വേണ്ടിയിരുന്നത് ആ ഉത്തരവായിരുന്നു ക്യൂബയിലെ ഏററവും നല്ലവരും അങ്ങേഅററം സംസ്കാരസമ്പന്നരും അങ്ങേഅററം ധീരരും അങ്ങേഅററം സത്യസന്ധരും ഏററവും ആദർശസമ്പന്നരുമായ ആളുകൾ അവരുടെ കൈകൾകൊണ്ടു കൊലചെയ്യപ്പെട്ടു. ആ ധീരദേശാഭിമാനികളെ കൂലിപ്പട്ടാളക്കാർ എന്നാണ് സ്വേച്ഛാധിപതി വിളിച്ചതു്. റിപ്പബ്ളിക്കിന്റെ ശമ്പളംപററുന്നവരുടെ കൈകൾ കൊണ്ടു അവർ ധീരന്മാരായി തന്നെ മരിക്കുകയായിരുന്നു. റിപ്പബ്ളിക്കിനെ പരിരക്ഷിക്കാൻ വേണ്ടി നൽകപ്പെട്ട ആയുധങ്ങൾകൊണ്ടു ഒരു ഉപജാപസംഘത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കാനായി രാജ്യത്തെ ഏററവും നല്ല പൗരന്മാരെ കൊല്ലുകയാണ് ആ കൊലയാളികൾ ചെയ്തതു്.

ഞങ്ങളുടെ സഖാക്കളെ പീഡിപ്പിച്ച സമയമത്രയും തങ്ങളുടെ ആദർശങ്ങളെ ഒററിക്കൊടുക്കുകയും പ്രയോ ആണ് തങ്ങൾക്ക് പണം തന്നതെന്നു് പറയുകയും ചെയ്താൽ അവരുടെ ജീവൻ രക്ഷിക്കാമെന്നു് പട്ടാളക്കാർ വാഗ്ദാനം നൽകുകയുണ്ടായി. ആ വ്യവസ്ഥ അവർ വെറുപ്പോടെ തള്ളിക്കളഞ്ഞപ്പോൾ പട്ടാളക്കാർ അവരെ പിന്നെയും ഭീകരമായി പീഡിപ്പിച്ചു. പട്ടാളക്കാർ അവരുടെ വൃഷണങ്ങൾ തല്ലിച്ചതക്കുകയും കണ്ണുകൾ ചൂഴ്ന്നെടുക്കുകയും ചെയ്തു. എന്നിട്ടും ഒരൊററയാളും വഴങ്ങിയില്ല ആരും പരാതി പറഞ്ഞില്ല. തങ്ങളുടെ പുരുഷാവയവങ്ങൾ നഷ്ടപ്പെട്ടിട്ടും, അവരെ പീഡിപ്പിച്ചവരെല്ലാം കൂടി ചേർന്നതിന്റെ ആയിരം മടങ്ങു പുരുഷത്വമുള്ളവരായിരുന്നു അവർ. ഫോട്ടോകൾ കള്ളം

പറയുകയില്ലല്ലോ. അംഗങ്ങൾ വിച്ഛേദിക്കപ്പെട്ട ശരീരങ്ങളാണു അവയിൽ കാണുന്നതു്.

മററു മാർഗങ്ങളും അവർ സ്വീകരിച്ചു. പുരുഷന്മാരുടെ ധീരതകൊണ്ടു് നിവൃത്തിയില്ലെന്നു് വന്നപ്പോൾ സ്ത്രീകളുടെ ആത്മവീര്യം തകർക്കാനവർ ശ്രമിച്ചു. ചോര ഒലിക്കുന്ന ഒരു മനുഷ്യക്കണ്ണും കയ്യിൽ പിടിച്ചുകൊണ്ടു് കൂടെ കുറെ ആളുകളുമായി ഒരു സർജൻറ് സഖാക്കൾ മെൽബാ ഹെർനാദസും, ഹെയ്ഡിസാന്താമറിയായും കിടക്കുന്ന അറയിലേക്കു് ചെന്നു.

ആ കണ്ണു് നീട്ടിക്കാണിച്ചുകൊണ്ടയാൾ ഹെയ്ഡിയോടു പറഞ്ഞു: 'ഈ കണ്ണു് നിങ്ങളുടെ സഹോദരൻേറതാണ്. ഞങ്ങൾ ചോദിച്ച കാര്യം അയാൾ ഏററില്ല. അതു് നിങ്ങൾ ഏററില്ലെങ്കിൽ അയാളുടെ മറേറ കണ്ണും ഞങ്ങൾ ചുഴ്ന്നെടുക്കും'. മറെറല്ലാററിലുമുപരിയായി ധീരനായ തൻെറ സഹോദരനെ സ്നേഹിക്കുന്ന അവർ തികഞ്ഞ അന്തസ്സോടു കൂടി മറുപടി പറഞ്ഞു: 'ഒരു കണ്ണു് ചുഴ്ന്നെടുത്തിട്ടും കള്ളം സമ്മതിക്കുവാൻ അദ്ദേഹം തയ്യാറായില്ലെങ്കിൽ ഞാൻ തീരെയുമില്ല.' പിന്നീടവർ മടങ്ങിവന്നു സിഗരററിൻെറ തീകൊണ്ടു് അവരുടെ കൈകൾ പൊള്ളിച്ചു. അവസാനം ആ കിരാതന്മാർ പറഞ്ഞു: 'നിങ്ങൾക്കു് ഇനി കാമുകനില്ല, അയാളെയും ഞങ്ങൾ കൊന്നു'. പക്ഷെ യാതൊരു ചാഞ്ചല്യവുമില്ലാതെ അവർ മറുപടി കൊടുത്തു: 'അദ്ദേഹം മരിക്കുകയില്ല സ്വന്തം മാതൃഭൂമിക്കുവേണ്ടി മരിക്കുകയെന്നു പറഞ്ഞാൽ എന്നെന്നും ജീവിക്കുകയെന്നാണ്.'

ഇതിനു മുൻപൊരിക്കലും ക്യൂബയിലെ സ്ത്രീത്വത്തിൻെറ ധീരതയും അന്തസ്സും ഇത്രയധികം ഉയർന്നിട്ടില്ല.

യുദ്ധത്തിൽ മുറിവേററ് നഗരത്തിലെ പല ആശുപത്രികളിലായി കിടന്നിരുന്നവരോടു പോലും മര്യാദ കാട്ടിയില്ല. ഇരയെ പിൻതുടരുന്ന കഴുകനെപ്പോലെയാണവരെ വേട്ടയാടിയതു്. മാരകമായി മുറിവേററ രണ്ടു പേർ സെൻട്രോഗാലിഗോ ആശുപത്രിയിലുണ്ടായിരുന്നു. അവരെ ഓപ്പറേഷൻ മുറിയിൽ കിടത്തി രക്തം കൊടുത്തുകൊണ്ടിരിക്കുമ്പോൾ

ഴാണ് പട്ടാളക്കാർ അതിന്നകത്തേക്ക് ചാടിവീണത്. അവരെ മേശപ്പുറത്തു നിന്നും വലിച്ചിറക്കി. നിവർന്നിരിക്കാൻ കൂടി വയ്യാത്തതുകൊണ്ട് അവരെ വലിച്ചിഴച്ചാണ് താഴെ കൊണ്ടുവന്നത്. അവിടെയെത്തിയപ്പോഴം ശേഷിച്ചത് രണ്ട് ശവങ്ങളായിരുന്നു.

ഗുസ്താവോ അർകോസിനെയും, ജോസ് പോൺസിനെയും പ്രവേശിപ്പിച്ചിരുന്ന സ്പാനിഷ് ക്ലിനിക്കിൽ അവർക്കങ്ങനെ ചെയ്യുവാൻ സാധിച്ചില്ല. കാരണം ഡോ: പൊസാദാ അവരെ തടഞ്ഞു. തന്റെ ശവത്തിൽ ചവിട്ടിയിട്ടേ അവർക്കതു കടക്കാൻ കഴിയൂ എന്ന് ധീരമായി അദ്ദേഹം അവരോടു പറഞ്ഞു.

സൈനികാശുപത്രിയിൽ വെച്ച് പെദ്രോമിറത്തിനെയും അബലാർ ദോ ക്രെസ്പോയെയും ഫിദാൽ ലബ്രദോറിനെയും കൊല്ലുവാൻ വേണ്ടി അവരുടെ ഞരമ്പുകളിൽ വായുവും കർപ്പൂരവും കുത്തിവെച്ചു. സൈനികഡോക്ടറായ ക്യാപ്റ്റൻ തമായോ ആണ് അവരെ രക്ഷിച്ചത്. ഒരു യഥാർഥ പട്ടാളക്കാരന്റെ മാന്യതയുള്ള അദ്ദേഹം കൈയിൽ തോക്കുമായി അവരെ നിർദയരായ കൊലയാളികളുടെ പിടിയിൽ നിന്ന് വീണ്ടെടുത്തു നഗരാശുപത്രിയിലേക്കയച്ചു മുറിവേററവരിൽ ഈ അഞ്ചു ചെറുപ്പക്കാർ മാത്രമാണ് ജീവനോടെ അവശേഷിച്ചത്.

അതിരാവിലെ തന്നെ ഞങ്ങളുടെ ആളുകളെ സംഘം സംഘമായി ബാരക്കുകളിൽ നിന്നിറക്കി വണ്ടികളിൽ സീബോണിയിലേക്കും ലമായായിലേക്കും സോൻഗോയിലേക്കും മററു സ്ഥലങ്ങളിലേക്കും കൊണ്ടുപോയി. അതിനകം തന്നെ പീഡനം കൊണ്ടു വിരൂപരായിക്കഴിഞ്ഞിരുന്ന അവരുടെ കൈയും കാലും വായും വരിഞ്ഞുകെട്ടി ഒററപ്പെട്ട സ്ഥലങ്ങളിലേക്കു കൊണ്ടുപോയി കൊലപ്പെടുത്തി. പട്ടാളവുമായുണ്ടായ ഏററുമുട്ടലിൽ അവർ മരണപ്പെട്ടുവെന്നാണ് രേഖയുണ്ടാക്കിയിരിക്കുന്നത്. നിരവധി ദിവസങ്ങളോളം നീണ്ടുനിന്ന ഈ പരിപാടികൾക്കു ശേഷം രക്ഷപ്പെട്ട തടവുകാർ വളരെ ചുരുക്കമാണ്.

ധാരാളം പേരെ തങ്ങളുടെ തന്നെ ശവക്കുഴി തോണ്ടു വാൻ നിർബന്ധിച്ചു കുഴി തോണ്ടിക്കൊണ്ടുനിന്ന ഞങ്ങളുടെ ഒരാൾ തിരിഞ്ഞു കൈയിലിരുന്ന കുന്താലികൊണ്ടു കൊല യാളികളിലൊരുത്തൻെറ മുഖത്തടിച്ചു ററുള്ളവരെ കൈയ് പുറകിൽ കെട്ടി ജീവനോടെയാണ് കുഴിച്ചിട്ടതു്.

ഏകാന്തമായ നിരവധി സ്ഥലങ്ങൾ ധീരന്മാരുടെ ശവ മാടങ്ങളായിത്തീർന്നിരിക്കുന്നു. പട്ടാളക്കാരുടെ താവളത്തിനു തൊട്ടുതന്നെ ഞങ്ങളുടെ അഞ്ചാളുകളെ അടക്കംചെയ്തിട്ടുണ്ടു്. എന്നെങ്കിലുമൊരിക്കൽ ഈ ആളുകളെ ആ ശവക്കുഴികളിൽ നിന്നു് പുറത്തെടുക്കും, എന്നിട്ടു് ജനങ്ങൾ അവരെ തോളി ലേററിക്കൊണ്ടുവന്നു് മാർത്തിയുടെ ശവകുടീരത്തിനു സമീ പം അടക്കംചെയ്യും. ശതാബ്ദിദിവസത്തെ ആ രക്ത സാക്ഷികളുടെ സ്മരണക്കായി മോചിതമായ അവരുടെ നാട്ടു് തീർച്ചയായും ഒരു സ്മാരകം പണിയും.

സാന്തിയാഗോഡ് ക്യൂബാ പ്രദേശത്തു വെച്ചു് അവസാ നമായി വധിക്കപ്പെട്ട യുവാവു് മാറിയോ മാർത്തിയായിരു ന്നു. ഞങ്ങളുടെ സഖാവു് സിറോറെദോൻദോയോടൊപ്പം 30-ാം തീയതി വ്യാഴാഴ്ച കാലത്താണ് അദ്ദേഹത്തെ പിടി കൂടിയതു്. കയ്യുംപൊക്കിപ്പിടിച്ചു് രണ്ടുപേരെയും റോഡി ലൂടെ കൊണ്ടുവരുന്ന വഴിക്കാണ് പട്ടാളക്കാർ മാറിയോ മാർ ത്തിയുടെ പുറത്തു് വെടിവെച്ചതു്. താഴെ വീണ ശേഷവും ആ ശരീരത്തിലേക്കു് തുരുതുരെ വെടിവെച്ചു റെദോൻദോയെ ക്യാമ്പിലേക്കു് കൊണ്ടുചെന്നു. മേജർ പിറസ് ചൗമോണ്ടു് അദ്ദേഹത്തെ കണ്ടപ്പോൾ അത്ഭുതപ്പെട്ടു ചോദിച്ചു: ഇവനെ ന്തൊൻ—ഇവനെയെന്തിനാണു എൻെറ അടുത്തേക്കുകൊണ്ടു വന്നതു്? അതിനെ പട്ടാളക്കാരുടെ വിഡ്ഢിത്തം എന്നാ ണ് പിറസ് ചൗമോണ്ടു് വിശേഷിപ്പിച്ചതു്. ആ വിഡ്ഢി ത്തം കൊണ്ടു രക്ഷപ്പെട്ട ചെറുപ്പക്കാരൻ ഇവിടെയുണ്ടു്. ആ സംഭവത്തിൻെറ വിവരണം അദ്ദേഹത്തിൽ നിന്നും കോട തിക്കു കേൾക്കാം.

പ്രവിശ്യയിലാകമാനവും ഒരേ തരത്തിലുള്ള പരിപാടി യായിരുന്നു. ജൂലായ് 26-ാംനു കഴിഞ്ഞ പത്തു ദിവസത്തി നു ശേഷം മൻസാനിലോയിൽ നിന്നു് ബയാമോയിലേ

കളുള്ള റോഡിൽ രണ്ടു ചെറുപ്പക്കാരുടെ ശവശരീരങ്ങൾ തൂങ്ങിനിൽക്കുന്നതായി കാണപ്പെട്ടുവെന്ന ഒരു വാർത്ത ഈ നഗരത്തിലെ ഒരു പത്രം പ്രസിദ്ധീകരിക്കുകയുണ്ടായി. ആ ശവശരീരങ്ങൾ ഹ്യൂഗോ കമേയാവിന്റേതും പെഡ്രോവേല്യ ലസിന്റേതുമായിരുന്നുവെന്ന് പിന്നീട് തിരിച്ചറിഞ്ഞു. വെളുപ്പിനു രണ്ടു മണിക്കു മൻസാനിലോ ബാരക്കിൽ നിന്നു മൂന്നു പേരെ പുറത്തിറക്കി. അവരെ റോഡിൽ ഒരു പ്രത്യേക സ്ഥാനത്തു കൊണ്ടു പോയി ബോധം കെടുന്നതു വരെ തല്ലിച്ചതച്ച ശേഷം കഴുത്തിൽ കയറിട്ടു മുറുക്കി ശ്വാസം മുട്ടിച്ചുകൊന്നു. മൂന്നു പേരും മരിച്ചെന്നു കരുതി കൊലയാളികൾ മടങ്ങിപ്പോയി. പക്ഷെ ആൻദ്രസ് ഗാർഷ്യ മരിച്ചിട്ടില്ലായിരുന്നു, ബോധം തിരിച്ചുകിട്ടിയ ആൻദ്രസ് ഒരു കൃഷിക്കാരന്റെ വീട്ടിൽ അഭയം തേടി. ഭാഗ്യത്തിന് അങ്ങനെ സംഭവിച്ചതുകൊണ്ട് ഈ പാതകത്തിന്റെ വിവരങ്ങളും കോടതിക്ക് മനസ്സിലാക്കുവാൻ കഴിഞ്ഞു. ബയാമൊ പ്രദേശത്തു നിന്ന് തടവിലാക്കപ്പെട്ടവരിൽ ഇയാൾ മാത്രമാണ് ജീവനോടെ അവശേഷിച്ചത്.

കൗതോ നദിക്കടുത്തുള്ള ബാരൻകാസ് എന്ന സ്ഥലത്ത് ഒരു കിണററിൽ റാവുൽ ദ് ആഗിയറുടേയും അർമാൻദോ ദൊൽവാലിയുടെയും ആൻദ്രിസ് വാൽദെസിന്റേയും ശവശരീരങ്ങൾ കിടപ്പുണ്ട്. അംത്തോ സെദ്രോയിൽ വെച്ചാണ് ഈ മൂന്നു പേരെയും പിടികൂടിയത്. മിറാൻദ ബാർക്സിന്റെ ചുമതല വഹിച്ചിരുന്ന സാർജന്റ് മൊന്തസ് ദ് ഓക്ക, കോർപ്പറൽ മാസിയൊ അംത്തോ സെദ്രോയുടെ ചുമതല വഹിക്കുന്ന ലഫ്ടനന്റ് എന്നിവർ ചേർന്ന് അംത്തോ സെദ്രോക്കും പൽമാസോറിയാനോക്കും ഇടയിലുള്ള റോഡിൽ വെച്ച് അർധരാത്രിക്കാണ് അവരെ കൊലപ്പെടുത്തിയത്.

മൊൻകാദാ ബാരക്കുകളിലെ 'കടുവ' എന്നറിയപ്പെടുന്ന സാർജന്റ് യുലാലിയോ ഗോൺസാലസ് പൈശാചികതത്തിന്റെ ചരിത്രത്തിൽ പ്രത്യേക പദവി അർഹിക്കുന്നുണ്ട്. താൻ ചെയ്ത പറയാൻ കൊള്ളാത്ത കൊടുംപാതകങ്ങളെപ്പറ്റി വീമ്പടിച്ചു നടക്കുന്നതിന് യാതൊരു വൈഷമ്യവും അയാൾക്കു തോന്നിയില്ല. അയാൾ സ്വന്തം കൈകൾകൊ

ണ്ടാണ് ഞങ്ങളുടെ സഖാവ് ആബേൽ സാന്താമേറിയായെ കൊലചെയ്തത്. എന്നിട്ടും അയാൾക്കു തൃപ്തിയായില്ല. ഒരു ദിവസം അയാൾ പ്യൂർട്ടോ ബോണിയാറ്റോ ജയിലിൽ നിന്നു്—അവിടെ അയാൾ പോരുകോഴികളെ വളർത്തുന്നുണ്ടായിരുന്നു—മടങ്ങിപ്പോരുകയായിരുന്നു. ആബേലിന്റെ അമ്മ സഞ്ചരിച്ചിരുന്ന ബസ്സിൽ അയാളും കയറി. അവർ ആരെന്നു മനസ്സിലാക്കിയപ്പോൾ ഈ രാക്ഷസൻ തന്റെ ഭീകരകൃത്യങ്ങളെക്കുറിച്ചു മകന്റെ മരണത്തിൽ ദുഃഖിതയായ അവർ കേൾക്കുവാൻ വേണ്ടി, ഉച്ചത്തിൽ സംസാരിക്കുവാൻ തുടങ്ങി. അയാൾ പറഞ്ഞു: 'അതെ, പലരുടെയും കണ്ണുകൾ ഞാൻ ചൂഴ്ന്നെടുത്തിട്ടുണ്ടു്, അതു തുടരാനും ഉദ്ദേശിക്കുന്നുണ്ടു്'. തന്റെ മകനെ കൊലചെയ്തവന്റെ ക്രൂരവും ഭീരുത്വപൂർണ്ണവുമായ പ്രലപനം കേട്ട് ആ അമ്മ ഒഴുക്കിയ കണ്ണുനീർ, വാക്കുകൾക്കു പ്രകടിപ്പിക്കുവാൻ കഴിയാത്തത്ര ശക്തിയിൽ, ഇതിനു മുൻപെങ്ങുമുണ്ടായിട്ടില്ലാത്ത തരത്തിലുള്ള നമ്മുടെ നാടിന്റെ ധാർമ്മികാധഃപതനം വരച്ചുകാട്ടുന്നു. ഈ അമ്മമാർ മൊൻകാഡാബാരക്കുകളിൽച്ചെന്നു് തങ്ങളുടെ മക്കളെക്കുറിച്ചു് ചോദിച്ചപ്പോൾ കേട്ടുകേൾവിപോലുമില്ലാത്തത്ര ധിക്കാരത്തോടുകൂടി അവർക്കു നൽകിയ മറുപടി ഇതാണ്. 'മാഡം, തീർച്ചയായും നിങ്ങൾക്കവനെ കാണാം. നിങ്ങൾക്കു വേണ്ടി ഞങ്ങൾ അവനെ സാന്താ ഇൻഫീജിനിയാ ഹോട്ടലിൽ (സാന്താ—ഇൻഫീജിനിയാ—സാന്തിയാഗോഡ്—ക്യൂബാ നഗരത്തിനു സമീപമുള്ള ശ്മശാനം) താമസിപ്പിച്ചിരിക്കയാണ്! ഈ കൃത്യങ്ങൾക്കു ഉത്തരവാദികളായവരെക്കൊണ്ടു് ശരിക്കും കണക്കുപറയിക്കുന്ന ഒരു ദിവസം ഉണ്ടായില്ലെങ്കിൽ ക്യൂബ ക്യൂബയല്ല. ഹൃദയശൂന്യരായ മനുഷ്യർ, അവർ ക്യൂബയിലെ ജനങ്ങളെ തങ്ങളുടെ ചെറുപ്പക്കാരായ പ്രക്ഷോഭകാരികളുടെ മൃതദേഹങ്ങൾ കൊണ്ടുപോകുമ്പോൾ അവരോടുള്ള ബഹുമാനസൂചകമായി തലകുമ്പിട്ടുനിന്ന ക്യൂബയിലെ ജനങ്ങളെ, നിർദ്ദയമായി അപമാനിച്ചു.

കൊലചെയ്യപ്പെട്ടവരുടെ സംഖ്യ നിരവധിയായതുകൊണ്ടു അവരുടെ പൂർണ്ണമായ പട്ടിക പരസ്യപ്പെടുത്താൻ ഗവണ്മെൻറ് ഇനിയും ധൈര്യപ്പെട്ടിട്ടില്ല. തങ്ങളുടെ കണ

ക്കുകൾ തെററാണെന്നവർക്കറിയാം. കൊലചെയ്യപ്പെട്ടവരുടെ മുഴുവൻപേരുടെയും പേരുവിവരം നിശ്ചയമായും അവരുടെ കൈവശമുണ്ട്. കാരണം കൊലയ്ക്കു കൊണ്ടുപോകുന്നതിനു മുൻപ് ഓരോ തടവുപുള്ളിയെയും പററിയുള്ള എല്ലാ വിവരങ്ങളും അവർ കുറിച്ചെടുത്തിട്ട്, നാഷണൽ ഐഡൻറിഫിക്കേഷൻ ബ്യൂറോയിലൂടെ ആളുകളെ തിരിച്ചറിയുക എന്ന നീണ്ട പരിപാടി വെറും പ്രഹസനമായിരുന്നു തങ്ങളുടെ മക്കളുടെ ഗതിയെന്തെന്നറിയാൻ കാത്തിരിക്കുന്ന കുടുംബങ്ങൾ ഇപ്പോഴുമുണ്ട്. ഇപ്പോൾ ഏതാണ്ട് മൂന്നുമാസം കഴിഞ്ഞിരിക്കുന്നു എന്നിട്ടും ഈ പ്രശ്നം അവശേഷിക്കുന്നതെന്തുകൊണ്ടാണ്?

കൊല ചെയ്യപ്പെട്ടവരുടെ പോക്കററിലെ അവസാനത്തെ പൈസവരെയും ദേഹത്തുണ്ടായിരുന്ന മോതിരങ്ങളും വാച്ചുകളുമെല്ലാം ഈ കൊലയാളികൾ തട്ടിയെടുത്തു എന്നിട്ട് ഇപ്പോൾ അവയെല്ലാം ചങ്കുറേറത്തോടുകൂടി അണിഞ്ഞുകൊണ്ട് നടക്കുകയാണ്!

ബഹുമാന്യരായ ന്യായാധിപരെ, ഞാനിപ്പോൾ പറഞ്ഞ കാര്യങ്ങളിൽ മിക്കതും എൻെറ സഖാക്കളിൽ പലരുടെയും മൊഴികളിൽ നിന്ന് നിങ്ങൾ നേരത്തെ മനസ്സിലാക്കിക്കഴിഞ്ഞവയാണ്. പക്ഷേ, പ്രധാനപ്പെട്ട പല സാക്ഷികളെയും, കഴിഞ്ഞ വിചാരണയിൽ പങ്കെടുക്കുവാൻ അവരെ അനുവദിച്ചിരുന്നെങ്കിലും, ഈ വിചാരണയിൽ നിന്നൊഴിച്ചുനിർത്തിയിരിക്കുകയാണെന്ന കാര്യം ദയവായി ശ്രദ്ധിക്കുക. ഉദാഹരണമായി ഈ വിചാരണ നടക്കുന്ന കെട്ടിടത്തിൽ തന്നെയുള്ള നഗരാശുപത്രിയിലെ നഴ്സുമാർ ഇവിടെയില്ലെന്ന് ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. ഞാൻ ചോദ്യം ചെയ്യുമ്പോൾ ഡോ: മാരിയോ മുനോസിനെ കൂടാതെ ഇരുപതു പേരെ കൂടി ഇവിടെ നിന്നു ജീവനോടെ പിടിച്ചു എന്ന സത്യം അവർ പറയാതിരിക്കാൻ വേണ്ടിയാണ് അവരെ വിചാരണയ്ക്കു വരുന്നതിൽ നിന്നു വിലക്കിയിരിക്കുന്നത്. ഈ സാക്ഷികളെ ചോദ്യം ചെയ്താൽ അങ്ങേഅററം അപകടകരമായ ചില വസ്തുതകൾ ഔദ്യോഗിക രേഖകളിൽ സ്ഥലം പിടിക്കുമെന്നു ഭരണം ഭയപ്പെടുന്നുണ്ട്.

പക്ഷെ പിറസ് ചൗമോണ്ട് ഇവിടെ ഹാജരായി. എൻെറ ചോദ്യം ചെയ്യലിൽനിന്നയാരംക്ക രക്ഷപ്പെടുവാൻ കഴിഞ്ഞില്ല നിരായുധരോടും വിലങ്ങുവെക്കപ്പെട്ടവരോടും മാത്രം പൊരുതുന്ന ധീരനായ ഈ മനുഷ്യനിൽ നിന്ന മന സ്സിലാക്കിയ കാര്യങ്ങരം ഈ കോടതി നടപടികളിൽ നിന്ന എന്നെ മാററിനിർത്തിയിരുന്നില്ലെങ്കിൽ, ഈ കോടതിമുറി യിൽ നിന്ന് എന്തെല്ലാം കാര്യങ്ങരം പഠിക്കാൻ കഴിയുമാ യിരുന്നുഎന്നതിനെക്കുറിച്ച് ഏതാണ്ടൊരു രൂപം നമുക്ക തരുന്നുണ്ട്. സിബോണിയിൽ ഉണ്ടായ ഏററുമുട്ടലിൽ ഞങ്ങ ളുടെ എത്ര ആളുകരം മരിച്ചുവെന്ന് ഞാനയാളോട ചോദിച്ചു അയാരം മടിച്ചു നിന്നു. ഞാൻ ആവർത്തിച്ചപ്പോരം അവസാ നം ഇരുപത്തിഒന്നുപേരെന്ന് അയാരം പറഞ്ഞു. അവിടെ ഒരു ഏററുമുട്ടലും നടന്നില്ലെന്ന് എനിക്കറിയാം. വീണ്ടും ഞങ്ങളുടെ ആളുകളിൽ എത്ര പേർക്ക് മുറിവേററുവെന്ന് ഞാ നയാളോട് ചോദിച്ചു. അയാരം മറുപടി തന്നു. ആരുമില്ല. എല്ലാവരും കൊല്ലപ്പെടുകയായിരുന്നു. അപ്പോഴാണ് പട്ടാള ക്കാർ അണ്വായുധങ്ങളാണോ ഉപയോഗിച്ചിരുന്നതെന്ന് ഞാൻ അത്ഭുതത്തോട കൂടി അയാളോട ചോദിച്ചത്. ആളുക ളെ തൊട്ടടുത്തു നിന്നു വെടിവെച്ചാൽ മുറിവേററവർ കാണുക യില്ലല്ലോ

സൈനികരിൽ എത്രപേർ മരിച്ചുവെന്ന് പിന്നീട് ഞാനയാളോട ചോദിച്ചു. അയാളുടെ ആളുകളിൽ രണ്ടു പേർക്ക് മുറിവു പററി എന്നയാരം മറുപടി പറഞ്ഞു. ആ രണ്ടുപേരിൽ ആരും മരിച്ചില്ലേ എന്ന് ഞാൻ അവസാന മായി ചോദിച്ചപ്പോരം ഇല്ലെന്നയാരം പറഞ്ഞു, ഞാൻ കാത്തിരുന്നു. പിന്നീട് മുറിവേററ പട്ടാളക്കാരെ നിരനിര യായി നിർത്തി പരിശോധിച്ചപ്പോരം അവരിലൊർക്കും തന്നെ സിബോണിയിൽ വെച്ച് മുറിവ് പററിയിട്ടില്ലെന്നു തെളിഞ്ഞു. നിരായുധരായ ഇരുപത്തിഒന്നു ചെറുപ്പക്കാരെ കൊലപ്പെടുത്തിയതിൽ തെല്ലുപോലും കുസലില്ലാത്ത ഈ മേജർ പിറസ് ചൗമോണ്ട് തന്നെ ഒരു ലക്ഷത്തിൽ പരം ഡോളർ വിലവരുന്ന ഒരു മണിസൗധം ന്യൂഡാമർ ബീച്ചിൽ പണികഴിപ്പിച്ചിട്ടുണ്ട്. ബാത്തിസ്റ്റായുടെ പുതിയ ഭരണം വന്നതിനു ശേഷം ചുരുങ്ങിയ മാസങ്ങരം കൊണ്ടു മാത്രം

അയാളുണ്ടാക്കിയ സമ്പാദ്യമാണതു്. ഒരു മേജർ ഇത്രയും സമ്പാദിച്ചെങ്കിൽ ജനറലുമാർ സമ്പാദിച്ചതു് എത്രയായിരിക്കും.

# VI

ബഹുമാന്യരായ ന്യായാധിപരേ, ജൂലൈ 26, 27, 28, 29 തീയതികളിൽ പിടിക്കപ്പെട്ട ഞങ്ങളുടെ ആളുകൾ എവിടെയാണു്? സാന്തിയാഗോദ് ക്യൂബാപ്രദേശത്തുനിന്നു് അറുപതിൽപരം ആളുകളെ പിടിച്ചിട്ടുണ്ടെന്നറിയാമല്ലോ. അവരിൽ മൂന്നു പേരും രണ്ടു് പെൺകുട്ടികളും മാത്രമേ ഹാജരായിട്ടുള്ളു. മററുള്ള പ്രതികളെ പിന്നീടു് പിടികൂടിയതാണു്. മുറിവേററ ഞങ്ങളുടെ ആളുകൾ എവിടെയാണു്? അവരിൽ അഞ്ചു പേർ മാത്രമേ ജീവനോടെ അവശേഷിച്ചിട്ടുള്ളു ബാക്കിയുള്ളവരെ കൊലപ്പെടുത്തിയതാണു്. ഈ കണക്കുകൾ നിഷേധിക്കുവാൻ സാധ്യമല്ല.

നേരെമറിച്ചു്, ഞങ്ങളുടെ തടവുകരായിരുന്ന ഇരുപതു പട്ടാളക്കാരും ഇവിടെ ഹജരായി. ഞങ്ങളിൽനിന്നു് മോശമായ ഒരു വാക്കുപോലും അവർക്കു് കേൾക്കാനിടവന്നില്ലെന്നു് അവർ തന്നെ ഇവിടെ പറഞ്ഞല്ലോ. മുറിവുപററിയ മുപ്പതു പട്ടാളക്കാരും, അവരിൽ മിക്കവർക്കും മുറിവേററതു് തെരുവു യുദ്ധത്തിലാണു്, നിങ്ങളുടെ മുൻപിൽ ഹാജരായല്ലോ, ഒരൊററയാളെപ്പോലും ഞങ്ങൾ കൊലപ്പെടുത്തിയില്ല സൈനികരുടെ കൂട്ടത്തിൽ മരിച്ചവർ പത്തൊൻപതുപേരും മുറിവേററവർ മുപ്പതുപേരുമാണെങ്കിൽ ഞങ്ങളുടെ കൂട്ടത്തിൽ മരിച്ചവർ എൺപതുപേരും മുറിവേററവർ അഞ്ചുപേരുമാകുന്നതെങ്ങനെയാണു്? പിറസ് പൗരോണു് വിവരിച്ചതുപോലെയുള്ള അസാധാരണമായൊരുയുദ്ധ, ഇരുപതിയൊന്നാളുകൾ മരിക്കുകയു, മുറിവേററവർ ആരുമില്ലാതിരിക്കുകയും ചെയ്യുന്ന ഒരു യുദ്ധം, ആരെങ്കിലും കണ്ടിട്ടുണ്ടോ?

1895 ലെ യുദ്ധത്തിൽ, ക്യൂബൻ സൈന്യം പരാജയപ്പെടുകയും വിജയിക്കുകയും ചെയ്ത രണ്ടു ഘട്ടങ്ങളിലും

മരിച്ചവരുടെയും മുറിവേററവരുടെയും ലിസ്ററുകഠം ഇവിടെയുണ്ട്. ലാസ്‌വില്ലാസിലെ ലോസ് ഇൻദിയോസ് യുദ്ധം—മരിച്ചവർ ഒന്നുമില്ല മുറിവേററവർ 12; മാൽതിയമ്പോയുദ്ധം—മരിച്ചവർ 4, മുറിവേററവർ 23; കലിമീത്തെ യുദ്ധം — മരിച്ചവർ 16, മുറിവേററവർ 64; ലംപാൽമാ യുദ്ധം—മരിച്ചവർ 39, മുറിവേററവർ 88; ചച്ചാറ ജിച്ചാറ യുദ്ധം — മരിച്ചവർ 5, മുറിവേററവർ 13; ദെസ്കാൽസോ യുദ്ധം—മരിച്ചവർ 4, മുറിവേററവർ 45; സാൻഗബ്രിയേൽ ഓൽലൊാബീല്ലൊ യുദ്ധം—മരിച്ചവർ 2, മുറിവേററവർ 18 ഈ യുദ്ധങ്ങളിലെല്ലാം മുറിവേററവരുടെ സംഖ്യ മരിച്ചവരുടെ രണ്ടുമുതൽ പത്തുവരെ ഇരട്ടിയാണ്. അക്കാലത്ത് മരണത്തിന്റെ ശതമാനം കുറയ്ക്കാൻ കഴിവുള്ള ആധുനിക ഔഷധങ്ങഠം ഉണ്ടായിരുന്നുമില്ല, അപ്പോഠം മുറിവേററവരെ അവർ കിടന്നിരുന്ന ആശുപത്രികളിൽ വെച്ചുതന്നെ ഗവണ്മെൻറ് കശാപ്പ് ചെയ്യുകയും തടവുകാരായി പിടിച്ച നിസ്സഹായരെ കൊലപ്പെടുത്തുകയുമല്ല ചെയ്തതെങ്കിൽ മുറിവേററ ഒരാളിന് മരണപ്പെട്ടവർ പതിനാറ് എന്ന അസാധാരണമായ അനുപാതത്തിന് എങ്ങനെ വിശദീകരണം നൽകാൻ കഴിയും? ഈ കണക്കുകഠം നിഷേധിക്കുവാൻ സാധ്യമല്ല

കലാപകാരികളുടെ കൂട്ടത്തിൽ മരിച്ചതിന്റെ മൂന്നിരട്ടി സൈനികർ ഏററുമുട്ടലിൽ മരിച്ചു എന്നതു് നാണക്കേടും അപമാനവുമാണ്. മരിച്ച ഓരോ പട്ടാളക്കാരനും പത്തുപേരെന്ന കണക്കിന് തടവുകാരെ കൊല്ലണം—ഇതാണ് മാർച്ച്പത്തിനു ജനറൽമാരാക്കി ഉയർത്തിയ അല്പന്മാർക്കു മാന്യതയെക്കുറിച്ചുള്ള സങ്കൽപം. ഈ മാന്യതയുടെ ചട്ടമാണു ദേശീയസൈന്യത്തിന്റെ മേൽ അടിച്ചേൽപിക്കുവാൻ അവരാഗ്രഹിക്കുന്നതു്. കൊലപാതകികഠം നടത്തുന്ന രക്തച്ചൊരിച്ചിലിലും കപടമാന്യതയിലും പച്ചക്കള്ളങ്ങളിലും അധിഷ്ഠിതമായ അസത്യവും കാട്ടിക്കൂട്ടുന്നതും ഉപരിപ്ലവവുമായ മാന്യത. ആളുകഠം പൊരുതി മരിച്ചാൽ അവരുടെ മാന്യത പൊയ്പോകുമെന്നു അവരോടു പറഞ്ഞതാരാണ്? മുറിവേററവരെയും യുദ്ധത്തടവുകാരെയും കശാപ്പു ചെയ്യുന്നതാണ് ഒരു സൈന്യത്തിന്റെ മാന്യത എന്നു അവരോടു പറഞ്ഞതാരാണ് ?

യുദ്ധകാലങ്ങളിൽ തടവുകാരെ വധിക്കുന്ന സൈന്യങ്ങൾ എല്ലാ കാലത്തും ലോകത്തിന്റെ മുഴുവൻ അധിക്ഷേപത്തിനും ശകാരത്തിനും പാത്രമായിട്ടുണ്ട്. ഒരു രാജ്യത്തെ വിദേശ സൈന്യം ആക്രമിക്കുമ്പോൾ പോലും ഇത്തരം ഭീരുത്വത്തിന് യാതൊരു ന്യായീകരണവുമില്ല

തെക്കെ അമേരിക്കയിലെ ഒരു വിമോചകന്റെ വാക്കുകളിൽ പറഞ്ഞാൽ : 'ഏറ്റവും കർശനമായ സൈനികനിയമത്തിനു പോലും ഒരു പട്ടാളക്കാരന്റെ ഖഡ്ഗത്തെ കൊലക്കത്തിയാക്കി മാററുവാനാവില്ല'. മാന്യനായ പട്ടാളക്കാരൻ നിസ്സഹായനായ തടവുകാരനെ യുദ്ധത്തിനു ശേഷം കൊല്ലുകയില്ല, നേരെമറിച്ച് അയാളെ ബഹുമാനിക്കും. അയാൾ മുറിവേററ ഒരാളിന്റെ കഥ കഴിക്കുകയില്ല; നേരെമറിച്ച് അയാളെ ശുശ്രൂഷിക്കും. അയാൾ പാതകങ്ങളുടെ വഴി തടയും. അതിനയാൾക്കു കഴിയുന്നില്ലെങ്കിൽ, ക്യൂബൻ വിദ്യാർഥികളെ വെടിവെച്ചു കൊല്ലുന്നതു കേട്ടപ്പോൾ അമർഷത്തോടു കൂടി തന്റെ വാൾ രണ്ടായി തല്ലിയൊടിച്ചുകളയുകയും തുടർന്നു സൈന്യത്തിൽ സേവനമനുഷ്ഠിക്കാൻ വിസമ്മതിക്കുകയും ചെയ്ത ആ സ്പാനിഷ് ക്യാപ്ററനെപ്പോലെ അയാൾ പ്രവർത്തിക്കും.

യുദ്ധത്തിൽ മരണമടഞ്ഞ പട്ടാളക്കാരുടെ വില കെടുത്തുന്നവരാണ് തടവുകാരെ കൊലപ്പെടുത്തിയ പട്ടാളക്കാർ. ധാരാളം പട്ടാളക്കാർ ധീരമായി പൊരുതുന്നതു ഞാൻ കണ്ടു. ഉദാഹരണത്തിന് തമ്മിൽ തൊടാവുന്നത്ര അടുത്തുവന്ന് ഞങ്ങളുടെ നേർക്ക് യന്ത്രത്തോക്കുകൾകൊണ്ട് വെടിവച്ച പട്രോൾ സംഘത്തിലെ ആളുകൾ, അല്ലെങ്കിൽ മരണത്തെപ്പോലും കൂസാതെ ബാരക്കുകളിലുള്ളവർക്കു മുന്നറിയിപ്പു കൊടുത്ത ആ സാർജന്റ്. അവരിൽ ചിലർ ജീവിച്ചിരിക്കുന്നു. അതിൽ എനിക്കു സന്തോഷമുണ്ട്. മററുള്ളവർ മരിച്ചുപോയി. തങ്ങൾ തങ്ങളുടെ കടമ നിർവഹിക്കുകയാണെന്നവർ വിശ്വസിച്ചു. എന്റെ നോട്ടത്തിൽ അവർ അഭിനന്ദനത്തിനും ആദരവിനും അർഹരാണ്. ഹീനമായ ലക്ഷ്യത്തിനുവേണ്ടി ധീരരായ മനുഷ്യർ ബലിയാകേണ്ടി

വരുന്നതിനോടു മാത്രമെ എനിക്കു പ്രതിഷേധമുള്ളു. ക്യൂബ സ്വാതന്ത്ര്യയായിക്കഴിയുമ്പോൾ, ഞങ്ങൾക്കെതിരായി യുദ്ധം ചെയ്തു മരിച്ച ധീരരായ പോരാളികളുടെ ഭാര്യമാരെയും കുഞ്ഞുങ്ങളെയും നമ്മൾ ആദരിക്കുകയും അവർക്ക് അഭയവും സഹായവും നൽകുകയും ചെയ്യും, ക്യൂബയുടെ കഷ്ടപ്പാടിന് അവരെ കുററപ്പെടുത്തേണ്ടതില്ല അവരും ഈ വൃത്തികെട്ട സാഹചര്യത്തിൻെറ ഇരകളാണ്.

പക്ഷെ യുദ്ധത്തിൽ മരണമടഞ്ഞ പടയാളികൾ നേടിയ മാന്യത, കീഴടങ്ങിയതിനു ശേഷം, തടവുകാരെ കൊലചെയ്യുവാൻ ഉത്തരവു കൊടുക്കുന്ന സൈനിക മേധാവികൾ കളഞ്ഞുകുളിച്ചു. ഒററ രാത്രികൊണ്ടു ജനറലുമാരായ ആളുകൾ— ഒരിക്കലും ഒരു തോക്കുപിടിച്ചിട്ടില്ലാത്തവരും കടുത്ത രാജ്യദ്രോഹം നടത്തി ബഹുമതിമുദ്രകൾ വിലയ്ക്കു വാങ്ങിയവരും തങ്ങൾ പങ്കെടുക്കാത്ത യുദ്ധങ്ങളിൽ തടവുകാരാക്കപ്പെട്ടവരെ വധിക്കുവാൻ ഉത്തരവു പുറപ്പെടുവിച്ചവരുമായ ജനറലുമാർ, ഈ മാർച്ച് 10-ൻെറ ജനറലുമാർ അന്തോണിയോ മേസിയോയുടെ സൈന്യത്തിൻെറ ആയുധങ്ങൾ ചുമന്നുകൊണ്ടു വന്ന കോവർകഴുതകളെ തെളിക്കുവാൻ പോലും കൊള്ളരുതാത്തവരാണവർ.

ഞങ്ങൾക്കുണ്ടായിരുന്നതിൻെറ മൂന്നിരട്ടി ആൾനാശം സൈന്യത്തിനുണ്ടായി അതിൻെറ കാരണം സൈന്യത്തിലെ ആളുകൾ അംഗീകരിച്ചിട്ടുള്ളതുപോലെ ഞങ്ങളുടെ ആളുകൾ ഉന്നതമായ പരിശീലനം നേടിയവരായിരുന്നതുകൊണ്ടും തക്കതായ തന്ത്രപരിപാടികൾ ഞങ്ങൾ തയ്യാറാക്കിയിരുന്നതുകൊണ്ടുമാണ്. യുദ്ധത്തിൽ ഉജ്വലമായ പ്രകടനം നടത്തുന്നതിൽ സൈന്യം പരാജയപ്പെട്ടു. ചാരവൃത്തിക്കുവേണ്ടി മിലിട്ടറി ഇൻറലിജൻസ് സർവീസ് ദശലക്ഷക്കണക്കിനു ചെലവാക്കിയെങ്കിലും ആകസ്മികമായാണവർ ആക്രമിക്കപ്പെട്ടതു്. പഴകിപ്പോയതുകൊണ്ടു അവരുടെ കൈബോംബുകൾ പൊട്ടിയില്ല.

സൈന്യത്തിനു് ഇതെല്ലാം വന്നു ഭവിക്കുവാൻ കാരണക്കാർ മാർത്തിൻ ദയസ് തമയോയെപ്പോലെയുള്ള ജനറലു

മാരും ഉഗാാം കെറില്ലോയെയു, റോമ്പർട്ടോ ദെൽ റയോ ചാവിയാനൊയെയും പോലുള്ള കേണലുമാരുമാണ്.

മാർച്ച് പത്തിനു നടന്നതുപോലെ സൈന്യത്തിലേക്ക നുഴഞ്ഞുകയറിയ പതിനേഴ വഞ്ചകന്മാരായിരുന്നില്ല ഞങ്ങാം. നേരെമറിച്ച് മരണത്തെ ധീരമായി നേരിടുവാൻ തയ്യാറായിക്കൊണ്ട് കൃമ്പയുടെ ഒന്നാം മുതൽ മറേറ അറാം വരെ സഞ്ചരിച്ച നൂററി അറുപത്തിഅഞ്ച് ആളുകളായിരുന്നു ഞങ്ങാം. സൈനികത്തലവന്മാർക്ക് സൈനിക മാന്യതയെക്കുറിച്ചു നേരിയൊരു ധാരണയെങ്കിലുമുണ്ടായിരുന്നെങ്കിൽ, തങ്ങളുടെ അപമാനവും കഴിവുകേടും തടവുകാരുടെ ചോര കൊണ്ടു കഴുകിക്കളയുന്നതിനുപകരം അവർ രാജിവെച്ച് പിരിയുമായിരുന്നു.

തടവുകാരെ കൊല്ലുക, എന്നിട്ടവർ യുദ്ധത്തിൽ മരിച്ചെന്നു പറയുക: ഇതാണ് മാർച്ച് പത്തിൻെറ ജനറലുമാരുടെ സൈനികപരമായ കഴിവ്. സ്വാതന്ത്ര്യസമരകാലത്തെ ഏററവും പൈശാചികമായ വർഷങ്ങളിൽ കുപ്രസിദ്ധനായ വലേറിയോ വെയ്ലർ സ്വീകരിച്ച മാർഗം ഇതായിരുന്നു.

ആ സമരകഥകളിലെ ഒരു സംഭവമാണിതു്: ഫെബ്രുവരി 23–ാംനു ബാംദമെറോ അക്കോസ്ത ഓഫീസർ കുറെ കുതിരപ്പട്ടാളക്കാരുമായി പുന്താ ബ്രാവായിൽ പ്രവേശിച്ചു അപ്പോാം പിസ്സാറോയുടെ റെജിമെൻറിൽ പെട്ട ഒരു സംഘം അവിടങ്ങളിൽ ബാററിഗപില്ലാ (കുടവയറൻ) എന്നറിയപ്പെടുന്ന ഒരു സാർജൻറിൻെറ നേതൃത്വത്തിൽ എതിരെയുള്ള റോഡിലൂടെ വന്നു. അല്പസമയം അങ്ങോട്ടുമിങ്ങോട്ടും വെടിവെച്ചതിനുശേഷം കലാപകാരികാം പുന്ത ബ്രാവായിൽ നിന്നു് ഗ്വത്താമെ ഗ്രാമത്തിലുള്ള വഴിയിലേക്ക പിൻവാങ്ങി. പിസ്സാറോയുടെ സംഘം മാറിയാനോവിൽനിന്നു് ഗ്വത്താവെയിലേക്ക് നീങ്ങി. അവരുടെ പിന്നാലെ വന്ന ക്യാപ്ററൻ കൽവോയുടെ നേതൃത്വത്തിൽ വന്ന മറെറാരു സംഘം ഭടന്മാരുണ്ടായിരുന്നു. ഗ്രാമത്തിൽ പ്രവേശിച്ചപ്പോാം തന്നെ പിസ്സാറൊയുടെ സംഘം കുട്ട

കൊല തുടങ്ങി. യാതൊന്നിലും പങ്കില്ലാത്ത ഗ്രാമവാസികളിൽ പന്ത്രണ്ടുപേരെ കൊല്ലുകയും ബാക്കിയുള്ളവരെ തടവുകാരാക്കുകയും ചെയ്തു. ഈ പൈശാചികത്വം കൊണ്ടും മതിയാകാതെ ഗ്വത്താവോയുടെ പ്രാന്തങ്ങളിൽ വെച്ച് അവർ മറെറാരു കാട്ടാളത്തം കൂടി കാട്ടി. തടവുകാരിലൊരാളെ കൊല്ലുകയും ബാക്കിയുള്ളവരെ മാരകമായി മുറിവേല്പിക്കുകയും ചെയ്തു. ഭീരുവും വിടുവായനുമായ സെർവെറെയിലെ മാർകിസ് എന്ന പട്ടാളക്കാരൻ സ്പാനിഷ് പട്ടാളക്കാരുടെ ഈ ''ഉഗ്രമായ'' വിജയത്തെക്കുറിച്ച് വെയ്ലറെ അറിയിച്ചു. പക്ഷെ തത്വദീക്ഷയുള്ള ഒരു മനുഷ്യനായ മേജർ സുഗാസ്തി ഈ സംഭവത്തെ അപലപിച്ചുകൊണ്ട് ഗവണ്മെൻറിലേക്കെഴുതുകയും കൊലപാതകികളായ ക്യാപ്ററൻ കൽവോയും സാർജൻറ് ബാററിഗവില്ലായും ശാന്തശീലരായ പൗരന്മാരെ കൊല്ലുകയാണ് ചെയ്തതെന്ന് ഔദ്യോഗികമായി പ്രഖ്യാപിക്കുകയും ചെയ്തു.

ഭീകരമായ ഈ സംഭവത്തിൽ വെയ്ലർ ഇടപെട്ടതും ഈ കൂട്ടക്കൊലയെക്കുറിച്ചറിഞ്ഞപ്പോൾ അയാൾക്കുണ്ടായ സന്തോഷവും അയാൾ ഈ ക്രൂരകൃത്യങ്ങളെക്കുറിച്ച് ഔദ്യോഗികമായി എഴുതി അയച്ച കത്തിൽനിന്ന് ഊഹിച്ചറിയാവുന്നതേയുള്ളു. മാരിയാനാവോയിൽ നിന്നുള്ള ഒരു മേജർ സംഘടിപ്പിച്ച ഒരു ചെറുസംഘവും സൈന്യത്തിലെ ഒരു വിഭാഗവും ചേർന്നു പുന്ത ബ്രാവായ്ക്കു സമീപത്തുവെച്ച വില്ലന്യൂവായുടെയും ബാൾദമെറോ അക്കോസ്തയുടെയും സംഘങ്ങളെ യുദ്ധം ചെയ്തു നശിപ്പിക്കുകയും അവരിൽ ഇരുപതാളുകളെ കൊല്ലുകയും ചെയ്തു. കൊല്ലപ്പെട്ടവരുടെ ശവശരീരങ്ങൾ അടക്കുന്നതിനായി ഗ്വത്താവൊയിലെ മേയറെ ഏല്പിച്ചു. തടവുകാരായി പിടിക്കപ്പെട്ട പതിനഞ്ചു പേരിൽ ഒരാൾക്കു മുറിവു പററിയിട്ടുണ്ടെന്നു കരുതുന്നു. നമ്മുടെ ആളുകളിൽ ഒരാൾക്കു മാരകമായ മുറിവുകൾ പററിയിട്ടുണ്ട്. മററു ചിലർക്ക് ചെറിയ മുറിവും ചതവുമേ പററിയിട്ടുള്ളു— വെയ്ലർ.

വെയ്ലറുടെ കത്തിനും മേജർ പീറസ് ചൗമോന്തിൻെറ വിജയങ്ങളെക്കുറിച്ച് കേണൽ ചാവ്വിയാനോ എഴുതിയ

കത്തിനും തമ്മിലുള്ള ഒരേ ഒരു വ്യത്യാസം മരിച്ചവർ ഇരുപതെന്നു വെയ്ലറും ഇരുപത്തിഒന്നെന്ന് ചൗമോന്റും തന്റെ പക്ഷത്തു മുറിവേററത് ഒരാൾക്കാണെന്ന് വെയ്ലർ, ചൗമോന്തിന്റെ കണക്കിൽ രണ്ടു പേർ; ശത്രുക്കളിൽനിന്ന് മുറിവേററവർ ഒന്നും തടവിലാക്കപ്പെട്ടവർ പതിനഞ്ചും ആണെന്ന് വെയ്ലറും ശത്രുപക്ഷത്ത് മുറിവേററവർ ആരുമില്ലെന്നും അവരിൽ നിന്ന് ആരും തടവിലാക്കപ്പെട്ടിട്ടില്ലെന്നും ചൗമോന്റും പറയുന്നുവെന്നുള്ളതാണ്.

വീരമൃത്യു വരിച്ച പടയാളികളുടെ ധീരതയെ ശ്ലാഘിക്കുന്നതു പോലെ തന്നെ, തങ്ങളുടെ അന്തസ്സിൽ സ്വയം ഉറച്ചു നിൽക്കുകയും ഈ രക്തം കൊണ്ട് സ്വന്തം കൈകൾ ചെമപ്പിക്കാതിരിക്കുകയും ചെയ്ത ആഫീസർമാരെയും ഞാൻ ശ്ലാഘിക്കുന്നു. ജീവനോടെ അവശേഷിച്ചവരിൽ നിരവധി പേരും അവരുടെ ജീവൻ രക്ഷപ്പെട്ടതിന് ലഫ്ററനൻറ് സറിയ, ലഫ്ററനൻറ് ക്യാമ്പാ, ക്യാപ്ററൻ തമായോ തുടങ്ങിയ ഓഫീസറന്മാരുടെ ശ്ലാഘനീയമായ പെരുമാററത്തോട് കടപ്പെട്ടിരിക്കുന്നു. തടവുകാരോടുള്ള അവരുടെ പെരുമാററം തികച്ചും മാന്യമായിരുന്നു. ഇവരെപ്പോലെയുള്ള ആളുകൾ സായുധസേനയുടെ പേരു് ഭാഗികമായെങ്കിലും രക്ഷപ്പെടുത്തിയിട്ടില്ലായിരുന്നെങ്കിൽ സൈനികക്കുപ്പായം ധരിക്കുന്നതിനെക്കാൾ മാന്യം പാത്രം തുടയ്ക്കുന്ന തുണി ധരിക്കുന്നതാകുമായിരുന്നു.

മരിച്ചുപോയ എന്റെ സുഹൃത്തുക്കളുടെ മരണത്തിനു പകരം ചോദിക്കാനാവുമെന്ന് ഞാനവകാശപ്പെടുന്നില്ല. അവരുടെ ജീവിതങ്ങൾ അമൂല്യങ്ങളായിരുന്നതുകൊണ്ട് കൊലയാളികൾക്ക് സ്വന്തം ജീവൻ കൊണ്ടു പോലും അവരുടെ വില തിരിച്ചുകൊടുക്കാനാവില്ല. സ്വന്തം നാടിനു വേണ്ടി മരിച്ച അവരുടെ ജീവിതങ്ങൾ ഞങ്ങൾ വീണ്ടെടുക്കുന്നതു് രക്തംകൊണ്ടല്ല. അവരുടെ ജനതയുടെ സുഖസംതൃപ്തി ഒന്നു മാത്രമേ അവർക്കർഹമായ ആദരാഞ്ജലിയാവൂ.

പോരെങ്കിൽ എന്റെ സഖാക്കൾ മരിച്ചിട്ടില്ല. വിസ്മരിക്കപ്പെട്ടിട്ടുമില്ല. മുമ്പെന്നത്തെക്കാളുമധികമായി അവർ

ഇന്നു ജീവിക്കുകയാണ്. അവരുടെ ആശയങ്ങളുടെ അജയ്യ ശക്തിയുടെ അനശ്വരത അവരുടെ കൊലയാളികൾ കാണാൻ പോവുകയാണ്.

മഹാനായ ഗുരു എനിക്കുവേണ്ടി സംസാരിക്കട്ടെ:

''മരിച്ചവരുടെ ശവകുടീരങ്ങളിൽ നമ്മൾ തൂവുന്ന കണ്ണീരിനൊരു പരിധിയുണ്ട്. അവരുടെ ശരീരങ്ങൾക്കു മീതെ വീണുകിടന്നു തേങ്ങിക്കരയുന്നതിന്നു പകരം അവരുടെ നാടിനോടും അതിൻെറ മഹത്വത്തോടും അവർക്കുള്ള അതിരററ സ്നേഹം—ഒരിക്കലും ഇടറാത്ത, നിരാശമാകാത്ത, നിറം മങ്ങാത്ത സ്നേഹം—ഉൾക്കൊള്ളുവാൻ വേണ്ടി ആയിരിക്കണം നമ്മൾ അവിടേക്കു പോകുന്നതു്. എന്തുകൊണ്ടെന്നാൽ രക്തസാക്ഷികളുടെ അസ്ഥിമാടങ്ങൾ നമ്മുടെ ആദരവിൻെറ ഏററവും ഉജ്വലമായ അൾത്താരകളാണ്.

നന്ദിയുള്ളൊരു നാടിൻ കൈത്തലങ്ങൾ തൻ മൃദു
ശയ്യയിൽ കിടന്നൊരാൾ മരണം വരിക്കുമ്പോൾ
വേദന തീരുന്നററു പോകുന്നു വിലങ്ങുകൾ,
ജീവിതമവസാനം മൃത്യുവിൽ തുടങ്ങുന്നു.

ഇതുവരെ സംഭവങ്ങൾ വിവരിക്കുന്നതിൽ മാത്രമായി ഞാനൊതുങ്ങി നിൽക്കുകയായിരുന്നു. എന്നെ വിധിക്കുവാൻ വേണ്ടി സമ്മേളിച്ചിരിക്കുന്ന ഒരു കോടതിയുടെ മുൻപാകെയാണ് ഞാൻ നിൽക്കുന്നതെന്ന കാര്യം നല്ലവണ്ണം അറിയാവുന്നതു കൊണ്ടു് നിയമപരമായ എല്ലാ ശരിയും ഞങ്ങളുടെ പക്ഷത്തു മാത്രമാണെന്നും എൻെറ സഖാക്കളുടെ മേൽ അടിച്ചേൽപിച്ചതും എൻെറ മേൽ അടിച്ചേൽപിക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നതുമായ വിധി സമൂഹത്തിൻെറയും യഥാർഥമായ നീതിയുടെയും മുൻപിൽ നിയമാനുസൃതമായി നീതീകരിക്കാനാവുകയില്ലെന്നും ഞാനിപ്പോൾ തെളിയിച്ചതാണ്.

ബഹുമാന്യരായ ന്യായാധിപരോടു വേണ്ട ആദരവു് കാട്ടണമെന്നു ഞാനാഗ്രഹിക്കുന്നു. ഞാൻ കാര്യങ്ങൾ തുറന്നു പറയുന്നതുകൊണ്ടു് നിങ്ങൾക്കു് യാതൊരു അലോരസവും തോന്നുന്നില്ലെന്നുള്ളതിൽ എനിക്കു കൃതജ്ഞതയുണ്ടു്. നീതിന്യായവ്യവസ്ഥ എത്ര സത്യവിരുദ്ധവും തെററുമായ ഒരു നിലപാടാണ് ഇപ്പോഴത്തെ സാഹചര്യത്തിൽ സ്വീകരിച്ചിരി

കുന്നതു് എന്നു് തെളിയിക്കുവാൻ വേണ്ടി മാത്രം ഉദ്ദേശിച്ചു കൊണ്ടുള്ളതാണു് എൻെറ വാദം.

ഒരതിർത്തി വരെ, ഓരോ കോടതിയും ഈ വ്യവസ്ഥയാകുന്ന ചക്രത്തിൻെറ ഓരോ പല്ലു മാത്രമാണു്. അതുകൊണ്ടു് വണ്ടിയുടെ ഗതിക്കനുസരിച്ചു് അതും നീങ്ങിക്കൊണ്ടിരിക്കണം. എന്നുവെച്ചു് സ്വന്തം തത്വങ്ങൾക്കു വിപരീതമായി ഏതെങ്കിലും വ്യക്തി പ്രവർത്തിക്കുന്നതിനെ ഇതു് യാതൊരു രീതിയിലും നീതീകരിക്കുന്നില്ല. ഇന്നു് ഏററവും കൂടുതൽ കുററപ്പെടുത്തേണ്ടതു് പ്രഭു ഭരണത്തെയാണെന്നു് എനിക്കു് നന്നായറിയാം. മാന്യമായി ഒന്നു പ്രതിഷേധിക്കുക പോലും ചെയ്യാതെ അവർ സ്വേച്ഛാധിപതിയുടെ ആജ്ഞകൾക്കു് നാണമില്ലാതെ വഴങ്ങിക്കൊടുത്തു. നീതിന്യായ വ്യവസ്ഥയുടെ സ്വാതന്ത്ര്യത്തെ തകർത്തു് അവർ തങ്ങളുടെ നാടിനെ വഞ്ചിക്കുകയും ചെയ്തു.

ഒററപ്പെട്ട ചിലർ മാന്യമായ രീതിയിൽ പെരുമാറിയിട്ടുണ്ടു്. അവർ നടത്തിയ ഒററപ്പെട്ട വിധിതീർപ്പുകളിലൂടെ വീണ്ടെടുക്കുവാൻ—വ്യവസ്ഥകൾ നഷ്ടമായ അന്തസ്സു് ഭാഗികമായി വീണ്ടെടുക്കാൻ — ശ്രമിച്ചിട്ടുണ്ടു്. പക്ഷെ ഈ ന്യൂനപക്ഷം കാട്ടിയ സന്മനോഭാവം കൊണ്ടു യാതൊരു ഫലവുമുണ്ടായില്ല. പിണ്ഡം വെപ്പുകാരും ചെരുപ്പുനക്കികളുമായ ഭൂരിപക്ഷത്തിൽ അവർ മുങ്ങിപ്പോയി. ഇതിനെക്കുറിച്ചു ഞാൻ ബോധവാനാണെങ്കിലും, അതു യാതൊരു കാരണവശാലും, എൻെറ ലക്ഷ്യത്തിനു സഹായകമായ സത്യം പറയുന്നതിൽനിന്നു് എന്നെ തടയുകയില്ല.

എന്നെ ഈ കോടതി മുൻപാകെ കൊണ്ടുവന്നതു് ഏകപക്ഷീയമായ മുൻ തീരുമാനങ്ങൾക്കു് നിയമപരിവേഷം നൽകുവാൻ വേണ്ടിയുള്ള ഒരു വെറും പ്രഹസനമാണെന്നു് എനിക്കറിയാം. പക്ഷെ ലജ്ജയില്ലായ്മക്കു് മേലെ അണിയിച്ചിരിക്കുന്ന നാറിയ മൂടുപടം കരുത്തുള്ള കൈകൊണ്ടു തന്നെ പിച്ചിചീന്തുവാൻ ഞാൻ ദൃഢനിശ്ചയം ചെയ്തിരിക്കയാണു്. എന്നെ വിധിക്കുവാനും ശിക്ഷിക്കുവാനും വേണ്ടി ഇവിടെ കൊണ്ടുവന്നിട്ടുള്ള അതേ ആളുകൾ ഈ

കോടതിയുടെ ഒരൊററ വിധിയും ഒരിക്കലും കൂട്ടാക്കിയിട്ടില്ലെന്നുള്ളതു് രസകരമായ കാര്യമാണു്.

നിങ്ങൾ പറഞ്ഞതുപോലെ, നമ്മൾ സ്വാതന്ത്ര്യം നേടിയതിനുശേഷം നടന്നിട്ടുള്ളതിൽ വെച്ചേററവും പ്രധാനപ്പെട്ട ഒരു വിചാരണയായിരിക്കാം ഇതെന്നുള്ളതുകൊണ്ടു് ഞാനിവിടെ പറയുന്ന കാര്യങ്ങൾ ഒരുപക്ഷേ സ്വേച്ഛാധിപത്യം എന്റെ മേൽ അടിച്ചേൽപിക്കാൻ ശ്രമിച്ച നിശ്ശബ്ദതയിൽ വിലയിച്ചു പോയെന്നുവരാം. പക്ഷേ ഭാവി തലമുറകൾ നിങ്ങൾ ഇവിടെ ചെയ്യുന്ന കാര്യങ്ങളിലേക്കു് പലപ്പോഴും പിൻതിരിഞ്ഞു നോക്കി എന്നും വരാം.

കുററം ആരോപിക്കപ്പെട്ട ഒരു മനുഷ്യനെ നിങ്ങൾ ഇന്നു വിധിക്കാൻ പോവുകയാണു്. പക്ഷെ ഒരു തവണയല്ല, ഭാവിയിൽ എപ്പോഴെല്ലാം ഈ കാലം വിമർശനവിധേയമാകുമോ അത്രയും തവണ നിങ്ങൾ വിധിക്കപ്പെടും എന്നും ഓർത്തുകൊള്ളുക. ഞാനിവിടെ പറയുന്ന കാര്യങ്ങൾ അനേകം തവണ ആവർത്തിക്കപ്പെടും; ഞാൻ പറയുന്നവയെന്നുള്ളതുകൊണ്ടല്ല, നീതിയുടെ പ്രശ്നം ശാശ്വതമായതുകൊണ്ടും ന്യായവിചാരണയിലെ തലനാരിഴ കീറുന്ന വാദപ്രതിവാദങ്ങൾക്കുപരിയായി ജനങ്ങൾക്കു് അഗാധമായ നീതിബോധമുണ്ടെന്നുള്ളതുകൊണ്ടുമാണു്. ജനങ്ങളുടെ യുക്തി ലളിതവും അതേ സമയം തന്നെ അദമ്യവുമാണു്. അതു് ബുദ്ധിശൂന്യവും പരസ്പരവിരുദ്ധവുമായ എല്ലാററിനും എതിരാണു്.

സ്വജനപക്ഷപാതത്തെയും അസമത്വത്തെയും നഖശിഖാന്തം വെറുക്കുന്ന ഒരു ജനത ലോകത്തിലുണ്ടെങ്കിൽ അതു ക്യൂബൻ ജനതയാണു്. അവരെ സംബന്ധിച്ചിടത്തോളം നീതിയുടെ പ്രതീകം ഒരു കയ്യിൽ തുലാസ്സും മറുകയ്യിൽ വാളുമായി നിൽക്കുന്ന ഒരു കന്യകയാണു്. അവൾ ഒരു കൂട്ടരുടെ മുൻപിൽ തലകുനിക്കുകയും മററൊരു കൂട്ടരുടെ നേർക്കു് ക്രുദ്ധമായി വാൾ വീശുകയുമാണു് ചെയ്യുന്നതെങ്കിൽ, നീതിയുടെ കന്യക കഠാര ഓങ്ങിക്കൊണ്ടു നിൽക്കുന്ന ഒരു അഭിസാരികയെക്കാൾ തെല്ലും ഭേദമാണെന്നു് ക്യൂബയിലെ ജനങ്ങൾക്കു് തോന്നുകയില്ല. എന്റെ യുക്തി ജനങ്ങളുടെ ലളിതമായ യുക്തിയാണു്.

# VII

ഞാൻ നിങ്ങളോട് ഒരു കഥ പറയട്ടെ: പണ്ടൊരു കാലത്ത് ഒരു റിപ്പബ്ളിക്കുണ്ടായിരുന്നു അതിനു അതിന്റെ ഭരണഘടനയും നിയമങ്ങളും പൗരാവകാശങ്ങളും ഒരു പ്രസിഡണ്ടും ഒരു നിയമസഭയും നീതിന്യായകോടതികളും ഉണ്ടായിരുന്നു. യോഗം ചേരുവാനും സംഘടിക്കാനും പ്രസംഗിക്കാനും എഴുതുവാനുമുള്ള പരിപൂർണ സ്വാതന്ത്ര്യം എല്ലാവർക്കുമുണ്ടായിരുന്നു.

ജനങ്ങൾക്ക് ഗവണ്മെൻറുദ്യോഗസ്ഥന്മാരുടെ പെരുമാററത്തിൽ അന്ന് തൃപ്തിയില്ലായിരുന്നു. പക്ഷെ പുതിയ ഉദ്യോഗസ്ഥന്മാരെ തിരഞ്ഞെടുക്കുവാനുള്ള അധികാരം അവർക്കുണ്ടായിരുന്നു. അവർ അങ്ങനെ ചെയ്യുന്നതിനു ചില ദിവസങ്ങൾ മാത്രമേ ശേഷിച്ചിരുന്നുള്ളു.

ആദരിക്കപ്പെടുകയും പരിഗണിക്കപ്പെടുകയും ചെയ്യുന്ന പൊതുജനാഭിപ്രായം അന്നു നിലവിലുണ്ടായിരുന്നു. പൊതുതാൽപ്പര്യമുള്ള എല്ലാ വിഷയങ്ങളും യഥേഷ്ടം ചർച്ച ചെയ്യപ്പെട്ടിരുന്നു. രാഷ്ട്രീയകക്ഷികളുണ്ടായിരുന്നു. റേഡിയോയിലൂടെയും ടെലിവിഷനിലൂടെയും വാദപ്രതിവാദങ്ങൾ നടന്നിരുന്നു. ചർച്ചകളും യോഗങ്ങളുമുണ്ടായിരുന്നു. നാടൊന്നാകെ ഉത്സാഹം കൊണ്ട് തുടിച്ചിരുന്നു. ഈ രാജ്യം വളരെയധികം ബുദ്ധിമുട്ടുകൾ സഹിച്ചതായിരുന്നു. അസന്തുഷ്ടയായിരുന്നെങ്കിലും സന്തുഷ്ടയാകുവാൻ അതു് കൊതിച്ചു. സന്തുഷ്ടയാകുവാനുള്ള അവകാശം അതിനുണ്ടായിരുന്നു അതു അനവധി തവണ വഞ്ചിക്കപ്പെട്ടതായിരുന്നു യഥാർത്ഥമായ ഭീതിയോടു കൂടിയാണ് അതു് കഴിഞ്ഞ കാലത്തിലേക്ക് നോക്കിയതു്. അത്തരം ഒരു കാലം തിരിച്ചു വരാനാവുകയില്ലെന്നു് ഈ രാജ്യം അന്ധമായി വിശ്വസിച്ചു. സ്വാതന്ത്ര്യത്തോടുള്ള സ്നേഹത്തിൽ അഭിമാനം കൊള്ളുന്നവരും സ്വാതന്ത്ര്യത്തെ പരിപാവനമായൊരവകാശമായി ആദരിക്കപ്പെടുമെന്ന ദൃഢവിശ്വാസത്തോടു കൂടി തലയുയർത്തി നടന്നവരുമായിരുന്നു ജനങ്ങൾ. തങ്ങളുടെ ജനാധിപത്യസ്ഥാപനങ്ങളെ മാനഭംഗപ്പെടുത്തുകയെന്ന പാതകം ചെയ്യുവാൻ ആരും ഒരുമ്പെടുകയില്ലെന്ന ഉറച്ച ധാരണ അവർക്കുണ്ടായിരുന്നു. കൂടുതൽ നല്ലതിനു വേണ്ടിയുള്ള മാററം അവർ അഭി

ലഷിച്ചു. പുരോഗതി ആശിച്ചു. അതു കയ്യിലെത്തിയതവർ കാണുകയും ചെയ്തു. അവരുടെ പ്രതീക്ഷകളെല്ലാം ഭാവിയിലായിരുന്നു.

പാവം നാട് ! ഒരു പ്രഭാതത്തിൽ പൗരന്മാർ ഉണർന്നു നോക്കിയതു് വിസ്മയത്തോടു കൂടിയായിരുന്നു. ജനങ്ങരം ഉറക്കത്തിലാണ്ടുകിടന്നപ്പോരം, രാത്രിയുടെ മറവിൽ കഴിഞ്ഞ കാലത്തിൻെറ പ്രേതങ്ങരം ഗൂഢാലോചന നടത്തി; പൗരനെ കടന്നുപിടിച്ചു. കഴുത്തിൽ തന്നെയായിരുന്നു പിടിമുറുക്കിയതു്. ആ പിടുത്തവും ആ കൈപ്പത്തികളും പിളർന്ന വായും ആ കൊലക്കത്തിയും ആ ബൂട്ടുകളും പരിചിതങ്ങളായിരുന്നു. അല്ലാ, അതൊരു പേടിസ്വപ്നമായിരുന്നില്ല; ദുഃഖകരവും ഭീകരവുമായ ഒരു യാഥാർഥ്യമായിരുന്നു. ഫുൽജെൻസിയോ ബാത്തിസ്റ്റാ എന്നു പേരുള്ള ഒരു മനുഷ്യൻ, ആരും പ്രതീക്ഷിക്കാത്ത, ഞെട്ടിപ്പിക്കുന്ന ആ പാതകം അപ്പോരം നടത്തിക്കഴിഞ്ഞതേയുള്ളൂ.

അപ്പോരം തൻെറ രാജ്യത്തെ ഒരു എളിയ പൗരൻ, റിപ്പബ്ളിക്കിൻെറ നിയമങ്ങളിലും ന്യായാധിപന്മാരുടെ സ്വഭാവശുദ്ധിയിലും വിശ്വസിക്കണമെന്നാഗ്രഹിക്കുകയും ആ ന്യായാധിപന്മാർ തങ്ങളുടെ രോഷം പാവങ്ങരംക്കു നേരെ പ്രകടിപ്പിക്കുന്നതു കാണുകയും ചെയ്തിട്ടുള്ള ഒരു പൗരൻ സാമൂഹ്യപരിരക്ഷാ നിയമത്തിൻെറ പുസ്തകം തുറന്നുനോക്കി ഇത്തരം ഒരു അട്ടിമറി നടത്തിയവനു് സമൂഹം നിശ്ചയിച്ചിട്ടുള്ള ശിക്ഷയെന്താണെന്നു തെരഞ്ഞു നോക്കിയപ്പോരം അതിൽ ഇങ്ങനെ എഴുതിയിരിക്കുന്നതു കണ്ടു:

'രാജ്യത്തിൻെറ ഭരണഘടനയോ വ്യവസ്ഥാപിത ഗവണ്മെൻറിൻെറ രൂപമോ മുഴുവനായോ ഭാഗികമായോ പ്രത്യക്ഷമായും ഹിംസാത്മകമായ മാർഗത്തിലൂടെ മാററുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഏതെങ്കിലും പ്രവർത്തനത്തിനൊരുങ്ങുന്ന ഒരാരം ആറു മുതൽ പത്തു വരെ വർഷത്തെ തടവിനു ശിക്ഷിക്കപ്പെടും'.

'ഭരണകൂടത്തിൻെറ ഭരണഘടനാപരമായ അധികാരത്തിനെതിരായി സായുധ പ്രക്ഷോഭണം ഇളക്കിവിടുവാൻ വേണ്ടിയുള്ള ഏതെങ്കിലും പ്രവൃത്തി ചെയ്യുന്ന ആളിൻെറ മേൽ മൂന്നു മുതൽ പത്തു വരെ വർഷത്തെ തടവുശിക്ഷ ചുമ

ത്തുന്നതായിരിക്കും. കടന്നാക്രമണം നടപ്പിലാക്കുകയാണെങ്കിൽ ശിക്ഷയുടെ കാലാവധി അഞ്ചു മുതൽ ഇരുപതു വരെ വർഷങ്ങളായി വർധിക്കും'.

'ജനപ്രതിനിധി സഭകളേയോ, സുപ്രീം കോടതിയുടെ അധ്യക്ഷനേയോ തങ്ങളുടെ ഭരണഘടനാപരമായ കൃത്യനിർവഹണങ്ങളിൽനിന്ന് താൽക്കാലികമായിട്ടുപോലും പൂർണമായോ ഭാഗികമായോ തടയുകയെന്ന പ്രത്യേക ഉദ്ദേശത്തോടുകൂടി എന്തെങ്കിലും ഒരു പ്രവൃത്തി ചെയ്യാനൊരുങ്ങുന്ന ഏതൊരാൾക്കും ആറു മുതൽ പത്തു വരെ വർഷത്തെ തടവുശിക്ഷ നൽകുന്നതായിരിക്കും. പൊതു തിരഞ്ഞെടുപ്പിൻെറ സുഗമമായ നടത്തിപ്പിനെ തടസ്സപ്പെടുത്തുകയോ അലങ്കോലപ്പെടുത്തുകയോ ചെയ്യാൻ ശ്രമിക്കുന്ന ഏതൊരാൾക്കും നാലുമുതൽ എട്ടുവരെ വർഷത്തെ തടവിനു ശിക്ഷിക്കപ്പെടും.'

'അനധികൃതമായോ നിശ്ചിതമായ ഗവണ്മെൻറുത്തരവു കൂടാതെയോ സൈന്യത്തിൻെറയോ, സൈനിക സ്ഥാനങ്ങളുടെയോ, കോട്ടകളുടെയോ, സൈനികക്യാമ്പുകളുടെയോ, പട്ടണങ്ങളുടെയോ, യുദ്ധക്കപ്പലുകളുടെയോ, യുദ്ധവിമാനങ്ങളുടെയോ നിയന്ത്രണാധികാരം കയ്യടക്കുന്ന ഏതൊരാളും അഞ്ചു മുതൽ പത്തു വരെ വർഷത്തെ തടവിനു ശിക്ഷിക്കപ്പെടും.

'ശരിക്കും ഭരണകൂടത്തിൻെറ അധികാരപരിധിയിൽ പെട്ടതെന്ന് ഭരണഘടന അനുശാസിക്കുന്ന ഏതെങ്കിലും കൃത്യനിർവഹണത്തിൻെറ ചുമതല കയ്യടക്കുന്ന ആളിനും ഇതേ ശിക്ഷതന്നെ നൽകപ്പെടും.'

ആ പൗരൻ ആരോടും പറയാതെ, ഒരു കയ്യിൽ നിയമസംഹിതയും മറുകയ്യിൽ ഒരു പത്രികയുമായി, ഈ കൃത്യത്തിന് ഉത്തരവാദികളായവർക്കെതിരെ നടപടി എടുക്കുവാനും അവരെ ശിക്ഷിക്കുവാനും ബാധ്യതപ്പെട്ടതും അധികാരമുള്ളതുമായ കോടതി സ്ഥിതിചെയ്യുന്ന പഴയ കെട്ടിടത്തിലേക്കു ചെന്നു. ഈ കുററകൃത്യങ്ങളെ അപലപിച്ചുകൊണ്ടുള്ള ഒരു ഹർജി അയാൾ സമർപ്പിക്കുകയും സാമൂഹ്യരക്ഷാനിയമം അനുശാസിക്കുന്നതനുസരിച്ചും രാത്രിയുടെ മറവിൽ ഗൂഢാലോചനയും ചതിപ്രയോഗവും നടത്തി എന്ന രണ്ടാമത്തെ കുററത്തിൻെറ ഗൗരവതരമായ സാഹചര്യംകൂടി കണക്കിലെടുത്തുകൊണ്ടും ഫുൽജെൻസിയോ ബാത്തിസ്റ്റയ്ക്കും അയാളുടെ പതിനേഴു കൂട്ടാളികൾക്കും നൂററിഎട്ടു വർഷത്തെ തടവുശിക്ഷ നൽകണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.

ദിവസങ്ങളും മാസങ്ങളും കടന്നുപോയി. എന്തൊരു നിരാശ! കുററവാളിക്ക് യാതൊരു കുഴപ്പവും സംഭവിച്ചില്ല. ഒരു വലിയ പ്രഭുവിനെപ്പോലെ രാജ്യത്തങ്ങോളമിങ്ങോളം എഴുന്നള്ളിക്കൊണ്ടിരുന്നു. അയാളെ 'ബഹുമാന്യനായ സാർ' എന്നും ജനറൽ എന്നും വിളിച്ചു. അയാരം ജഡ്ജിമാരെ ഇഷ്ടംപോലെ മാററുകയും പകരം നിയമിക്കുകയും ചെയ്തു. കോടതി തുടങ്ങിയ ദിവസം തന്നെ നീതിയുടെ ബഹുമാന്യരും സദാരാധ്യരുമായ അതിനായകന്മാരുടെ നടുവിൽ മാന്യമായ സ്ഥാനത്താണ് കുററവാളി ഇരുന്നത്.

ദിവസങ്ങളും മാസങ്ങളും പിന്നെയും കടന്നുപോയി. പ്രഹസനങ്ങളും വൃത്തികേടുകളും കണ്ടു കണ്ടു ജനങ്ങാംക്കു മടുത്തു. ക്ഷമയ്ക്കും അതിരുണ്ടല്ലോ! നിയമത്തെ അവഗണിക്കുകയും ജനേച്ഛക്കെതിരായി ആയുധശക്തി ഉപയോഗിച്ച് അധികാരം കയ്യടക്കുകയും വ്യവസ്ഥാപിതഭരണക്രമത്തിനെതിരായി കടന്നാക്രമണം നടത്തി കുററവാളിയാവുകയും നിയമസംരക്ഷണത്തിനും ജനങ്ങളുടെ സ്വാതന്ത്ര്യം വീണ്ടെടുക്കുന്നതിനും വേണ്ടിയുള്ള സമരത്തിലേർപ്പെട്ടവരെ പീഡിപ്പിക്കുകയും കൊല്ലുകയും തുറുങ്കിലടക്കുകയും ചെയ്ത ഈ മനുഷ്യന്നെതിരായി സമരം ആരംഭിച്ചു.

ബഹുമാന്യരായ ന്യായാധിപന്മാരെ,

നിയമം ലംഘിക്കുകയും നമ്മുടെ ഭരണഘടന പിച്ചിച്ചീന്തുകയും ചെയ്ത അധികാരക്കൊതിയന്മാരായ ഈ ആളുകളെ ശിക്ഷിക്കണമെന്ന് നിഷ്ഫലമായി ഒരിക്കൽ വാദിച്ച ആ എളിയ പൗരൻ ഞാനാണ്. എന്നാൽ ഇപ്പോരം ഞാനായിരിക്കുന്നു കുററവാളി. നിയമവിരുദ്ധമായ ഈ ഭരണത്തെ തകർക്കുകയും, നിയമാനുസൃതമായ ഭരണഘടനയെ വീണ്ടെടുക്കുകയും ചെയ്യാൻ ശ്രമിച്ചു എന്ന കുററം ചുമത്തപ്പെട്ട എന്നെ എഴുപത്തിയാറു ദിവസമായി തടവിലാക്കിയിരിക്കുകയാണ്. ആരോടും എന്റെ മകനോടു പോലും, സംസാരിക്കുവാനുള്ള അവകാശം എനിക്കു നിഷേധിച്ചിരിക്കയാണ്. വലിയ രണ്ടു യന്ത്രത്തോക്കുകളുടെ നടുവിൽ നിർത്തിയാണ് എന്നെ നഗരത്തിലൂടെ നടത്തിയത്. അങ്ങേഅററത്തെ ഗൗരവത്തോടു കൂടി എന്നെ രഹസ്യമായി വിചാരണ ചെയ്തു

വാൻ വേണ്ടി ഈ ആശുപത്രിയിലേക്ക് മാററിയിരിക്കയാണ്. എന്നിട്ട്, നിയമസംഹിതയും കയ്യിൽ പിടിച്ചുകൊണ്ട് പ്രോസിക്യൂട്ടർ ഇരുപത്തിയാറു വർഷത്തെ തടവിന്നു എന്നെ ശിക്ഷിക്കണമെന്നു ഘനഗംഭീരമായി ആവശ്യപ്പെടുന്നു.

അന്നത്തെ സന്ദർഭത്തിൽ അധികാരികൾ ബലം പ്രയോഗിച്ചതുകൊണ്ടാണ് കോടതികൾക്ക് ഒന്നും ചെയ്യാൻ കഴിയാതെ പോയതെന്നു നിങ്ങൾ മറുപടി പറയും. കൊള്ളാം. അപ്പോൾ, ഇത്തവണ എന്നെ ശിക്ഷിക്കുവാൻ അധികാരശക്തി നിങ്ങളെ നിർബന്ധിക്കും എന്നുകൂടി ഏററുപറയുക. ആദ്യത്തെ തവണ കുററവാളിയെ ശിക്ഷിക്കുവാൻ നിങ്ങൾക്കു കഴിഞ്ഞില്ല. ഇപ്പോൾ നിരപരാധിയെ ശിക്ഷിക്കുവാൻ നിങ്ങൾ നിർബന്ധിക്കപ്പെടും. നീതിയുടെ കന്യക രണ്ടു പ്രാവശ്യം ബലാൽസംഗംചെയ്യപ്പെടുന്നു.

എന്നിട്ട്, നീതീകരിക്കാനാവാത്തതു നീതീകരിക്കുവാനും വിശദീകരിക്കാനാവാത്തതു വിശദീകരിക്കുവാനും പൊരുത്തപ്പെടാത്തതു പൊരുത്തപ്പെടുത്താനുംവേണ്ടി എന്തൊരു വാചകമടി!

'കയ്യൂക്കുള്ളവൻ കാര്യക്കാരൻ' എന്നതാണ് രാജ്യത്തെ പരമോന്നതമായ നിയമം എന്നു വാദിക്കുന്ന സ്ഥിതിയിലേക്ക് ഭരണം എത്തിയിരിക്കുന്നു. മറെറാരു തരത്തിൽ പറഞ്ഞാൽ, ടാങ്കുകളും പട്ടാളക്കാരെയുംകൊണ്ട് പ്രസിഡണ്ടിൻെറ കൊട്ടാരവും ദേശീയഖജനാവും ഗവൺമെൻറ് ഓഫീസുകളും പിടിച്ചെടുക്കുകയും ജനങ്ങളുടെ കരങ്ങളിലേക്കു തോക്കുചൂണ്ടുകയും ചെയ്താൽ ജനങ്ങളെ ഭരിക്കുവാനുള്ള അവകാശം ലഭിക്കുന്നുവെന്നാണ് ധാരണ! യൂറോപ്പിലെ രാജ്യങ്ങൾ പിടിച്ചെടുക്കുകയും അവിടങ്ങളിൽ പാവഗവൺമെൻറുകളെ അധികാരത്തിലേററുകയും ചെയ്ത നാസികളുടെ അതേ വാദം തന്നെ.

നിയമാനുസൃതമായ അവകാശത്തിൻെറ ഉറവിടം വിപ്ലവമാണെന്നു ഞാൻ ഹൃദയംഗമമായി വിശ്വസിക്കുന്നു. പക്ഷെ ഇരുട്ടിൻെറ മറവിൽ നടത്തിയ മാർച്ച് പത്തിലെ സായുധാക്രമണത്തെ ഒരു വിപ്ളവമായി കണക്കാക്കുവാൻ ഒരിക്കലും സാധ്യമല്ല ജോസ് ഇൻജെനീറോസ് പറഞ്ഞിട്ടുള്ളതു

പോലെ, സാമ്പത്തികനേട്ടങ്ങളും രാഷ്ട്രീയസ്ഥാനമാനങ്ങളും അധികാരത്തിലിരിക്കുന്നവരിൽനിന്ന് പങ്കിട്ടെടുക്കാൻവേണ്ടി അസംതൃപ്തരായ ഒരു സംഘം ആളുകൾ നടത്തുന്ന ചെറിയ ക്രമഭംഗങ്ങളെ ദൈനംദിനഭാഷയിൽ വിപ്ളവമെന്നു വിളിക്കുക സാധാരണമാണ്. ഉദ്യോഗങ്ങളും നേട്ടങ്ങളും വീതിക്കുന്ന കൈകൾ മാററുന്നുവെന്നതു മാത്രമാണ് ഇതിൻെറ സാധാരണഫലം. ഇതു് ഒരു തത്വശാസ്ത്രകാരൻെറ മാനദണ്ഡമല്ല, സംസ്കാരമുള്ള മനുഷ്യൻേറതാകാനും സാധ്യമല്ല.

സാമൂഹ്യവ്യവസ്ഥയിൽ സമഗ്രമായ മാററം വരുത്തുക എന്ന പ്രശ്നം പോകട്ടെ, സാർവത്രികമായ ചീഞ്ഞുനാററം കുറക്കുവാൻ കഴിയുന്ന തരത്തിലുള്ള നേരിയ ചലനം പൊതുജീവിതത്തിൻെറ ഉപരിതലത്തിൽ പോലും നമുക്കു കാണുവാൻ കഴിയുന്നില്ല. പഴയ ഭരണം വില കുറഞ്ഞ രാഷ്ട്രീയവും മോഷണവും കുംഭകോണവും മനുഷ്യജീവനോടുള്ള അനാദരവും കൊണ്ടു് കുററവാളിയായി. എന്നാൽ ഇപ്പോഴത്തെ ഭരണമാകട്ടെ രാഷ്ട്രീയ ഉപജാപം അഞ്ചിരട്ടിയും കുംഭകോണം പത്തിരട്ടിയും മനുഷ്യജീവനോടുള്ള അനാദരവ് നൂറിരട്ടിയുമായി വർധിച്ചിരിക്കുന്നു. ബാരിഗാപില്ല ആളുകളെ കൊള്ളയടിക്കുകയും കൊല ചെയ്യുകയും ചെയ്തുവെന്നും അയാൾ ഒരു കോടീശ്വരനായിരുന്നെന്നും ഹവാനയിൽ ധാരാളം നല്ല വീടുകളും എണ്ണമററ വിദേശക്കമ്പനികളിൽ ഷെയറുകളും അമേരിക്കൻ ബാങ്കുകളിൽ വൻപിച്ച നിക്ഷേപങ്ങളും അയാൾക്കുണ്ടായിരുന്നെന്നും, മൂലധനനിക്ഷേപത്തിൽ നിന്നും നൂററിഎൺപതു ലക്ഷം ഡോളറിൻെറ ലാഭം അയാൾ ഉണ്ടാക്കിയിട്ടുണ്ടെന്നും, പണച്ചാക്കുകൾക്കു വേണ്ടിയുള്ള ഏററവും ചെലവു കൂടിയ ഹോട്ടലുകളിൽ അയാൾ അതിഥിയായി സാധാരണ പോയിരുന്നെന്നും അറിവുള്ളതായിരുന്നു.

ബാരിഗാപില്ലാ ഒരു വിപ്ലവകാരിയായിരുന്നുവെന്ന ആരും ഒരിക്കലും അംഗീകരിക്കുകയില്ല. ബാരിഗാപില്ലാ, എൽഗൗത്താമാലയിൽ വെച്ച് പന്ത്രണ്ടു ക്യൂബക്കാരെ വകവരുത്തിയ വെയ്ലറുടെ സർജൻറിനെപ്പോലെയായിരുന്നു. ബാത്തിസ്റ്റായുടെ കിങ്കരന്മാർ സാന്തിയാഗോഡ് ക്യൂബയിൽ വെച്ച് എഴുപതാളുകളെ കൊന്നു.

മാർച്ച് പത്തിനു മുൻപ് നാലു് പാർട്ടികൾ ഈ രാജ്യം ഭരിച്ചിട്ടുണ്ട്. അഥൻറിക്കോ, ലിബറൽ, ഡെമോക്രാററിക് റിപ്പബ്ലിക്കൻ എന്നീ പാർട്ടികൾ. അട്ടിമറി നടന്നു രണ്ടു ദിവസം കഴിഞ്ഞപ്പോൾ റിപ്പബ്ലിക്കൻ പാർട്ടി പുതിയ ഭരണാധികാരികൾക്കു പിൻതുണ നൽകി. ലിബറൽ പാർട്ടിയും ഡെമോക്രാററിക് പാർട്ടിയും ഒരു കൊല്ലത്തിനകം വീണ്ടും അധികാരത്തിൽ വന്നു. ബാത്തിസ്റ്റാ ഭരണഘടനയൊ, പൗരസ്വാതന്ത്ര്യങ്ങളൊ, ജനപ്രതിനിധിസഭയൊ, സാർവലൗകികമായ വോട്ടവകാശമൊ, പിഴുതെറിയപ്പെട്ട ജനാധിപത്യസ്ഥാപനങ്ങളിൽ ഒന്നുപോലുമോ പുന:സ്ഥാപിച്ചില്ല. എന്നാൽ വെർദേയ, ഗ്വാസ്, ഇൻക്ലാൻ, സാൽവീത്തൊ ഗാർഷ്യ, റാമോസ, അനായ മുറില്ലോ: പരമ്പരയാ ഭരണത്തിൽ പങ്കു പററുന്ന പാർട്ടികളുടെ തലപ്പത്തിരിക്കുന്നവരും അങ്ങേഅററത്തെ അഴിമതിക്കാരും പണക്കൊതിയന്മാരും പിൻതിരിപ്പൻമാരും ക്യൂബൻ രാഷ്ട്രീയത്തിലെ പ്രാകൃതജീവികളുമായ ഈ ആളുകളെ ബാത്തിസ്റ്റാ പുന:സ്ഥാപിക്കുക തന്നെ ചെയ്തു. ഇതു ബാരിഗ്വില്ലയുടെ 'വിപ്ളവം' പോലെയായിരുന്നു.

വിപ്ലവത്തിൻെറ ഏററവും പ്രാഥമികമായ അന്തഃസത്ത പോലുമില്ലാത്ത ബാത്തിസ്റ്റായുടെ ഭരണം ക്യൂബയെ എല്ലാ തരത്തിലും ഒരിരുപതു വർഷം പിന്നോക്കം തള്ളിയിരിക്കുകയാണ്. ബാത്തിസ്റ്റയുടെ തിരിച്ചു വരവ് നമ്മളെല്ലാവരിലും നിന്നും വലിയ വില ഈടാക്കി. എന്നാൽ പ്രധാനമായും ഈടാക്കിയതു് പട്ടിണിയും കഷ്ടപ്പാടും അനുഭവിക്കുന്ന പാവപ്പെട്ടവരുടെ വർഗങ്ങളിൽ നിന്നാണ്. അതേ സമയം സ്വേച്ഛാധിപത്യം പ്രക്ഷോഭണവും കഴിവുകേടും ഉൽകണ്ഠയും കൊണ്ടു് നാടിനെ നാശത്തിലേക്ക് തള്ളി. എന്നിട്ട്, ശവക്കൂനയുടെ മുകളിലായാലും വേണ്ടില്ല, ചോരക്കടലിൻെറ നടുവിലായാലും വേണ്ടില്ല, തനിക്ക് അധികാരത്തിൽ എന്നെന്നും തുടരണം. ഈ ലക്ഷ്യം വെച്ചുകൊണ്ടു് അടവുകൾ ഓരോന്നോരോന്നും ആസൂത്രണം ചെയ്തുകൊണ്ടു നെറികെട്ട രാഷ്ട്രീയത്തിൻെറ ഏററവും ജുഗുപ്സാവഹമായ മാർഗങ്ങളിലേക്ക് നീങ്ങിയിരിക്കയാണ് ബാത്തിസ്റ്റയുടെ സ്വേച്ഛാധിപത്യം.

ജനജീവിതം മെച്ചപ്പെടുത്തുവാനുള്ള രാജ്യവ്യാപകമായ ഒരൊററപ്പരിപാടിയും ബാത്തിസ്റ്റയുടെ ഭരണം തുടങ്ങിയിട്ടില്ല. വൻകിട സാമ്പത്തിക താൽപര്യങ്ങളുടെ കൈകളിലേക്ക് ബാത്തിസ്റ്റാ സ്വയം അർപ്പിക്കപ്പെട്ടിരിക്കുകയാണ്. ആദർശങ്ങളോ തത്വങ്ങളോ തരിമ്പുമില്ലാത്ത, ബഹുജനങ്ങളുടെ വിശ്വാസവും പിൻതുണയും അൽപംപോലുമില്ലാത്ത, ഇയാളെപ്പോലെയുള്ള ഒരു മനുഷ്യനിൽ നിന്ന് മറെറാന്നും പ്രതീക്ഷിക്കാനുമില്ല. ഭരണത്തിൻെറ നേട്ടം പങ്കിടുന്ന കൈകൾ മാത്രമാണ് അയാളുടെ ഭരണം കൊണ്ട് നേടിയത്. കൊള്ള മുതൽ പുതിയ ഒരു പററം സുഹൃത്തുക്കൾക്കും ബന്ധുക്കൾക്കും കൂട്ടാളികൾക്കും സ്വേച്ഛാധിപതിയുടെ രാഷ്ട്രീയപരിവാരമായ പരാന്നജീവികളായ ചണ്ടികൾക്കുമായിപങ്കിട്ടുകൊടുത്തു. സ്വന്തം നാടിൻെറ ആവശ്യങ്ങളെ തീർത്തും അവഗണിക്കുന്ന തൻപ്രമാണിമാരുടെ ഒരു ചെറിയ ഉപജാപസംഘത്തിന് പൊതുജീവിതത്തിൽ സുഗമവും സുഖകരവുമായ ഒരു കയ്യാംകളി നടത്തുന്നതിനുവേണ്ടി എത്ര കടുത്ത അപമാനമാണ് ജനങ്ങൾ സഹിക്കേണ്ടിവന്നിട്ടുള്ളത്.

ബാത്തിസ്റ്റാ പട്ടാളമേധാവികളുടെയും ആവണക്കെണ്ണയുടെയും ഒളിച്ചോട്ടനിയമത്തിൻെറയും തിരിച്ചുവരവിനെയാണ് പ്രോത്സാഹിപ്പിക്കുന്നതെന്ന് എഡ്വാർഡോ ചിബാസ് തൻെറ അവസാനത്തെ റേഡിയോപ്രഭാഷണത്തിൽ പറഞ്ഞത് എത്ര ശരിയായിരുന്നു.

ക്യൂബയിൽ നിന്നു എന്നന്നേക്കുമായി വിപാടനം ചെയ്തു കഴിഞ്ഞതെന്നു കരുതിയിരുന്ന അഴിഞ്ഞാട്ടങ്ങൾ മാർച്ച് പത്തു കഴിഞ്ഞ ഉടനെ തന്നെ ഒരിക്കൽ കൂടി ക്യൂബക്കാർ ശരിക്കും കാണുവാൻ തുടങ്ങി. മുൻപെങ്ങുമുണ്ടായിട്ടില്ലാത്ത തരത്തിലുള്ള ഒരാക്രമണം ഒരു സാംസ്കാരിക സ്ഥാപനത്തിൻെറ നേർക്കു നടന്നു; 'വായുവിലെ സർവകലാശാല' എന്ന പരിപാടി പ്രക്ഷേപണം ചെയ്തുകൊണ്ടിരിക്കുമ്പോൾ എസ് ഐ എമ്മിൻെറ കൂലിച്ചട്ടമ്പികളും പി എ യുവിൻെറ കൂലിപ്പിള്ളേരും ചേർന്ന് സി എം ക്യു റേഡിയോസ്റ്റേഷൻ ആക്രമിച്ചു. മറിയോ കച്ചിലാനെ അർധരാത്രിക്ക് വീട്ടിൽനിന്നു വിലിച്ചിഴച്ചു കൊണ്ടുവന്നു ബോധംകെടുവോളം മൃഗീയമായി

മർദിച്ചു. റൂബൻ ബാത്തിസ്ത എന്ന വിദ്യാർഥിയെ കൊലപ്പെടുത്തി. 1871-ൽ മെഡിക്കൽവിദ്യാർഥികളെ സ്പാനിഷ് സന്നദ്ധസേനകൾ വെടിവച്ചിടത്തുള്ള മതിലിനു തൊട്ടടുത്തു വെച്ച് സമാധാനപരമായി പ്രകടനം നടത്തിയ വിദ്യാർഥികളെ കണ്ണുപൂട്ടി പൈശാചികമായി വെടിവെച്ചു. ഇങ്ങനെ നിരവധി സംഭവങ്ങളുണ്ട്. മർദകവീരന്മാരായ കാവൽസേനകൾ നടത്തിയ കിരാതമായ മർദനംകൊണ്ട് ഈ കോടതിമുറിയിൽ വച്ചുതന്നെ ചോര ഛർദിച്ച ഡോക്ടർ ഗാർഷ്യാ ബാർസെനായെപ്പോലെയുള്ളവരുടെ നിരവധി കേസുകളുണ്ട്. ജനക്കൂട്ടങ്ങളെ—പുരുഷന്മാരെയും സ്ത്രീകളെയും കുട്ടികളെയും വൃദ്ധരെയും ക്രൂരമായി തല്ലിച്ചതച്ചതിന്റെ നൂറുനൂറു കേസുകളുണ്ട്. എല്ലാം ഞാൻ എണ്ണിപ്പറയുന്നില്ല.

ജൂലൈ 26-നു മുൻപു തന്നെയും ഇതെല്ലാം നടന്നുകൊണ്ടിരിക്കുന്നതാണ്. അതിനുശേഷം കർദിനാൾ അർതിയാഗയെപ്പോലുള്ള ആളുകളെപ്പോലും ഈ മർദനത്തിൽനിന്നൊഴിവാക്കിയില്ല. ഔദ്യോഗികപ്രസ്താവന അദ്ദേഹം ഒരു കള്ളക്കൂട്ടത്തിന്റെ ആക്രമണത്തിനിരയായതാണെന്നാണ്. ഒരിക്കലെങ്കിലും, ഭരണം സത്യംപറഞ്ഞു. കള്ളക്കൂട്ടമല്ലാതെ മറെറന്താണിത്?

ഒരു പത്രപ്രവർത്തകനെ തട്ടിക്കൊണ്ടു പോവുകയും ഇരുപതു ദിവസം തുടർച്ചയായി ചുട്ടുപൊള്ളിക്കുകയും ചെയ്ത സംഭവം ഞെട്ടലോടു കൂടി ഇപ്പോൾ ക്യൂബ കണ്ടുകഴിഞ്ഞതേയുള്ളു. കേട്ടു കേൾവിയില്ലാത്ത ചങ്കൂററത്തിന്റെയും കൊടിയ കപടനാട്യത്തിന്റെയും ഉത്തരവാദിത്വം അനിവാര്യമായും ഭരണത്തിന്റെ ശത്രുക്കളുടെ മേൽ വെച്ചുകെട്ടുക എന്ന ഭീരുത്വത്തിന്റെയും തെളിവുകളാണ് ഓരോ സംഭവവും വെളിച്ചത്തു കൊണ്ടുവരുന്നതു്. ഗവണ്മെൻറിന്റെ തന്ത്രങ്ങൾ ഏററവും ഭയങ്കര കൊള്ളസംഘങ്ങൾക്കു പോലും അസൂയ ഉണ്ടാക്കാൻ പോരുന്നവയാണ്. നാസി കൊലയാളികൾ പോലും ഒരിക്കലും ഇത്രയധികം ഭീരുത്വം കാട്ടിയിട്ടില്ല. ജർമൻ സുപ്രീം കോടതിയായി ഇരുപത്തിനാലു മണിക്കൂർ നേരത്തേക്ക് പ്രവർത്തിച്ചതു താനാണെന്നു പറഞ്ഞുകൊണ്ട്, 1934 ജൂൺ 30-ാം തീയ

തിയിലെ കൂട്ടക്കൊലയുടെ ഉത്തരവാദിത്വം ഹിററ്ലർ ഏററെ ടുത്തു. ഹീനതയുടെയും ദുഷ്ടതയുടെയും ഭീരുത്വത്തിന്റെയും കാര്യത്തിൽ കിടയററ ഈ സ്വേച്ഛാധിപത്യത്തിന്റെ കിങ്കര ന്മാരാകട്ടെ ആളുകളെ തട്ടിക്കൊണ്ടു പോവുകയും മർദിക്കുകയും കൊല്ലുകയും ചെയ്തിട്ട് അതിന്റെ കററം ഭരണത്തിന്റെ എ തിരാളികളുടെ മേൽ ഉഗ്രപ്രസാദമായി ചുമത്തുകയാണ്. സർജൻറ് ബാറിഗപില്ലായുടെ ഒന്നാം തരം തന്ത്രങ്ങൾ !

ബഹുമാന്യരായ ന്യായാധിപന്മാരേ, ഞാൻ പറഞ്ഞ കേസുകളിലൊന്നിലും ഒരിക്കൽ പോലും അതിന്നുത്തരവാദി കളായവരെ കോടതിയുടെ വിചാരണക്കായി കൊണ്ടുവന്നി ട്ടില്ല. ഇതെന്തുകൊണ്ടാണ് ? പൊതുക്രമവും സമാധാനവും പാലിക്കുകയും മനുഷ്യജീവനു വില കൽപിക്കുകയും ചെയ്യുന്ന ഭരണമല്ലായിരുന്നോ ഇത്.

ഞാനിതെല്ലാം വിവരിച്ചതു് നിങ്ങളോടു ഇപ്പ്രകാരം ഒരു ചോദ്യം ചോദിക്കുവാൻ വേണ്ടിയാണ്. ബാത്തിസ്റ്റയുടെ ഇപ്പോഴത്തെ ഭരണത്തിനു് —കഴിഞ്ഞ വർഷത്തെ അയാളുടെ 'വിപ്ളവ'ത്തിനു് — ഒരു യഥാർഥ വിപ്ളവത്തിന്റെ ശരി യായ ഗുണവിശേഷങ്ങളെന്തെങ്കിലും എന്നെങ്കിലുമുണ്ടായിരു ന്നോ ? അയാളുടെ ഭരണത്തിന്നെതിരായി സമരം ചെയ്യു ന്നതു ഭരണഘടനക്കനുസൃതമോ വിരുദ്ധമോ ?

ഇത്ര വലിയ നാണക്കേടിൽ നിന്നു തങ്ങളുടെ നാടിനെ രക്ഷിക്കാൻ ശ്രമിക്കുന്ന പൗരന്മാരെ തുറുങ്കിലടയ്ക്കുന്ന നിയമ ക്കോടതികളിൽ കടുത്ത അഴിമതികൾ ഉണ്ടാവില്ലേ ? ക്രൂരവും നീചവുമായ ഒരു കിരാതഭരണമാണ് ക്യൂബ അനുഭവിക്കു ന്നതു്. കിരാതന്മാരായ ഭരണാധികാരികളെ എതിർക്കു ന്നതു് നിയമാനുസൃതമായ കാര്യമാണെന്നു നിങ്ങൾക്കു നല്ല വണ്ണമറിയാം. സാർവലൗകികമായി അംഗീകരിക്കപ്പെട്ടി ട്ടുള്ള ഒരു തത്വമാണിതു്. 1940–ലെ നമ്മുടെ ഭരണഘടന ഇതു പരിപാവനമായ ഒരു അവകാശമായി എടുത്തു പറ ഞ്ഞിട്ടുണ്ട്. 40-ാം വകുപ്പിന്റെ രണ്ടാം ഖണ്ഡികയിൽ പറ യുന്നു : 'നേരത്തെ അനുവദിക്കപ്പെട്ടിട്ടുള്ള വൈയക്തികാവ കാശങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടി പ്രതിരോധം സം ഘടിപ്പിക്കുന്നതു് നിയമാനുസൃതമാകുന്നു!'

രാജ്യത്തെ പരമോന്നതമായ നിയമത്തിൽ ഈ വകുപ്പ് ഇല്ലാതിരുന്നാൽ പോലും, ഇങ്ങനെ ഒരു പരിഗണന കൂടാതെ ഒരു ജനാധിപത്യ സമൂഹത്തിന്റെ നിലനിൽപിനെക്കുറിച്ച് സങ്കൽപിക്കുവാൻ സാധ്യമല്ല. പ്രൊഫസർ ഇൻഫീസ്റ്റാ ഭരണഘടനാനിയമത്തെക്കുറിച്ചുള്ള തന്റെ പുസ്തകത്തിൽ, രാഷ്ട്രീയ ഭരണഘടനയെയും നൈതിക ഭരണഘടനയെയും തമ്മിൽ വ്യവച്ഛേദിച്ചു കൊണ്ട് ഇങ്ങനെ പറഞ്ഞിരിക്കുന്നു:

"തികച്ചും ജനങ്ങളുടെ സമ്മതത്തിന്റെ അടിസ്ഥാനത്തിൽ മാത്രം മാറു തത്വങ്ങളെപ്പോലെ തന്നെ ബാധകമായ ചില ഭരണഘടനാതത്വങ്ങളും, അങ്ങനെ എടുത്തു പറഞ്ഞിട്ടില്ലെങ്കിൽ പോലും, ചിലപ്പോൾ നൈതികഭരണഘടനയിൽ ഉൾപ്പെടുന്നുണ്ട്. ഉദാഹരണത്തിന് നമ്മുടെ ജനാധിപത്യങ്ങളിലെ ഭൂരിപക്ഷഭരണം എന്ന തത്വം. കിരാതഭരണം നടക്കുമ്പോൾ അതിനെതിരായി സമരം സംഘടിപ്പിക്കുവാനുള്ള അവകാശം അത്തരത്തിൽപ്പെട്ട ഒരു തത്വമാണ്. നൈതികഭരണഘടനയിലുൾപ്പെട്ടാലും ഇല്ലെങ്കിലും ഒരു ജനാധിപത്യസമൂഹത്തിൽ അതെപ്പോഴും ബാധകമാണ്. അത്തരം ഒരു കേസ്സ് ഹൈക്കോടതിക്ക് സമർപ്പിക്കുക എന്നതു് സിവിൽ നിയമത്തിലെ ഏററവും രസകരമായൊരു പ്രശ്നമാണ്."

ഡഗ്വിററ്, തന്റെ ഭരണഘടനാനിയമത്തെക്കുറിച്ചുള്ള പഠനം എന്ന പുസ്തകത്തിൽ പറഞ്ഞിരിക്കുന്നു: "ഒരു കലാപം പരാജയപ്പെടുകയാണെങ്കിൽ, പരാജയപ്പെട്ട ആ കലാപം സാങ്കേതികമായ ഒരു ഗൂഢാലോചനയല്ലെന്നോ ഭരണകൂടത്തിന്റെ ഭദ്രതയ്ക്കു നേർക്കുള്ള ഒരു കൈയേററമല്ലെന്നോ വിധിക്കുവാൻ ഒരു കോടതിയും ധൈര്യപ്പെടുകയില്ല; ഗവണ്മെൻറ് നടത്തുന്നതു് കിരാതഭരണമായിരിക്കുന്ന സ്ഥിതിക്ക് അതിനെ തകർക്കുക എന്ന ഉദ്ദേശം നിയമാനുസൃതമാണെങ്കിലും".

പക്ഷേ ദയവായി ഒരു കാര്യം ശ്രദ്ധിക്കുക. 'കോടതി വിധിക്കുവാൻ പാടില്ല' എന്നല്ല. 'ഒരു കോടതിയും വിധിക്കുവാൻ ധൈര്യപ്പെടുകയില്ല' എന്നാണ് ഡഗ്വിററ് പറയുന്നതു്. കൂടുതൽ വ്യക്തമായി പറഞ്ഞാൽ, ഒരു കോടതിയും ധൈര്യപ്പെടുകയില്ല. ഒരു കിരാതഭരണത്തിന്റെ കീഴിൽ

അങ്ങനെ ചെയ്യുവാൻ തക്കവണ്ണമുള്ള ധൈര്യം ഒരു കോടതിക്കുമുണ്ടാവില്ല എന്നാണദ്ദേഹം അർഥമാക്കുന്നതു്. മററൊരു പോംവഴിയും ഈ പ്രശ്നത്തിലില്ല. കോടതിക്കു ധൈര്യമുണ്ടെങ്കിൽ അതു് അതിൻെറ കടമ നിർവഹിക്കുമെങ്കിൽ, എങ്കിൽ അതു ധൈര്യമായി പ്രവർത്തിക്കും.

1940-ലെ ഭരണഘടനയുടെ സാധുതയെക്കുറിച്ചു് തീക്ഷ്ണമായ ഒരു വാദപ്രതിവാദം അടുത്തകാലത്തുണ്ടായി. സാമൂഹ്യവും ഭരണഘടനാപരവുമായ അവകാശങ്ങൾക്കായുള്ള കോടതി ആ ഭരണഘടനക്കെതിരായും, അതനുസരിച്ചു് ഭരണഘടനാവിരുദ്ധമായ നിയമങ്ങൾക്കനുകൂലമായിട്ടുമാണു് വിധിച്ചതു് എന്നിരുന്നാലും, ബഹുമാന്യരായ ന്യായാധിപന്മാരേ, 1940-ലെ ഭരണഘടന ഇപ്പോഴും പ്രാബല്യത്തിലിരിക്കുകയാണെന്നാണു് എൻെറ ഖണ്ഡിതമായ അഭിപ്രായം.

എൻെറ പ്രസ്താവന വിസ്തൃതവും വ്യഥാപ്രസംഗവുമാണെന്നു് നിങ്ങൾക്കു തോന്നിയേക്കാം. പക്ഷെ അത്ഭുതപ്പെടേണ്ടതില്ല. റിപ്പബ്ലിക്കിൻെറ നിയമാനുസൃതഭരണഘടനക്കു് മാരകമായ പ്രഹരമേല്പിക്കുവാൻ ഒരു കോടതി ഒരുമ്പെട്ടല്ലോ എന്നതിൽ അത്ഭുതപ്പെടുന്നതു ഞാനാണു്. ഇപ്പോൾ പറഞ്ഞ കാര്യം ഇതുവരെ ചെയ്തതുപോലെ, വസ്തുതകളിലും സത്യത്തിലും വിവേകത്തിലും കർശനമായും ഉറച്ചു നിന്നുകൊണ്ടു് ഞാൻ തെളിയിക്കാം.

1940-ലെ ഭരണഘടനയുടെ 172-ാം വകുപ്പും 1949 മെയ് 31-ലെ 7-ാം നമ്പർ നിയമവുമനുസരിച്ചാണു് സാമൂഹ്യവും ഭരണഘടനാപരവുമായ അവകാശങ്ങൾക്കായുള്ള കോടതി സ്ഥാപിക്കപ്പെട്ടതു്. ഈ കോടതി സ്ഥാപിക്കുന്നതിനു ആധാരമായ ഈ നിയമങ്ങൾ കൃത്യവും വ്യക്തമായി നിർവചിക്കപ്പെട്ടതുമായ ഒരു നീതിനിർവഹണപരിധി അതായതു്, ഭരണഘടനാപരമായ അവകാശങ്ങളെയും സൗജന്യങ്ങളെയും നിഷേധിക്കുകയൊ, വെട്ടിച്ചുരുക്കുകയൊ നിയന്ത്രി

ക്കുകയൊ നിർവീര്യമാക്കുകയൊ അല്ലെങ്കിൽ ഭരണകൂടത്തിന്റെ ഘടകങ്ങളുടെ പ്രവർത്തനത്തെ തടസ്സപ്പെടുത്തുകയൊ ചെയ്യുന്ന നിയമങ്ങളുടെയൊ നിയമവിധികളുടെയൊ, വിപ്ലവത്തിന്റെയോ മററു പ്രവർത്തനങ്ങളുടെയോ ഭരണഘടനാപരമായ നിയമസാധുതയെ ചോദ്യംചെയ്തുകൊണ്ടുള്ള അപ്പീലുകളിൽ വിധിപറയുവാനുള്ള അവകാശം മാത്രമാണ് ഈ കോടതിക്ക് അനുവദിച്ചിട്ടുള്ളത്.

194–ാം വകുപ്പ് വ്യക്തമായും അനുശാസിക്കുന്നത് ഇതാണ്: ഭരണഘടനയും നിലവിലുള്ള നിയമങ്ങളും തമ്മിൽ പൊരുത്തക്കേടുണ്ടായാൽ ആദ്യത്തേതിന് രണ്ടാമത്തേതിനെക്കാരം പ്രാമാണികത്വം ഉണ്ടായിരിക്കുമെന്ന തത്വത്തിന്റെ അടിസ്ഥാനത്തിൽ ആ പ്രശ്നത്തിന് പരിഹാരം കാണുവാൻ എല്ലാ ന്യായാധിപന്മാരും കോടതികളും ബാധ്യസ്ഥരാണ്.

അതുകൊണ്ട് സാമൂഹ്യവും ഭരണഘടനാപരവുമായ അവകാശങ്ങൾക്കായുള്ള കോടതി, അതിനെ സൃഷ്ടിച്ച നിയമങ്ങൾക്കനുസരണമായി; ഭരണഘടനക്കനുകൂലമായി വേണം വിധി പറയേണ്ടത്. റിപ്പബ്ലിക്കിന്റെ ഭരണഘടനയ്ക്ക് മേലെയാണ് സ്റ്റാററ്യൂട്ടുകൾ എന്ന് തീരുമാനിച്ച ഈ കോടതി അതിന്റെ വ്യവസ്ഥാപിതമായ അധികാരപരിധി പൂർണമായി ലംഘിക്കുകയും അങ്ങനെ നിയമപരമായ സാധുതയും നിലനിൽപുമില്ലാത്ത ഒരു വിധി പറയുകയുമാണ് ചെയ്തിരിക്കുന്നത്.

കൂടാതെ, ആ തീരുമാനം തന്നെ വിഡ്ഢിത്തമാണ്. വിഡ്ഢിത്തങ്ങൾക്ക് അവകാശത്തിന്റെയൊ ശക്തിയുടെയൊ മാനദണ്ഡം വെച്ചു നോക്കിയാലോ, തത്വശാസ്ത്രപരമായ നിലപാടിൽനിന്നു നോക്കിയാൽ പോലുമൊ യാതൊരു സാധുതയുമില്ല. കോടതി എത്രതന്നെ ആദരണീയമാണെന്നിരുന്നാലും വൃത്തം ചതുരമാണെന്ന് അതിനു പറയാനാവില്ല. അതുപോലെ, എത്രതന്നെയായാലും ബാത്തിസ്റ്റായുടെ സൃഗാലസന്തതിയായ ഏപ്രിൽ 24-ലെ സ്റ്റാററ്യൂട്ട് ഔദ്യോഗികഭരണഘടനയായി കണക്കാക്കണമെന്നു പറയുവാനും അതിന്നാവില്ല. രാജ്യത്തിന്റെ രാഷ്ട്രീയഘടനയെ നിർവചിക്കുകയും, ഗവണ്മെൻറിന്റെ

(ചെന്നായുടെ സന്തതി.)

ഘടകങ്ങളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുകയും ആ പ്രവർത്തനങ്ങളുടെ പരിധികൾ നിർണയിക്കുകയും ചെയ്യാനുള്ള അടിസ്ഥാനാധാരവും രാഷ്ട്രത്തിന്റെ പരമോന്നതവുമായ നിയമമാണ് ഭരണഘടന എന്നാണ് നാം മനസ്സിലാക്കുന്നത്. അത് സ്ഥിരതയുള്ളതും പരീക്ഷണങ്ങളെ അതിജീവിക്കുന്നതും ഒരതിർത്തിവരെ, അയവില്ലാത്തതുമായിരിക്കണം. ഈ സവിശേഷതകൾ ഒന്നും തന്നെ സ്റ്റാറ്റ്യൂട്ടുകൾക്കില്ല. ഏററവും മർമപ്രധാനമായ വിഷയത്തിൽ തന്നെ തുടങ്ങാം: റിപ്പബ്ലിക്കൻ ഘടനയുടെ ഉൾഗ്രഥനത്തെയും ദേശീയ പരമാധികാരം എന്ന തത്വത്തെയും സംബന്ധിച്ച ബീഭത്സവും, നാണവും നെറിയും കെട്ടതുമായ ഒരു വൈരുധ്യമാണവർ പടച്ചുവെച്ചിരിക്കുന്നത്.

ഒന്നാം വകുപ്പിൽ പറയുന്നു :– 'ക്യൂബ പരമാധികാരമുള്ളതും സ്വാതന്ത്ര്യമുള്ളതും ആയ ഒരു ജനാധിപത്യറിപ്പബ്ളിക്കായി സംഘടിക്കപ്പെട്ട ഒരു രാജ്യമാകുന്നു'. രണ്ടാം വകുപ്പ് താണ്: 'പരമാധികാരം ജനേച്ഛയിൽ അധിഷ്ഠിതമാണ്. അതിൽ നിന്ന് എല്ലാ അധികാരങ്ങളും ഉറവെടുക്കുന്നു.'

പക്ഷേ, പിന്നാലെ ബാത്തിസ്റ്റയുടെ 118–ാം വകുപ്പു വരുന്നു. അതിൽപറയുന്നു: 'പ്രസിഡണ്ടിനെ നാമനിർദേശം ചെയ്യുന്നത് മന്ത്രിസഭയായിരിക്കും. അപ്പോൾ ജനങ്ങളല്ല പ്രസിഡണ്ടിനെ തിരഞ്ഞെടുക്കുന്നത്, മന്ത്രിസഭയാണ്, എന്നിട്ട് മന്ത്രിസഭയെ തിരഞ്ഞെടുക്കുന്നതോ ?

ബാത്തിസ്റ്റായുടെ 120–ാം വകുപ്പിന്റെ 13–ാം ഉപവകുപ്പ പറയുന്നു: 'മന്ത്രിസഭയിലെ അംഗങ്ങളെ നാമനിർദേശം ചെയ്യാനും പുനർനിയമിക്കാനും സന്ദർഭാനുസരണം മാററാനും പ്രസിഡണ്ടിനെ അധികാരപ്പെടുത്തിയിരിക്കും.' അപ്പോൾ ആരു് ആരെയാണ് നിയമിക്കുന്നത്? ഇതു്, ഒരിക്കലും ഉത്തരം കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടില്ലാത്ത ആ പഴയ കടംകഥയുണ്ടല്ലോ, അണ്ടിയോ മൂത്തതു് മാങ്ങയോ മൂത്തതു്, അതുപോലെയല്ലേ ?

ഒരു ദിവസം പതിനെട്ടു തെമ്മാടികൾ ഒന്നിച്ചു കൂടി. റിപ്പബ്ളിക്ക് കയ്യേറുകയും അതിന്റെ വാർഷികവരുമാനമായ മുപ്പത്തിയഞ്ചു കോടി ഡോളർ കൊള്ളയടിക്കുകയും ചെയ്യുക എന്നതായിരുന്നു അവരുടെ പരിപാടി. കാപട്യത്തി

ലൂടെയും വഞ്ചനയിലൂടെയും അവർ അവരുടെ ഉദ്ദേശം സാധിച്ചു 'ഇനി നമ്മളെന്താണു ചെയ്യുക' ?

അവരിൽ ഒരാറം ബാക്കിയുള്ളവരോടു പറഞ്ഞു: 'നിങ്ങറം എന്നെ പ്രധാനമന്ത്രിയായി നാമനിർദേശം ചെയ്യുക, ഞാൻ നിങ്ങളെ ജനറൽമാരാക്കാം.' ഇതു ചെയ്തു കഴിഞ്ഞ ശേഷം ഇയാറം ഇരുപതു പേരുടെ ഒരു ഉപജാപസംഘത്തെ പാക്കിട്ടു പിടിച്ചിട്ടു അവരോടു പറഞ്ഞു: 'ഞാൻ നിങ്ങളെ മന്ത്രിമാരാക്കാം, നിങ്ങറം എന്നെ പ്രസിഡണ്ടാക്കണം'.

ഈ രീതിയിൽ തമ്മിൽ തമ്മിൽ ജനറൽമാരായും മന്ത്രിമാരായും പ്രസിഡണ്ടായും നാമനിർദേശംചെയ്തുകൊണ്ട് അവർ ഖജനാവും ഗവണ്മെൻറും കൈയടക്കി.

കൂടാതെ മന്ത്രിമാരെയും ജനറൽമാരെയും പ്രസിഡണ്ടിനെയും നാമനിർദേശം ചെയ്യുവാൻവേണ്ടി ഒരേസമയം പരമാധികാരം കയ്യടക്കി എന്ന കാര്യം മാത്രമല്ല അതിലുള്ളത്. ഈ സ്റ്റാററ്യൂട്ടുകളിലൂടെ ഈ മനുഷ്യൻ രാഷ്ട്രത്തിൻെറ പരിപൂർണ്ണമായ നിയന്ത്രണം മാത്രമല്ല, ഓരോ പൗരനെയും രക്ഷിക്കാനും ശിക്ഷിക്കാനുമുള്ള അധികാരവും, രാഷ്ട്രത്തിൻെറ നിലനിൽപിൻെറ നിയന്ത്രണംതന്നെയും കൈക്കലാക്കി. ഇക്കാരണംകൊണ്ട്, സാമൂഹ്യവും ഭരണഘടനാപരവുമായ അവകാശങ്ങറംക്കായുള്ള കോടതിയുടെ നിലപാട് വഞ്ചനാപരവും ലജ്ജാവഹവും ഭീരുത്വപരവും ജുഗുപ്സാവഹവുമാണെന്നു മാത്രമല്ല വിഡ്ഢിത്തവുമാണെന്ന് ഞാൻ ഉറപ്പിച്ചു പറയുന്നു.

അധികം ശ്രദ്ധിക്കപ്പെട്ടിട്ടില്ലാത്ത ഒരു വകുപ്പ് ബാത്തിസ്റ്റയുടെ സ്റ്റാററ്യൂട്ടുകളിലുണ്ട്. ഈ പരിതഃസ്ഥിതിയുടെ ഉള്ളകള്ളികറം വെളിച്ചത്തുകൊണ്ടുവരുന്നതും നിർണ്ണായകമായ നിഗമനങ്ങളിൽ നമ്മെ കൊണ്ടെത്തിക്കുന്നതുമായ ഒരു വകുപ്പാണത്. 257-ാം വകുപ്പിലെ വിശേഷ ഉപവകുപ്പാണ് ഞാൻ കൃത്യമായി സൂചിപ്പിക്കുന്നത്. അതിൽ പറയുന്നു: ഹാജരുള്ളവരിൽ മൂന്നിൽരണ്ടു ഭൂരിപക്ഷത്തിൻെറ വോട്ടുകൊണ്ട് മന്ത്രിസഭയ്ക്കു് ഈ ഭരണഘടനാനിയമത്തിൽ മാററങ്ങറം വരുത്താവുന്നതാകുന്നു. ഇവിടെ പരിഹാസ്യത അതിൻെറ പാരമ്യത്തിലെത്തിയിരിക്കുന്നു.

ജനങ്ങളുടെ അംഗീകാരമില്ലാത്ത ഒരു ഭരണഘടന അവരുടെ മേൽ അടിച്ചേൽപിക്കുകയും സ്വന്തം കൈകളിൽ അധികാരം മുഴവൻ കേന്ദ്രീകരിച്ചുകൊണ്ടുള്ള ഒരു ഭരണം സ്ഥാപിക്കുകയും ചെയ്തു എന്നു മാത്രമല്ല; 257–ാം വകുപ്പിലൂടെ പരമാധികാരത്തിൻെറ ഏററവും കാതലായ ഭാഗം—രാജ്യത്തെ പ്രാഥമികവും പരമോന്നതവുമായ നിയമം ഭേദഗതി ചെയ്യുവാനുള്ള അധികാരം — അവർ കയ്യടക്കുകയും ചെയ്തിരിക്കുകയാണ്. മാർച്ച് പത്തിനുശേഷം നിരവധി തവണ അവർ ഭരണഘടന ഭേദഗതി ചെയ്തിട്ടുണ്ട്. എന്നിട്ടും, ജനേച്ഛയിലാണ് പരമാധികാരം സ്ഥിതിചെയ്യുന്നതെന്നും എല്ലാ അധികാരത്തിൻെറയും ഉറവിടം ജനങ്ങളാണെന്നും അവർ 2–ാം വകുപ്പിൽ അങ്ങേഅററത്തെ തൊലിക്കട്ടിയോടുകൂടി എഴുതിവച്ചിരിക്കുകയാണ്.

മന്ത്രിസഭയിലെ മൂന്നിൽ രണ്ടു ഭൂരിപക്ഷംകൊണ്ട്, ഈ ഭേദഗതികൾ വരുത്താവുന്നതുകൊണ്ടും മന്ത്രിസഭയെ നാമനിർദേശം ചെയ്യുന്നത് പ്രസിഡണ്ടായതുകൊണ്ടും, ക്യൂബയെ സൃഷ്ടിക്കാനും സംഹരിക്കാനുമുള്ള അവകാശം ഒരു മനുഷ്യൻെറ, ഈ മണ്ണിൽ ജനിച്ചിട്ടുള്ളതിൽവെച്ച് ഏററവും വിലകെട്ട ഒരു ജീവിയുടെ, കൈകളിലകപ്പെട്ടിരിക്കുന്നു.

അപ്പോൾ ഇത് ഭരണഘടനാപരമായ അവകാശങ്ങൾക്കായുള്ള കോടതി അംഗീകരിക്കുകയുണ്ടായോ ? ഇതിൽ നിന്നുത്ഭവിക്കുന്നതെല്ലാം സാധുവും നിയമാനുസൃതവുമാണോ ? കൊള്ളാം, എന്താണ് അംഗീകരിച്ചതെന്ന് നിങ്ങൾ കേൾക്കുക:

'ഹാജരുള്ളവരിൽ മൂന്നിൽ രണ്ടു ഭൂരിപക്ഷത്തിൻെറ വോട്ടുകൊണ്ടു മന്ത്രിസഭക്ക് ഈ ഭരണഘടന ഭേദഗതി ചെയ്യാവുന്നതാകുന്നു.' അത്തരം ഒരധികാരത്തിനു യാതൊരു പരിധിയുമില്ല. അതിൻെറ മറവിൽ ഏതു വകുപ്പും വാചകവും അധ്യായവും, നിയമം മുഴവൻ തന്നെയും ഭേദഗതി ചെയ്യാവുന്നതാണ്. ഉദാഹരണത്തിനു ഞാനിപ്പോൾ പരാമർശിച്ച 1–ാം വകുപ്പിൽ പറയുന്നത് ജനാധിപത്യറിപ്പബ്ലിക്കായി സംഘടിപ്പിക്കപ്പെട്ട പരമാധികാരമുള്ള ഒരു സ്വതന്ത്രരാഷ്ട്രമാണ് ക്യൂബ എന്നാണ്, പക്ഷേ ഇന്നു യഥാർഥത്തിൽ ഇവിടെയുള്ളത് ഭീകരമായൊരു സ്വേച്ഛാധിപത്യമാണ്. 3–ാം വകു

പ്പിൽ പറയുന്നു: 'ക്യൂബ, പൈൻസ് എന്നീ ദ്വീപുകളും അടുത്തുകിടക്കുന്ന ചെറുദ്വീപുകളും രാഷ്ട്രത്തിന്റെ അതിർത്തിക്കുള്ളിൽ പെടുന്നു......'

ബാത്തിസ്റ്റയും അയാളുടെ മന്ത്രിസഭയും 257–ാം വകുപ്പിന്റെ അധികാരമുപയോഗിച്ച് മറ്റെല്ലാ വകുപ്പുകളും ഭേദഗതി ചെയ്യാം. ക്യൂബ മേലിൽ ഒരു റിപ്പബ്ളിക്കല്ലെന്നും പാരമ്പര്യാവകാശമുള്ള ഒരു ഏകാധിപത്യമാണെന്നും അവക്ക് പറയാം. എന്നിട്ട് അയാൾക്ക ബാത്തിസ്റ്റ രാജാവായി സ്വയം അഭിഷേകിക്കുകയും ചെയ്യാം. ദേശീയാതിർത്തികൾ ഉപേക്ഷിക്കുകയും, നെപ്പോളിയൻ ലൂസിയാന വിറ്റതു പോലെ, ഒരു വിദേശ രാജ്യത്തിന് ഒരു പ്രവിശ്യ വിൽക്കുകയുമെല്ലാം, അയാൾക്ക് ചെയ്യാം. ജീവിക്കാനുള്ള അവകാശം തന്നെ അയാൾ നിഷേധിച്ചെന്നു വരാം. ഹെറോദിനെപ്പോലെ അയാളും പുതുതായി ജനിക്കുന്ന കുഞ്ഞുങ്ങളെ ശിരച്ഛേദം ചെയ്യുവാൻ ആജ്ഞാപിച്ചെന്നു വരാം. ഇതെല്ലാം നിയമാനുസൃതമായ നടപടികളായിരിക്കും. എന്നിട്ട്, എന്റെ സ്നേഹിതരേ, അവരെ എതിർക്കുന്നവരെ എന്നെ ഇപ്പോൾ ചെയ്യാനുദ്ദേശിക്കുന്നതു പോലെ തന്നെ, നിങ്ങൾ തുറുങ്കിലടക്കേണ്ടതായും വരും.

നമ്മുടെ ഇപ്പോഴത്തെ സ്ഥിതി എത്രയോ ദുഃഖകരവും അപമാനകരവുമാണെന്നു തെളിയിക്കുന്ന അങ്ങേഅററത്തെ ഉദാഹരണങ്ങളാണ് ഞാൻ നിരത്തിവെച്ചിരിക്കുന്നത്. നമ്മുടെ രാജ്യത്തെ എല്ലാ പൗരന്മാരോടും കൂടി വിൽക്കുവാൻ ശരിക്കും കഴിവുള്ള ആളുകളുടെ കൈകളിലാണ് എല്ലാ അധികാരങ്ങളും നിക്ഷിപ്തമായിരിക്കുന്നതെന്നു ഓർക്കുക ! ഭരണഘടനാപരമായ അവകാശങ്ങൾക്കായുള്ള കോടതി ബാത്തിസ്റ്റയുടെ ഭരണഘടനാവിരുദ്ധമായ സ്റ്റാററ്യൂട്ടുകൾ അംഗീകരിച്ചു കഴിഞ്ഞ സ്ഥിതിക്ക്, ഇനിയുമെന്താണവർ പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നത് ? അവർ അവരുടെ ഔദ്യോഗിക വേഷങ്ങളും അഴിച്ചെടുത്തു പരണത്തു വെച്ചാൽ മതി.

നിയമ നിർമാണാധികാരവും നിർവഹണാധികാരവും ഒരേ ഭരണഘടകത്തിൽ തന്നെ നിക്ഷിപ്തമായിരിക്കുമ്പോൾ 'ഭരണഘടനാ വിരുദ്ധ'മെന്ന സങ്കല്പം തന്നെ അർഥമില്ലാത്തതായിത്തീരുന്നു. മന്ത്രിസഭ നിയമങ്ങളും ഉത്തരവുകളും ചട്ടങ്ങ

ളുമുണ്ടാക്കുകയും അതേസമയം തന്നെ പത്തേ പത്തു മിനിട്ടു സമയം കൊണ്ടു് ഭരണഘടന മാററുവാനുള്ള അധികാരം അതിനുണ്ടായിരിക്കുകയും ചെയ്യുമ്പോഠം പിന്നെ ഭരണഘടനാപരമായ അവകാശങ്ങഠംക്കായുള്ള ഒരു കോടതി എന്തിനാണെന്നാണ് ഞാൻ ചോദിക്കുന്നതു്.

ബഹുമാന്യരായ ന്യായാധിപന്മാരേ, ബാത്തിസ്റ്റയുടെ സ്റ്റാററ്യൂട്ടുകഠംക്കനുകൂലമായ നിംങ്ങളുടെ വിധി, നിങ്ങഠം ഉയർത്തിപ്പിടിക്കുമെന്നു് പ്രതിജ്ഞ ചെയ്തിട്ടുള്ള റിപ്പബ്ലിക്കൻ നിയമങ്ങഠംക്കു് വിരുദ്ധമാണ്; വിവേകശൂന്യവും അവിശ്വസനീയവും യുക്തിഹീനവുമാണ്. ഭരണഘടനാപരമായ അവകാശങ്ങഠംക്കായുള്ള കോടതി ഭരണഘടനയ്ക്കെതിരായി ബാത്തിസ്റ്റയുടെ സ്റ്റാററ്യൂട്ടുകളെ പിൻതാങ്ങിയപ്പോഠം ഈ രാജ്യത്തെ പരമോന്നതമായ ഒരു നിയമസംഹിത നിഷ്കാസനം ചെയ്യപ്പെട്ടു. മാത്രമല്ല, പ്രത്യുത ഭരണഘടനാപരമായ അവകാശങ്ങഠംക്കായുള്ള കോടതി സ്വയം ഭരണഘടനയുടെ പരിധിക്കപ്പുറത്തു പോവുകയും, സ്വയം ഭരണത്തിനുള്ള അവകാശം സ്വയം ഉപേക്ഷിക്കുകയും ചെയ്തിരിക്കുന്നു അങ്ങനെ അതു് നിയമപരമായി ആത്മഹത്യ ചെയ്തിരിക്കുകയാണ്. അതിനു ശാന്തി ലഭിക്കട്ടെ.

ഭരണഘടനയുടെ 40-ാം വകുപ്പു് ഉറപ്പു നൽകുന്ന, പ്രക്ഷോഭണം നടത്തുവാനുള്ള അവകാശത്തിനു് ഇപ്പോഴും നിയമസാധുതയുണ്ടു്. റിപ്പബ്ളിക്കിലെ സ്ഥിതിഗതികഠം സാധാരണ നിലയിലായിരിക്കുമ്പോഠം പ്രയോഗിക്കുവാൻ വേണ്ടി സൃഷ്ടിക്കപ്പെട്ടതാണോ അതു്? അല്ല. ഭരണഘടനയെ സംബന്ധിച്ചിടത്തോളം ഈ വകുപ്പു് നടുക്കടലിലെ കപ്പലിലെ രക്ഷാബോട്ടാണ്. അതിനെ പ്രയാണമാർഗത്തിൽ പതിയിരുന്നുകൊണ്ടു് ശത്രുക്കഠം തുരങ്കം വെച്ചിരിക്കുന്നു. ഭരണഘടന വഞ്ചിക്കപ്പെടുകയും ജനങ്ങഠംക്കു് എല്ലാ നിയമരക്ഷോപാധികളും നഷ്ടപ്പെടുകയും ചെയ്തപ്പോഠം ശേഷിച്ചതു് ഒരേ ഒരവകാശമാണ്: ഒരു ശക്തിക്കും എടുത്തുകളയാനാവാത്ത അവകാശം: അടിച്ചമർത്തലിനെയും അനീതിയെയും ചെറുക്കുവാനുള്ള അവകാശം.

എന്തെങ്കിലും സംശയം ശേഷിക്കുന്നുണ്ടെങ്കിൽ, സാമൂഹ്യ പരിരക്ഷാനിയമത്തിലെ ഒരു വകുപ്പുണ്ടു്. അതു ബഹുമാന്യ

നായ പ്രോസിക്യൂട്ടർ മറക്കാതിരുന്നെങ്കിൽ നന്നായിരുന്നേനെ. ആ വകുപ്പ് ഞാനുദ്ധരിക്കാം: 'നിയമിക്കപ്പെട്ടതോ തിരഞ്ഞെടുക്കപ്പെട്ടതോ ആയ ഗവണ്മെൻറ് അധികാരികൾ ഗവണ്മെൻറിനെതിരായി പ്രക്ഷോഭണപ്രവർത്തനങ്ങളെ കിട്ടാവുന്ന എല്ലാ മാർഗങ്ങളുമുപയോഗിച്ച് ചെറുക്കാതിരുന്നാൽ, അവർ ആറ് മുതൽ എട്ടു വർഷത്തെ തടവുശിക്ഷയ്ക്കു വിധേയരാവും.'

നമ്മുടെ രാജ്യത്തെ ന്യായാധിപന്മാർ, ബാത്തിസ്റ്റയുടെ മാർച്ച് പത്തിൻെറ വഞ്ചനാപരമായ സൈനിക അട്ടിമറിയെ ചെറുക്കുവാൻ ബാധ്യസ്ഥരായിരുന്നു. മററൊരാളും നിയമം പാലിക്കാതിരിക്കുകയും മററൊരാളും സ്വന്തം കടമ നിർവഹിക്കാതിരിക്കുകയും ചെയ്യുമ്പോൾ നിയമം പാലിക്കുകയും കടമ നിർവഹിക്കുകയും ചെയ്ത ആളുകളെ ജയിലിലേക്കയക്കുന്നതു് മനസ്സിലാക്കാവുന്ന കാര്യമാണ്.

രാജ്യത്തിൻെറ മേൽ അടിച്ചേൽപ്പിക്കപ്പെട്ടിരിക്കുന്ന ഈ ഭരണം ക്യൂബയുടെ പാരമ്പര്യത്തിനും ക്യൂബയുടെ ചരിത്രത്തിനും നിരക്കാത്തതാണെന്ന സത്യം നിഷേധിക്കുവാൻ നിങ്ങൾക്കു സാധ്യമല്ല.

ആധുനിക ഗവണ്മെൻറുകളുടെ അധികാരവിഭജനത്തെ സംബന്ധിച്ചുള്ള അടിസ്ഥാനഗ്രന്ഥമായ *'De'l Esprit des Lois* എന്ന ഗ്രന്ഥത്തിൽ മൊണ്ടേസ്ക്യു, ഗവണ്മെൻറുകളെ അവയുടെ അടിസ്ഥാനസ്വഭാവങ്ങളനുസരിച്ച് മൂന്നായി തരം തിരിച്ചിട്ടുണ്ട്. മുഴുവൻ ജനങ്ങൾക്കോ അല്ലെങ്കിൽ അവരിൽ ഒരു വിഭാഗത്തിനോ പരമാധികാരമുള്ള റിപ്പബ്ളിക്കൻ രീതി, സ്ഥിരവും കൃത്യമായി നിർവചിക്കപ്പെട്ടിട്ടുള്ളതുമായ നിയമങ്ങൾക്കനുസരണമായി ഒരാൾ മാത്രം ഭരണം നടത്തുന്ന രാജവാഴ്ചാരീതി; നിയമങ്ങളെയും ചട്ടങ്ങളെയും അവഗണിച്ചുകൊണ്ടു് സ്വന്തം ഇഷ്ടാനിഷ്ടങ്ങൾക്കനുസരണമായി മാത്രം ഭരണം നടത്തുന്ന സ്വേച്ഛാധിപത്യരീതി.

പിന്നീടൊരിടത്തു് അദ്ദേഹം പറയുന്നു: 'താനെല്ലാമാണെന്നും ബാക്കിയുള്ള മനുഷ്യരാശി മുഴുവൻ ഒന്നുമല്ലെന്നും സ്വന്തം പഞ്ചേന്ദ്രിയങ്ങൾ ഒരാളോടു നിരന്തരമായി പറഞ്ഞുകൊണ്ടിരിക്കുന്നെങ്കിൽ, അയാൾ അലസനും അജ്ഞനും ചപലനുമാവാതെ തരമില്ല. ജനാധിപത്യത്തിനു നന്മയും രാജാധിപത്യത്തിനു മാന്യതയും ആവശ്യമായിരിക്കുന്നതുപോലെ,

സ്വേച്ഛാധിപത്യഭരണത്തിൻെറ സത്ത ഭീതിയാണ്. അതിനു നന്മ ആവശ്യമില്ല, മാന്യത അപകടവുമാണ്.'

ബഹുമാന്യരായ ന്യായാധിപന്മാരെ, കിരാത ഭരണത്തിനെതിരായി പ്രക്ഷോഭണം നടത്തുവാനുള്ള അവകാശം അനാദികാലം മുതൽ ഇന്നോളമുള്ള എല്ലാ വിശ്വാസങ്ങളുടെയും ആശയങ്ങളുടെയും തത്വങ്ങളുടെയും പ്രണേതാക്കൾ അംഗീകരിച്ചിട്ടുള്ളതാണ്.

അതിപ്രാചീനകാലത്തെ മതാധിഷ്ഠിതമായ രാജാധിപത്യങ്ങളിൽ അങ്ങനെയായിരുന്ന ഒരു രാജാവു് ക്രൂരമായും സ്വേച്ഛാപ്രവണതയോടു കൂടിയും ഭരണം നടത്തിയാൽ അയാളെ നിഷ്കാസനം ചെയ്തിട്ടു് സൽഗുണസമ്പന്നനായ ഒരു രാജകുമാരനെ ആ സ്ഥാനത്തു് അവരോധിക്കുക എന്നതു് പുരാതനചൈനയിൽ ഏതാണ്ടൊരു ഭരണഘടനാതത്വം തന്നെയായിരുന്നു ഏകപക്ഷീയമായ അധികാരത്തിനെതിരായി ക്രിയാത്മകമായി ചെറുത്തു നിൽക്കുക എന്ന തത്വം പുരാതന ഭാരതത്തിലെ തത്വശാസ്ത്രകാരന്മാർ ഉയർത്തിപ്പിടിച്ചിരുന്നു. അവർ വിപ്ലവത്തെ സാധൂകരിക്കുകയും പലപ്പോഴും തങ്ങളുടെ തത്വങ്ങൾ പ്രയോഗത്തിൽ കൊണ്ടുവരികയും ചെയ്തിരുന്നു. അവരുടെ ഒരു ആത്മീയാചാര്യൻ പറയാറുണ്ടായിരുന്നു: ഭൂരിപക്ഷത്തിൻെറ അഭിപ്രായത്തിനു രാജാവിനെക്കാൾ ശക്തിയുണ്ടു്, പല ഇഴകൾ കൊണ്ടു് പിരിച്ചുണ്ടാക്കിയ ഒരു കയറിനു് ഒരു സിംഹത്തെ വലിച്ചുകൊണ്ടു പോകുവാനുള്ള ബലമുണ്ടു്.

ഗ്രീസിലെ നഗര രാജ്യങ്ങളും റോമിലെ റിപ്പബ്ലിക്കും കിരാത ഭരണാധികാരികൾക്കു് കഠിനമായ വധശിക്ഷ നൽകുന്നതു അംഗീകരിക്കുക മാത്രമല്ല, അതിനുവേണ്ടി വാദിക്കുകയും ചെയ്തിട്ടുണ്ടു്.

ജോൺ സാലിസ്ബറി തൻെറ "*Book of the Statesman*" എന്ന പുസ്തകത്തിൽ പറഞ്ഞിരിക്കുന്നതു് മധ്യകാലങ്ങളിൽ ഒരു രാജാവു് നിയമത്തിനനുസരിച്ചു ഭരണം നടത്താതിരിക്കുകയും സ്വേച്ഛാധിപതിയായി അധഃപതിക്കുകയും ചെയ്യുമ്പോൾ അയാളെ ശക്തിയുപയോഗിച്ചു നിഷ്കാസനം ചെയ്യുന്നതു് നീതികരിക്കാവുന്നതാണെന്നാണ്. സ്വേച്ഛാധിപതികൾക്കു വിഷമല്ല കഠാരയാണു അദ്ദേഹം ശുപാർശ ചെയ്യുന്നതു്.

സെൻറ് തോമസ് അക്വിനാസ് *'Summa Theologica'* എന്ന ഗ്രന്ഥത്തിൽ സ്വേഛാധിപതികളെ കൊന്നൊടുക്കുക എന്ന തത്വത്തെ നിരാകരിക്കുന്നുണ്ടെങ്കിലും കിരാതന്മാരായ ഭരണാധികാരികളെ ജനങ്ങൾ നിഷ്കാസനം ചെയ്യണം എന്ന തത്വം ഉയർത്തിപ്പിടിക്കുന്നുണ്ട്.

നിയമങ്ങൾ ലംഘിച്ചുകൊണ്ട് സ്വേഛാധിപത്യമായി അധഃപതിക്കുന്ന ഒരു ഗവണ്മെൻറിനെ അനുസരിക്കുവാനുള്ള ബാധ്യത ജനങ്ങൾക്കില്ലെന്നു മാർട്ടിൻലൂതർ പ്രഖ്യാപിച്ചിട്ടുണ്ട്. അദ്ദേഹത്തിൻെറ അനുയായിയായ ഫിലിപ്പ് മെലാങ്തോൺ സ്വേഛാധിപത്യത്തിലേക്കു നീങ്ങുന്ന ഗവണ്മെൻറുകളെ ചെറുക്കുവാനുള്ള അവകാശം ഉയർത്തിപ്പിടിക്കുന്നു. റിഫോർമേഷൻ കാലത്തെ ഏററവും വലിയ രാഷ്ട്രീയ ചിന്തകനായിരുന്ന കാൽവിൻ, അധികാരം കൈയടക്കുന്നവർക്കെതിരായി ആയുധമേന്തുവാനുള്ള അവകാശം ജനങ്ങൾക്കുണ്ടെന്നു് പ്രഖ്യാപിക്കുന്നു. ഫിലിപ്പ് രണ്ടാമൻെറ ഭരണകാലത്തെ ഒരു സ്പാനിഷ് ജെസ്യൂട്ടായിരുന്ന യുവാൻ മരിയാനപോലും തൻെറ *De Rege et Regis Institutione* എന്ന പുസ്തകത്തിൽ, ഒരു ഗവർണർ അധികാരം കയ്യടക്കുകയോ തിരഞ്ഞെടുക്കപ്പെട്ട ആളാണെങ്കിൽ പോലും സ്വേഛാധിപത്യപരമായ രീതിയിൽ അയാൾ ഭരണം നടത്തുകയോ ചെയ്താൽ, ബഹളങ്ങൾ കഴിവതും ഒഴിവാക്കികൊണ്ടു പ്രത്യക്ഷമായോ അടവുപ്രയോഗിച്ചോ സ്വേഛാധിപതിയെ നശിപ്പിക്കുകയെന്നതു ഒരു സ്വകാര്യ പൗരനെ സംബന്ധിച്ചിടത്തോളം ന്യായമാണു എന്നാണു പറഞ്ഞിരിക്കുന്നതു്.

ഫ്രാങ്കോ ഹോട്ട്മാൻ എന്ന ഫ്രഞ്ച് എഴുത്തുകാരൻ ഗവണ്മെൻറും അതിൻെറ പ്രജകളും തമ്മിൽ ഒരു വ്യവസ്ഥ അല്ലെങ്കിൽ കരാറുണ്ടെന്നും ആ കരാറു ലംഘിച്ച് സ്വേഛാധിപത്യത്തിലേക്ക് നീങ്ങുന്ന ഗവണ്മെൻറുകൾക്കെതിരായി ജനങ്ങൾ കലാപമുണ്ടാക്കുമെന്നുമാണ്.

ഏതാണ്ടു ഈ സമയത്തു് തന്നെ സ്റ്റെഫാനസ് യൂനിയസ് ബ്രൂത്തസ് എന്ന തൂലികാ നാമത്തിൽ എഴുതപ്പെട്ട *'Vindiciae Contra Tyrannos'* എന്ന പേരിൽ ഒരു ലഘു പുസ്തകം പ്രത്യക്ഷപ്പെട്ടു അതു് ധാരാളമാളുകൾ വായിക്കുകയും ചെയ്തതാണ്. ഭരണാധികാരികൾ ജനങ്ങളെ

അടിച്ചമർത്തുകയാണെങ്കിൽ ഗവണ്മെൻറുകളെ ചെറുക്കുന്നതു് നിയമാനുസൃതമാണെന്നും അത്തരം സ്വരാജ്യം നയിക്കേണ്ടതു് ബഹുമാന്യരായ ന്യായാധിപന്മാരുടെ കടമയാണെന്നും അതു് പരസ്യമായി പ്രഖ്യാപിച്ചു.

സ്കോട്ട്ലാൻഡിലെ പരിഷ്കാരേച്ഛുക്കളായ ജോൺ നോക്സും ജോൺപോയ്നെററും ഇതേ അഭിപ്രായക്കാരായിരുന്നു.

അവരുടെ പ്രസ്ഥാനത്തിലെ ഏററവും പ്രധാനപ്പെട്ട പുസ്തകത്തിൽ ജോർജ് ബുക്കനൻ പറയുന്നതു് ജനസമ്മതത്തെ കണക്കിലെടുക്കാതെയാണു് ഒരു ഗവണ്മെൻറു് അധികാരം നേടുന്നതെങ്കിൽ, അല്ലെങ്കിൽ, ഏകപക്ഷീയവും നീതിരഹിതവുമായ രീതിയിലാണു് ജനങ്ങളുടെ ഭാഗധേയത്തെ ഒരു ഗവണ്മെൻറു് നയിക്കുന്നതെങ്കിൽ, അതൊരു സ്വേച്ഛാധിപത്യമായിത്തീരുന്നുവെന്നും അതിനെ അധികാരത്തിൽ നിന്നു നീക്കം ചെയ്യുകയോ അല്ലെങ്കിൽ അവസാനമാർഗമെന്ന നിലയിൽ അതിൻെറ നേതാക്കന്മാരെ വധിക്കുകയോ ചെയ്യാവുന്നതാണെന്നുമാണ്.

പതിനേഴാം നൂററാണ്ടിൻെറ ആദ്യകാലത്തെ ഒരു ജർമൻ നിയമപണ്ഡിതനായിരുന്ന ജോൺ അർഥൂസ് തൻെറ '*Treatise on Polities*' എന്ന ഗ്രന്ഥത്തിൽ പറയുന്നതു രാജ്യത്തിൻെറ ഏററവും ഉന്നതമായ അധികാരമെന്ന നിലയിൽ പരമാധികാരം രൂപമെടുക്കുന്നതു് അതിലെ എല്ലാ അംഗങ്ങളുടെയും സ്വമേധയാ ഉള്ള കൂട്ടുചേരലിൽ നിന്നാണെന്നും ഗവണ്മെൻറിൻെറ അധികാരം ജനങ്ങളിൽ നിന്നുണ്ടാകുന്നതാണെന്നും അതിൻെറ നീതിരഹിതമോ നിയമവിരുദ്ധമോ സ്വേച്ഛാധിപത്യപരമോ ആയ പ്രവർത്തനം അതിനെ അനുസരിക്കുക എന്ന കടമയിൽ നിന്നു് ജനങ്ങളെ ഒഴിവാക്കുകയും ചെറുക്കലിനെയോ കലാപത്തെയോ അതു് സാധൂകരിക്കുകയും ചെയ്യുന്നുവെന്നുമാണു്.

ബഹുമാന്യരായ ന്യായാധിപന്മാരെ, പ്രാചീനകാലത്തെയും മധ്യയുഗത്തിലെയും ആധുനികയുഗത്തിൻെറ തുടക്കത്തിലെയും ഉദാഹരണങ്ങളാണു് ഞാൻ ചൂണ്ടിക്കാട്ടിയതു്. എല്ലാത്തരം വിശ്വാസപ്രമാണങ്ങളിലും പെട്ട എഴുത്തുകാരിൽ നിന്നാണു് ഞാൻ ഈ ഉദാഹരണങ്ങൾ തിരഞ്ഞെടുത്തതു്.

കൂടാതെ, നിങ്ങൾക്കറിയാവുന്നതു പോലെ, പ്രക്ഷോഭണം നടത്തുവാനുള്ള അവകാശം ഒരു രാഷ്ട്രമെന്ന നിലയിലുള്ള ക്യൂബയുടെ നിലനിൽപിൻെറ വേരുകൾ വരെ വ്യാപിച്ചുകിടക്കുന്ന ഒന്നാണ്. അതുകൊണ്ട് തന്നെ ക്യൂബയിലെ ന്യായാധിപന്മാരുടെ വേഷവുമണിഞ്ഞു് നിങ്ങൾക്ക് ഇന്നു പ്രത്യക്ഷപ്പെടാൻ കഴിയുന്നതു്. ആ വേഷങ്ങൾ നീതിക്കു വേണ്ടി നിലകൊണ്ടിരുന്നെങ്കിൽ !

ഇംഗ്ളണ്ടിൽ പതിനെട്ടാം നൂററാണ്ടിൽ രണ്ടു രാജാക്കന്മാരെ, ചാറൾസ് ഒന്നാമനെയും, ജെയിംസ് രണ്ടാമനെയും അവർ സ്വേച്ഛാധിപതികളായി മാറിയതിൻെറ പേരിൽ സ്ഥാനഭ്രഷ്ടനാക്കിയതു് പരക്കെ അറിവുള്ള കാര്യമാണല്ലൊ. ഈ സംഭവങ്ങൾക്കൊപ്പം മിതവാദി രാഷ്ട്രീയ തത്വശാസ്ത്രം ജനിക്കുകയും, ഫ്യൂഡലിസത്തിൻെറ ചങ്ങലകൾ പൊട്ടിച്ചെറിയുവാൻ വേണ്ടി അന്നു് സമരം ചെയ്തുകൊണ്ടിരുന്ന പുതിയൊരു സാമൂഹ്യവർഗത്തിനു് അതു താത്വികാടിസ്ഥാനം നൽകുകയും ചെയ്തു.

ദൈവദത്തമായ രാജാധിപത്യങ്ങൾക്കെതിരായി, ഈ പുതിയ തത്വശാസ്ത്രം സാമൂഹ്യക്കരാറിൻെറയും ഭരണീയരുടെ സമ്മതത്തിൻെറയും തത്വം ഉയർത്തിപ്പിടിക്കുകയും, 1775 ലെ അമേരിക്കൻ വിപ്ളവത്തിൻെറയും 1789-ലെ ഫ്രഞ്ചുവിപ്ലവത്തിൻെറയും അടിസ്ഥാനമായി പ്രവർത്തിക്കുകയും ചെയ്തു. ഈ മഹാസംഭവങ്ങൾ 'പുതിയ ലോക'ത്തിലെ സ്പാനിഷ് കോളനികളെ മോചിപ്പിക്കുന്നതിനു് വഴി തെളിയിച്ചു. ആ ചങ്ങലയിലെ അവസാനത്തെ കണ്ണി തകർത്തതു് ക്യൂബയായിരുന്നു.

ഈ പുതിയ തത്വശാസ്ത്രം നമ്മുടെ രാഷ്ട്രീയാശയങ്ങളെ പുഷ്കലമാക്കുകയും നമ്മുടേതായ ഭരണഘടനകൾ, ഗ്വായ്മറോയുടെ ഭരണഘടന മുതൽ 1940-ലെ ഭരണഘടന വരെ, രൂപപ്പെടുത്താൻ നമ്മെ സഹായിക്കുകയും ചെയ്തു 1940—ലെ ഭരണഘടനയെ നമ്മുടെ കാലത്തെ സോഷ്യലിസ്റ്റ് ചിന്തകൾ സ്വാധീനിച്ചിരുന്നു വസ്തുവകകളുടെ സാമൂഹ്യവിനിയോഗം, ഓരോ മനുഷ്യനും അന്തസ്സായി ജീവിക്കുവാനുള്ള മൗലികമായ അവകാശം എന്നീ തത്വങ്ങൾ, അവ പൂർണമായി നടപ്പിലാക്കുന്നതിനെ വൻകിടസ്ഥാപിത താല്പ

ര്യങ്ങളും തടസ്സപ്പെടുത്തിയെങ്കിലും, ആ ഭരണഘടനയിൽ ഉൾപ്പെടുത്തിയിരുന്നു.

സ്വേച്ഛാധിപത്യത്തിനെതിരായി കലാപം നടത്തുവാനുള്ള അവകാശം അവസാനമായി അംഗീകാരം നേടിയതും രാഷ്ട്രീയ സ്വാതന്ത്ര്യത്തിലെ ഒരു മൗലിക തത്വമായിത്തീർന്നതും അന്നാണ്.

രാജാക്കന്മാരെ അധികാരത്തിലേററുവാനും ഇറക്കുവാനും കഴിയുന്നവരും സ്വേച്ഛാധിപതികളെ നിഷ്കാസനം ചെയ്യുവാൻ കടപ്പെട്ടവരുമായ ജനങ്ങളിലാണ് രാഷ്ട്രീയാധികാരം സ്ഥിതിചെയ്യുന്നതെന്നു് പണ്ടു്, 1649-ൽ തന്നെ, ജോൺ മിൽട്ടൺ എഴുതിയിട്ടുണ്ടു്.

ജോൺലോക്കു്, ഗവണ്മെൻറിനെക്കുറിച്ചുള്ള തൻെറ ഉപന്യാസത്തിൽ, പറയുന്നതു് മനുഷ്യൻെറ പ്രാഥമികാവശ്യങ്ങൾ ഹനിക്കപ്പെടുമ്പോൾ ഗവണ്മെൻറിനെ അടിച്ചമർത്താനോ മാററാനോ ഉള്ള അവകാശവും കടമയും ജനങ്ങൾക്കുണ്ടെന്നാണ്. അനധികൃതമായ ശക്തിയെ ശക്തികൊണ്ടെതിർക്കുക എന്നതുമാത്രമാണ് പോംവഴി. ജീൻ ജാക്വിസ് റൂസ്സോ നിറഞ്ഞ വാചാലതയോടുകൂടി തൻെറ *Du Contract Social* എന്ന ഗ്രന്ഥത്തിൽ പറയുന്നു: ഒരു ജനത, അനുസരിക്കുവാൻ തങ്ങൾ നിർബന്ധിക്കപ്പെട്ടിരിക്കുന്നുവെന്നു മനസ്സിലാക്കുകയും അനുസരിക്കുകയും ചെയ്യുന്നതു് നന്നു്. എന്നാൽ ആ നുകം തട്ടിത്തെറിപ്പിക്കുവാൻ കഴിയുമെന്നാകുമ്പോൾ തട്ടിത്തെറിപ്പിക്കുകയും അങ്ങനെ തങ്ങളിൽ നിന്നു് തട്ടിയെടുക്കപ്പെട്ട അവകാശം ഉപയോഗിച്ചുകൊണ്ടുതന്നെ തങ്ങളുടെ സ്വാതന്ത്ര്യം വീണ്ടെടുക്കുകയും ചെയ്യുമ്പോൾ കൂടുതൽ നന്നു്.

ഏററവും ശക്തനായ മനുഷ്യനും എന്നും യജമാനനായിരിക്കത്തക്കവണ്ണം ശക്തനല്ല, പ്രത്യുത, ശക്തിയെ അവകാശമായും അനുസരണയെ കടമയായും മാററുവാനാണ് അയാൾ ശ്രമിക്കുന്നതു്; ബലം എന്നു പറയുന്നതു് ഒരു ഭൗതികശക്തിയാണ്. അതു പ്രയോഗിക്കുന്നതിലൂടെ എന്തു ധാർമികതത്വമാണ് ഒരാൾ നേടുക എന്നെനിക്കു് മനസ്സിലാവുന്നില്ല. ശക്തിക്കു വഴങ്ങുകയെന്നതു് ആവശ്യത്തിൻെറ ചെയ്തിയാണ്. ഇച്ഛയുടെതല്ല ബാക്കിയെല്ലാം രക്ഷ കരുതിയുള്ള ചെയ്തികളാണ്. ഇതെങ്ങനെ ഒരു കടമയാവും ?

'സ്വാതന്ത്ര്യം ഉപേക്ഷിക്കുകയെന്നു പറഞ്ഞാൽ, മനുഷ്യൻ എന്ന നിലയിലുള്ള ഒരാളുടെ അന്തസ്സ് ഉപേക്ഷിക്കുകയെന്നാണ്, ഒരാളുടെ കടമകളും ഉൾപ്പെടെയുള്ള മാനുഷികാവകാശങ്ങൾ ഉപേക്ഷിക്കുകയെന്നാണ്. എല്ലാം ഉപേക്ഷിക്കുന്നതിനു തുല്യമായി പകരം കിട്ടാവുന്നതൊന്നുമില്ല. എല്ലാം ഉപേക്ഷിക്കുകയെന്നതു് മനുഷ്യസ്വഭാവത്തിനു നിരക്കാത്തതാണ്. സ്വതന്ത്രമായ ഇച്ഛാശക്തിയെ കയ്യടക്കുക എന്നാണ്. ചുരുക്കത്തിൽ ഒരു വശത്തു് പരിപൂർണ്ണമായ അധികാരവും മറുവശത്ത് അളവററ അനുസരണവും ഉണ്ടാവണമെന്നു പറയുന്നതു് നിഷ്പ്രയോജനവും പരസ്പര വിരുദ്ധവുമാണ്.'

കിരീടമണഞ്ഞ ഒരു തെമ്മാടിയേക്കാൾ കൂടുതൽ ബഹുമാനം അർഹിക്കുന്നതു് നീതിമാനായ ഒരു മനുഷ്യനാണെന്നു തോമസ് പെയ്ൻ പറഞ്ഞിട്ടുണ്ട്. പ്രക്ഷോഭണം നടത്തുവാനുള്ള ജനങ്ങളുടെ അവകാശത്തെ എതിർത്തിട്ടുള്ളതു് വെർജീനിയായിലെ ആ പുരോഹിതനുണ്ടല്ലോ, ജൊനാഥൻ ബൗച്ചർ, അയാളെപ്പോലുള്ള പിന്തിരിപ്പന്മാർ മാത്രമാണ്. അയാൾ പറഞ്ഞിരിക്കുന്നു: പ്രക്ഷോഭണം നടത്തുവാനുള്ള അവകാശം നിരോധിക്കപ്പെടേണ്ട ഒരു ആശയമാണ്. പ്രക്ഷോഭണങ്ങളുടെ പിതാവായ ലൂസിഫറിൽ നിന്നാണ് അതിന്റെ ആരംഭം.

1776-ജൂലൈ 4-ാം തീയതി ഫിലാഡൽഫിയാ കോൺഗ്രസ് നടത്തിയ സ്വാതന്ത്ര്യപ്രഖ്യാപനത്തിന്റെ സുന്ദരമായൊരു ഖണ്ഡികയിൽ ഈ അവകാശം ഉൾക്കൊള്ളിച്ചുകൊണ്ടു് പറഞ്ഞിരിക്കുന്നതിങ്ങനെയാണ്:

'എല്ലാ മനുഷ്യരും തുല്യരായി സൃഷ്ടിക്കപ്പെട്ടവരാണെന്നും നഷ്ടപ്പെടുത്താനാവാത്ത ചില അവകാശങ്ങൾ സ്രഷ്ടാവു് അവർക്കു നൽകിയിട്ടുണ്ടെന്നും ജീവിതത്തിനും സ്വാതന്ത്ര്യത്തിനും സന്തുഷ്ടി തേടുന്നതിനുമുള്ള അവകാശങ്ങൾ അവയിലുൾപ്പെടുമെന്നുള്ള സത്യങ്ങൾ സ്വയം പ്രകടമാണെന്നു ഞങ്ങൾ കരുതുന്നു. ഈ അവകാശങ്ങൾ നേടുന്നതിനുവേണ്ടിയാണ് ഭരിക്കപ്പെടുന്നവരുടെ സമ്മതത്തിൽ നിന്നു ന്യായമായ അധികാരങ്ങൾ നേടിയ ആളുകളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഗവണ്മെൻറുകൾ സ്ഥാപിക്കുന്നതെന്നും ഞങ്ങൾ കരുതുന്നു. ഏതെങ്കിലും രൂപത്തിലുള്ള ഗവണ്മെൻറ് ഈ ലക്ഷ്യ

ങ്ങൾക്ക് ദോഷകരമായിത്തീരുമ്പോൾ അതിൽ വ്യതിയാനങ്ങൾ വരുത്തുവാനും അല്ലെങ്കിൽ അതിനെ നീക്കം ചെയ്യുവാനും പുതിയ ഗവണ്മെൻറ് സ്ഥാപിക്കുവാനുമുള്ള അധികാരം ജനങ്ങൾക്കാണ്. തങ്ങൾക്ക സുരക്ഷിതത്വവും സന്തുഷ്ടിയും നേടിത്തരുന്നവയെന്നു എല്ലാം കൊണ്ടും ജനങ്ങൾക്ക തോന്നുന്ന തരത്തിലുള്ള തത്വങ്ങളിൽ അധിഷ്ഠിതവും അധികാരങ്ങളുൾക്കൊള്ളുന്നതുമായിരിക്കും, പുതുതായി സ്ഥാപിക്കപ്പെടുന്ന ഗവണ്മെൻറന്നുള്ളതും സ്വയം പ്രകടമാണെന്നു ഞങ്ങൾ കരുതുന്നു.'

മനുഷ്യാവകാശങ്ങൾക്കായുള്ള പ്രസിദ്ധമായ ഫ്രഞ്ചു പ്രഖ്യാപനം ഈ തത്വം വരുന്ന തലമുറകൾക്കായി എഴുതി സൂക്ഷിച്ചിരിക്കുന്നതിങ്ങനെയാണ്:

'ജനങ്ങളുടെ അവകാശങ്ങൾ ഗവണ്മെൻറു ലംഘിക്കുമ്പോൾ പ്രക്ഷോഭണം അവരുടെ ഏററവും പരിപാവനമായ അവകാശവും അങ്ങ അററം അനുപേക്ഷണീയമായ കടമയുമായിത്തീരുന്നു. പരമാധികാരം ഒരാൾ പിടിച്ചെടുക്കുകയാണെങ്കിൽ സ്വതന്ത്രരായ ആളുകൾ അയാളെ വധശിക്ഷയ്ക്കു വിധിക്കണം.'

എൻെറ അഭിപ്രായം ഞാൻ വേണ്ടത്ര ന്യായീകരിച്ചു കഴിഞ്ഞുവെന്നു ഞാൻ വിശ്വസിക്കുന്നു. എന്നെ ഇരുപത്തിയാറു വർഷത്തെ തടവിനു് വിധിക്കണമെന്നാവശ്യപ്പെടുവാൻ വേണ്ടി ബഹുമാന്യനായ പ്രോസിക്യൂട്ടർ ഉന്നയിച്ച ന്യായങ്ങളെക്കാൾ കൂടുതൽ ന്യായങ്ങൾ ഞാനിവിടെ ഉന്നയിച്ചിട്ടുണ്ട്. ഈ ന്യായങ്ങളെല്ലാം ജനങ്ങളുടെ സ്വാതന്ത്ര്യത്തിനും സന്തുഷ്ടിക്കും വേണ്ടി സമരം ചെയ്യുന്നവരെ സഹായിക്കുന്നവയാണ്. ഇവയിലൊന്നുപോലും ഹൃദയശൂന്യമായി ജനങ്ങളെ അടിച്ചമർത്തുകയും ഭർത്സിക്കുകയും കൊള്ളയടിക്കുകയും ചെയ്യുന്നവരെ സഹായിക്കുന്നില്ല. അതുകൊണ്ടാണ് നിരവധി ന്യായങ്ങൾ നിരത്തിവെക്കുവാൻ എനിക്കു കഴിഞ്ഞതു്. ഒന്നുപോലും ഉന്നയിക്കുവാൻ അദ്ദേഹത്തിനു കഴിയാതെ പോയതും.

## VIII

ജനേച്ഛക്കെതിരായും വഞ്ചനയും ശക്തിയും പ്രയോഗിച്ചു് റിപ്പബ്ലിക്കിൻെറ നിയമങ്ങളെ ലംഘിച്ചുകൊണ്ടും

അധികാരം നേടിയ ബാത്തിസ്റ്റ അധികാരത്തിൽ തുടരുന്ന തിനെ എങ്ങനെ ന്യായീകരിക്കാൻ കഴിയും?

രക്തച്ചൊരിച്ചിലിൻെറയും അടിച്ചമർത്തലിൻെറയും അപമാനത്തിൻെറയുമായ ഒരു ഭരണത്തെ നിയമാനുസൃതമെന്ന് എങ്ങനെ വിളിക്കാൻ കഴിയും? പൊതുജീവിതത്തിൽ ഏററവും പിന്തിരിപ്പന്മാരായ ആളുകളെയും മാർഗങ്ങളെയും ആശയങ്ങളെയും സ്വരൂപിച്ചുകൊണ്ടുള്ള ഒരു ഭരണത്തെ എങ്ങനെ വിപ്ലവ ഭരണമെന്നു വിളിക്കാൻ കഴിയും? ഭരണഘടനയെ പരിരക്ഷിക്കാൻ കടപ്പെട്ട ഒരു കോടതിയുടെ കൊടിയ വഞ്ചന നിയമ സാധുതയുള്ളതാണെന്ന് എങ്ങനെ കണക്കാക്കാൻ കഴിയും?

സ്വന്തം രക്തവും ജീവനും കൊടുത്ത് തങ്ങളുടെ നാടിനെ മോചിപ്പിക്കുവാൻ ശ്രമിച്ച പൗരന്മാരെ ജയിലിലേക്കയക്കുവാൻ കോടതികൾക്കെന്തവകാശമാണുള്ളത്?

രാഷ്ട്രത്തിൻെറയും യഥാർഥ നീതിയുടെയും തത്വങ്ങളുടെയും കണ്ണുകൾക്ക് ഇതെല്ലാം ഭീകരമായ കാര്യങ്ങളാണ്.

മററെല്ലാ വാദങ്ങളെക്കാളും ശക്തമായ ഒരു വാദം ഇനിയുമുണ്ട്. നാം ക്യൂബക്കാരാണ്, ക്യൂബക്കാരന് ഒരു കടമയുണ്ട്; അതു നിറവേററാതിരിക്കുന്നത് പാതകമാണ്, വഞ്ചനയാണ്.

നമ്മുടെ നാടിൻെറ ചരിത്രത്തിൽ അഭിമാനം കൊള്ളുന്നവരാണു ഞങ്ങൾ. ഞങ്ങളതു സ്കൂളിൽവെച്ചു പഠിച്ചിട്ടുണ്ട്. സ്വാതന്ത്ര്യത്തെയും നീതിയെയും മനുഷ്യാവകാശങ്ങളെയും കുറിച്ച് കേട്ടുകൊണ്ടാണു ഞങ്ങൾ വളർന്നത്.

നമ്മുടെ ധീരന്മാരുടെയും രക്തസാക്ഷികളുടെയും മഹത്തായ മാതൃകകൾ ആദരപൂർവം പിൻതുടരണമെന്നാണ് ഞങ്ങളെ പഠിപ്പിച്ചത്. ഞങ്ങളുടെ മനസ്സിൽ ആദ്യമായി ആലേഖനം ചെയ്യപ്പെട്ടത് ചെസ്പിദസിൻെറയും അഗ്രമോന്തിൻെറയും മാസിയോയുടെയും മാർത്തിയുടെയും പേരുകളായിരുന്നു. സ്വാതന്ത്ര്യം യാചിച്ചല്ല, കത്തിയുടെ വായ്ത്തലകൊണ്ടാണ് നേടേണ്ടതെന്നാണ് ടൈറ്റാൻ മാസിയോ ഞങ്ങളെ പഠിപ്പിച്ചിട്ടുള്ളത്.

ക്യൂബയിലെ സ്വതന്ത്രപൗരന്മാർക്ക് മാർഗനിർദേശം നൽകിക്കൊണ്ട് മഹാനായ ഗുരു തൻെറ *'The Golden Age'*

എന്ന പുസ്തകത്തിൽ ഇങ്ങനെ എഴുതിയിരിക്കുന്നു: 'നീതി രഹിതമായ നിയമങ്ങൾ അനുസരിക്കുകയും താൻ പിറന്ന നാടിനെ ചവിട്ടിമെതിക്കാൻ ആരെയെങ്കിലും അനുവദിക്കുകയും അങ്ങനെ തൻെറ നാടിനെ അവഹേളിക്കുകയും ചെയ്യുന്ന വൻ മാന്യനായ മനുഷ്യനല്ല'.

ലോകത്തിൽ കുറെ അളവു വെളിച്ചമുണ്ടായിരിക്കണമെന്നതുപോലെ തന്നെ കുറെ അളവു അന്തസ്സും വേണം. അന്തസ്സില്ലാത്തവരായി ധാരാളം ആളുകളുണ്ടായാൽ, അവരുടെയെല്ലാം അന്തസ്സ് സ്വയം ഉൾക്കൊള്ളുന്ന ധാരാളം മററാളുകളുണ്ടാവും. ഇവരാണ് ജനങ്ങളുടെ സ്വാതന്ത്ര്യം കവർന്നെടുക്കുന്നവർക്കെതിരായി, എന്നു പറഞ്ഞാൽ മനുഷ്യമാന്യത തന്നെ കവർന്നെടുക്കുന്നവർക്കെതിരായി അതിശക്തിയായി പ്രക്ഷോഭണം നടത്തുന്നതു്.

ഒക്ടോബർ പത്തും ഫെബ്രുവരി ഇരുപത്തിനാലും ദേശീയാഘോഷത്തിൻെറ മഹത്തായ വാർഷികങ്ങളാണെന്നാണ് ഞങ്ങളെ പഠിപ്പിച്ചതു്. കാരണം അവ നാണംകെട്ട സ്വേച്ഛാധിപത്യത്തിനെതിരായി ക്യൂബക്കാർ പ്രക്ഷോഭണം നടത്തിയ ദിനങ്ങൾ കുറിക്കുന്നു.

ഞങ്ങളെ പഠിപ്പിച്ചതു ഒററ നക്ഷത്രത്തിൻെറ ചിഹ്നമുള്ള നമ്മുടെ പ്രിയപ്പെട്ട പതാകയെ നിലനിർത്തുവാനും പരിരക്ഷിക്കുവാനും എല്ലാ അപരാഹ്നങ്ങളിലും നമ്മുടെ ദേശീയ ഗാനത്തിൻെറ വരികൾ പാടുവാനുമാണ്. ചങ്ങലയിൽ കഴിയുകയെന്നാൽ അപമാനത്തിലും അവഹേളനത്തിലും കഴിയുകയെന്നാണ്. മാതൃഭൂമിക്കുവേണ്ടി മരണം വരിക്കുകയെന്നാൽ എന്നെന്നും ജീവിക്കുകയെന്നാണ്!

ഇതെല്ലാം ഞങ്ങൾ പഠിച്ചു. തൊട്ടിൽ തൊട്ടുപഠിച്ച തത്വങ്ങൾ നടപ്പിലാക്കുന്നവർക്കു മരണവും തടവറയുമാണു ഇന്നു നമ്മുടെ നാട്ടിൽ ലഭിക്കുന്നതെങ്കിലും ഞങ്ങളിതൊന്നും ഒരിക്കലും മറക്കുകയില്ല. ഞങ്ങളുടെ പൂർവികർ ഞങ്ങൾക്കായി നേടിത്തന്ന ഒരു സ്വാതന്ത്ര്യരാജ്യത്തിലാണ് ഞങ്ങൾ പിറന്നതു്. ഞങ്ങൾ ആരുടെയെങ്കിലും അടിമകളാകണമെങ്കിൽ അതിനുമുൻപ് ഈ ദ്വീപ് കടലിൽ താണു പോകണം.

മഹാനായ ഗുരുവിനോടുള്ള ആദരവ് അദ്ദേഹത്തിൻെറ ജന്മശതാബ്ദിയുടെ ആഘോഷവേളയിൽ അവസാനിപ്പി

ക്കാമെന്നു ഇവർ കരുതി. അദ്ദേഹത്തിന്റെ സ്മരണ എന്നെന്നേക്കുമായി മായ്ച്ചുകളയാമെന്നു കരുതി. അദ്ദേഹത്തോട് കാട്ടിയ അവഹേളനം അത്ര കടുത്തതായിരുന്നു പക്ഷെ ആ സ്മരണ മരിച്ചിട്ടില്ല. അതു ജീവിക്കുകയാണ്. അദ്ദേഹത്തിന്റെ ജനത പ്രക്ഷോഭകാരികളാണ്. അദ്ദേഹത്തിന്റെ ജനത വിലയുള്ളവരാണ്. അദ്ദേഹത്തിന്റെ ജനത അദ്ദേഹത്തിന്റെ സ്മരണയോടു കൂറുള്ളവരാണ്. അദ്ദേഹത്തിന്റെ തത്വങ്ങളെ പരിരക്ഷിക്കുവാൻ വേണ്ടി ജീവൻ ബലിയർപ്പിച്ച ക്യൂബക്കാരുണ്ട്. അദ്ദേഹം ഈ നാടിന്റെ ഹൃദയത്തിൽ എന്നുമെന്നും ജീവിക്കുന്നതിനുവേണ്ടി ജീവനും രക്തവും നൽകിക്കൊണ്ടു അദ്ദേഹത്തിന്റെ ശവകുടീരത്തിനു സമീപം മരിച്ചുവീണ, നിസ്വാർത്ഥതയുടെ ഉജ്ജ്വലപ്രതീകങ്ങളായ ചുണക്കുട്ടികളുണ്ട്. നിന്റെ മഹാനായ ഗുരുവിനെ മരിക്കുവാൻ വിട്ടിരുന്നെങ്കിൽ ക്യൂബേ, നിന്റെ ഗതി എന്താകുമായിരുന്നു

ഞാൻ എന്റെ വാദം അവസാനിപ്പിക്കാൻ പോവുകയാണ്. പക്ഷെ വക്കീൽമാർ സാധാരണ ചെയ്യുന്നതുപോലെ പ്രതിയെ വെറുതെ വിടണം എന്നഭ്യർത്ഥിച്ചുകൊണ്ടല്ല ഞാൻ എന്റെ വാദം അവസാനിപ്പിക്കുന്നതു്. എന്റെ സഖാക്കൾ പിനോസിലെ കൽത്തുറുങ്കിൽ കിടന്നു നരകയാതന അനുഭവിക്കുമ്പോൾ എന്നെ മോചിപ്പിക്കണമെന്നു പറയുവാൻ എനിക്കു സാധ്യമല്ല. അവരോടൊപ്പം അവരുടെ വിധി പങ്കിടുവാൻ എന്നെ അയക്കുക, പ്രസിഡണ്ട് പാതകിയും കള്ളനുമായിരിക്കുന്ന ഒരു റിപ്പബ്ലിക്കിലെ സത്യസന്ധന്മാരായ മനുഷ്യർ മരിക്കുകയോ ജയിലിൽ പോവുകയോ ചെയ്യേണ്ടിവരുമെന്നുള്ളതു് മനസ്സിലാക്കാവുന്ന കാര്യമാണ്.

ബഹുമാന്യരായ ന്യായാധിപന്മാരെ, അപലപനീയമായ വിലക്കുകൾ കൂടാതെ, പറയുവാനുള്ളതു് പറയുവാൻ എന്നെ അനുവദിച്ചതിന് എനിക്കു് നിങ്ങളോടുള്ള ആത്മാർത്ഥമായ കൃതജ്ഞത രേഖപ്പെടുത്തിക്കൊള്ളട്ടെ. നിങ്ങളോടു് യാതൊരു വിദ്വേഷവും എനിക്കില്ല. ചില കാര്യങ്ങളിൽ വളരെ മനുഷ്യത്വപരമായിട്ടാണ് നിങ്ങൾ പെരുമാറിയതെന്നും ഞാൻ മനസ്സിലാക്കുന്നു. പരിശുദ്ധമായ സ്വകാര്യജീവിതം നയിക്കുന്ന ഈ കോടതിയുടെ അധ്യക്ഷനു് നീതിരഹിതമായ തീർപ്പുകൾ കൽപ്പിക്കുവാൻ തന്നെ നിർബന്ധി

തമാക്കിയിരിക്കുന്ന ഇന്നത്തെ സ്ഥിതിഗതികളിൽ തനിക്കുള്ള അസഹിഷ്ണുത മറച്ചുവെക്കുവാൻ കഴിയുന്നില്ലെന്നും എനിക്കറിയാം.

കൂടുതൽ ഗൗരവതരമായ ഒരു പ്രശ്നം, എഴുപതു പേരെ കൊലപ്പെടുത്തിയതിന്റെ, എന്നു പറഞ്ഞാൽ നമ്മാം കേട്ടിട്ടുള്ളതിൽ വെച്ചേറ്റവും ഭീകരമായ കൂട്ടക്കൊലയുടെ പ്രശ്നം, ഇനിയും അവശേഷിക്കുന്നു. കുററവാളി ആയുധങ്ങളും—പൗരന്മാരെ തുടർച്ചയായി ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുന്ന ആയുധങ്ങളും —കയ്യിലേന്തിക്കൊണ്ട് സ്വതന്ത്രനായി നടക്കുകയാണ്. ഭീരുത്വം കൊണ്ടോ അല്ലെങ്കിൽ കോടതികളുടെ വിധേയത്വം കൊണ്ടോ നിയമത്തിന്റെ എല്ലാ ശക്തിയും കുററവാളിയുടെ മേൽ പതിക്കാതിരിക്കുകയാണെങ്കിൽ, എങ്കിൽ ഞാൻ നിങ്ങളോട് സഹതപിക്കുന്നു. നീതിന്യായാധികാരത്തിന്, ഇതിനു മുൻപെങ്ങുമുണ്ടായിട്ടില്ലാത്ത അപമാനം നേരിടാൻ പോകുന്നതിൽ ഞാൻ പരിതപിക്കുകയും ചെയ്യുന്നു.

കൽത്തുറുങ്ക്, എന്നും മററാർക്കുമെന്നപോലെ, എനിക്കും ക്ലേശകരവും ഭീരുത്വപൂർണ്ണവുമായ ഭീഷണികളും പൈശാചികമായ പീഡനങ്ങളും നിറഞ്ഞതുമായിരിക്കും. പക്ഷെ, എന്റെ എഴുപതു സഖാക്കളുടെ ജീവനപഹരിച്ച നികൃഷ്ടനായ സ്വേച്ഛാധിപതിയുടെ കോപത്തെ ഭയപ്പെടാത്തതുപോലെ തന്നെ കൽത്തുറുങ്കിനെയും ഞാൻ ഭയപ്പെടുന്നില്ല.

**എന്നെ ശിക്ഷിച്ചുകൊള്ളു. അതു പ്രശ്നമല്ല. ചരിത്രം എന്നെ കുററക്കാരനല്ലെന്നു വിധിക്കും.**

